لا اله الا الله محمد رسول الله

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

## സീറത്തുന്നബി സ്പെഷ്യൽ

# നിങ്ങൾ തബ്‌ലീഗ് ചെയ്യുക; ആരുടെയെങ്കിലും സന്മാർഗത്തിന് മാർഗമാകുക

### തബ്‌ലീഗ് ചെയ്യുകയും ദുൻയാവിന്റെ സന്മാർഗത്തിന് സമയം ചെലവഴിക്കുകയും ചെയ്യേണ്ട ആവശ്യം നമുക്കുണ്ട്.

ജനങ്ങൾ അല്ലാഹുവിനെ വിശ്വസിക്കണമെന്നും തങ്ങളുടെ സ്രഷ്ടാവിനേയും ഉടമയേയും തിരിച്ചറിയണമെന്നും നാടെങ്ങും തൗഹീദിന്റെ ഘോഷങ്ങൾ ഉണ്ടാകണമെന്നും നമ്മുടെ പ്രിയങ്കരനായ മുത്തുമുഹമ്മദ് മുസ്തഫാ(സ)അതിയായി ആഗ്രഹിച്ചിരുന്നു. ലോകത്തുനിന്നു മാഞ്ഞുപോയ ഏകദൈവത്വമെന്ന തൗഹീദ് വീണ്ടും സ്ഥാപിക്കുക എന്നതാണ് നബിയുടെ പ്രഥമ ജോലി. ജനങ്ങൾ വിശ്വസിക്കണമെന്ന എത്ര വലിയ തിളപ്പായിരുന്നു അവിടത്തെ നെഞ്ചകത്തിലുണ്ടായിരുന്നതെന്നാൽ ഒരുവേള അല്ലാഹു പറഞ്ഞു: **ലഅല്ലക്ക ബാഖിഉൻന്നഫ്സക്ക അല്ലായകൂനൂ മുഅ്മിനീൻ**. മുഹമ്മദേ! ജനങ്ങൾ വിശ്വസിക്കാത്ത ദുഃഖം കാരണത്താൽ നീ നിന്നെത്തന്നെ നശിപ്പിച്ചുകളയുമോ? (18:7) തിരുഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി ഒരു അവസരത്തിൽ ഹദ്റത്ത് അലി(റ)യോടു പറഞ്ഞു. അല്ലാഹുവാണ! നീ മുഖേന ഒരാൾ സന്മാർഗത്തിലാകുക എന്നത് മേത്തരം ചെമന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാൾ കൂടുതൽ ഉത്തമമാണ്. (മുസ്‌ലിം, കിതാബുൽ ഫളാഇൽ, ബാബ് ഫളാഇലു അലിയ്യുബ്നു അബീത്വാലിബ്, ബുഖാരി കിതാബുൽ ജിഹാദ്)

ഇതുസംബന്ധമായി ചില ഉദാഹരണങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപിക്കുകയാണ്. ആരെങ്കിലും വിശ്വസിച്ചാൽ നബി(സ)തിരുമേനിക്ക് എത്രമാത്രം സന്തോഷമാണുണ്ടായിരുന്നത്! ജനങ്ങൾ തങ്ങളുടെ പരിപാലകനിലും സ്രഷ്ടാവിലും ഉടമയിലും വിശ്വസിക്കണമെന്ന് എത്രമാത്രം അത്യാഗ്രഹമായിരുന്നു നബി(സ)തിരുമേനിക്കുണ്ടായിരുന്നത് !

ഹദ്റത്ത് അനസ്(റ)നിവേദനം: നബി(സ)തിരുമേനിക്ക് പരിചാരകനായിക്കൊണ്ട് ഒരു ജൂതൻ ഉണ്ടായിരുന്നു. അവന് രോഗം ബാധിച്ചു. അപ്പോൾ നബി(സ)തിരുമേനി അവനെ സന്ദർശിക്കാൻ ചെല്ലുകയും അവന്റെ തലക്ക് സമീപത്ത് ഇരിക്കുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: നീ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നുവോ? ആ ഭൃത്യൻ അടുത്തു തന്നെ നിന്നിരുന്ന തന്റെ പിതാവിന്റെ നേരെ എന്തുവേണമെന്ന അർഥത്തിൽ നോക്കി. അബൂഖാസിമിനെ അനുസരിക്കൂ എന്നയാൾ പറഞ്ഞു! അപ്പോൾ അവൻ മുസ്‌ലിമായി. കുട്ടിയെ നരകശിക്ഷയിൽനിന്നു രക്ഷിച്ച അല്ലാഹുവിന് സർവസ്തുതിയും എന്നു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി അവിടെനിന്ന് പുറത്തുവന്നു. (ബുഖാരി, കിതാബുൽ ജനാഇസ്, ബാബ് ഇദാ അസ്‌ലമസ്സ്വബിയ്യു ഫ മാത്ത ഹൽ യുസ്വല്ലീ അലയ്ഹി).

ഇസ്‌ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത് നബി(സ)തിരുമേനിയുടെ നിർബന്ധകടമയായിരുന്നുവെന്നതിൽ സംശയമില്ല. ജീവിതം മുഴുവൻ അവിടന്ന് ഈ ജോലി നിർവഹിക്കുകയും ചെയ്തു. പക്ഷേ, ഈ പ്രബോധനക്ഷണത്തിന്റെ പിന്നിൽ മനുഷ്യകുലത്തോടുള്ള അവിടത്തെ സ്നേഹവും വാത്സല്യവും അവാച്യമായ സഹതാപവുമാണുണ്ടായിരുന്നത്. വാത്സല്യനിധിയായ അമ്മ തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെയാണ് നബിമാർ മാനവലോകത്തെ സ്നേഹിക്കുന്നത്; എന്നല്ല, അതിനേക്കാളുമുപരി! ഇക്കാരണത്താലാണ് പരിചാരകൻ വിശ്വസിക്കുകയും അങ്ങനെ നരകത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്തപ്പോൾ അവിടന്ന് സന്തോഷിച്ചത്. അദ്ദാസിന്റെ വിശ്വാസസ്വീകരണത്തെ സംബന്ധിച്ചുള്ള മറ്റൊരു രസകരമായ സംഭവം ഇവിടെ രേഖപ്പെടുത്തുകയാണ്.

നബ്‌വി ശവ്വാൽ 10ന് നബി(സ)തിരുമേനി തനിച്ച് ത്വാഇഫിലേക്ക് പോയി. ചില നിവേദനങ്ങളിൽ സയ്ദ് ബിൻ ഹാരിഥയും കൂടെ ഉണ്ടായിരുന്നുവെന്ന് കാണുന്നുണ്ട്. അവിടെ ആ മഹാത്മാവ് 10 ദിവസം താമസിച്ചു. നഗരത്തിലെ വലിയ വലിയ നേതാക്കന്മാരുമായി ഒന്നിനുപിറകെ ഒന്നായി കൂടിക്കാഴ്ച നടത്തി. എന്നാൽ, ആ നഗരത്തിന്റെ തലയിലെഴുത്തിലും മക്കയിലേതുപോലെ ആ നേരത്ത് ഇസ്‌ലാം സ്വീകരിക്കുക എന്നത് വിധിക്കപ്പെട്ടിരുന്നില്ല. അങ്ങനെ എല്ലാവരും നിഷേധിച്ചു; എന്നല്ല പരിഹസിച്ചു. അവസാനം നബി(സ)തിരുമേനി ത്വാഇഫിലെ ഏറ്റവും വലിയ നേതാവായ അബ്ദുയാലയ്ലിന്റെയടുക്കൽ ചെന്ന് ഇസ്‌ലാം സ്വീകരിക്കാൻ ക്ഷണിച്ചു. എന്നാൽ, അയാളും സ്പഷ്ടമായി നിഷേധിക്കുകയാണ് ചെയ്തത്. എന്നല്ല പരിഹാസത്തോടെ പറഞ്ഞു. "താങ്കൾ സത്യവാനാണെങ്കിൽ എനിക്ക് താങ്കളോടു സംസാരിക്കേണ്ട കാര്യമില്ല. ഇനി കള്ളനാണെങ്കിൽ സംസാരിച്ചിട്ട് ഒന്നും കിട്ടാനുമില്ല." നബി(സ)തിരുമേനിയുടെ വാക്കുകൾ അവിടത്തെ യുവാക്കളിൽ സ്വാധീനം ചെലുത്തുമോ എന്ന വിചാരത്തോടെ, ഇവിടെനിന്ന് താങ്കൾ പോകണമെന്നും അയാൾ പറയാൻ തുടങ്ങി; ഇവിടത്തെ ആരും താങ്കൾ പറയുന്ന കാര്യങ്ങൾ കേൾക്കാൻ തയ്യാറല്ല. അതിനുശേഷം ആ ദുർവൃത്തൻ നഗരത്തിലെ തെമ്മാടിക്കുട്ടികളെ ആ മഹാത്മാവിന്റെ പിന്നാലെവിട്ടു. നബി(സ)തിരുമേനി നഗരത്തിൽനിന്ന് പുറത്തുവന്നപ്പോൾ ഇവർ ബഹളംവെച്ച് പിന്നാലെകൂടി. നബിയുടെമേൽ കല്ലെറിയാൻ തുടങ്ങി; നബിയുടെ പുണ്യശരീരത്തിലൂടെ രക്തമൊലിക്കാൻ തുടങ്ങി. മൂന്നുമൈൽവരെ അക്കൂട്ടർ നബി തിരുമേനിയുടെ പിന്നാലെ കൂടി, കല്ലെറിഞ്ഞുകൊണ്ടിരുന്നു. ത്വാഇഫിൽനിന്ന് മൂന്ന് മൈൽ അകലെ മക്കയിലെ നേതാവായ ഉത്ബ ബിൻ റബീആയുടെ ഒരു കൃഷിത്തോട്ടമുണ്ടായിരുന്നു. നബി(സ)തിരുമേനി അവിടെവന്ന് അഭയം പ്രാപിച്ചു. അക്രമികൾ ക്ഷീണിച്ച് തിരിച്ചുപോയി. അവിടെ ഒരു മരത്തണലിൽനിന്നുകൊണ്ട് അവിടന്ന് ദുആ ചെയ്തു:"ഓ, അല്ലാഹുവേ, ഞാനിതാ നിന്റെ മുമ്പിൽ വിനീതനായി അർഥന ചെയ്യുന്നു. ഞാൻ അതീവ ദുർബലനും നിസ്സഹായനുമാണ്. എന്റെ ജനം എന്നെ പരിഹസിച്ചു തള്ളിക്കളഞ്ഞു. നീ ദുർബലന്റേയും പാവപ്പെട്ടവന്റേയും രക്ഷാകേന്ദ്രമല്ലോ! എന്റെ രക്ഷിതാവ് നീ മാത്രമല്ലേ! നീ ആരുടെ നടുവിലേക്കാണ് എന്നെ വലിച്ചെറിയുന്നത്? എന്നെ അടിച്ചോടിച്ച അപരിചിതർക്കിടയിലോ? പെറ്റ നാട്ടിൽ എനിക്ക് പൊറുതി നൽകാത്ത കൊടും ശത്രുക്കളുടെ നടുവിലോ? നീ എന്നോടു കോപിച്ചിട്ടില്ലെങ്കിൽ എന്റെ ശത്രു എനിക്കൊരു കാര്യമല്ല. നിന്റെ കാരുണ്യപ്രകർഷം എന്റെ മേൽ ഉണ്ടാകേണമേ! നിന്റെ ദീപ്തിമത്തായ തിരുമുഖത്തിനു മുമ്പിൽ ഞാൻ അഭയം തേടുന്നു. ഈ ലോകത്തിൽനിന്ന് അന്ധകാരത്തെ തൂത്തെറിഞ്ഞു സകലർക്കും നിതാന്തശാന്തി പ്രദാനം ചെയ്യാൻ നിനക്കല്ലോ കഴിവുള്ളൂ. നിന്റെ കോപവും നിന്റെ താപവും എന്റെമേൽ പതിക്കുമാറാകല്ലേ! നീ കോപിച്ചാലും ഉടൻ പ്രീതി കാട്ടുന്നവനുമല്ലോ. എന്റെ നാഥാ, നിന്നെക്കൂടാതെ ഒരു ശക്തിയും ആശ്രയസ്ഥാനവും ആർക്കും എവിടെയും ഇല്ല. നീ എന്റെമേൽ കനിയുമാറാകേണമേ!" (ഹിശാം, തബ്‌രി)

ഉത്ബയും ശീബയും ആ നേരത്ത് തങ്ങളുടെ കൃഷിത്തോട്ടത്തിലുണ്ടായിരുന്നു. അവർ നബി(സ) തിരുമേനിയുടെ ഈ അവസ്ഥ കണ്ടപ്പോൾ അകന്നതും അടുത്തതുമായ കുടുംബബന്ധമോ അല്ലെങ്കിൽ ദേശീയബോധമോ അല്ലെങ്കിൽ എന്തു വിചാരത്താലാണെന്നറിയില്ല, തങ്ങളുടെ ക്രിസ്തീയ അടിമയായ അദ്ദാസിന്റെ കൈയിൽ ഒരു

(ശേഷം പേജ് 23ൽ)

## ഉള്ളടക്കം

പ്രബോധനം ചെയ്യുക;
സന്മാർഗത്തിന് നിമിത്തമാകുക.

നിരക്ഷരരിൽ നിയോഗിതനായ
മഹാനായ ദൈവദൂതൻ.

വിശുദ്ധ ഖുർആൻ;
നബിﷺതിരുമേനിയുടെ ജീവിതം

ആത്മീയരാജാക്കന്മാരുടെ രാജാവ്

ഖലീഫത്തുൽമസീഹിന്റെ
ജൽസാപ്രഭാഷണം ഖാദിയാൻ 2017

നബിﷺതിരുമേനിയുടെ
ബഹുഭാര്യത്വത്തിന്റെ യുക്തി

നബിﷺയുടെ ജീവിതം;
മക്കാവിജയത്തിന്റെ
സംഭവങ്ങളുടെ വെളിച്ചത്തിൽ

നബിﷺയുടെ ജീവിതം;
ദഅ്‌വത്തെ ഇലല്ലായുടെ വെളിച്ചത്തിൽ

പദ്യം
മുഹമ്മദ് ഹി നാമ് ഔർ മുഹമ്മദ് ഹി കാമ്

മതിമതി, വിധിയിതു തന്നെയല്ലോ!

നബിﷺതിരുമേനിയെക്കുറിച്ച്
മഹാകവി വള്ളത്തോൾ

# അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു.

❁ هُوَالَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ وَاِنْ كَانُوْا مِنْ قَبْلُ لَفِىْ ضَلٰلٍ مُّبِيْنٍ ○ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ؕ وَهُوَالْعَزِيْزُ الْحَكِيْمُ ○ ذٰلِكَ فَضْلُ اللّٰهِ يُؤْتِيْهِ مَنْ يَّشَآءُ ؕ وَاللّٰهُ ذُو الْفَضْلِ الْعَظِيْمِ ○ (سورة الجمعه آيت 3،4)

"അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും(അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു." (62:3-4)

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്** (റഹ്)

**ഈ വചനങ്ങൾക്ക് നല്കിയ വിശദീകരണത്തിൽ പറയുന്നു:**

**(ആയത്ത് നമ്പർ 3**), ഈ വിശുദ്ധ വചനത്തിൽ നബി(സ)തിരുമേനിയുടെ പ്രത്യേകമായ പ്രൗഢിയാണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്. ആ മഹാത്മാവ് തന്നെ വിശ്വസിക്കുന്നവർക്ക് ഗ്രന്ഥത്തിന്റെ അറിവും തത്ത്വോപദേശവും നല്കുന്നതിനുമുമ്പേ വിശുദ്ധ ഖുർആൻ കേൾപ്പിക്കുന്നതോടൊപ്പം അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിനും മുമ്പേ സൂറ ബഖറായിൽ 130-ാം വചനത്തിൽ നബി(സ)തിരുമേനിയുടെ നിയോഗവുമായി ബന്ധപ്പെട്ട ഇബ്റാഹീമിന്റെ ദുആ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നത് വിശുദ്ധ ഖുർആനിന്റെ മഹത്തായ ദിവ്യാത്ഭുതമാണ്. അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്ന, പിന്നീട് അറിവും തത്ത്വജ്ഞാനവും മനസ്സിലാക്കിക്കൊടുക്കുകയും അതിന്റെ ഫലമായി അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന റസൂലിനെ നിയോഗിക്കുന്നതിനുവേണ്ടിയാണ് അവിടന്ന് ദുആ ഇരന്നത്. ഈ ദുആ സ്വീകരിച്ചതിനെ സംബന്ധിച്ച് മൂന്നിടത്ത് പറയുന്നുണ്ട്. എന്നാൽ, മൂന്നു സ്ഥലങ്ങളിലും പറയുന്നത് നബി(സ)തിരുമേനി വചനങ്ങൾ ഓതിക്കേൾപ്പിക്കുന്നതിനോടൊപ്പംതന്നെ അവരെ ശുദ്ധീകരിക്കുകയും ചെയ്തു എന്നാണ്. പിന്നീടാണ് ഗ്രന്ഥവും ഹിക്മത്തും പഠിപ്പിക്കുന്നതിന്റെ വിവരണമുളളത്. ഇതാണ് 23 വർഷംകൊണ്ടിറങ്ങിയ വിശുദ്ധ ഖുർആനിന്റെ അമാനുഷികത. പക്ഷേ, അതിന്റെ വചനങ്ങളിൽ എവിടേയും ഒരു വൈരുദ്ധ്യംപോലും കാണുകയില്ല.

**(ആയത്ത് നമ്പർ 4**), 'ഈ വചനങ്ങളിൽ അവസാനം വരുന്ന ഏതൊരു ആളുകളെ കുറിച്ചാണോ പറയപ്പെട്ടിരിക്കുന്നത്, കഴിഞ്ഞ വചനത്തിൽ പറയപ്പെട്ടിട്ടുള്ള അതേ റസൂലിന്റെ നിയോഗം ഇവരിലുമുണ്ടാകുമെന്നാണ്. (هُوَالَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا). എന്നാൽ, ഈ വചനത്തിന്റെ അവസാനത്തിൽ രണ്ടാമത്തെ വചനത്തിന്റെ അവസാനം പറഞ്ഞ ആ നാലു ദൈവഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല; മറിച്ച് കേവലം 'അസീസ്, ഹക്കീം' എന്ന രണ്ടു ഗുണനാമം ആവർത്തിക്കപ്പെട്ടു. ഇതിൽനിന്ന് മനസ്സിലാകുന്നത് ആരംഭത്തിൽ ഏതൊരു റസൂലിനെ കുറിച്ചാണോ പറഞ്ഞിട്ടുള്ളത് അദ്ദേഹം വീണ്ടും സ്വയം നിയോഗിതനാകുകയില്ല, മറിച്ച് അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രതിബിംബം നിയോഗിതനാകും എന്നാണ്. അദ്ദേഹം ശരീഅത്ത് വാഹിയായിട്ടുള്ള നബിയായിരിക്കുകയില്ല. ഹദ്റത്ത് ഈസാ(അ)നെ കുറിച്ച് പറഞ്ഞതിലും ഈ രണ്ട് ദൈവഗുണം വിവരിക്കപ്പെട്ടു എന്നതാണ് രസകരമായ കാര്യം. (4:159) بَلْ رَّفَعَهُ اللّٰهُ اِلَيْهِ ؕ وَكَانَ اللّٰهُ عَزِيْزًا حَكِيْمًا

❁ قُلْ لَّوْ شَآءَ اللّٰهُ مَا تَلَوْتُهٗ عَلَيْكُمْ وَلَآ اَدْرٰىكُمْ بِهٖ ۖ فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ ؕ اَفَلَا تَعْقِلُوْنَ ○ (سورة يونس آيت نمبر 17)

പറയുക!അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഇത് നിങ്ങൾക്കു ഞാൻ ഓതിക്കേൾപിക്കുമായിരുന്നില്ല. അവൻ നിങ്ങൾക്ക് അതിനെ സംബന്ധിച്ച് അറിവു തരുകയുമില്ലായിരുന്നു. ഇതിനുമുമ്പേ ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ? (സൂറ യൂനുസ്: 17)

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്** (റഹ്)

**ഈ വചനത്തിനു നല്കിയ വിശദീകരണത്തിൽ പറയുന്നു:**

ദൈവത്തിനുമേൽ കളവു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി ഖുർആൻ കൃതിച്ചുണ്ടാക്കിയതാണെന്ന് ബഹുദൈവവിശ്വാസികൾ ആ മഹാത്മാവിനെതിരെ ആക്ഷേപം ഉന്നയിച്ചിരുന്നു. فَقَدْ لَبِثْتُ فِيْكُمْ عُمُرًا. എന്നതിൽ അതിനെ ശക്തമായി ഖണ്ഡിച്ചിരിക്കുകയാണ്. നിങ്ങൾ സത്യവാനെന്നും വിശ്വസ്തനെന്നും പറഞ്ഞിരുന്ന ഈ റസൂൽ വാദത്തിനുമുമ്പേ 40 വർഷംവരെ ഒരു മനുഷ്യനുമേലും കളവു പറയാത്ത സ്ഥിതിക്ക് പെട്ടെന്നൊരു നിമിഷത്തിൽ അല്ലാഹുവിൽ എങ്ങനെയാണ് കളവു പറയുക.

❁ اَفَمَنْ كَانَ عَلٰى بَيِّنَةٍ مِّنْ رَّبِّهٖ وَيَتْلُوْهُ شَاهِدٌ مِّنْهُ وَمِنْ قَبْلِهٖ كِتٰبُ مُوْسٰٓى اِمَامًا وَّرَحْمَةً ؕ اُولٰٓئِكَ يُؤْمِنُوْنَ بِهٖ ؕ وَمَنْ يَّكْفُرْ بِهٖ مِنَ الْاَحْزَابِ فَالنَّارُ مَوْعِدُهٗ ۚ فَلَا تَكُ فِىْ مِرْيَةٍ مِّنْهُ ۚ اِنَّهُ الْحَقُّ مِنْ رَّبِّكَ وَلٰكِنَّ اَكْثَرَ النَّاسِ لَا يُؤْمِنُوْنَ ○ (سورة هود آيت 18)

ഒരാൾ തന്റെ നാഥനിൽനിന്നുള്ള വ്യക്തമായ തെളിവോടുകൂടി ആയിരിക്കുന്നു;അല്ലാഹുവിൽനിന്നുള്ള ഒരു സാക്ഷി അദ്ദേഹത്തെ തുടർന്നു വരികയും ചെയ്യുന്നു; മൂസായുടെ ഗ്രന്ഥം വഴികാട്ടിയും കാരുണ്യവുമായി അദ്ദേഹത്തിനുമുമ്പേ വന്നിട്ടുമുണ്ട്.(അങ്ങനെയുള്ള ഒരാൾ കള്ളവാദിയാകുമോ?)അക്കൂട്ടർ (ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നവർ) അദ്ദേഹത്തിൽ വിശ്വസിക്കുന്നു. (എതിർ)കക്ഷികളിൽനിന്ന് വല്ലവനും അദ്ദേഹത്തെ നിഷേധിക്കുന്നതായാൽ നരകം അവന്റെ വാഗ്ദത്ത സങ്കേതമാണ്. അതിനാൽ തൽസംബന്ധമായി നീ സംശയത്തിലാകരുത്. അത് നിന്റെ നാഥനിൽനിന്നുള്ള സത്യംതന്നെയാണ്. എന്നാൽ, അധികമാളുകളും വിശ്വസിക്കുന്നില്ല.(സൂറ ഹൂദ്: 18)

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്** (റഹ്)

**ഈ വചനങ്ങൾക്ക് നല്കിയ വിശദീകരണത്തിൽ പറയുന്നു:**

അതായത് അദ്ദേഹത്തിന്റെ സമുദായത്തിൽനിന്ന് ഒരു ദൈവനിയോഗിതൻ ജനിക്കുന്നതായിരിക്കും. അദ്ദേഹം തന്റെ ഇൽഹാമുകൾ മുഖേന നബി(സ)തിരുമേനിയെ സാക്ഷ്യപ്പെടുത്തുന്നതാണ്. മുഹമ്മദു റസൂലുല്ലായ്ക്ക് മൂന്നു സാക്ഷികളുണ്ടെന്ന് സാരം. ഒന്ന് സ്വയം തെളിവുകൾ ഉൾക്കൊള്ളുന്നു. രണ്ടാമത്തേത് അദ്ദേഹത്തിന്റെ സമുദായത്തിൽ ഔലിയാ ഉല്ലാഹ് ഉണ്ടായിക്കൊണ്ടിരിക്കും. അവർ അദ്ദേഹത്തിന്റെ സത്യത്തിന് സാക്ഷ്യം നല്കുന്നതാണ്. മൂന്നാമത്തേത് ഇതിനുമുമ്പേയും അദ്ദേഹം സത്യവാനാണെന്നതിന് ഹദ്റത്ത് മൂസാ(അ)ന്റെ ഗ്രന്ഥം സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നു. ഇത്രയധികം സാക്ഷികൾ മറ്റൊരു നബിക്കും ലഭിച്ചിട്ടില്ല. (തഫ്സീറെ സ്വഗീർ പേജ് 353)

❁ وَاِذْ قَالَ عِيْسَى ابْنُ مَرْيَمَ يٰبَنِىْٓ اِسْرَآءِيْلَ اِنِّىْ رَسُوْلُ اللّٰهِ اِلَيْكُمْ مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ التَّوْرٰىةِ وَمُبَشِّرًاۢ بِرَسُوْلٍ يَّاْتِىْ مِنْۢ بَعْدِى اسْمُهٗٓ اَحْمَدُ ؕ فَلَمَّا جَآءَهُمْ بِالْبَيِّنٰتِ قَالُوْا هٰذَا سِحْرٌ مُّبِيْنٌ ○ (الصّف آيت 7)

"മർയമിന്റെ മകൻ ഈസാ പറഞ്ഞ അവസരം (സ്മരിക്കുക): ഇസ്റായിൽ സന്തതികളേ! എന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ സാക്ഷാൽക്കരിക്കുന്നവനായും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെയടുക്കൽ (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാകുന്നു. അങ്ങനെ അദ്ദേഹം അവരുടെയടുക്കൽ വ്യക്തമായ തെളിവുകളുംകൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു, ഇത് സ്പഷ്ടമായൊരു ഇന്ദ്രജാലമാണ്.

❁ هُوَالَّذِىْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ ۙ وَلَوْ كَرِهَ الْمُشْرِكُوْنَ ○ (الصّف آيت 10)

തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി.(അസ്സ്വഫ് 10)

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്** (റഹ്) '

**ഈ വചനത്തിനു നല്കിയ വിശദീകരണത്തിൽ പറയുന്നു:**

**(ആയത്ത് നമ്പർ 7**) ഈ ആയത്തിൽ നബി(സ)തിരുമേനിയുടെ അഹ്മദിയ്യാ തേജോവിലാസത്തിന്റെ വെളിപ്പെടലിനെ കുറിച്ചുള്ള പ്രവചനമാണ് ചെയ്യപ്പെട്ടിരിക്കുന്നത്. നബി(സ)തിരുമേനി മുഹമ്മദ് എന്ന നിലയിലും വെളിപ്പെട്ടു. അത് പ്രവചിച്ചത് ഹദ്റത്ത് മൂസാ(അ)യാണ്. അഹ്മദ് എന്ന നിലയിലും വെളിപ്പെട്ടു. അത് പ്രവചിച്ചത് ഹദ്റത്ത് ഈസാ(അ)യാണ്.

**(ആയത്ത് നമ്പർ 10**) ഈ ആയത്തിൽ നബി(സ)തിരുമേനി ആഗോളനബിയാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതായത് നബി(സ)തിരുമേനി ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്നവരിലേക്കല്ല നിയോഗിതനായിട്ടുളളത്. മറിച്ച് ലോകംമുഴുവൻ വെളിപ്പെട്ടിരിക്കുന്ന മതങ്ങളുടെ അനുയായികളിലേക്കാണ് നിയോഗിക്കപ്പെട്ടിട്ടുളളത്. അവരുടെമേൽ വിജയം വരിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഇത് വിശുദ്ധ ഖുർആനിലെ ഒരു മഹത്തായ പ്രവചനമാണ്. ഇത് മസീഹ് മൗഊദിന്റെ കൈയിൽ പൂർത്തിയാകുമെന്ന കാര്യത്തിൽ ഗവേഷകരായ എല്ലാ ഉലമാക്കളും യോജിച്ചിരിക്കുന്നു."(തിർയാഖുൽഖുലൂബ് റൂഹാനീ ഖസാഇൻ വാള്യം 15 പേജ് 232)

.........☆.........☆.........☆.........

# നബി ﷺ തിരുമേനിയുടെ സ്വഭാവങ്ങളും ജീവിതരീതിയും തികച്ചും ഖുർആൻ അനുസരിച്ചായിരുന്നു.

**മറ്റുള്ളവരുടെമേൽ ആദരയുക്തമായ ഭയമുളവാക്കുന്നതും സൗന്ദര്യമുള്ളതുമായ രൂപവും ആകൃതിയുമായിരുന്നു നബി(സ)തിരുമേനിയുടേത്. നബി(സ)തിരുമേനിയുടെ വദനകാന്തി നിശയുടെ നിബിഡാന്ധകാരത്തിൽ പ്രഭചൊരിയുന്ന പൂർണേന്ദുവിന് സദൃശമായിരുന്നു. നബി(സ)തിരുമേനിയുടെ സംസാരം ഹ്രസ്വവും എന്നാൽ, വാഗ്വൈഭവമുള്ളതും അർഥഗാംഭീര്യമുള്ളതും യുക്തിനിർഭവും വിഷയങ്ങളെല്ലാം ഉൾക്കൊള്ളുന്നതുമായിരുന്നു. അധികമായ കാര്യങ്ങളിൽനിന്ന് മുക്തമായിരുന്നു. ആരെയെങ്കിലും നിന്ദിക്കുകയോ ഇകഴ്ത്തുകയോ അപമാനിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല. ചെറിയ ചെറിയ അനുഗ്രഹങ്ങൾപോലും വലിയ തോതിൽ പ്രകടിപ്പിക്കുമായിരുന്നു.**

✵ഹദ്റത്ത് ഹസൻ ബിൻ അലി റളിയല്ലാഹുഅൻഹുമാ വിവരിക്കുന്നു: 'ഞാൻ എന്റെ മാതുലൻ ഹിന്ദ് ബിൻ അബീഹാലായോടു നബി(സ)തിരുമേനിയുടെ വാങ്മയ ചിത്രം ചോദിച്ചു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ വാങ്മയചിത്രം വിവരിക്കുന്നതിൽ വിദഗ്ദ്ധനായിരുന്നു. എന്റെ കീശയിൽ കെട്ടി വെക്കാൻ പറ്റുന്നകാര്യങ്ങൾ അദ്ദേഹം എനിക്കു പറഞ്ഞു തരണമെന്നാണ് ഞാൻ ആഗ്രഹിച്ചത്. അങ്ങനെ ഹിന്ദ് പറഞ്ഞു:മറ്റുള്ളവരുടെമേൽ ആദരയുക്തമായ ഭയമുളവാക്കുന്നതും സൗന്ദര്യമുള്ളതുമായ രൂപവും ആകൃതിയുമായിരുന്നു നബി(സ)തിരുമേനിയുടേത്. നബി(സ)തിരുമേനിയുടെ വദനകാന്തി നിശയുടെ നിബിഡാന്ധകാരത്തിൽ പ്രഭചൊരിയുന്ന പൂർണേന്ദുവിന് സദൃശമായിരുന്നു. ശരീരഘടന വളരെ ഉയരം കൂടിയതോ തീരെ കുറിയതോ ആയിരുന്നില്ല. ശിരസ് വലുതായിരുന്നു. കേശം ചീകി ഒതുക്കി വെക്കുമ്പോൾ കടലലപോലെ അലകളായി ഇരുചെവികൾക്കുമിടയിലൂടെ തോൾവരെ വീണു കിടക്കുമായിരുന്നു. ചില സന്ദർഭങ്ങളിൽ ഇരുചെവികളും തോളും പ്രത്യക്ഷമാകുന്ന വിധത്തിൽ ഇരുവശത്തേക്കും തലമുടി ചീകി വെക്കാറുണ്ടായിരുന്നു. നിറമാകട്ടെ മഞ്ഞ കലർന്ന ചെമപ്പോ ഗോതമ്പുമാവിന്റെ വെണ്മയോ അല്ലാത്ത ചെമപ്പ് കലർന്ന വെളുപ്പോ ആയിരുന്നു. വിശാലമായ നെറ്റിത്തടം. മെലിഞ്ഞുനീണ്ട ഇടതൂർന്ന കൺപുരികങ്ങൾക്കിടയിൽ വെള്ളിപോലെ തിളങ്ങുന്ന നയനങ്ങൾ. സുന്ദരമായ ആ കണ്ണുകൾ അകന്നും, കറുത്ത ഇമകൾക്കിടയിൽ വെട്ടിത്തിളങ്ങിയും ശോഭിച്ചു. ഇമകൾ പരസ്പരം തൊടുന്നത്രയും നീണ്ടു ഇടങ്ങിയാണ് വളർന്നിരുന്നത്. നീണ്ട സുന്ദരമായ നാസിക. പല്ലുകൾ ഇടയ്ക്കിടെ അല്പാല്പം മാത്രം ഇടവിട്ടുനിന്നു. പുഞ്ചിരിക്കുമ്പോൾ തൂമന്ദഹാസത്തിന്റെ പ്രകാശം മിന്നലൊളിപോലെ തോന്നും. അധരങ്ങൾ നയനാനന്ദകരമാംവിധം മനോഹരമായിരുന്നു. ക്ഷീണമേശാത്ത സുദൃഢമായ കവിൾത്തടങ്ങൾ. നീണ്ടതോ വൃത്താകൃതിയിലുള്ളതോ അല്ലാത്ത വട്ടമുഖം. മുഖത്തിന് ഏറ്റവും അനുയോജ്യമായ ഇടതൂർന്ന് വളർന്ന സമൃദ്ധമായ താടി. മീശ കത്രിച്ചുകൊണ്ടിരുന്നപ്പോഴൊക്കെ ദീക്ഷവെട്ടാതെ വളരാനനുവദിക്കുകയാണ് ചെയ്തിരുന്നത്. കഴുത്താവട്ടെ നീണ്ടതോ കുറിയതോ ആവാതെ ഒത്തഘടനയിൽത്തന്നെ. സൂര്യപ്രകാശവും കാറ്റും ഏൽക്കുന്ന വിധം തുറന്നിട്ട ഭാഗങ്ങൾ വെള്ളിപോലെ തിളങ്ങി. ഒരു ദുഷ്ചിന്തകൾക്കും ഇടമില്ലാത്ത ഹൃദയമുൾക്കൊള്ളുന്ന വശാലമായ മാർവ്വിടം. ശരീരത്തിൽ ഒരിടത്തും എല്ലുകൾ മുഴച്ചു നിന്നിരുന്നില്ല. മാർവ്വിടം മുതൽ നാഭിവരെ നേർത്ത വരപോലെ നനുത്ത രോമങ്ങൾ വളർന്നിരുന്നു. ഇടതൂർന്ന കേശഭാരം വീണുകിടക്കുന്ന വിശാലമായ തോളുകളും അകന്നിരുന്നു. വിശാലമായ മുതുകും തോളുകളും കണങ്കാലുകളുമെല്ലാം മാംസളമായിരുന്നു. മാംസളങ്ങളായ തോളുകളും കൈകളും ഉള്ളംകൈകളും പാദങ്ങളും അകന്നും വിടർന്നുമിരുന്നു. വെള്ളിപോലെയായിരുന്നു വിരലുകൾ. അടിയുറച്ച കാൽവെപ്പുകളും ദൃഢമായി പദമൂന്നിയുള്ള നടത്തവും നബി(സ)തിരുമേനിയുടെ പ്രത്യേകതകളായിരുന്നു. നടക്കുമ്പോൾ കാലടികൾ ഓരോന്നായി അടുത്തടുത്തായി മുന്നോട്ടുവച്ച് നടന്നു നീങ്ങും. മാന്യമായ പോക്ക്. പക്ഷേ, ഉയരത്തിൽനിന്ന് താഴോട്ടു ഇറങ്ങുന്നതുപോലെയുള്ള വേഗം. ആരെയെങ്കിലും തിരിഞ്ഞു നോക്കുകയാണെങ്കിൽ പൂർണമായും തിരിയും. ദൃഷ്ടി എപ്പോഴും താഴോട്ടായിരിക്കും. അന്തരീക്ഷത്തെ അപേക്ഷിച്ച് ഭൂമിയിൽ അവിടത്തെ ദൃഷ്ടി കൂടുതൽ പതിയുന്നതായി തോന്നിയിരുന്നു. അർധനയനങ്ങൾ കൊണ്ടാണ് നോക്കിയിരുന്നത്. തന്റെ സ്വഹാബാക്കളുടെ പിന്നാലെ നടക്കുകയും അവരെ ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. കാണുന്ന ഓരോരുത്തർക്കും സലാം ആദ്യം പറയുമായിരുന്നു.*(ശമാഇൽ തുർമുദി. ബാബ് ഫീ ഖൽഖി റസൂലില്ലാഹി സല്ലല്ലാഹു അലയ്ഹിവസല്ലം)*

ഹദ്റത്ത് ഹസൻ ബിൻ അലി റളിയല്ലാഹുഅൻഹുമാ വിവരിക്കുന്നു. ഞാൻ എന്റെ മാതുലൻ ഹിന്ദ് ബിൻ അബീഹാലായോടു നബി(സ)തിരുമേനിയുടെ സംസാര രീതിയെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി എപ്പോഴും നിരന്തരവും അഗാധവുമായ ചിന്തയിലാണെന്ന് തോന്നുമായിരുന്നു; ഏതോ വിചാരത്താൽ അസ്വസ്ഥനായിരിക്കുന്നതുപോലെ. അധികവും നിശബ്ദമായിരിക്കുമായിരുന്നു. ആവശ്യമില്ലാതെ സംസാരിക്കുമായിരുന്നില്ല. സംസാരിക്കുമ്പോൾ പൂർണമായും വ്യക്തമായി സംസാരിക്കും. അവിടത്തെ സംസാരം ഹ്രസ്വവും എന്നാൽ, വാഗ്വൈഭവമുള്ളതും അർഥഗാംഭീര്യമുള്ളതും യുക്തിനിർഭവും വിഷയങ്ങളെല്ലാം ഉൾക്കൊള്ളുന്നതുമായിരുന്നു. അധികമായ കാര്യങ്ങളിൽനിന്ന് മുക്തമായിരുന്നു. പക്ഷേ, അതിൽ എന്തെങ്കിലും കുറവോ സംശയങ്ങളോ ഉണ്ടാകുമായിരുന്നില്ല.ആരെയെങ്കിലും നിന്ദിക്കുകയോ ഇകഴ്ത്തുകയോ അപമാനിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുമായിരുന്നില്ല. ചെറിയ ചെറിയ അനുഗ്രഹങ്ങൾപോലും വലിയ തോതിൽ പ്രകടിപ്പിക്കുമായിരുന്നു. നന്ദി പ്രകടനം വളരെ പ്രസ്പഷ്ടമായിരുന്നു. ഒന്നിനേയും തിരസ്കരിക്കുമായിരുന്നില്ല. അത്യധികമായ ഇഷ്ടമാണെന്ന നിലയിൽ സ്തുതിക്കുകയും ചെയ്യുമായിരുന്നില്ല. സ്വാദുള്ളതും ഇല്ലാത്തതുമായ അശനപാനീയ വസ്തുക്കളെ ആകാശവും ഭൂമിയും കൂട്ടിച്ചേർക്കുംവിധം സ്തുതിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നത് അവിടത്തെ ശീലമായിരുന്നില്ല. എപ്പോഴും മധ്യമനില സ്വഭാവമായിരുന്നു. ഏതെങ്കിലും ഭൗതികമായ കാരണത്താൽ ദ്വേഷം പിടിക്കുമായിരുന്നില്ല. വെറുക്കുകയും ഇല്ലായിരുന്നു. എന്നാൽ, സത്യത്തെ നിന്ദ്യക്കുകയാണെങ്കിൽ, സത്യം ധ്വംസിക്കപ്പെടുകയാണെങ്കിൽ അവിടത്തെ ദ്വേഷത്തിനുമുമ്പിൽ ആർക്കും പിടിച്ചുനില്ക്കാൻ കഴിയുമായിരുന്നില്ല. അത് ദൂരീകരിക്കാത്തിടത്തോളം ആ മഹാത്മാവിന് സ്വസ്ഥത ഉണ്ടാകുമായിരുന്നില്ല. തന്റെ ആവശ്യത്തിനുവേണ്ടി ആരോടും ദ്വേഷപ്പെടുമായിരുന്നില്ല. അതിന് പകരംവീട്ടാറുമുണ്ടായിരുന്നില്ല. ആംഗ്യം കാണിക്കുകയാണെങ്കിൽ കൈ മുഴുവനും കൊണ്ട് കാണിക്കുമായിരുന്നു; വിരൽ ചലിപ്പിച്ചുകാണിക്കുമായിരുന്നില്ല. അത്ഭുതം പ്രകടിപ്പിക്കുകയാണെങ്കിൽ കൈ മറിക്കുമായിരുന്നു. എന്തെങ്കിലും കാര്യത്തിൽ പ്രത്യേകം ശക്തിചെലുത്തണമെങ്കിൽ ഒരു കൈ മറ്റൊരു കൈയുമായി, വലതു കൈവെള്ളയിൽ ഇടതുകൈയിലെ തള്ളവിരൽ അടിക്കുന്നതുപോലെ ചേർക്കുമായിരുന്നു. ഇഷ്ടപ്പെടാത്ത കാര്യമെന്തെങ്കിലും കണ്ടാൽ മുഖം തിരിക്കുമായിരുന്നു. സന്തോഷമുണ്ടാകുമ്പോൾ കണ്ണ് ഒരു അണുവോളം അടയ്ക്കുമായിരുന്നു. അവിടന്ന് അധികവും ചിരിച്ചിരുന്നത് പുഞ്ചിരിക്കുന്നതരത്തിലായിരുന്നു. വായ തുറന്ന് പൊട്ടിച്ചിരിക്കുന്ന രീതിയിൽ ആയിരുന്നില്ല. ചിരിക്കുന്ന നേരത്ത് അവിടത്തെ അനുഗൃഹീതമായ ദന്തങ്ങൾ കാർമേഘത്തിൽനിന്ന് പെയ്യുന്ന ആലിപ്പഴംപോലെ കാണുമായിരുന്നു. *(ശമാഇല്ല തുർമുദി, ബാബു കയ്ഫ കാന കലാമു റസൂലുല്ലാഹി(സ))*

✵ ഹദ്റത്ത് അനസ്ബിൻ മാലിക്(റ) വിവരിക്കുന്നു. നബി(സ) തിരുമേനിയുടെ ശരീരഘടന വളരെ ഉയരം കൂടിയതോ തീരെ കുറിയതോ ആയിരുന്നില്ല. തിരുമേനിയുടെ നിറമാകട്ടെ മഞ്ഞകലർന്ന ചെമപ്പോ ഗോതമ്പുമാവിന്റെ വെണ്മയോ അല്ലാത്ത ചെമപ്പ് കലർന്ന വെളുപ്പായിരുന്നു. തലമുടി ഉരന്നതോ, അധികം മിനുസമോ അല്ല; പൂർണമായും കീഴോട്ട് തൂങ്ങി നിൽക്കാതെ ചുരുണ്ടുകിടന്നിരുന്നു. അവിടന്ന് നിയോഗിതനായപ്പോൾ പ്രായം 40 വയസ്സായിരുന്നു. നിയോഗത്തിനുശേഷം 10 വർഷം മക്കയിൽ പാർത്തു. മദീനയിൽ 10 വർഷം താമസിച്ചിരുന്നു. വഫാത്താകുമ്പോൾ പ്രായം 60 വയസ്സായിരുന്നു. നബി(സ) തിരുമേനിയുടെ തലമുടിയിലും താടിയിലും ഇരുപതിലേറെ നരച്ചമുടിയുണ്ടായിരുന്നില്ല. *(അൽ മുഅ്ജമുസ്സ്വഗീർ ലിത്ത്വബ്റാനീ, വാള്യം 1)*

✵ഹദ്റത്ത് സഅ്ദ് ബിൻ ഹിശാം ബിൻ ആമിർ പറയുന്നു. ഞാൻ ഹദ്റത്ത് ആയിശായുടെ അടുത്തുപോയി നബി(സ) തിരുമേനിയുടെ സ്വഭാവവൈശിഷ്ട്യത്തെ സംബന്ധിച്ച് ഞങ്ങൾക്ക് പറഞ്ഞുതരാൻ പറഞ്ഞു. ഹദ്റത്ത് ആയിശ(റ) പറഞ്ഞു: നബി(സ) തിരുമേനിയുടെ സ്വഭാവങ്ങ ളും ജീവിതരീതിയും തികച്ചും ഖുർആൻ അനുസരിച്ചായിരുന്നു. പിന്നീട് ചോദിച്ചു. താങ്കൾ വിശുദ്ധഖുർആനിൽ *വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം* (ഏ റസൂൽ! താങ്കൾ തീർച്ചയായും സൽസ്വഭാവങ്ങളുടെ ഉദാത്തമായ സ്ഥാനത്താണുള്ളത്) ഓതിയിട്ടില്ലേ? *(മുസ്നദ് അഹ്മദ്, പേജ് 90, വാള്യം 6 ദലാഇലുന്നുബുവ്വത്തി ലിൽ ബയ്ഹഖി, പേജ് 309, വാള്യം 1)*

✵ ഹദ്റത്ത് ജാബിർ ബിൻ സംറ(റ) പറയുന്നു: പൂർണചന്ദ്രനുള്ള ഒരു രാത്രി. അവിടെ നബി(സ) തിരുമേനിയും ഉണ്ടായിരുന്നു. ആ നേരത്ത് നബി(സ) തിരുമേനി ചെമന്നവരയുള്ള പുതപ്പ് പുതച്ചിരുന്നു. ആ രാത്രി ഞാൻ നബി(സ)തിരുമേനിയുടെ സൗന്ദര്യമയമായ ശരീരത്തിലും പാലൊഴി വിതറുന്ന ചന്ദ്രനിലും മാറിമാറി നോക്കിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി ചന്ദ്രനെക്കാൾ കൂടുതൽ അഴകുള്ളതായി ഞാൻ കണ്ടു. *(തുർമുദി, അബ്‌വാബുൽ അദബ്)*

.........☆.........☆.........☆.........

# അദ്ദേഹമൊരു രാജാവും ആത്മീയരാജാക്കന്മാരുടെ നേതാവുമാണ്. അദ്ദേഹത്തിന് ലോകം മുഴുവനുമുള്ള ഖജനാവുകളുടെ താക്കോൽ നല്കപ്പെടുന്നതായിരിക്കും.

## വാഗ്ദത്ത മസീഹിന്റെ ലിഖിതശകലങ്ങൾ

"ബഹുദൈവവിശ്വാസികൾ അശുദ്ധരാണെന്നും മലിനമാണെന്നും, ഏറ്റവും നികൃഷ്ടരാണെന്നും വിഡ്ഢികളാണെന്നും സാത്താന്റെ സന്തതികളാണെന്നും അവരുടെ ആരാധ്യവസ്തുക്കൾക്ക് നരകത്തിലെ വിറകാണെന്നും ഇന്ധനമാണെന്നുമുള്ള ആയത്തുകൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ്, നബി(സ) തിരുമേനിയെ വിളിച്ചുപറഞ്ഞു: 'എന്റെ സഹോദരപുത്രാ! ഇപ്പോൾ നിന്റെ അസഭ്യവാക്കുകൾകൊണ്ട് ജനത കോപാകുലരായിരിക്കുകയാണ്. അടുത്തുതന്നെ നിന്നെ ഉന്മൂലനം ചെയ്തേക്കാം; നീ അവരിലെ ബുദ്ധിമാന്മാരെ വിഡ്ഢികളെന്നു വിശേഷിപ്പിച്ചു. അവരുടെ മഹാന്മാരെ മോശക്കാരെന്ന് പറഞ്ഞു. ആദരണീയമായ അവരുടെ ആരാധ്യവസ്തുക്കൾക്ക് നരകത്തിന്റെ ഇന്ധനമെന്ന പേർ നല്കി. പൊതുവായി അവരെ ഒന്നടങ്കം പിശാചിന്റെ സന്തതികളെന്നും ദുഷിച്ചവരെന്നുമൊക്കെ വിശേഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിന്റെ നാവിനെ അടക്കുക. അസഭ്യം പറച്ചിലിൽനിന്ന് പിൻവാങ്ങുക. എനിക്ക് ജനതയെ നേരിടാനുള്ള കഴിവില്ല.' നബി(സ) തിരുമേനി മറുപടിയായി പറഞ്ഞു: 'അല്ലയോ പിതൃവ്യാ, ഇത് അസംഭാവ്യമല്ല. പ്രത്യുത, യാഥാർഥ്യത്തിന്റെ നേർപ്രകടനമാണ്. തികച്ചും പ്രകൃതിക്ക് അനുയോജ്യമായിട്ടുള്ള വിവരണമാണ്. ഈ ജോലി ചെയ്യുന്നതിനുവേണ്ടി യാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഞാൻ മരിക്കേണ്ടിവന്നാൽ സന്തോഷത്തോടെ മരണം സ്വീകരിക്കുന്നതാണ്. എന്റെ ജീവിതം ഈ വഴിയിൽ അർപ്പണമാണ്. മരണം ഭയന്ന് സത്യം പ്രകടിപ്പിക്കാതിരിക്കാൻ എനിക്ക് വയ്യ. അല്ലയോ പിതൃസഹോദരാ! താങ്കൾക്ക് താങ്കളുടെ ദൗർബല്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും വിചാരമാണെങ്കിൽ, എനിക്ക് അഭയം നൽകുന്നതിൽനിന്ന് വേറിട്ടുപോകുക. അല്ലാഹവാണ! എനിക്ക് താങ്കളുടെ ഒട്ടും ആവശ്യമില്ല. ദൈവകല്പനകൾ എത്തിക്കുന്നത് ഒരിക്കലും നിറുത്തുകയില്ല. എനിക്കെന്റെ യജമാനന്റെ കല്പനകൾ ജീവനേക്കാളേറെ പ്രിയപ്പെട്ടതാണ്. അല്ലാഹുവാണ! ഞാൻ ഈ വഴിയിൽ വധിക്കപ്പെടുകയാണെങ്കിൽ, വീണ്ടും വീണ്ടും ജീവിച്ച് എപ്പോഴും ഈ വഴിയിൽ മരിച്ചുകൊണ്ടിരിക്കാനാണ് ആഗ്രഹിക്കുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമല്ല. മറിച്ച്, എനിക്ക് അവന്റെ വഴിയിൽ ദുഃഖം പേറുന്നതിൽ അതിരറ്റ ആനന്ദമുണ്ട്.' നബി(സ) തിരുമേനി ഇങ്ങനെ പ്രസംഗിക്കുകയായിരുന്നു. മുഖകമലം സത്യസന്ധതയും ദിവ്യജ്യോതിസുംകൊണ്ട് നിറഞ്ഞ് മൃദുത്വം വ്യക്തമായിക്കൊണ്ടിരുന്നു. നബി(സ) തിരുമേനി ഈ പ്രസംഗം അവസാനിപ്പിച്ചപ്പോൾ സത്യത്തിന്റെ വെളിച്ചം കണ്ട് അനിയന്ത്രിതമായി അബൂത്വാലിബിന്റെ കണ്ണിൽനിന്ന് കണ്ണീർ ഒഴുകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'ഞാൻ നിന്റെ ഉന്നതമായ ഈ അവസ്ഥയെക്കുറിച്ച് അജ്ഞനായിരുന്നു. നീ മറ്റൊരു വർണത്തിലും തേജാവിലാസത്തിലുമാണുള്ളത്. പോകുക! നിന്റെ ജോലി ചെയ്യുക. ഞാൻ ജീവിച്ചിരിക്കുന്ന കാലം, എനിക്ക് കഴിയുന്നിടത്തോളം ഞാൻ നിന്നോടൊപ്പമുണ്ടാകും." **(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാള്യം 3, പേജ് 110)**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അടിക്കുറിപ്പിൽ പറയുന്നു: 'അബൂത്വാലിബിന്റെ ഈ എല്ലാ വിഷയവും ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ എല്ലാ വാക്യങ്ങളും വെളിപാടുപരമാണ്. അത് അല്ലാഹു ഈ സാധുവിന്റെ മനസ്സിൽ ഇറക്കി. ഏതൊക്കെയോ വാക്യങ്ങൾ മാത്രം വ്യാഖ്യാനിച്ചിട്ടുള്ളത് എന്റേതാണ്. ഈ ഇൽഹാമുപരമായ വാക്യങ്ങളിൽ അബൂത്വാലിബിന്റെ സഹതാപവും ഭയവും പ്രകടമാണ്. പക്ഷേ, പിന്നിലുള്ള നുബുവ്വത്തിന്റെ പ്രകാശങ്ങളും സ്ഥൈര്യതയുടെ അടയാളങ്ങളും കണ്ടാണ് ഈ സഹതാപം ഉണ്ടായതെന്ന കാര്യം ഉറപ്പാണ്. നമ്മുടെ സയ്യിദും മൗലായുമായ നബി(സ) തിരുമേനി ആയുസിന്റെ ഒരു വലിയ ഭാഗം, 40 വർഷം നിരാലംബതയിലും പ്രയാസത്തിലും അനാഥത്വത്തിലും ജീവിച്ചു. അടുത്ത ബന്ധുക്കളാരും ആ തനിച്ചുള്ള കാലഘട്ടത്തിൽ ബന്ധുത്വത്തിന്റെ ഒരു കടമയും നിറവേറ്റയില്ല. അങ്ങനെ ആ ആത്മീയരാജാവ് തന്റെ കുട്ടിക്കാലാവസ്ഥയിൽ ആരോരുമില്ലാത്ത കുട്ടികളെപോലെ ചില വിജനസ്ഥലത്ത് താമസിക്കുന്നവരും ഭവനരഹിതരുമായ സ്ത്രീകളുടെ കൈയിൽ ഏല്പിക്കപ്പെട്ടു. ആ നിരാലംബതയുടേയും ദാരിദ്ര്യത്തിന്റേയും അവസ്ഥയിൽ സൃഷ്ടികളുടെ നേതാവ് മുലകുടിനാളുകൾ പൂർത്തിയാക്കി. കുറച്ചു വളർന്നുകഴിഞ്ഞപ്പോൾ ലോകത്ത് ആരോരുമില്ലാത്ത യത്തീമും നിരാലംബരുമായ കുട്ടികളെപോലെ ആ വിജനസ്ഥലത്ത് താമസിക്കുന്ന ആളുകൾ, ആടുകളെ മേയ്ക്കുന്ന ജോലി ആ ലോകഗുരുവിനെ ഏൽപിച്ചു. ഞെരുക്കത്തിന്റെ അക്കാലത്ത് താഴ്ന്നതരത്തിലുള്ള അന്നവും ആടുകളുടെ പാലുമല്ലാതെ മറ്റൊരു ഭക്ഷണവുമുണ്ടായിരുന്നില്ല. പ്രായപൂർത്തിയായപ്പോൾ നബി(സ) തിരുമേനിയുടെ വിവാഹത്തെ സംബന്ധിച്ച് പിതൃസഹോദരന്മാരാരും അവിടന്ന് അങ്ങേയറ്റം സൗന്ദര്യവാനായിരുന്നിട്ടും ചിന്തിച്ചില്ല. പ്രത്യുത 25 വയസ്സായപ്പോൾ യാദൃശ്ചികമായി അല്ലാഹുവിന്റെ കൃപയൊന്നുകൊണ്ടുമാത്രം മക്കയിലെ ഒരു സമ്പന്ന നബി(സ) തിരുമേനിയെ സ്വയം ഇഷ്ടപ്പെട്ട് അദ്ദേഹത്തെ വിവാഹം കഴിച്ചു. നബി(സ) തിരുമേനിയുടെ നേരെ പിതൃസഹോദരങ്ങളായ അബൂത്വാലിബ്, ഹംസത്ത്, അബ്ബാസ് എന്നിവരെ പോലുള്ളവർ ഉണ്ടായിരുന്നിട്ടും-പ്രത്യേകിച്ചും അബൂത്വാലിബ് മക്കയിലെ സമ്പന്നനും ജനനേതാവുമായിരുന്നു. ഭൗതികമായ സ്വത്തുവകകളും മറ്റും ഒരുപാടുള്ള ആളായിരുന്നു. അവർക്കെല്ലാം അത്തരം സമ്പന്നാവസ്ഥ ഉണ്ടായിട്ടും നബി(സ) തിരുമേനി അക്കാലം വലിയ ബുദ്ധിമുട്ടിലും പട്ടിണിയിലും നിരാശ്രയത്വത്തിലും കഴിച്ചുകൂട്ടി എന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. എത്രത്തോളമെന്നാൽ, വനവാസികളുടെ ആട്ടിൻപറ്റങ്ങൾ മേയ്ക്കേണ്ടിവരെ വന്നു. ആ വേദനാജനകമായ അവസ്ഥകണ്ട് ആർക്കും കണ്ണീർ വന്നില്ല. നബി(സ) തിരുമേനി യുവത്വകാലമെത്തിയിട്ടും ഒരു പിതൃസഹോദരന്മാർക്കും, തങ്ങളും പിതാവിന്റെ സ്ഥാനത്തുള്ളവരാണെന്നോ, മുഹമ്മദിന്റെ വിവാഹം തുടങ്ങിയ അത്യാവശ്യ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കണമെന്നോ ഒട്ടും വിചാരമുണ്ടായില്ല. വാസ്തവത്തിൽ അവരുടെ വീട്ടിൽ, അവരുടെ ബന്ധുക്കളിൽ പെൺകുട്ടികളുണ്ടായിരുന്നു. ഇവിടെ ഇത്രമാത്രം കഠിനഹൃദയത്വം അവരിൽനിന്ന് എങ്ങനെ വെളിപ്പെട്ടുവെന്ന ചോദ്യം സ്വാഭാവികമാണ്. ഇതിനുള്ള മറുപടി അവർ നമ്മുടെ സയ്യിദും മൗലായുമായ നബി(സ) തിരുമേനിയെ മാതാപിതാക്കളില്ലാത്ത നിർധനനായ യത്തീംകുട്ടിയായി കണ്ടു. അദ്ദേഹത്തിന്റെ കൈയിൽ ഒരു സമ്പത്തും ഉണ്ടായിരുന്നില്ല; ദരിദ്രനാണ്; കൈയിൽ ഒന്നും തന്നെയില്ല. അത്തരം വിപത്ത് ബാധിച്ചവനോടു സഹതാപം കാണിക്കുന്നതുകൊണ്ട് എന്തു നേട്ടമുണ്ടാകാനാണ്; അവനെ തന്റെ ജാമാതാക്കുക എന്നതിന്റെ അർഥം സ്വന്തം മകളെ നാശത്തിലകപ്പെടുത്തുക എന്നതാണ്. അദ്ദേഹമൊരു രാജാവും ആത്മീയരാജാക്കന്മാരുടെ നേതാവുമാണെന്നും അദ്ദേഹത്തിന് ലോകം മുഴുവനുമുള്ള ഖജനാവുകളുടെ താക്കോൽ നല്കപ്പെടുമെന്നുമുള്ള അറിവ് അവർക്കുണ്ടായിരുന്നില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ കറാമാത്തുസ്സാദിഖീനിൽ പറയുന്നു: യഥാർഥമായ പ്രശംസയുടെ അർഹൻ അല്ലാഹുവാണ്. ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല; എന്നാൽ, അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവന്റെ യഥാർഥ അസ്തിത്വത്തിന്റെ അറിവിൽനിന്ന് രാവും പകലും എത്ര ദൂരയാണോ അത്രയും ചിന്തകൾ ദൂരെയാണ്. വിശുദ്ധഖുർആനും തന്റെ റസൂൽ മുസ്തഫാ(സ)യും മുഖേന പട്ടണങ്ങളിലും വിജനപ്രദേശങ്ങളിലുമുള്ള എല്ലാ വാസികളേയും അവൻ പൊതുവായി ക്ഷണിച്ചിരിക്കുന്നു. തെളിവുകളും പ്രമാണങ്ങളോടുകൂടി വരികയും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുകയും ലോകംമുഴുവനുമുള്ളവരുടെ ചുമതല ഏല്ക്കുകയും ചെയ്ത അവന്റെ പ്രിയപ്പെട്ട ഖാത്തമുന്നബിയ്യീനും ഫഖ്റുൽ മുർസലീനുമായ മുഹമ്മദിന്റെ മേൽ സ്വലാത്തും സ്വലാമും ഉണ്ടാകട്ടെ. പലവിധ ആഗ്രഹങ്ങളുടെ ചുറ്റും കറങ്ങുന്നവരായിരുന്ന, അവർ ആത്മീയജനങ്ങളുടെ കൂട്ടത്തിൽ പ്രവേശിച്ചു. അങ്ങേയറ്റം ധാർഷ്ട്യത്തോടുകൂടി അതിരു കവിഞ്ഞ് സംസാരിക്കുന്നവരും ദ്വേഷവും കോപവും കൊണ്ട് ജ്വലിക്കുന്നവരുമായിരുന്ന, അവർ അങ്ങേയറ്റം സംസ്കാരസമ്പന്നരും വിനയമുള്ളവരും പരിശുദ്ധരുമായി. അല്ലാഹുവേ! ഈ ഉമ്മിനബി, റസൂലിന്റെമേൽ സ്വലാത്ത് അയച്ചാലും. അദ്ദേഹം തന്റെ ശ്രേഷ്ഠതകളിൽ എല്ലാ നബിമാരേക്കാളും മുകളിലെത്തി. അദ്ദേഹം തന്റെ സ്വഭാവത്തിലും വിശേഷഗുണങ്ങളിലും എല്ലാ മേന്മയും തന്നിൽ ഉൾക്കൊള്ളിച്ചു. മുനാഫിഖുകളും ആത്മാർഥരുമല്ലാത്തവരുടെ മനസ്സുകളിൽ ഇണക്കമുണ്ടാക്കി. ബഹുദൈവാരാധകരും ഏകദൈവവിശ്വാസികളല്ലാത്തവരുമായ ജനതയെ പരിഷ്കരിച്ചു. കുറ്റവാളികളും ഹൃദയഭക്തിയില്ലാത്തവരുമായവരെ ശുദ്ധീകരിച്ചു. അവർ തങ്ങളുടെ സ്വേച്ഛയെ പുറത്തിരുത്തി യാത്രചെയ്യുകയായിരുന്നു; ഇരുത്തിയിരുന്നു. അല്ലാഹുവിന്റെ വഴിയിൽ നടന്നിരുന്നില്ല. ജാഗരൂകരായിരുന്നില്ല. റസൂൽ കരീം(സ) നിരക്ഷരനായിരുന്നു. അദ്ദേഹം ഭൗതികമായതോ മതപരമായതോ അറിവുകളിൽ ഒന്നും പഠിച്ചിരുന്നില്ല. അദ്ദേഹം നിരക്ഷരരും അജ്ഞരുമായ ജനതയിൽ വളർന്നു. നബി(സ) തിരുമേനി ആലിമീംകളുടേയും ആരിഫീംകളുടേയും മുഖം പോലും കണ്ടിരുന്നില്ല. എന്നല്ല അവിടന്ന് തന്റെ വീട്ടിൽനിന്ന് പുറത്തിറങ്ങിയിരുന്നില്ല. തന്റെ കൂട്ടുകാരേയും അയൽവാസികളേയും വിട്ട് ഒരിക്കലും യാത്രയും ചെയ്തിരുന്നില്ല. എന്നിട്ടും അവിടന്ന് എല്ലാ ആലിംകളേയും ലോകം മുഴുവനുമുള്ള ആളുകളേയും പിന്നിലാക്കി സ്വബുദ്ധിയിലും, സ്വജ്ഞാനങ്ങളിലും സ്വക്ഷേമവൃദ്ധികളിലും സ്വഅനുഗ്രഹങ്ങളിലും പ്രകാശങ്ങളിലും മുന്നേറിപ്പോയി. എത്രത്തോളമെന്നാൽ, അവിടത്തെ സന്മാർഗത്തിന്റെ ദയാവായ്പുകൾ കിഴക്കുള്ളവരേയും പടിഞ്ഞാറുള്ളവരേയും സ്വന്തക്കാരേയും അന്യരേയും പൊതിഞ്ഞു. മടിത്തട്ടുള്ളവരായ എല്ലാവരും തങ്ങളുടെ മടിത്തട്ട് നബി(സ) തിരുമേനിയുടെ അനുഗ്രഹങ്ങളിലേക്ക് നീട്ടി. ജനങ്ങളുടെ കൈകൾ നബി(സ) തിരുമേനിയുടെ ഉപകാരങ്ങളിലേക്കും കൃപാദാനത്തിലേക്കും ദാനധർമങ്ങളിലേക്കും നീണ്ടു. അങ്ങനെ അവിടന്ന് ജനങ്ങൾക്ക് സമാധാനത്തിന്റെ വഴികൾ കാണിച്ചു. അവരെ വിഭാഗീയതയുടേയും അന്ധകാരത്തിന്റേയും വഴികളിൽനിന്ന് രക്ഷിച്ചു. എല്ലാതരത്തിലുള്ള കപടത, ഭിന്നിപ്പ്, ശത്രുത, വഴക്ക്, കലഹം തുടങ്ങി ദുഃസ്വഭാവങ്ങളിൽനിന്ന് അവരെ പരിശുദ്ധമാക്കി. ഇപ്രകാരംതന്നെ അവിടന്ന് കണ്ണുകൾക്ക് ഉൾക്കാഴ്ച നല്കി. സദ്ഭാവന ഉണ്ടാക്കി. തടവുകാരെ മോചിപ്പിച്ചു. അവിടന്ന് ജനമനസ്സുകളിൽ വണക്കത്തിന്റേയും തൃപ്തിയുടേയും ചൈതന്യമുണ്ടാക്കി. അവരുടെ സത്യനിഷേധത്തിന്റെ വികാരങ്ങളെ തണുപ്പിച്ചു. അവർക്ക് സ്ഥൈര്യം പ്രദാനം ചെയ്തു. ഉറപ്പിനും സ്ഥൈര്യത്തിനുംവേണ്ടി സന്നദ്ധരാക്കി. സ്വന്തം കാലിൽ നിറുത്തി. അപ്പോൾ അവർ കാണാൻ തുടങ്ങി. അവർ തങ്ങളുടെ വഴികളും തങ്ങളുടെ വാസസ്ഥലങ്ങളും കണ്ടു. തങ്ങളുടെ താമസസ്ഥലം ഉറപ്പാക്കി. മധുരമുള്ളതും തെളിമയാർന്നതുമായ തണുത്ത ജലത്തിന്റെ കുളിക്കടവിൽ വന്നുചേർന്നു. അവർ ശുദ്ധീകരിക്കപ്പെട്ടു. അവർ എങ്ങനെ ശുദ്ധീകരിക്കപ്പെട്ടുവെന്നാൽ, ഉത്തമജനതയെന്ന് വിളിക്കപ്പെട്ടു.' **(കറാമാത്തുസ്സാദിഖീൻ, ഉർദു തർജമ, പേജ് 5)**

.........☆.........☆.........☆.........

# ഖത്തമുന്നുബുവ്വത്തിന്റെ യാഥാർത്ഥ്യം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്
(2017 ഖാദിയാൻ ജൽസ സാലാനയിൽ ചെയ്ത പ്രസംഗം).

വിവ:മൗലവി അലിക്കുഞ്ഞ് കരുളായ്

**ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്ന അഹ്മദിയ്യാ ജമാഅത്തിനുമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപം അങ്ങേയറ്റം അക്രമപരവും അജ്ഞതാപരവുമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആരംഭംമുതൽ ഇന്നുവരെ ഈ നാമമാത്ര മുസ്‌ലിം പണ്ഡിതന്മാർ കളവാണ് പറയുന്നതെന്നും യാഥാർഥ്യവുമായി അതിന് വിദൂരബന്ധം പോലുമില്ലെന്നും വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു.**

ഇന്ന് ഈ ജൽസ ലോകംമുഴുവൻ കാണുന്നതും അല്ലാഹുവിന്റെ സഹായം ഈ ജമാഅത്തിനുണ്ടെന്നതിന്റെ തെളിവാണ്. നമ്മുടെ അവസ്ഥവെച്ചുനോക്കുമ്പോൾ ലോകത്തിന്റെ കോണുകളോളം ഇത് എത്തിക്കുകയെന്നത് അസംഭാവ്യമാണ്. തബ്‌ലീഗിനുള്ള കാര്യങ്ങൾ അല്ലാഹു സ്വയം ചെയ്തുകൊണ്ടിരിക്കുന്നു. ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം ടെലിവിഷനിലൂടേയും സോഷ്യൽമീഡിയായിലൂടേയും ലോകത്തോടു പറയുകയെന്നത് തബ്‌ലീഗിന്റെ ഭാഗമാണ്. കാരണം അല്ലാഹു നമ്മെ അതിനായി തിരഞ്ഞെടുത്തിരിക്കുകയാണ്. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ നിർദേശവും അതുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം നമ്മളോടു അതുതന്നെയാണ് പറയുന്നത്. ഇസ്‌ലാമിക പ്രചാരണത്തിനുള്ള ഈ മാർഗങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ഇന്ന് പ്രബോധനം ചെയ്യുക എന്നത് നമ്മൾ ഓരോരുത്തരുടേയുംമേൽ നിർബന്ധമാണ്. ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യമെന്താണ്? ഇസ്‌ലാമികാധ്യാപനങ്ങളെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ എന്താണ്? തുടങ്ങിയവയെല്ലാം ലോകത്തിനു പറഞ്ഞുകൊടുക്കുക.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ അടിസ്ഥാനമാക്കി ഖത്തമുന്നുബുവ്വത്ത് വിശ്വാസത്തിന്റെ ജ്ഞാനനിർഭരമായ വ്യാഖ്യാനം

അല്ലാഹുവാണ് തന്റെ പ്രിയപ്പെട്ടവന്റെ ദീനിനെ വീണ്ടും ജീവിപ്പിക്കുന്നതിനും ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചത്. അതിനാൽ ഭൗതിക ഭരണകൂടങ്ങൾക്കോ അല്ലെങ്കിൽ മുല്ലാക്കളുടെ അക്രമങ്ങൾക്കോ അതിന്റെ വളർച്ചക്ക് തടസ്സമിടാൻ സാധ്യമല്ല. നമ്മളാണിന്ന് നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമിയുടെ അധ്യാപനങ്ങളനുസരിച്ച് ലോകത്തിന്റെ 210 രാജ്യങ്ങളിൽ ഖാത്തമുന്നബിയ്യീന്റെ പതാക പാറി പറപ്പിക്കുന്നത്.

നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നും വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബാണെന്നും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)ന്റെ സത്യദാസനാണെന്നും നബി(സ)തിരുമേനി സുവാർത്ത അറിയിക്കുകയും സലാം എത്തിക്കാൻ പറയുകയും ചെയ്ത അതേ വാഗ്ദത്ത മസീഹും ഖാത്തമുൽ ഖുലഫായുമാണെന്നുമുള്ള വിശ്വാസത്തിൽ നമ്മൾ നിലകൊള്ളുന്നു. നമ്മൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കേണ്ടുന്ന രീതി അതേ മസീഹു മൗഊദിൽനിന്നാണ് പഠിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേർന്ന കാരണത്താൽ ഈ നാമധാരികളായ ഉലമാക്കൾ നമ്മെ കാഫിർ എന്നു പറയുന്നു. ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താക്കുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികളുടെ ഇക്കാര്യങ്ങൾകൊണ്ടും ശത്രുക്കളുടെ ശത്രുത കാരണത്താലും ഓരോ അഹ്മദിയുടേയുംമേൽ അല്ലാഹുവിനെ നമ്മുടെ അടുത്തുകൊണ്ടുവരുന്ന രീതിയിലുള്ള പരിവർത്തനം മുമ്പത്തേതിനെക്കാൾ കൂടുതൽ ഉണ്ടാക്കുക എന്ന ഉത്തരവാദിത്വമാണുള്ളത്

**2017 ഖാദിയാൻ ജൽസസാലാനയിൽ 44 രാഷ്ട്രങ്ങളിൽനിന്നുള്ള 20048 ആളുകൾ പങ്കെടുത്തു.**

ഖാദിയാൻ ദാറുൽഅമാനിൽ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജൽസസാലാനയുടെ അവസരത്തിൽ 2017 ഡിസംബർ 31 ഞായറാഴ്ച സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹിലെ ത്വാഹിർ ഹാളിൽനിന്ന് വാർത്താവിനിമയ ഉപഗ്രഹത്തിലൂടെ നേരിട്ട് നടത്തിയ സമാപന പ്രഭാഷണം.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّالِّيْنَ-

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ ഇസ്‌ലാമിന്റെ പരിധിയിൽനിന്ന് പുറത്താക്കുന്നതിന്, എതിരാളികൾ എന്നും പറയുന്നത് ഞങ്ങൾ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നില്ലായെന്നാണ്. ഇത് വലിയൊരു ആക്ഷേപമാണ്. ഇക്കാലത്ത് ഈ ആക്ഷേപം വ്യാപകമായി അവർ ഉന്നയിച്ചുവരുന്നു. അവരുടെ ഈ ആക്ഷേപം യഥാർഥമാണെങ്കിൽ ഇസ്‌ലാമിൽനിന്ന് പുറത്താകുന്നതാണ്. എന്നാൽ, ഇത് ഞങ്ങളെപ്പറ്റിയുള്ള കൊടുംകളവാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ഈ ആക്ഷേപവുമായി ഒരു തരത്തിലുള്ള ബന്ധവുമില്ല. കാരണം ഞങ്ങളുടെ വിശ്വാസം, വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്– ഏതൊരാൾ ഖത്തുമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നില്ലയോ അയാൾ കാഫിറാണെന്നും ഇസ്‌ലാമിൽനിന്ന് പുറത്താണെന്നുമാണ്. ആയതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിനുമേൽ ഉന്നയിക്കപ്പെടുന്ന ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്ന ആക്ഷേപം അങ്ങേയറ്റം അക്രമപരവും അജ്ഞതാപരവുമാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആരംഭം മുതൽ ഇന്നുവരെ ഈ നാമമാത്ര മുസ്‌ലിം പണ്ഡിതന്മാർ കളവാണ് പറയുന്നതെന്നും യാഥാർഥ്യവുമായി അതിന് വിദൂരബന്ധം പോലുമില്ലെന്നും വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, സാധാരണക്കാരായ മുസ്‌ലിംകളെ ഇവർ എത്രത്തോളം ഭയപ്പെടുത്തിവെച്ചിരിക്കുന്നുവെന്നാൽ ആ പാവങ്ങൾ അഹ്മദികൾ പറയുന്നത് കേൾക്കാൻ പോലും തയ്യാറാകുന്നില്ല. പക്ഷേ, ആരാണോ അതിൽ ചിന്തിക്കുന്നത്, ഞങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്നത്, ഖുർആനും ഹദീഥും മനസ്സിലാക്കുന്നത്, യഥാർഥത്തിൽ അഹ്മദീ മുസ്‌ലീംകളാണ് യഥാർഥ മുസ്‌ലീംകളെന്ന് കാര്യം അവർ അംഗീകരിക്കുന്നുണ്ട്. നബി(സ)തിരുമേനിയുടെ സത്യസേവകനായ മസീഹ് മൗഊദ്(അ)നേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിച്ചെങ്കിൽമാത്രമേ ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ(സ)ന്റെ യഥാർഥ സ്ഥാനം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.

ഇന്ത്യ–പാക് ഉപഭൂഖണ്ഡത്തിലെ നാമമാത്ര ഉലമാക്കൾ തങ്ങളുടെ വ്യക്തി താൽപര്യങ്ങൾക്കും തങ്ങളുടെ അറിവില്ലായ്മ മറച്ച് വെക്കുന്നതിനും അഹ്മദികളുമായി സാധാരണ മുസ്‌ലിംകൾ ബന്ധപ്പെടാതിരിക്കുന്നതിനുംവേണ്ടി സർവ്വശ്രമവും നടത്തിവരികയാണ്; അതുപോലെ മറ്റു മുസ്‌ലിം രാജ്യങ്ങളിലും ഇവർ ഇങ്ങനെതന്നെ ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ആഫ്രിക്കയിലും ധാരാളം സംഘങ്ങളെ അയച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ അഹ്മദിയ്യത്ത് വിട്ടാൽ നിങ്ങൾക്ക് ഞങ്ങൾ പള്ളിയുണ്ടാക്കിത്തരാം നിങ്ങളെ സഹായിക്കാമെന്നെല്ലാം അവരോടു പറയുന്നുമുണ്ട്. നാമമാത്ര മുസ്‌ലിംകളായി

രുന്ന അന്നാട്ടുകാർ അഹ്മദിയ്യാ ജമാഅത്തിലൂടെയാണ് യഥാർഥ ഇസ്ലാം പഠിച്ചത്. അവർ നമസ്കാരം പഠിച്ചു, ഖുർആൻ പഠിച്ചു. ആ നവഅഹ്മദികൾ ഈ സംഘങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടിരിക്കുന്നുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ നവഅഹ്മദികൾ അടിയുറച്ചവരാണ്. ഏതായാലും എതിരാളികൾ അവരുടെ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ദൈവികപദ്ധതികൾക്കെതിരിൽ മനുഷ്യരുടെ ശ്രമങ്ങൾ വിലപോവുകയില്ലെന്ന കാര്യം ഇക്കൂട്ടർ ഓർക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്നവരെ ഭൂരിപക്ഷമാക്കുമെന്നത് അല്ലാഹുവിന്റെ വിധിയാണ്. ഇൻശാഅല്ലാഹ്. അഹ്മദിയ്യത്തിന്റെ പുരോഗതിയെ ഇവർക്ക് ഒരിക്കലും തടയാൻ സാധ്യമല്ല. അല്ലാഹു മസീഹ് മൗഊദ്(അ)നോട് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഞാൻ നിനക്ക് അന്തസ്സ് നൽകുകയും വർധിപ്പിക്കുകയും ചെയ്യുന്നതാണ്.' (ആസ്മാനി ഫയ്സല റൂഹാനീ ഖസായിൻ, വാല്യം 4, പേജ് 342)

എതിരാളികൾ സർവ്വവിധേന എതിർത്തിട്ടും അഹ്മദികളെ കുറിച്ച് തെറ്റായ ധാരണകൾ ഉണ്ടാക്കിയിട്ടും നൂറുക്കണക്കിന്, ആയിരക്കണക്കിന് ആളുകൾ ദിനേന അഹ്മദിയ്യത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞിരിക്കുന്നു: "ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്." (അൽഹക്കം, വാല്യം 2, നമ്പർ 5, 6-1896)

ചില ആളുകളെക്കുറിച്ച് നമുക്ക് ഒരു അറിവുമില്ല. എന്നാൽ, അവർ നമ്മളെ അന്വേഷിച്ച് കണ്ടെത്തി ജമാഅത്തിൽ ചേരാൻ താൽപര്യം കാണിക്കുന്നു. ഇക്കാലത്തെ പുരോഗതികൾ തബ്ലീഗിനുവേണ്ടുന്ന കാര്യങ്ങൾ സ്വയം ചെയ്യുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികൾ നമുക്കെതിരെ സോഷ്യൽ മീഡിയയിലൂടെയും മറ്റും നടത്തുന്ന കുപ്രചാരണങ്ങളും നമ്മെ കുറിച്ചുള്ള അപവാദങ്ങളും സൽപ്രകൃതക്കാരെ നമ്മിലേക്ക് അടുപ്പിക്കുന്നു. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. മനുഷ്യരുടെ പദ്ധതികൾക്ക് അതിനെ തടയാൻ സാധിക്കുകയില്ല.

ഇന്ന് ഈ ജൽസ ലോകംമുഴുവൻ കാണുന്നതും അല്ലാഹുവിന്റെ സഹായം ഈ ജമാഅത്തിനുണ്ടെന്നതിന്റെ തെളിവാണ്. നമ്മുടെ അവസ്ഥവെച്ചുനോക്കുമ്പോൾ ലോകത്തിന്റെ കോണുകളോളം ഇത് എത്തിക്കുകയെന്നത് അസംഭാവ്യമാണ്. തബ്ലീഗിനുള്ള കാര്യങ്ങൾ അല്ലാഹു സ്വയം ചെയ്തുകൊണ്ടിരിക്കുന്നു. ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം ടെലിവിഷനിലൂടേയും സോഷ്യൽ മീഡിയായിലൂടേയും എത്തിക്കുകയെന്നത് തബ്ലീഗിന്റെ ഭാഗമാണ്. കാരണം അല്ലാഹു നമ്മെ അതിനായി തിരഞ്ഞെടുത്തിരിക്കുകയാണ്. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ നിർദേശവും അതുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം നമ്മളോടു അതുതന്നെയാണ് പറയുന്നത്. ഇസ്ലാമിക പ്രചാരണത്തിനുള്ള ഈ മാർഗങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ഇന്ന് പ്രബോധനം ചെയ്യുക എന്നത് നമ്മൾ ഓരോരുത്തരുടേയുംമേൽ നിർബന്ധമാണ്. ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യമെന്താണ്? ഇസ്ലാമികാധ്യാപനങ്ങളെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾ എന്താണ്? തുടങ്ങിയവയെല്ലാം ലോകത്തിനു പറഞ്ഞുകൊടുക്കുക.

നബി(സ)തിരുമേനിയുടെ ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനത്തെക്കുറിച്ചും അവിടത്തെ ഉന്നതസ്ഥാനമാനങ്ങളെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതിൽ ചിലതിനെ അടിസ്ഥാനപ്പെടുത്തി സംസാരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ധാരാളം അനഹ്മദികൾ നമ്മുടെ പ്രോഗ്രാമുകൾ കാണാറുണ്ട്. അവർക്കും അത് മാർഗദർശനമായേക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആനിൽ നബി(സ) തിരുമേനിയെക്കുറിച്ച് ഖാത്തമുന്നബിയ്യീൻ എന്ന് പറഞ്ഞതിലും അവിടത്തെ ശരീഅത്തിനെക്കുറിച്ച് *അൽയൗമ അക്മൽത്തുലക്കും ദീനക്കും* എന്ന് പറഞ്ഞതിലും ഞാൻ പൂർണമായും വിശ്വസിക്കുന്നു. ദീനിന്റെ പൂർത്തീകരണവും നിഅ്മത്തുകളുടെ പൂർത്തീകരണവും നടന്നതോടൊപ്പം അല്ലാഹുവിന് തൃപ്തിപ്പെട്ട മതം ഇസ്ലാമുമാണ്. ഇനി നബി(സ)തിരുമേനിയുടെ പ്രവർത്തനമാതൃക വിട്ടുകൊണ്ട് മറ്റേതെങ്കിലും മാർഗം സ്വീകരിക്കുന്നുവെങ്കിൽ അത് ബിദ്അത്തുകളായിരിക്കും."

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ എതിരാളികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: "നിങ്ങളിന്ന് ചില സ്വയംകൃത ജപങ്ങൾ സ്വീകരിച്ചുവെച്ചിരിക്കുകയാണ്. ചില സ്വലാത്തുകളും ബുല്ലുഹെ ശാഹ് മൗലൂദ് പോലെയുള്ള മൗലൂദുകളും മതിയെന്ന് ധരിക്കുന്നു. അതിനെ നിങ്ങൾ ദീനായി കണക്കാക്കുന്നു. ഖുർആനിക അധ്യാപനങ്ങളെ നിങ്ങൾ മറന്നുകളഞ്ഞു. നമസ്കാരങ്ങളിൽ ആനന്ദം കണ്ടെത്തുന്നതിന് പകരം സ്വയംകൃത ദിക്റുകളിൽ ആനന്ദം കണ്ടെത്തുകയും തലപ്പാവുകൾ വലിച്ചെറിഞ്ഞ് നൃത്തം വെക്കുകയും ചെയ്യുന്നു. ആട്ടവും ചാട്ടവുമായി നടക്കുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായിരുന്നോ?" ഹദ്റത്ത് മസീഹ് മൗഊദ് പറയുന്ന ഈ കാര്യങ്ങൾ ഇന്നും മുസ്ലിംകൾക്കിടയിലുണ്ട്. ഇന്ന് സോഷ്യൽ മീഡിയകളിലൂടെ ഇതെല്ലാം കാണാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നിങ്ങൾ എന്നെ കുറിച്ച് പുതിയ നുബുവ്വത്തു വാദിക്കുന്നുവെന്നും ഖത്തമുന്നുബുവ്വത്തിനെ തകർക്കുവെന്നും പറയുന്നു. ഞാൻ സ്വതന്ത്ര നുബുവ്വത്ത് വാദം പുറപ്പെടുവിച്ചിട്ടില്ല. ഞാൻ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ അവിടത്തെ ശരീഅത്തനുസരിച്ച് കർമങ്ങൾ ചെയ്യാനും ചെയ്യിക്കാനുമാണ് വന്നിട്ടുള്ളത്. നിങ്ങൾ സ്വയം നിങ്ങളെ നോക്കുന്നില്ല. പുതിയ പുതിയ ദിക്റുകളും ചര്യകളും കൊണ്ടുവന്ന് പുതിയ നുബുവ്വത്ത് നിങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്; ഞാനല്ല. നീതിയുക്തമായി നിങ്ങൾ പറഞ്ഞു തന്നാലും, നബി(സ)തിരുമേനിയുടെ പരിശുദ്ധ അധ്യാപനങ്ങളിൽ ഞാൻ കൂട്ടുകയോ കുറക്കുകയോ ചെയ്തിട്ടുണ്ടോ? അതോ നിങ്ങളാണോ അങ്ങനെ ചെയ്യുന്നത്? അർറ എന്ന ദിക്ർ ഞാൻ കൊണ്ടുവന്നതാണോ അതോ നിങ്ങളുടെ പുതിയ കണ്ടുപിടിത്തമാണോ? വെറും അല്ലാഹു-അല്ലാഹു എന്ന മജ്ലിസ്, നമസ്കാരത്തിലേക്ക് തീരെ ശ്രദ്ധയില്ലാതെ അല്ലാഹു അല്ലാഹു എന്ന ചൊല്ലുന്ന ദിക്ർ എവിടന്നാണ് കിട്ടിയത്? എന്തെന്തെല്ലാം ബിദ്അത്തുകളാണ് നിങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. പീർ ഫഖീർമാരുടെ ഖബറിടങ്ങളിൽ സുജൂദ് ചെയ്യുന്നു. ദീനുൽ ഇസ്ലാമിൽ ഈവിധ നുബൂവ്വത്തുകളല്ലാം സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി കടത്തിക്കൂട്ടിയതാണ്. ആയതുകൊണ്ട് നിങ്ങൾ എന്നെ ആക്ഷേപിക്കാതെ നിങ്ങളുടെ സ്വന്തം അവസ്ഥ നോക്കുക." (മൽഫൂദാത്ത്, വാല്യം 3, പേജ് 88-90)

ഹദ്റത്ത് നബി(സ)തിരുമേനിയുടെ മഹനീയസ്ഥാനത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഒരാൾ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ ആണെന്ന് ദൃഢമായി വിശ്വസിക്കാത്തിടത്തോളം അയാൾ ശരിയായ മുസൽമാനോ അവിടത്തെ അനുയായിയോ ആകുകയില്ല. ദീനിൽ പുതുതായി ഉണ്ടാക്കിയിട്ടുള്ളവയിൽനിന്നെല്ലാം വിട്ടുമാറാതെയും ആ മഹാത്മാവിനെ ഖാത്തമുന്നബിയ്യീൻ ആയി അംഗീകരിക്കാതെയും ആരും യഥാർഥ മുസ്ലിമാവുകയില്ല. സഅ്ദി പറഞ്ഞത് എത്രമാത്രം യാഥാർഥ്യമാണ്: "സ്വാത്മപരിത്യാഗത്തിനും ഹൃദയഭക്തിക്കും പരിശുദ്ധിക്കുംവേണ്ടി തീർച്ചയായും പ്രയത്നിക്കുക. എന്നാൽ, മുഹമ്മദ് മുസ്തഫാ (സ)യുടെ വഴി ലംഘിക്കരുത്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ വരവിന്റെ ഉദ്ദേശ്യം നബി(സ)തിരുമേനിയുടെ അന്തസ്സും നുബുവ്വത്തും വീണ്ടും സ്ഥാപിക്കുകയെന്നതാണ്. അല്ലാഹു എന്നെന്നേക്കുമായി സ്ഥാപിച്ച ആ ദീനിനെ നിലനിർത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി അല്ലാഹു നമ്മുടെ മനസ്സിൽ ഒരു ആവേശം ഇട്ടുതരികയും ചെയ്തു. എല്ലാവിധ ബിദ്അത്തുകളേയും ഇല്ലാതാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഈ പീർ ഫഖീർമാരെ ശരിയായവിധത്തിൽ വിലയിരുത്തുക. എന്നിട്ട് പറയുക ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നത് ഞാനാണോ അതോ അവരോ? എന്ന്!

വീണ്ടും മസീഹ് മൗഊദ്(അ) പറയുന്നു: വെറും നാവുകൊണ്ട് ഖാത്തമുന്നബിയ്യീൻ എന്ന് പറയുക, പ്രവർത്തികളെല്ലാം സ്വന്തം താല്പര്യപ്രകാരം ചെയ്തുകൊണ്ട് ഒരു പുതിയ ശരീഅത്തുണ്ടാക്കുക. ഇതാണോ ഖത്തമുന്നുബുവ്വത്ത് കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത്? എത്രമാത്രം അക്രമവും ദുഷ്ടതയുമാണിത്. പലതരത്തിലുള്ള ബിദ്അത്തുകളും അനഹ്മദികൾ ഉണ്ടാക്കിവെച്ചിരിക്കുന്നു. ബാഗ്ദാദി നമസ്കാരം, മഅ്കൂസ് നമസ്കാരം എന്നെല്ലാം പലതും കണ്ടുപിടിച്ചിരിക്കുന്നു. ഖുർആനിലോ നബി(സ)തിരുമേനിയുടെ നടപടികളിലോ ഇങ്ങനെ വല്ലതും കാണാനുണ്ടോ? യാ ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനി ശയ്ഖൻ ലില്ലാഹ് എന്ന് പറയുന്നതിന് ഖുർആനിൽ വല്ല തെളിവുമുണ്ടോ? നബി(സ)തിരുമേനിയുടെ കാലത്ത് ശേയ്ഖ് അബ്ദുൽ ഖാദിർ ജീലാനി ഉണ്ടായിരുന്നില്ല. പിന്നെ ആരാണ് ഇത് പറഞ്ഞത്. ലജ്ജാകരംതന്നെ! ഇതിന്റെ പേരാണോ ഇസ്ലാമിക ശരീഅത്ത്. ഇനി സ്വയം നിങ്ങൾ തീരുമാനിക്കൂ. നിങ്ങൾ ഇവ്വിധം പ്രവർത്തിച്ചിട്ട് - എന്നെ സംബന്ധിച്ച് ഞാൻ ഖാത്ത

മുന്നബിയ്യീനിൽ വിശ്വസിക്കുന്നില്ലെന്ന് പറയുന്നത് ശരിയാണോ? അഥവാ നിങ്ങളുടെ മസ്ജിദുകളിൽ ബിദ്അത്ത് കടത്താതിരിക്കുകയും ഖാത്തമുന്നബിയ്യീനിൽ വിശ്വസിച്ചുകൊണ്ട് അവിടത്തെ ശരീഅത്തനുസരിച്ച് അവിടത്തെ ചര്യകളെ ഇമാമാക്കിക്കൊണ്ട് നിങ്ങൾ നടക്കുകയായിരുന്നെങ്കിൽ എന്റെ വരവിന്റെ ആവശ്യമെന്താണ്? നിങ്ങളുടെ ബിദ്അത്തുകളും പുതിയ നുബുവ്വത്തുകളുമാണ് നബി(സ)തിരുമേനിയുടെ രൂപത്തിൽ മറ്റൊരാളെ നിയോഗിക്കാൻ അല്ലാഹുവിനെ നിർബന്ധിതനാക്കിയത്. അങ്ങനെയുള്ള കളവിലധിഷ്ഠിതമായ ബിംബങ്ങളെ തച്ചുടക്കുകയും ചെയ്യുന്നതിന് വേണ്ടിതന്നെയാണ് അല്ലാഹു എന്നെ നിയോഗിച്ചത്. പീർമാർക്ക് സുജൂദ് ചെയ്യുക അവരുടെ വീടുകൾക്ക് ത്വവാഫ് ചെയ്യുകയെന്നതെല്ലാം ഇന്ന് സാധാരണമായിരിക്കുകയാണ്.

മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു. ഹദ്റത്ത് റസൂൽ കരീം(സ)ന്റെ നുബൂവ്വത്തിനേയും അന്തസ്സിനേയും വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ചിരിക്കുന്നത്. ഒരാൾ ആരുടെയെങ്കിലും പ്രേയായി–പക്ഷേ അയാളുടെ പ്രേമഭാജനത്തെ പോലെ ആയിരക്കണക്കിന് വേറെയുമുണ്ടെങ്കിൽ പിന്നെ അയാളുടെ പ്രേമത്തിന് എന്ത് സവിശേഷതയാണുള്ളത്. ഇവർ വാദിക്കുന്നതുപോലെ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിലും പ്രേമവായ്പിലും ലയിച്ചവരാണെങ്കിൽ പിന്നെ ആയിരക്കണക്കിന് ഖബറിടങ്ങൾ ആരാധനാലയമാക്കിയത് എന്തിനാണ്? മദീനാ ശരീഫിൽ പോകുന്നുവെന്നത് ശരിതന്നെ. എന്നാൽ, അതിലും സ്ഥാനം നൽകി നഗ്നപാദരായും മറ്റും അജ്മീറിലും അതുപോലുള്ള മറ്റു സ്ഥലങ്ങളിലും പോകുന്നില്ലേ? പാക്പത്തന്റെ വാതിലിലൂടെ കടന്നുപോകുന്നത് മോക്ഷാർഹമായ കാര്യമായി കരുതുന്നു. ഇവരുടെ ഉറൂസുകളും മേളകളും കാണുമ്പോൾ സത്യവാനായ മുസ്‌ലിമിന്റെ മനസ്സ് വിറകൊള്ളുന്നതാണ്. അഥവാ അല്ലാഹുവിന് ഇസ്‌ലാമിനെ കുറിച്ച് ആത്മാഭിമാനം ഇല്ലായിരുന്നെങ്കിൽ *ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്‌ലാം* എന്നതും *ഇന്നാ നഹ്നു നസ്സൽദിക്ര് വ ഇന്നാ ലഹൂ ലഹാഫിളൂൻ* എന്നതും അല്ലാഹുവിന്റെ കലാമല്ലായിരുന്നെങ്കിൽ ഇസ്‌ലാം എന്നേ നാശമടഞ്ഞേനെ. എന്നാൽ, അല്ലാഹുവിന്റെ അഭിമാനവും അവന്റെ വാഗ്ദാനവും നബി(സ) തിരുമേനിയുടെ പ്രതിരൂപത്തിൽ അവിടത്തെ ശരീഅത്തിനെ പുനരുജ്ജീവിപ്പിച്ചു കാണിക്കുന്നതിനായി എന്നെ നിയോഗിച്ചു. അങ്ങനെയാണ് ഈ പ്രസ്ഥാനത്തെ നിലനാട്ടിയതും എന്നെ മഹ്ദിയായി നിയോഗിച്ചതും.

നോക്കുക. അല്ലാഹുവാണ് തന്റെ പ്രിയപ്പെട്ടവന്റെ ദീനിനെ വീണ്ടും ജീവിപ്പിക്കുന്നതിനും ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചത്. അതിനാൽ ഭൗതിക ഭരണകൂടങ്ങൾക്കോ അല്ലെങ്കിൽ മുല്ലാക്കളുടെ അക്രമങ്ങൾക്കോ അതിന്റെ വളർച്ചക്ക് തടസ്സമിടാൻ സാധ്യമല്ല. നമ്മളാണിന്ന് നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമിയുടെ അധ്യാപനങ്ങളനുസരിച്ച് ലോകത്തിന്റെ 210 രാജ്യങ്ങളിൽ ഖാത്തമുന്നബിയ്യീന്റെ കൊടി പാറിപ്പിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'ഇന്ന് രണ്ട് വിധത്തിലുള്ള ശിർക്ക് ഇസ്‌ലാമിന്റെ നാശത്തിന് ശ്രമിക്കുന്നു. ഇസ്‌ലാം നാശത്തിന്റെ വക്കിലായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനം അനുസരിച്ച് സംരക്ഷണം അനിവാര്യമായി. ഒരു കാവൽക്കാരൻ അക്രമികളെ തുരത്തുന്നതുപോലെ ഇല്ലാതാകുന്ന കോട്ടയെ അക്രമിക്കാൻ നാലുപാടും സർവ്വവിധ തയ്യാറെടുപ്പോടെ നിൽക്കുന്ന സർവ്വ ഫിത്നകളെയും തുരത്താൻ അവൻ നുബുവ്വത്തിന്റെ വാതിൽ തുറന്നു. ഇസ്‌ലാമിനെതിരിലുള്ള ഈ പ്രവർത്തി നീണ്ടകാലമായി പാകപ്പെട്ടുവരികയായിരുന്നു. ഇന്നത് പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. ഒരു ബീജം നിശ്ചിത അവധിക്കുശേഷം കുട്ടിയായി പുറത്തുവരുന്നതുപോലെ ഇസ്‌ലാമിന്റെ ശത്രുത ജനിക്കുകയും അതിന്റെ യൗവ്വനത്തിന്റെ ആവേശവും ശക്തിയും പ്രകടിപ്പിക്കുകയുമാണ്.'

അതാണിന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. തീർത്തും ഭൗതികരായിട്ടുള്ളവരും ഇസ്‌ലാമിനെ അക്രമിക്കുന്നു. അവർക്കാവശ്യം ഭരണവും ഭൗതികശക്തിയുമാണ്. എന്നാൽ, ഇസ്‌ലാമിനെ ആക്ഷേപിച്ചുകൊണ്ട് അത് കരസ്ഥമാക്കാൻ അവരാഗ്രഹിക്കുന്നു. മുസ്‌ലിം രാജ്യങ്ങളിലെ സമ്പത്ത് കരസ്ഥമാക്കാനും അവരാഗ്രഹിക്കുന്നു. അങ്ങനെ എല്ലാ വിധത്തിലും മുസ്‌ലിംകളെ അവർ കുറിമാനമാക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പൂർണ ആവേശത്തോടും ശക്തിയോടും കൂടി ഈ എതിർപ്പ് തുടങ്ങിയിരിക്കുന്നു. ഇവരുടെ പ്രവർത്തനത്തെ നശിപ്പിക്കുന്നതിനും ആന്തരികവും ഭൗതികവുമായ ശിർക്കിനെ ദൂരീകരിക്കുന്നതിനും അല്ലാഹുവിന്റെ തൗഹീദിനെ പുനഃസ്ഥാപിക്കുന്നതിനുമായി ഈ പ്രസ്ഥാനത്തെ അല്ലാഹു ആകാശീയ പദ്ധതിയാക്കിയിരിക്കുന്നു.'

മുസ്‌ലിംകൾ ഖബർ പൂജ നടത്തിക്കൊണ്ട് ശിർക്കിൽ കുടുങ്ങിയിരിക്കുന്നു. ജനങ്ങൾ ഇന്ന് അല്ലാഹുവിനെ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതികതയുടെ ശിർക്കിൽ ഇന്ന് ലോകം മുഴുകിയിരിക്കുകയാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാവിധ ശിർക്കിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ജമാഅത്തിനെ തയ്യാറാക്കിയതെന്ന് പറഞ്ഞത്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ജമാഅത്ത് അല്ലാഹുവിൽ നിന്നുള്ളതാണ്. തീർച്ചയായും ഈ ജമാഅത്ത് ദൈവികമാണ്. അവൻ തന്റെ സഹായം മുഖേന അത് തെളിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.' (മൽഫൂദാത്ത്, വാള്യം 3 പേജ് 90–93, 1985 ലണ്ടൻ പതിപ്പ്)

ദൈവനിയുക്തൻ രണ്ട് വിധത്തിലാണുള്ളത്. ഒന്ന് മൂസാ നബിയെപോലെ ശരീഅത്തുള്ളവർ. രണ്ടാമത്തേത് ശരീഅത്തിനെ പുനരുദ്ധരിക്കാൻ വരുന്നവർ;അതായത് ഈസാ(അ)നെ പോലെ. നമ്മുടെ നബി(സ)പരിപൂർണ ശരീഅത്തുമായിട്ടാണ് വന്നിട്ടുള്ളത്. അവിടത്തെ ശരീഅത്തല്ലാതെ മറ്റൊരു ശരീഅത്ത് ഇനി ഇല്ല. നബി(സ)തിരുമേനി മൂസാ നബിയെ പോലെയാണ്. മൂസാനബിയുടെ ഉമ്മത്തിൽ മസീഹായി ഈസാനബി വന്നതുപോലെ നബി(സ)തിരുമേനിയുടെ ഉമ്മത്തിലും മസീഹ് വരേണ്ടതാണ്. അതേ! ഈ ഉമ്മത്തിലെ ഖാത്തമുൽ ഖുലഫാ ആയ മസീഹ് മൗഊദാണ് ഞാൻ. ഈസാ(അ) പുതിയ ശരീഅത്തൊന്നും കൊണ്ടുവന്നില്ല. മൂസവീ ശരീഅത്തിനെ ജീവിപ്പിക്കുന്നതിനായിട്ടാണ് വന്നത്. ഞാനും പുതിയ ശരീഅത്തൊന്നും കൊണ്ടുവന്നിട്ടില്ല. മുഹമ്മദീ ശരീഅത്തിനെ ജീവിപ്പിക്കുന്നതിനുവേണ്ടി ഈ നൂറ്റാണ്ടിലെ ഖാത്തമുൽ ഖുലഫാഅ് ആയി എന്നെ നിയോഗിച്ചിരിക്കുകയാണ്. അല്ലാഹുവിൽനിന്ന് എനിക്കുണ്ടാകുന്ന ഇൽഹാമുകൾ അതൊരിക്കലും നഷ്ടപ്പെടുത്തുകയില്ല. അത് നിലനില്ക്കുന്നതാണ്.' (മൽഫൂദാത്ത്, വാള്യം 2 പേജ് 272 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനുശേഷം വികാരനിർഭരമായ വാക്കുകളിൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ നേടിയതെല്ലാം നബി(സ)തിരുമേനിയുടെ അനുഗ്രഹങ്ങളിൽ നിന്നാണ്.' അവിടന്ന് പറയുന്നു: 'ഞാൻ സത്യം ചെയ്തുപറയുന്നു, 'എന്റെ മനസ്സിൽ ഒരാവേശം ഉടലെടുക്കുന്നു. അതായത് ഞാൻ സർവ സ്തുതികളും നന്മകളും അങ്ങയിൽ അർപ്പിക്കട്ടെ! അല്ലാഹുവിന്റെ തൗഹീദും നബി(സ)തിരുമേനിയുടെ അന്തസ്സും ലോകത്ത് സ്ഥാപിതമാകുന്നതിലാണ് എന്റെ എല്ലാ സന്തോഷങ്ങളും. അതിനുവേണ്ടിയാണ് എന്നെ നിയോഗിച്ചിട്ടുള്ളതും. എന്നെക്കുറിച്ചുള്ള അല്ലാഹുവിന്റെ എല്ലാ പ്രശംസകളും എല്ലാ മഹത്ത്വങ്ങളും ഞാൻ അങ്ങയുടെമേൽ അർപ്പിക്കുന്നു. ഞാൻ നബി(സ)തിരുമേനിയുടെ ദാസനാണ്. അങ്ങയുടെ നുബുവ്വത്താകുന്ന പ്രകാശത്തിൽനിന്നുമാണ് പ്രകാശം കരസ്ഥമാകുന്നത്. സ്വതന്ത്രമായി നമുക്കൊന്നുമില്ല. ആയതുകൊണ്ടുതന്നെ നബി(സ)തിരുമേനിയിലൂടെയല്ലാതെ സ്വതന്ത്രമായ രീതിയിൽ ആരെങ്കിലും ദൈവനിയോഗിതനാണെന്ന് പറയുന്നുവെങ്കിൽ നമ്മുടെ പക്കൽ അയാൾ കൊള്ളരുതാത്തവനും തള്ളിക്കളയപ്പെട്ടവനുമാണ്. നബി(സ)തിരുമേനിയെ പിൻപറ്റാതെ ദൈവികസവിധത്തിന്റെ വാതിൽ കടക്കാവതല്ല എന്നുള്ളത് സ്ഥായിയായ നിയമമാക്കിയിരിക്കുന്നു.' (മൽഫൂദാത്ത്, വാള്യം 3 പേജ് 287, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിലേക്ക് പോകുന്നതിനും അല്ലാഹുവിനെ കാണുന്നതിനും ഒരേയൊരു വാതിലേ ഉള്ളൂ; അത് നബി(സ)തിരുമേനിയാണ്. നബി(സ)തിരുമേനി ഖാത്തമുൽ അമ്പിയാ ആണെന്നതും ഖുർആൻ ഖാത്തമുൽ കുത്തുബ് ആണെന്നതും നമ്മുടെ ഈമാനിന്റെ ഭാഗമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പുതിയ ഒരു ശരീഅത്തും കൊണ്ടുവന്നിട്ടില്ല. പുതിയ ശരീഅത്ത് ഉണ്ടാവുകയുമില്ല. നബി(സ)തിരുമേനിയുടെ ഉന്നത സ്ഥാനത്തിന്റെ മഹനീയത കൊണ്ടാണ് അവിടത്തെ ദാസത്വത്തിൽ നബിയെ നൽകിയത്. മറ്റൊരു നബിക്കും ഈ സ്ഥാനം ലഭിച്ചിട്ടില്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) നബി തങ്ങൾ പ്രവചനം ചെയ്ത, അവിടത്തെ സലാം എത്തിക്കാൻ പറഞ്ഞ മസീഹും മഹ്ദിയുമാണെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഏതൊരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇതിലുപരി സ്ഥാനം നൽകുന്നുവോ അയാൾ മുസ്‌ലിമല്ല. ഞങ്ങൾ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നവരല്ലെന്ന്

കുറ്റാരോപണം നടത്തി അഹ്മദികൾക്കെതിരിൽ ഫത്‌വ പുറപ്പെടുവിക്കുകയും വധിക്കുവാൻ ശ്രമിക്കുകയും ചെയ്താലും ഞങ്ങളുടെ ഈമാനിന് ഇളക്കമുണ്ടാവുകയില്ല. കാരണം ഞങ്ങൾ മുഹമ്മദ് മുസ്തഫാ(സ) ആഗ്രഹിച്ചതാണ് കരസ്ഥമാക്കിയത്. അല്ലാഹുവിനേയും നബി(സ)തിരുമേനിയേയും സ്നേഹിക്കുവാനുള്ള മാർഗം പഠിപ്പിച്ചുതന്നത് ആ മസീഹ് മൗഊദാണ്.

ഈവിധ എതിർപ്പുകൾ വർധിക്കുമ്പോൾ നമ്മെ അല്ലാഹുവിലേക്ക് കടുതൽ അടുപ്പിക്കുന്നവിധത്തിൽ ഓരോ അഹ്മദിയിലും മാറ്റം അനിവാര്യമാണ്. മസീഹ് മൗഊദ്(അ) പറയുന്നു: 'നമുക്ക് അർശിലെ അല്ലാഹുവുമായി ദൃഢബന്ധമുണ്ടെങ്കിൽ ഭൂമിയിലെ എതിർപ്പുകൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല.' (കശ്തിയെനൂഹ്, പേജ് 15) അതിനാൽ നമുക്ക് അർശിലെ അല്ലഹുവുമായി ബന്ധമുണ്ടാക്കേണ്ട ആവശ്യമുണ്ട്. എന്നാൽ, ഈ എതിർപ്പുകളെല്ലാം ഇല്ലാതായിത്തീരുന്നതാണ്. അതിനായി ഞാൻ പറഞ്ഞതുപോലെ തങ്ങളിൽ ഒരു പരിശുദ്ധമായ മാറ്റമുണ്ടാക്കേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ച സുഹൃത്തുക്കളേ!അല്ലാഹു തൃപ്തിപ്പെടും വിധമുള്ള കാര്യങ്ങൾ ചെയ്യാൻ അല്ലാഹു എനിക്കും നിങ്ങൾക്കും തൗഫീഖ് നൽകുമാറാകട്ടെ. പുരാതനകാലം മുതലേയുള്ള സുന്നത്തനുസരിച്ച് നിങ്ങൾ ഒരു പരീക്ഷണഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇന്ന് നിങ്ങൾ ന്യൂനപക്ഷമാണ്. നിങ്ങളെ നിന്ദ്യരായി അവർ കാണുന്നു. നിങ്ങളെ സർവ്വവിധേനയും ദ്രോഹിക്കാൻ അവർ ശ്രമിക്കുന്നു. പല കാര്യങ്ങളും നിങ്ങൾക്ക് കേൾക്കേണ്ടതായി വരുന്നു. നിങ്ങളെ നാവുകൊണ്ടും കൈകൊണ്ടും ദ്രോഹിക്കുന്നവർ കരുതുന്നത് അവർ ഇസ്‌ലാമിനെ സേവിക്കുകയാണെന്നാണ്. സർവ്വവിധേനയും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതിന് ചില ദൈവികപരീക്ഷണങ്ങളും ഉണ്ടാകുന്നതാണ്. അതുകൊണ്ട് നിങ്ങൾ നന്നായി കേട്ടുകൊള്ളുക! നിങ്ങൾ വിജയികളാകാനുള്ള മാർഗം നിങ്ങളുടെ യുക്തിയോ പരിഹാസത്തിന് പകരം പരിഹാസമോ, ചീത്തക്ക് പകരം ചീത്തയോ അല്ല. നിങ്ങളും ഈ മാർഗം സ്വീകരിക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയം കഠിനതരമായിത്തീരും. നിങ്ങളിലും വെറും വാക്കുകൾ മാത്രമാകും. അതിനെ അല്ലാഹു വെറുക്കുന്നു. അതുകൊണ്ട് മനുഷ്യരുടേയും ദൈവത്തിന്റേയും ശാപം കിട്ടുമാറ് നിങ്ങൾ ആയിത്തീരരുത്.”

അവിടന്ന് പറയുന്നു: 'ഓർത്തുകൊള്ളുക! ജനങ്ങളുടെ ശാപത്തോടൊപ്പം അല്ലാഹുവിന്റെ ശാപമില്ലെങ്കിൽ ഒന്നും സംഭവിക്കുന്നതല്ല. അല്ലാഹു നമ്മെ നശിപ്പിക്കുന്നില്ലെങ്കിൽ നാം ആരാലും നശിപ്പിക്കപ്പെടുന്നതല്ല. എന്നാൽ, അവൻ നമ്മുടെ ശത്രുവായാൽ ആരും നമുക്ക് അഭയം തരികയില്ല. എങ്ങനെ യാണ് നാം അല്ലാഹുവിനെ തൃപ്തിപ്പെടുത്തുക, എങ്ങനെയാണ് അവൻ നമ്മോടൊപ്പമുണ്ടാവുക? അതിനാൽ മറുപടി നൽകപ്പെട്ടത്, 'തഖ്‌വ' കൊണ്ട് എന്നാണ്. അതിനാൽ തഖ്‌വയിൽ മുന്നേറുകയെന്നത് അനിവാര്യമാണ്. സർവ്വ നന്മകളിലും മുന്നേറുകയെന്നതാണ് തഖ്‌വ.'

വീണ്ടും പറയുന്നു: 'അല്ലയോ എന്റെ പ്രിയപ്പെട്ട സോദരരേ! മുത്തഖികളായിത്തീരാൻ പരിശ്രമിക്കുക. പ്രവർത്തനമില്ലാതെ എല്ലാ കാര്യങ്ങളും നിഷ്ഫലമാണ്. ആത്മാർഥതയില്ലാതെ ഒരു പ്രവൃത്തിയും സ്വീകരിക്കുകയില്ല. ഇങ്ങനെയുള്ള എല്ലാ നഷ്ടങ്ങളിൽനിന്നും സുരക്ഷിതരാവുകയും സൂക്ഷ്മതയുടെ അതിലോലമായ കാര്യങ്ങളെപോലും പരിഗണിക്കുകയും ചെയ്യുന്നതിനാണ് തഖ്‌വ എന്നു പറയുന്നത്. ഏറ്റവുമാദ്യം മനസ്സിൽ എളിമയും പരിശുദ്ധിയും ആത്മാർഥതയും ഉണ്ടാക്കുക. യഥാർഥത്തിൽ സൗമ്യനും ശാന്തനും നിസ്സാരനുമായിത്തീരുക. ഹൃദയത്തിൽ നമ്രതയുണ്ടാക്കുക. എല്ലാ നന്മയും തിന്മയും ആദ്യം മനസ്സിലാണുടലെടുക്കുന്നത്. നിന്റെ മനസ്സ് തിന്മയിൽനിന്ന് സുരക്ഷിതമാണെങ്കിൽ നിന്റെ നാവും കണ്ണും മറ്റെല്ലാ അവയവങ്ങളും തിന്മയിൽനിന്ന് സുരക്ഷിതമായിരിക്കും. എല്ലാ പ്രകാശവും ഇരുട്ടും മനസ്സിലാണുണ്ടാകുന്നത്. പിന്നീട് അത് ശരീരം മുഴുവൻ വ്യാപിക്കുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ മനസ്സിനെ എപ്പോഴും പരിശോധിക്കുക. വെറ്റില കച്ചവടക്കാരൻ വെറ്റില തിരിച്ചും മറിച്ചും നോക്കി കേടുള്ള ഭാഗം മുറിച്ച് വലിച്ചെറിയുന്നതുപോലെ നിങ്ങൾ നിങ്ങളുടെ മനസ്സിനെ പരിശോധിക്കുക. മറഞ്ഞിരിക്കുന്ന ആഗ്രഹങ്ങളേയും ചിന്തകളേയും സ്വഭാവങ്ങളേയും കൺമുമ്പിൽ കൊണ്ടുവരിക. മോശമായതിനെ മുറിച്ച് വലിച്ചെറിയുക; നിങ്ങളെ മുഴുവനായും അശുദ്ധമാക്കി നിങ്ങൾ മുറിക്കപ്പെടാതിരിക്കാൻ വേണ്ടിത്തന്നെ! നിങ്ങളുടെ മനസ്സിലെ സദുദ്ദേശ്യങ്ങളും ചിന്തകളും ആഗ്രഹങ്ങളും നിങ്ങളുടെ അവയവങ്ങളിലൂടെ, നിങ്ങളുടെ ശക്തികളിലൂടെ വെളിപ്പെടുന്നതിന് അല്ലാഹുവിനോട് സഹായം തേടുക. കർമരൂപത്തിലും അത് വെളിപ്പെടേണ്ടതാണ്. മനസ്സിലുദിക്കുന്ന കാര്യങ്ങൾ അവിടെത്തന്നെ നിൽക്കുന്നുവെങ്കിൽ അത് നിങ്ങളെ ഒരു സ്ഥാനത്തേക്കും ഉയർത്തുകയില്ല. ദൈവിക മഹത്ത്വത്തെ മനസ്സിലുറപ്പിക്കുക. അവന്റെ പ്രതാപത്തെ കൺമുമ്പാക കൊണ്ടുവരിക.

“ഓർത്തുകൊള്ളുക. ഖുർആനിൽ അഞ്ഞൂറോളം കല്പനകളുണ്ട്. അവൻ അതിലൂടെ നിങ്ങളുടെ എല്ലാ അവയവങ്ങൾക്കും എല്ലാ ശക്തികൾക്കും, എല്ലാ സ്ഥാനമാനങ്ങൾക്കും എല്ലാ പ്രായങ്ങൾക്കും അനുയോജ്യമായ ഒരു തേജസ്സുള്ള ഒരു സദ്യ ഒരുക്കിയിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ഈ ക്ഷണത്തെ നന്ദിയോടെ സ്വീകരിക്കുക. നിങ്ങൾക്കായി തയ്യാറാക്കിയ ഭക്ഷണങ്ങളെ മുഴുവനും കഴിക്കുക. സർവ്വതിൽനിന്നും പ്രയോജനമടയുക. ഏതൊരാൾ ഇതിൽനിന്ന് ഒരു കല്പനയെ അവഗണിക്കുന്നുവോ അവൻ വിചാരണദിവസം പിടിക്കപ്പെടുന്നതാണ്. നിങ്ങൾ മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ 'ദീനുൽ അജായീസ്' (കിഴവികളുടെ ദീൻ) സ്വീകരിക്കുക. നിസ്സാരനായിക്കൊണ്ട് ഖുർആനിന്റെ നുകത്തെ കഴുത്തിലേറ്റുക. ദുഷ്ടൻ നാശമടയുന്നതാണ്. ദുർവാശിക്കാരൻ നരകത്തിൽ വീഴ്ത്തപ്പെടും. എന്നാൽ, എളിമയിൽ തലചായ്ക്കുന്നവൻ മരണത്തിൽനിന്ന് രക്ഷപ്പെടുന്നതാണ്. ദുൻയാവിലെ സന്തോഷങ്ങളുടെ നിബന്ധനവെച്ചുകൊണ്ട് അല്ലാഹുവിന് ഇബാദത്ത് ചെയ്യരുത്. അങ്ങനെയാണെങ്കിൽ അത് ഇബാദത്താകുകയില്ല. സ്രഷ്ടാവിന്റെ ഹഖ് മനസ്സിലാക്കിക്കൊണ്ട് അവന് ഇബാദത്ത് ചെയ്യുക. നിങ്ങളുടെ ജീവിതം തന്നെ ഇബാദത്താകേണ്ടതാണ്. നിങ്ങളുടെ സർവ്വ നന്മകളുടേയും ഉദ്ദേശ്യം അവൻ തൃപ്തിപ്പെടുകയെന്നതാകണം. ഇതല്ലാതെയുള്ള വിചാരങ്ങൾ നാശഹേതുവാണ്.” (ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3 പേജ് 546–548)

അല്ലാഹു നമുക്ക് ഈ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഓരോ ദിവസവും നമ്മൾ നന്മയിൽ മുന്നേറുന്നവരായിത്തീരട്ടെ. പാക്കിസ്താനിലെ അഹ്മദികളും പ്രത്യേകമായ നിലയിൽ ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ദുആകളിലേക്കും സ്വന്തം അവസ്ഥകളിലേക്കും ശ്രദ്ധിച്ചുകൊണ്ട് ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. അവിടെ ഏറ്റവുംകൂടുതൽ ബലാൽക്കാരങ്ങളാണ് അഹ്മദികളുടെമേൽ നടപ്പിൽ വരുത്തികൊണ്ടിരിക്കുന്നത്. ഓരോ ദിവസവും പുതിയ നിയമങ്ങളാണ് അവർക്കെതിരിൽ പാസാക്കിക്കൊണ്ടിരിക്കുന്നത്; ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. ശത്രുക്കളുടെ എല്ലാ പദ്ധതികളും പരാജയമടയുമാറാകട്ടെ.

ജൽസയ്ക്കുശേഷം ഈ സമയത്ത് ഖാദിയാനിലുള്ള പങ്കെടുത്ത എല്ലാവരേയും സൗഖ്യത്തോടുകൂടി അവരവരുടെ വീടുകളിൽ കൊണ്ടുപോകുമാറാകട്ടെ. ജൽസാദിനങ്ങളിലെ അനുഗ്രഹങ്ങളെ എപ്പോഴും തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നവരാകട്ടെ.

ഇതിനുശേഷം നമ്മൾ ദുആ ചെയ്യുന്നതാണ്. പക്ഷേ, ദുആയ്ക്കുമുമ്പേ അവിടത്തെ ഹാജർനിലയുടെ റിപ്പോർട്ട് നല്കുകയാണ്. അല്ലാഹുവിന്റെ കൃപയാൽ ഖാദിയാൻ ജൽസയിൽ 44 രാജ്യങ്ങളിൽനിന്ന് 20048 പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 6000 അധികമാണ്. ഇവിടത്തെ ഹാജർ നില 5300 ആണ്. അല്ലാഹു പങ്കെടുത്ത എല്ലാവരുടേയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ഇനി ദുആ ചെയ്യുക.

❖

# വാക്കു പാലനം

അബ്ദുല്ലാഹ് ബിൻ അബിൽ ഹംസാഅ് (റ) പറയുന്നു: 'ദൗത്യപ്രഖ്യാപനത്തിനു മുമ്പേ ഞാൻ നബി(സ)യുമായി ഒരു കച്ചവടം നടത്തിയിരുന്നു. കുറച്ചു പണം ബാക്കി കൊടുക്കാനുണ്ടായിരുന്നു. ആ പണം ഇന്ന സ്ഥലത്തു വന്നാൽ ഞാൻ തരാം എന്ന് നബി(സ)യോടു പറഞ്ഞു. പിന്നീട് ഞാൻ ചെയ്ത വാഗ്ദാനം മറന്നുപോയി. 3 ദിവസത്തിനു ശേഷമാണ് എനിക്കതു ഓർമ വന്നത്. ഞാൻ അവിടെ എത്തിയപ്പോൾ നബി(സ) യെ കണ്ടു. നബി(സ)പറഞ്ഞു, ഹേ ചെറുപ്പക്കാരാ! താങ്കൾ എന്നെ കഠിനമായ ദുരിതത്തിൽ അകപ്പെടുത്തി. ഞാൻ 3 ദിവസമായി താങ്കളെ ഇവിടെ കാത്തു നില്ക്കുന്നു.'

# മുഹമ്മദുനബി ﷺ തിരുമേനിയുടെ ബഹുഭാര്യത്വം; അതിന്റെ തത്ത്വം

**ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)**
**സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽനിന്ന്.**
**വിവ: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്**

ഹദ്റത്ത് ആയിശാ(റ)യുടെ വിവാഹത്തോടുകൂടിയാണ് നബി(സ)തിരുമേനിയുടെ ജീവിതത്തിൽ ബഹുഭാര്യത്വത്തിന് തുടക്കം കുറിക്കുന്നത്. അതുകൊണ്ട് ഈയവസരത്തിൽ അതിനെ സംബന്ധിച്ചുള്ള ഒരു ചെറിയ വിവരണം തരുന്നത് അനവസരമാകുകയില്ല. എന്നാൽ, ബഹുഭാര്യത്വത്തെകുറിച്ച് പറയുന്നതിനുമുമ്പേ ഇസ്ലാമിക ശരീഅത്തിൽ വിവാഹത്തിനു നിശ്ചയിച്ചിട്ടുള്ള ഉദ്ദേശ്യങ്ങളെക്കുറിച്ച് പറയുകയെന്നത് നിർബന്ധമാണെന്ന് മനസ്സിലാകുന്നു. എന്തുകൊണ്ടെന്നാൽ മൊത്തത്തിലുള്ള മറ്റു ഉദ്ദേശ്യങ്ങളെ നോക്കുമ്പോൾ ഈ ഉദ്ദേശ്യങ്ങളുടെ വിപുലമായ ഗുണങ്ങളിൽത്തന്നെ ബഹുഭാര്യത്വവും ഒരു പരിധിവരെ അവലംബമാകുന്നുണ്ട്. വിശുദ്ധഖുർആനിൽനിന്ന് നിക്കാഹിന്റെ ഉദ്ദേശ്യം നാലാണെന്ന് മനസ്സിലാകുന്നു. ഒന്ന്, മനുഷ്യന്റെ ചില ശാരീരികവും ധാർമികവും ആത്മീയവുമായ രോഗങ്ങളിൽനിന്നും അതിന്റെ തിക്തഫലങ്ങളിൽനിന്നുമുള്ള സംരക്ഷണം. ഈ അവസ്ഥയെ അറബിയിൽ ഇഹ്സ്വാൻ എന്നാണ് പറയുക. അതിന്റെ പദാർഥം കോട്ടക്കുള്ളിൽ സുരക്ഷിതനായി മാറുക എന്നാണ്. രണ്ട്, സന്താനലബ്ധി. മൂന്ന്, ജീവിതപങ്കാളിയെ കരസ്ഥമാക്കലും മനഃശാന്തി കൈവരിക്കലും. നാല്, സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ബന്ധത്തിന്റെ വിശാലത. വിശുദ്ധഖുർആൻ പറയുന്നു.

وَأُحِلَّ لَكُمْ مَّا وَرَاءَ ذٰلِكُمْ أَنْ تَبْتَغُوا بِأَمْوَالِكُمْ مُّحْصِنِينَ غَيْرَ مُسَافِحِينَ (4:25)

"അല്ലയോ മുസ്ലിംകളേ, മുകളിൽ വിവരിക്കപ്പെട്ട സ്ത്രീകളൊഴികെ ബാക്കിയെല്ലാ സ്ത്രീകളും നിങ്ങൾക്കു അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. മഹ്ർ നിശ്ചയിച്ചുകൊണ്ട് അവരെ വിവാഹം കഴിക്കുക. പക്ഷേ, ലൈംഗികതയിൽ സുഖാഢംബരമായി ജീവിക്കണമെന്നതായിരിക്കരുത് നിങ്ങളുടെ ലക്ഷ്യം; മറിച്ച്, നിങ്ങൾ രോഗത്തിൽനിന്നും തിന്മയിൽനിന്നും സംരക്ഷിക്കപ്പെടണമെന്നതായിരിക്കണം.

ഈ ആയത്തിൽ ഇഹ്സ്വാന്റെ(ചാരിത്രശുദ്ധി) ഉദ്ദേശ്യത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. അതായത് അവിവാഹിതനായതിന്റെ ഫലമായി ഉണ്ടാകുന്ന ചില ശാരീരിക രോഗങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. രണ്ട്, ചില ആത്മീയവും ധാർമികവുമായ രോഗത്തിൽനിന്ന് സംരക്ഷിക്കപ്പെടുന്നു. പക്ഷേ, അവിശുദ്ധ ധാരണയിലും അവിശുദ്ധബന്ധത്തിലും ഉൾപ്പെടരുത്. ഇതേ ഉദ്ദേശ്യലക്ഷ്യം മറ്റൊരു ആയത്തിൽ ഇപ്രകാരം പറയുന്നു.

هُنَّ لِبَاسٌ لَّكُمْ وَأَنْتُمْ لِبَاسٌ لَّهُنَّ (2:188)

"അല്ലയോ മുസ്ലിംകളേ ഓർത്തുകൊള്ളുക. നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്ക് വസ്ത്രമാണ്. നിങ്ങൾ നിങ്ങളുടെ സ്ത്രീകളുടെ വസ്ത്രമാണ്."

അതായത് നിങ്ങളെ അന്യോന്യം തിന്മകളിൽനിന്നും രോഗങ്ങളിൽനിന്നും സുരക്ഷിതമാക്കുന്ന മാർഗങ്ങളാണിത്; വസ്ത്രം ഉഷ്ണത്തിന്റേയും ശൈത്യത്തിന്റേയും ബുദ്ധിമുട്ടുകളിൽനിന്ന് മനുഷ്യന് രക്ഷപ്പെടാനുള്ള മാർഗമാണെന്നതുപോലെ. ഈ ആയത്തിൽ സ്ത്രീകളേയും ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ വിവരണരീതി വളരെയധികം മൃദുലമാക്കിയിരുന്നു. ഏതുപോലെ വസ്ത്രം, മറക്കാനുള്ള മാർഗമായിത്തീരുന്നുവോ അതുപോലെ സ്ത്രീകളും പുരുഷന്മാരും അന്യോന്യം മറക്കാനും പൊറുക്കാനുമുള്ള മാർഗമാണ്.

വീണ്ടും പറയുന്നു.

نِسَاؤُكُمْ حَرْثٌ لَّكُمْ فَأْتُوا حَرْثَكُمْ أَنّٰى شِئْتُمْ وَقَدِّمُوا لِأَنْفُسِكُمْ (2:224)

"അല്ലയോ മുസ്ലിംകളേ! നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാണ്. അതിലൂടെ നിങ്ങളുടെ ഭാവിസന്താനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ നിങ്ങളുടെ കൃഷിയിടങ്ങളിൽ വന്നുകൊള്ളുക."

ഈ ആയത്തിൽ സന്താനലബ്ധിയുടെ ഉദ്ദേശ്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതായത് സന്താനപരമ്പര നിലനിറുത്തുകയും അതിനോടൊപ്പം തങ്ങളുടെ ഭാവിസന്താനങ്ങൾ മോശമാവാതെ ഗുണപ്രദമായ രീതിയിലായിത്തീരുന്ന സമീപനമാണ് തങ്ങളുടെ ഭാര്യമാരുമായി വെച്ചുപുലർത്തേണ്ടതെന്ന കാര്യവും അല്ലാഹു ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നു. വീണ്ടും പറയുന്നു.

خَلَقَ لَكُمْ مِّنْ أَنْفُسِكُمْ أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَّوَدَّةً وَّرَحْمَةً (30:22)

"അല്ലാഹു നിങ്ങളുടെ വർഗത്തിൽനിന്ന് നിങ്ങൾക്കുവേണ്ടി ഭാര്യമാരെ സൃഷ്ടിച്ചു; നിങ്ങൾ അവരുമായി ബന്ധപ്പെട്ടുകൊണ്ട് മനസ്സമാധാനം കരസ്ഥമാക്കാൻ വേണ്ടി. പിന്നീട് അല്ലാഹു നിങ്ങളുടെ ഈ ബന്ധത്തെ നിങ്ങളുടെ ഇടയിൽ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും മാർഗമാക്കുകയും ചെയ്തു."

ഈ ആയത്തിൽ നിക്കാഹിന്റെ മൂന്നാമത്തേയും നാലാമത്തേയും ഉദ്ദേശ്യം പറഞ്ഞുതന്നിരിക്കുന്നു. അതായത് ഭർത്താവിന് ഭാര്യയിലും ഭാര്യയ്ക്ക് ഭർത്താവിലും ജീവിതപങ്കാളിത്വം കരസ്ഥമാക്കുകയും രണ്ടുപേരും അന്യോന്യമുള്ള ബന്ധത്തിൽ മനസ്സമാധാനം കരസ്ഥമാക്കുകയും വേണം. മറ്റൊരു കാര്യം, നിക്കാഹ് മുഖേന ഭർത്താവിന്റേയും ഭാര്യയുടേയും ബന്ധുമിത്രാദികൾക്കിടയിൽ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ബന്ധം നിലനിൽക്കുകയും സന്താനബന്ധത്തിന് പുറമെ കുടുംബപരമായ ബന്ധവും പല കുടുംബങ്ങളുടേയും സമൂഹങ്ങളുടേയും ഇടയിൽ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ചങ്ങല കോർത്തിണക്കാനുമുള്ള അവസരവും ലഭിക്കുന്നു എന്നതുമാണ്.

ചുരുക്കത്തിൽ ഇസ്ലാമിക ശരീഅത്തിൽ നിക്കാഹിന്റെ 4 ഉദ്ദേശ്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. 1. 'ഇഹ്സ്വാൻ' അതായത് ചില ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്നും അതിന്റെ തിക്തഫലങ്ങളിൽനിന്നും സുരക്ഷിതരാകുക. 2. സന്താനലബ്ധി 3. മനഃശാന്തി 4. വിവിധ കുടുംബങ്ങളും സമൂഹങ്ങളും തമ്മിൽ അന്യോന്യം സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ബന്ധം സ്ഥാപിക്കുക. ഇതിനെകുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഈയെല്ലാം ഉദ്ദേശ്യങ്ങളും തികച്ചും അനുവദനീയവും അനുയോജ്യവുമാണെന്ന് മാത്രമല്ല അങ്ങേയറ്റത്തെ പരിശുദ്ധിക്കും മനുഷ്യപ്രകൃതിക്കും മനുഷ്യന്റെ ആവശ്യകതക്കനുസരിച്ചുമാണെന്ന് കാണാം. ഇവയിൽ ഭാര്യാ-ഭർത്തൃബന്ധം ഒരു ഉത്തമ അടിസ്ഥാനത്തിൽ നിലനിറുത്തുകയും ഇതുമുഖേന ഉന്നതമായ ഫലവും കരസ്ഥമാക്കാനുള്ള അവസ്ഥയും രൂപപ്പെടുത്തുകയും ചെയ്തു. ഈ ഉദ്ദേശ്യങ്ങൾക്കെതിരിൽ ഏതൊരു ഉദ്ദേശ്യത്തെയാണോ വിശുദ്ധഖുർആൻ പേരെടുത്തുകൊണ്ട് അനുവദനീയമല്ലെന്ന് പറഞ്ഞ് മുസ്ലിംകളെ അതിൽനിന്ന് വിലക്കിയിട്ടുള്ള അത് ആഢംബരത്തിന്റേയും കാമവികാരത്തിന്റേയും ഉദ്ദേശ്യമാണ്.

ഇനി ബഹുഭാര്യത്വത്തെ അംഗീകരിച്ചുകൊണ്ട് ഇസ്ലാം മുന്നിൽ വെച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെ വിവരിക്കാം. ഇസ്ലാമിക ശരീഅത്ത് പഠിക്കുമ്പോൾ ഈ ഉദ്ദേശ്യം രണ്ട് വിധത്തിലാണെന്ന് മനസ്സിലാകും. (1) നിക്കാഹിൽ ഇസ്ലാം പൊതുവെ മുന്നിൽ വെച്ചിട്ടുള്ള ഉദ്ദേശ്യം. അത് മുകളിൽ വിവരിച്ചുകഴിഞ്ഞു 2. ബഹുഭാര്യത്വവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രത്യേകമായ ഉദ്ദേശ്യങ്ങൾ. മുമ്പേ പറഞ്ഞ ഉദ്ദേശ്യത്തെ ബഹുഭാര്യത്വത്തിൽപ്പെടുത്താനുള്ള കാരണം, ചിലപ്പോൾ ഒരു ഭാര്യയിൽനിന്ന് നിക്കാഹിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാൻ സാധിക്കാതംവരും. അതുകൊണ്ടുതന്നെ ഈ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരു ഭാര്യയുടെ ആവശ്യം നേരിടും. ഉദാഹരണത്തിന് നിക്കാഹ്കൊണ്ട് ഇഹ്സ്വാനത്ത്(ചാരിത്രശുദ്ധി)അതായത് അതുമുഖേന മനുഷ്യന് ചില രോഗങ്ങളിൽനിന്നും തിന്മകളിൽനിന്നും തിന്മ പ്രവർത്തിക്കുന്നതിൽനിന്നും രക്ഷപ്പെടാം. എന്നാൽ, ഒരു ഭാര്യ മാത്രമുള്ള പുരുഷൻ തന്റെ ഭാര്യയ്ക്ക് ആർത്തവമോ ഗർഭാവസ്ഥയിലോ, മുലയൂട്ടുന്ന അവസ്ഥയിലോ പലവിധ രോഗാവസ്ഥയിലോ ആവാം. അപ്പോൾ തങ്ങളുടെ ഭയഭക്തിയും ചാരിത്രവും നിലനിറുത്താൻ സാധിക്കുകയില്ല. ആ വ്യക്തി അസാധാരണമായ ശ്രമത്തോടുകൂടിത്തന്നെ തിന്മ പ്രവർത്തിക്കുന്നതിൽ തടഞ്ഞുനിറത്തുകയാണെങ്കിലും ചുരുങ്ങിയപക്ഷം അവന്റെ വികാരത്തിൽ അവിശുദ്ധമായ ഘടകങ്ങൾ ഉയർന്നുവന്നേക്കാം. അല്ലെങ്കിൽ ഈ വിധത്തിൽ തടഞ്ഞുനിറുത്തുന്നത് കാരണമായി അവന് എന്തെങ്കിലും ശാരീരികമായ രോഗത്തിൽ അകപ്പെട്ടേക്കാമെന്ന ഭയമുണ്ടെങ്കിൽ, അത്തരം വ്യക്തിയുടെ യഥാർഥ ചികിത്സ ബഹുഭാര്യത്വമെന്നൊന്നല്ലാതെ മറ്റൊന്നുമില്ല. അതായത് ഒരു നിക്കാഹിന് പ്രേരണയായ അതേ അവസ്ഥ അവന് രണ്ടാമത്തെ നിക്കാഹിന് പ്രേരണയാകുന്നു. ഇപ്രകാരംതന്നെ നിക്കാഹിന്റെ രണ്ടാമത്തെ ഉദ്ദേശ്യം സന്താനലബ്ധിയാണല്ലോ. എന്നാൽ, ആർക്കെങ്കിലും ഒരു ഭാര്യയിൽ മക്കളുണ്ടാവുന്നില്ലെങ്കിൽ ഇതേ ഉദ്ദേശ്യംതന്നെ രണ്ടാമത്തെ നിക്കാഹിന് അടിസ്ഥാനമായിത്തീരുന്നു. ഇതേപോലെ നിക്കാഹിന്റെ മറ്റൊരു ഉദ്ദേശ്യം ജീവിതപങ്കാളിയും മനഃസമാധാനവുമാണല്ലോ. എന്നാൽ, ഒരാളുടെ ഭാര്യ നിത്യരോഗിയാണെങ്കിൽ അത്തരം സന്ദർഭത്തിൽ തന്റെ മനഃസമാധാനത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതിനുവേണ്ടി രണ്ടാം ഭാര്യയുടെ ആവശ്യം നേരിടും. ഇതുപോലെ നിക്കാഹിന്റെ ഒരു ഉദ്ദേശ്യം വിവിധ കുടുംബങ്ങളെ കൂട്ടി യോജിപ്പിക്കുകയും അന്യോന്യം സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും സന്ദർഭങ്ങൾ ഉണ്ടാക്കുകയുമാണ്. എന്നാൽ, ഒരാൾ തുടക്കത്തിൽ സ്നേഹബന്ധം നിലനിറുത്തേണ്ട ആവശ്യമുള്ള കുടുംബത്തിൽ വിവാ

ഹം കഴിക്കുകയും പക്ഷേ, പിന്നീട് കുടുംബപരമായോ സമൂഹപരമായോ രാഷ്ട്രപരമായോ രാഷ്ട്രീയപരമായോ ദീനീപരമായോ ആ ബന്ധം നിലനിറുത്തേണ്ടത് നിർബന്ധമാവുകയും ചെയ്യുകയാണെങ്കിൽ ഈ അവസ്ഥയിൽ അയാ ൾക്ക് ബഹുഭാര്യത്വം പ്രാവർത്തികമാക്കേണ്ടത് നിർബന്ധമായിതീരുന്നു. ചുരുക്കത്തിൽ ഇസ്‌ലാം നിക്കാഹ് സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഉദ്ദേശ്യങ്ങൾ, ആ ഉദ്ദേശ്യങ്ങൾ പ്രത്യേകമായ അവസ്ഥയിൽ ബഹുഭാര്യത്വത്തിന്റെ അടിസ്ഥാനമായി മാറുന്നു. മുകളിൽ കൊടുത്തിട്ടുള്ള പരിതഃസ്ഥിതികൾ ഉദാഹരണമെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ മറ്റ് പരിതഃസ്ഥിതികളും ഉണ്ടായേക്കാം. അതായത് നിക്കാഹിന്റെ ഉദ്ദേശ്യം ഒരു ഭാര്യയിൽനിന്ന് പരിപൂർണമായ നിലയിൽ കരസ്ഥമാക്കാൻ സാധിച്ചെന്നുവരില്ല. അപ്പോൾ രണ്ടാം ഭാര്യയുടെ ആവശ്യം നേരിടുന്നു. ഈ ഉദ്ദേശ്യങ്ങൾക്കു പുറമെ ഇസ്‌ലാം ബഹുഭാര്യത്വത്തിന് ചില പ്രത്യേക കാരണങ്ങളും പറഞ്ഞിരിക്കുന്നു. അവ മൂന്ന് വിധത്തിലാണ്. 1. അനാഥ സംരക്ഷണം 2. വിധവകളുടെ സംരക്ഷണം 3. സന്താനാധിക്യം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

وَاِنۡ خِفۡتُمۡ اَلَّا تُقۡسِطُوۡا فِى الۡيَتٰمٰى فَانْكِحُوۡا مَا طَابَ
لَـكُمۡ مِّنَ النِّسَآءِ مَثۡنٰى وَثُلٰثَ وَرُبٰعَ‌ ۚ فَاِنۡ خِفۡتُمۡ اَلَّا
تَعۡدِلُوۡا فَوَاحِدَةً (4:4)

അല്ലയോ മുസ്‌ലിംകളേ! (നിങ്ങൾക്ക് നേരിടേണ്ടിവരുന്ന യുദ്ധത്തിൽ തീർച്ചയായും അനാഥരുടെ ആധിക്യം ഉണ്ടാകും. നിങ്ങൾക്ക് ഈ അനാഥരെ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുഭാര്യത്വത്തിന്റെ ആവശ്യം നേരിടുന്നതാണ്. അതുകൊണ്ട് ഒരു ഭാര്യയെ മാത്രം വെച്ചുകൊണ്ട്) അനാഥരുടെ സംരക്ഷണകാര്യത്തിലും അവരുടെ അവകാശങ്ങൾ നൽകുന്നതിലും നിങ്ങൾക്ക് നീതി പാലിക്കാൻ സാധിക്കുകയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന മറ്റ് സ്ത്രീകളിൽനിന്ന് രണ്ട് വീതമോ മൂന്ന് വീതമോ നാലു വീതമോ നിങ്ങൾ വിവാഹം കഴിക്കുക. (ഇതിലധികം പാടില്ല. കാരണം ഈ പരിധി നിങ്ങളുടെ താൽക്കാലിക ആവശ്യത്തിനു മതിയായതാണ്. നിങ്ങളുടെ സാമ്പത്തിക ബലഹീനതയോ ശാരീരിക ബലഹീനതയോ കാരണമായി) നിങ്ങൾ ഒന്നിൽ കൂടുതൽ സ്ത്രീകളെ വിവാഹം കഴിച്ച് അവരോട് നീതി പുലർത്താൻ സാധിക്കുന്നില്ലെങ്കിൽ നിർബന്ധമായും നിങ്ങൾ ഒരു സ്ത്രീയെ മാത്രമേ വിവാഹം കഴിക്കാൻ പാടുള്ളൂ.

ഈ ആയത്തിൽ ബഹുഭാര്യത്വത്തിന്റെ കല്പനയെ അനാഥരോടൊപ്പം ചേർത്ത് പറഞ്ഞുകൊണ്ട് യഥാർഥത്തിൽ അനാഥരുടെ ആധിക്യവും ബഹുഭാര്യത്വത്തിന്റെ കാരണങ്ങളിൽ ഒരു വലിയ കാരണമാണെന്ന് പറഞ്ഞിരിക്കുന്നു. അനാഥരുടെ ആധിക്യം ഒരു ഭാഗത്തും വിധവകളുടെ ആധിക്യം മറുഭാഗത്തുമുണ്ടാകും. ഭാവിയിൽ സന്താനങ്ങളുടെ കുറവ് ഉണ്ടായേക്കാമെന്ന് ഭയവുമുണ്ടാകുന്നു. ഈ മൂന്നവസ്ഥകളും യുദ്ധത്തിന്റെ നിർബന്ധ പരിണാമമാണ്. ചുരുക്കത്തിൽ അല്ലാഹു ഈ ആയത്തിൽ വളരെ മൃദുലമായ നിലയിൽ ബഹുഭാര്യത്വത്തിന്റെ എല്ലാ ഉദ്ദേശ്യങ്ങളേയും ഒരുമിച്ചുകൂട്ടിയിരിക്കുന്നു. അതായത് അനാഥ സംരക്ഷണം, വിധവകളെ സംരക്ഷിക്കൽ, സന്താനകുറവിനുള്ള പ്രതിവിധി. പിന്നെ കൂടുതൽ വിശദീകരണത്തിനുവേണ്ടി ഇവയെ പ്രത്യേകം പ്രത്യേകം പറഞ്ഞിട്ടുമുണ്ട്. അല്ലാഹു പറയുന്നു.

(24:23) وَاَنۡكِحُوا الۡاَيَامٰى مِنۡكُمۡ

അല്ലയോ മുസ്‌ലിംകളേ! (നാം നിങ്ങൾക്കുവേണ്ടി ബഹുഭാര്യത്വത്തിന്റെ പ്രതിവിധി പറഞ്ഞുതന്നിരിക്കുന്നു.) അതുകൊണ്ട് നിങ്ങൾ പരമാവധി വിവാഹം കഴിക്കാത്ത സ്ത്രീകൾ- അവർ കന്യകയായാലും ശരി, വിധവയായാലും ശരി വിവാഹം കഴിക്കാതെ നിൽക്കരുത്.

ഈ ആയത്തിൽ വിവാഹം കഴിക്കാത്ത സ്ത്രീകളെ പ്രത്യേകിച്ച് വിധവകളെ വിവാഹം കഴിക്കുന്നതിലേക്ക് ശ്രദ്ധ നൽകിയിരിക്കുന്നു.

ഹദീഥിൽ വന്നിരിക്കുന്നു.

عَنْ مَعْقَلِ بْنِ يَسَارٍ قَالَ قَالَ
رَسُوْلُ اللهِ صلى الله عليه وسلم
تَزَوَّجُوا الْوَدُوْدَ الْوَلُوْدَ فَاِنِّىْ مُكَاثِرٌ
بِكُمُ الْاُمَمَ-

(അബൂദാവൂദ്, വ നിസാഇ ഉദ്ധരണം മിശ്ക്കാത്ത് കിതാബു ന്നിക്കാഹ്)

മഅ്ഖലിബ്നി യസാറിൻ(റ) നിവേദനം. നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളോട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ കൂടുതൽ സ്നേഹിക്കുകയും കൂടുതൽ കുട്ടികളെ തരികയും ചെയ്യുന്ന സ്ത്രീകളെ വിവാഹം കഴിക്കുക. നിങ്ങളുടെ അംഗസംഖ്യ വർധിക്കാൻ; ഞാൻ ഖിയാമത്തുന്നാളിൽ എന്റെ സമുദായത്തിന്റെ ആധിക്യംകൊണ്ട് അഭിമാനംകൊള്ളുവാനും."

ഈ ഹദീഥ് സന്താനാധിക്യം എന്ന ഉദ്ദേശ്യത്തിലേക്ക് സൂചന നൽകുന്നു. ഇപ്രകാരം ഇസ്‌ലാം ബഹുഭാര്യത്വത്തെക്കുറിച്ച് 7 ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞിരിക്കുന്നു. അതായത് ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്ന് സുരക്ഷിതത്വം, സന്താനലബ്ധി, മനഃശാന്തി, സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ബന്ധത്തിന്റെ വിശാലത, അനാഥ സംരക്ഷണം, വിധവാ സംരക്ഷണം, സന്താനപുരോഗതി; ഈ ഉദ്ദേശ്യങ്ങളെങ്ങനെ കരസ്ഥമാക്കാൻ സാധിക്കും എന്നതാണ് പ്രശ്നം. ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ കരസ്ഥമാക്കാൻ ഏതടിസ്ഥാനത്തിലാണ് ഭാര്യയെ തിരഞ്ഞെടുക്കേണ്ടത്. ഇതിനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു:

تُنْكَحُ الْمَرْاَةُ لِاَرْبَعٍ لِمَالِهَا
وَلِحَسَبِهَا وَلِجَمَالِهَا وَلِدِيْنِهَا فَاظْفِرْ
بِذَاتِ الدِّيْنِ تَرِبَتْ يَدَاكَ-

നിങ്ങളിൽ സ്ത്രീകളെ തിരഞ്ഞെടുക്കുന്നത് 4 വിധത്തിലുള്ള ചിന്താഗതികളുടെ അടിസ്ഥാനത്തിലാണ്. ചിലർ സ്ത്രീയുടെ സാമ്പത്തിക നിലവെച്ചുകൊണ്ട് ഭാര്യയെ തിരഞ്ഞെടുക്കുന്നു. ചിലർ കുടുംബമഹിമയെ മുൻനിറുത്തി ഭാര്യയെ തിരഞ്ഞെടുക്കുന്നു. ചിലർ സൗന്ദര്യത്തെ നോക്കുന്നു. ചിലർ സ്ത്രീയുടെ ധാർമികവും മതപരവുമായ അവസ്ഥയെ മുൻനിറുത്തുന്നു.എന്നാൽ, അല്ലയോ മുസ്‌ലിംകളേ, നിങ്ങൾ മതപരമായ കാര്യത്തിന് മുൻഗണന നൽകുക. ഇതാണ് നിങ്ങളുടെ വിജയത്തിന്റെ മാർഗം. ആത്മീയവും ഭൗതികവുമായ ന്യൂനതയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗവും.

ഈ ഹദീഥിൽ നിക്കാഹിന്റെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി ഭാര്യയെ തിരഞ്ഞെടുക്കുന്നതിനുള്ള അടിസ്ഥാനകാര്യം പറഞ്ഞിരിക്കുന്നു. അതിപ്രകാരമാണ്. മതപരമായ കാര്യങ്ങൾക്ക് മുൻഗണന നൽകുക. ദീൻ കൊണ്ട് കേവലം സ്ത്രീയുടെ വ്യക്തിപരമായ മതപരമോ ധാർമികമോ ആയ അവസ്ഥയല്ല ഉദ്ദേശ്യം. ദീൻ എന്ന പദം ഭാഷയിൽ വെറും മതമെന്നോ വിശ്വാസമെന്നോ അർഥത്തിൽ വരികയുമില്ല. എന്നല്ല അറബിയിലെ പ്രസിദ്ധ നിഘണ്ടു അഖ്‌റബുൽമവാരിദിൽ ദീൻ എന്ന പദം അറബിഭാഷയിൽ താഴെകൊടുക്കുന്ന അർഥം വെളിവാക്കുന്നതിന് ഉപയോഗിക്കുന്നു. 1. ധാർമികം 2. ആത്മീയപരിശുദ്ധി 3. മതം 4. സമൂഹം 5. രാഷ്ട്രീയം. ചുരുക്കത്തിൽ നബി(സ)തിരുമേനി സ്ത്രീകളെ തിരഞ്ഞെടുക്കുമ്പോൾ ദീനിയായ കാര്യത്തിന് മുൻതൂക്കം കൊടുക്കണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം സ്ത്രീകൾ സ്വന്തമായ നിലയിൽ ധാർമികതയിലും തഖ്‌വയിലും മതപരമായ വിശ്വാസത്തിലും നല്ലതാവേണ്ടതാകുന്നു എന്നാണ്. അങ്ങനെ ഭാര്യ-ഭർതൃബന്ധം നല്ലതായിതീരാൻവേണ്ടി അതോടൊപ്പംതന്നെ മതപരവും സമൂഹപരവും രാഷ്ട്രീയപരവുമായി ബന്ധമുള്ള പൊതുവായ ദീനീകാര്യങ്ങൾ സന്ദർഭത്തിനനുസരിച്ച് മുന്നിൽവെക്കേണ്ടതാണ്. നിഘണ്ടുവിലുള്ള ഈ എല്ലാ അർഥങ്ങളും ശരിയാണെങ്കിലും ഇത് ഒരേസമയത്ത് ഇത്രയും അർഥം ഉദ്ദേശിക്കുന്നുവെന്ന് എങ്ങനെ അംഗീകരിക്കാൻ സാധിക്കുമെന്ന് ആരെങ്കിലും സംശയിച്ചാൽ അതിനുള്ള മറുപടി നബി(സ)തിരുമേനി ഒരു നിയമം നടപ്പിലാക്കുന്ന പ്രവാചകനായിരുന്നു. അദ്ദേഹത്തിന്റെ വചനം നിയമപരമായ വചനമായിരുന്നു. അത് എപ്പോഴും വിശാലമായ അർഥവും വിശാലമായ ആശയവും അടങ്ങിയതായിരുന്നു. ഓരോ പദവും പല വശങ്ങളും വിശദീകരിക്കുന്നു. ഈ വെളിച്ചത്തിലൂടെയായിരിക്കണം നബി(സ)തിരുമേനിയുടെ വചനങ്ങൾക്ക് അർഥം നല്കേണ്ടത്. ചുരുക്കത്തിൽ ഭാഷാപരമായ നിലയിൽ ഈ അർഥങ്ങളൊക്കെ ശരിയാണെങ്കിൽ ആർക്കുംതന്നെ ആക്ഷേപിക്കാനുള്ള അവകാശമില്ല.

ചുരുക്കത്തിൽ ഇസ്‌ലാം നിക്കാഹിന്റെ ഉദ്ദേശ്യം മാറ്റിയാലും ബഹുഭാര്യത്വത്തിന്റെ ഉദ്ദേശ്യമായി 7 കാര്യങ്ങളും വിവരിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യങ്ങളെ ഉന്നതമായ നിലയിൽ കരസ്ഥമാക്കാൻ വേണ്ടി, സ്ത്രീകളുടെ സ്വന്തം സവിശേഷതക്ക് പുറമെ മതത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും നന്മകൾക്കും മുൻഗണന നൽകേണ്ടതാണ്. നിക്കാഹിന്റെ കാര്യത്തിൽ മറ്റുള്ള സവിശേഷതകളും നോക്കാൻ പാടുള്ളതല്ല എന്ന് ഉദ്ദേശ്യമില്ല. കാരണം നബി(സ)തിരുമേനി തന്നെ സ്ത്രീകളുടെ മറ്റുള്ള ഗുണങ്ങളും മുന്നിൽവെക്കാൻ അനുവാദം നൽകിയതായി മറ്റുള്ള ഹദീഥുകളിൽനിന്ന് മനസ്സിലാക്കാം. എന്നുമാത്രമല്ല മറ്റുള്ള കാര്യങ്ങളും നോക്കേണ്ടതാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. പർദയുടെ കല്പനയുണ്ടായിട്ടും വിവാഹം കഴിക്കാൻ പോകുന്ന പുരുഷൻ നിക്കാഹിന് മുമ്പേ സ്ത്രീയെ കാണേണ്ടതാണെന്ന് പറയുകയുണ്ടായി. പിന്നീട് സ്ത്രീയുടെ ഭംഗി ഇഷ്ടപ്പെടാത്ത കാരണത്താൽ അവനിൽ ഒരു വിധത്തിലുള്ള വിഷമവും ഉണ്ടാകാൻ പാടില്ല. അതുപോലെ ഒരു പരിധിവരെ സാമ്പത്തികനില നോക്കാനും നബി(സ)തിരുമേനി പറയുകയുണ്ടായി. അതുപോലെ പ്രായവും കൾചറും യോജിച്ചതാണോയെന്ന് നോക്കാനും പറയുകയുണ്ടായി. ഇതേ തത്ത്വം മറ്റുള്ള അവസ്ഥയിലും ബാധകമാണ്. എന്നാൽ, ഇസ്‌ലാം നിർദ്ദേശിക്കുന്നത് ഈ കാര്യങ്ങളെ മതപരമായ വശത്തിനെതിരായി മുൻഗണന നൽകരുതെന്നാണ്. കാരണം മതപരമായ സവിശേഷത ഇല്ലെങ്കിൽ മറ്റുള്ള ഗുണങ്ങൾ യഥാർഥവും സ്ഥായിയായ സന്തോഷത്തിന്റെ അടിത്തറ ഉണ്ടാക്കാൻ സാധിക്കുന്നതുമാവുകയില്ല. എന്നുമാത്രമല്ല ചില ഘട്ടങ്ങളിൽ നാശത്തിനും നഷ്ടത്തിനും കാരണമായി മാറുന്നു.

ഒരു ഭാഗത്ത് ബഹുഭാര്യത്വത്തിന്റെ ഉദ്ദേശ്യവും മറുഭാഗത്ത് ഭാര്യയെ തിരഞ്ഞെടുക്കുമ്പോൾ ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ഗുണത്തേയും മുൻനിറുത്തുകയാണെങ്കിൽ, അല്ലാഹു നബി(സ)തിരുമേനി മുഖേന ലോകത്ത് നടപ്പിലാക്കിയ വ്യവസ്ഥിതി അങ്ങേയറ്റം അനുഗൃഹീതമായ വ്യവസ്ഥിതിയാണെന്ന് ബുദ്ധിമാന്മാർക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതിൽ മനുഷ്യകുലത്തിന് ഗുണപ്രദമായ കാര്യമാണ് മുന്നിൽവെച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. യഥാർഥത്തിൽ ബഹുഭാര്യത്വത്തിന്നെതിരിൽ അഭിപ്രായം പറയുന്നവർ, തങ്ങളുടെ ദൃഷ്ടിയെ വളരെ കുടുസ്സായ രീതിയിൽ വെച്ചിരിക്കുകയാണ്. ഭാര്യയുടെയും ഭർത്താവിന്റെയും വികാരപരമായ ബന്ധത്തിനു പുറമെ മറ്റൊരു കാര്യത്തിലേക്ക്

(ശേഷം പേജ് 21ൽ)

# നബി ﷺ തിരുമേനിയുടെ ജീവചരിത്രം; മക്ക വിജയത്തിന്റെ മഹത്തായ സംഭവങ്ങളുടെ വെളിച്ചത്തിൽ

**(സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ 'നബിയോം കാ സർദാർ' എന്ന ഗ്രന്ഥത്തിലെ ഹൃദ്യവും വിശ്വാസത്തിന് കരുത്ത് പകരുന്നതുമായ ഒരു അധ്യായം– മർഹൂം എൻ.അബ്ദുർറഹീം സാഹിബിന്റെ തർജമയിൽനിന്ന്)**

ഹിജ്റ 8–ാം വർഷം റമദാൻ മാസത്തിൽ (എ.ഡി.629 ഡിസംബർ) നിർണ്ണായകമായ ആ സമരയാത്രയ്ക്ക് മുഹമ്മദ് നബി(സ)തിരുമേനി പുറപ്പെട്ടു. ഇതോടു കൂടിയാണ് അറേബ്യയിൽ ഇസ്‌ലാം മതം എന്നെന്നേയ്ക്കുമായി നിലയുറച്ചത്.

അറബ് ഗോത്രങ്ങൾ അവിശ്വാസികളോടൊപ്പമോ തിരുനബി(സ)യോടൊപ്പമോ ചേരാൻ യഥേഷ്ടം അനുവദിക്കപ്പെടണമെന്നു മുസ്‌ലിംകളും അവിശ്വാസികളും തമ്മിൽ ഹുദൈബിയായിൽ വെച്ചു ഉടമ്പടി ചെയ്തിരുന്നു. ഉഭയസമ്മതം ലംഘിച്ചു ഒരു കൂട്ടർ മറ്റെ കൂട്ടരെ ആക്രമിക്കാത്തിടത്തോളം ഇരുകൂട്ടരും അന്യോന്യം പത്തു കൊല്ലംവരെ യുദ്ധം ചെയ്യുകയില്ലെന്നും കരാർ ചെയ്യപ്പെട്ടിരുന്നു. കരാറനുസരിച്ചു 'ഖുസാഅ്' ഗോത്രക്കാർ മുസ്‌ലിംകളുമായി സഖ്യം ചെയ്തപ്പോൾ ബനൂബക്കർ ഗോത്രം മക്കക്കാരുടെ ഭാഗം ചേർന്നു. അവിശ്വാസികളായ അറബികൾ കരാറുകളെ മാനിച്ചിരുന്നില്ല; പ്രത്യേകിച്ചും മുസ്‌ലിംകളുമായുള്ള കരാറുകളെ. ബനൂബക്കറും ഖുസായും തമ്മിൽ പ്രത്യക്ഷമായ ചില തർക്കങ്ങളുണ്ടായിരുന്നു. ഖുസാഅ് പൂർത്തിയാക്കേണ്ടിയിരുന്ന ചില ബാധ്യതകൾ തീർത്തു കിട്ടേണ്ട കാര്യത്തെ പറ്റി ബനൂബക്കർ മക്കക്കാരുമായി കൂടിയാലോചന നടത്തി. തങ്ങൾ ഹുദൈബിയാ കരാറിലേർപ്പെട്ടിരിക്കുകയാണെന്നു മക്കക്കാർ പറഞ്ഞു. തിരുനബിയുമായുള്ള സഖ്യത്തിന്റെ തണലിൽ ഖുസാഅ് രക്ഷ പ്രാപിച്ചിരിക്കുകയാണെന്നും ഖുസായെ ആക്രമിക്കാൻ പറ്റിയ തക്കം ഇതാണെന്നും ബനൂബക്കർ ഉണർത്തിച്ചപ്പോൾ മക്കക്കാർ അതിനു സമ്മതിച്ചു. അതനുസരിച്ച് മക്കക്കാരും ബനൂബക്കറും യോജിച്ചുകൊണ്ട് ഖുസായുടെ നേരെ ഒരു രാത്രി ഒരു മിന്നലാക്രമണം നടത്തുകയും ഖുസാഗോത്രത്തിൽപെട്ട അനേകം ആളുകളെ കൊന്നൊടുക്കുകയും ചെയ്തു. ഈ കരാറു ലംഘനത്തെകുറിച്ച് അറിവു നൽകാൻ ജാംഘലികാരൂഢരായ 40 പേരടങ്ങിയ ഒരു നിവേദക സംഘത്തെ ഖുസാഅ് നബി തിരുമേനി(സ)യുടെ അടുക്കൽ മദീനയിലേക്ക് അയച്ചു. ഈ നഗ്നമായ ആക്രമണത്തിന് പകരം വീട്ടാൻ മുസ്‌ലിം സൈന്യം മക്കയിലേക്ക് മാർച്ച് ചെയ്യണമെന്നതായിരുന്നു അവരുടെ ആവശ്യം. നിവേദകസംഘം തിരുനബിയെ രണ്ടു സംഗതികൾ ഉണർത്തിച്ചു. ഖുസായുടെ ദുർവിപാകത്തിൽ താനും പങ്കാളിയാണെന്ന് തിരുനബി(സ) നിവേദകസംഘത്തോടു അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിച്ചു. ആകാശമണ്ഡലത്തിൽ ഉയർന്നു നീങ്ങുന്ന പയോധരത്തെ ചൂണ്ടികാട്ടികൊണ്ട് തിരുമേനി പറഞ്ഞു; "അതാ, അകലെ കാണുന്ന ആ മേഘമാലയിലെ ജലകണങ്ങൾ കണക്കെ മുസ്‌ലിം പട്ടാളക്കാർ നിങ്ങളുടെ സഹായത്തിന് വന്നിറങ്ങും!"

ഖുസാഅ് മദീനയിലേക്ക് നിവേദക സംഘത്തെ അയച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ മക്കക്കാർ നടുങ്ങിപ്പോയി. മുസ്‌ലിംകളെ ആക്രമണത്തിൽ നിന്ന് പിൻതിരിപ്പിക്കേണ്ടതിലേക്കായി അവർ അബൂസുഫിയാനെ ഝടുതിയിൽ മദീനയിലേക്ക് പറഞ്ഞയച്ചു. അബൂസുഫിയാൻ മദീനയിലെത്തി. ഹുദൈബിയാസന്ധി നടക്കുമ്പോൾ താൻ സന്നിഹിതനായിരുന്നില്ലെന്നും ആകയാൽ ഒരു പുതിയ സമാധാനക്കരാറുണ്ടാക്കേണ്ടതാണെന്നും അബൂസുഫിയാൻ പറഞ്ഞു നോക്കി. ഈ നിർദ്ദേശത്തിന് ഒരു മറുപടി നൽകുന്നത് ഉചിതമല്ലെന്നാണ് തിരുമേനി കരുതിയത്. അബൂസുഫിയാനു ഈ സ്ഥിതി വിശേഷത്തിൽ വലിയ മാനഹാനി തോന്നി. അദ്ദേഹം പള്ളിയിൽ ചെന്ന് പ്രഖ്യാപിച്ചു.

"മഹാജനങ്ങളെ, മക്കക്കാർക്കുവേണ്ടി സമാധാന ഉടമ്പടി പുതുക്കുവാൻ ഞാനിതാ സന്നദ്ധനാണ്" (സർഖാനി). മദീനാവാസികൾക്ക് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം മനസ്സിലായില്ല. അവർ അതു ചിരിച്ചു തള്ളി. നബിതിരുമേനി അബൂസുഫിയാനോടു പറഞ്ഞു: "നിങ്ങളുടെ പ്രസ്താവന തികച്ചും ഏകപക്ഷീയമാണ്. ഞങ്ങൾക്ക് അതിനോട് യോജിക്കാൻ നിർവാഹമില്ല." ഇതിനിടയിൽ തിരുമേനി(സ) എല്ലാ ഗോത്രക്കാർക്കും വിവരം എത്തിച്ചു കഴിഞ്ഞിരുന്നു. അവരെല്ലാം തയ്യാറെടുത്തുവെന്നും പുറപ്പെട്ടു തുടങ്ങിയെന്നുമറിഞ്ഞപ്പോൾ, ആയുധമണിഞ്ഞു കൊള്ളാൻ തിരുമേനി മദീനക്കാരോടും കൽപിച്ചു. അങ്ങനെ ജനുവരി 1–ാം തിയ്യതി മുസ്‌ലിംസൈന്യം പുറപ്പെട്ടു. യാത്രയിൽ പല കേന്ദ്രങ്ങളിൽനിന്നും ഇതര മുസ്‌ലിം ഗോത്രക്കാരുടെ പോഷകസേനകൾ അവരോടൊപ്പം ചേർന്നു കൊണ്ടിരുന്നു. ഏതാനും ദിവസത്തെ യാത്രക്കുശേഷം അവർ 'ഫാറാൻ' മരുഭൂമിയിൽ പ്രവേശിച്ചു. അപ്പോഴേക്കും അവരുടെ എണ്ണം (അനേകകാലം മുമ്പേ സുലൈമാൻ നബി– ശലമോൻ – പ്രവചിച്ചതിൻ പ്രകാരം) പതിനായിരമായി പെരുകിയിരുന്നു. ഈ സൈന്യം മക്കയിലേക്ക് മാർച്ച് ചെയ്തുകൊണ്ടിരുന്നപ്പോൾ ചുറ്റും പ്രകടമായി കണ്ട നിശബ്ദത മക്കക്കാർക്കു മേൽക്കുമേൽ അശുഭകരമായി തോന്നി. മുസ്‌ലിംകളുടെ ഉദ്ദേശ്യങ്ങളെന്തൊക്കെയെന്നറിയാൻ അവർ വീണ്ടും അബൂസുഫിയാനെ പ്രേരിപ്പിച്ചയച്ചു. ഒരു ദിവസത്തെ വഴിദൂരമെത്തിയപ്പോൾ രാത്രി ആ മരുഭൂമിപ്രദേശമാകെ കത്തിത്തിളങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് അബൂസുഫിയാന്റെ ദൃഷ്ടിയിൽ പതിഞ്ഞത്. ഓരോ തമ്പിനു മുമ്പിലും തീ കത്തിക്കുവാൻ തിരുമേനി(സ) കൽപിച്ചിട്ടുണ്ടായിരുന്നു. നിശബ്ദവും തമോനിബിഢവുമായ നിശീഥിനിയിൽ ആ തീജ്വാലകൾ അതിഭീകരമായ ഒരു കാഴ്ചപ്പാടുണ്ടാക്കി. "ഇതെന്താണ്?!" അബൂസുഫിയാൻ കൂട്ടുകാരനോടന്വേഷിച്ചു: "സ്വർഗ്ഗത്തിൽ നിന്നൊരു സൈന്യം വന്നിറങ്ങിയിരിക്കയാണോ? ഇത്രയും വമ്പിച്ച അറബ് സേനയോ?" അവർ ഏതാനും അറബ് ഗോത്രങ്ങളുടെ പേരെണ്ണിത്തുടങ്ങി. ഓരോ ഗോത്രത്തിന്റെ പേരെടുത്തു പറയുമ്പോഴും 'ഇല്ല! ഇത്രയും വലിയൊരു സേന ഒരറബ് ഗോത്രത്തിനും ഇല്ല' എന്നിങ്ങനെ അബൂസുഫിയാൻ പറഞ്ഞുകൊണ്ടിരുന്നു. അബൂസുഫിയാനും സ്നേഹിതരും അങ്ങനെ ചിന്താമഗ്നരായിരിക്കവെ ഒരു വിളി കേട്ടു! 'അബൂഹൻസലാ!'

'അബ്ബാസ്! നിങ്ങളിവിടെയെത്തിയോ?' അബൂസുഫിയാൻ ചോദിച്ചു."അതെ! തിരുനബിയുടെ സൈന്യം സമീപത്തു താവളമടിച്ചിരിക്കുകയാണ്. വേഗം കാര്യം തീരുമാനിച്ചു കൊള്ളുക! അല്ലാത്തപക്ഷം മാനക്കേടും പരാജയവും അഭിമുഖീകരിക്കേണ്ടി വരും!" അബ്ബാസ് പറഞ്ഞു.

അബ്ബാസും അബൂസുഫിയാനും പഴയ ചങ്ങാതിമാരായിരുന്നു. തന്റെ കഴുതപ്പുറത്തു കയറി തന്നോടൊപ്പം തിരുനബിയുടെ അടുക്കൽ ചെല്ലണമെന്നു അബ്ബാസ്(റ), അബൂസുഫിയാനെ നിർബന്ധിച്ചു. അബ്ബാസ് കൈ നീട്ടി അബൂസുഫിയാനെപിടിച്ചു കഴുതപ്പുറത്തേറ്റിയിരുത്തി. കുതിമുള്ളേറ്റ പടക്കഴുത അവിരുവരെയും അതിശീഘ്രം തിരുസന്നിധിയിലെത്തിച്ചു. തിരുനബി(സ)യുടെ തമ്പിന്റെ സംരക്ഷണചുമതലയേറ്റിരുന്നതു ഹദ്റത്ത് ഉമർ(റ) ആയിരുന്നു. അദ്ദേഹം അബൂസുഫിയാനെ കണ്ടമാത്രയിൽ കൊന്നു കളയാനിടയുണ്ടെന്നു അബ്ബാസിനു പേടിയുണ്ടായിരുന്നു. എന്നാൽ, അബൂസുഫിയാന്റെ നേരെ ആരും കൈനീട്ടരുതെന്നു തിരുമേനി(സ) വിലക്കിയിരുന്നതിനാൽ കുഴപ്പമുണ്ടായില്ല. തിരുനബി(സ)യുമായുള്ള സംഭാഷണം അബൂസുഫിയാന് ഹൃദ്യമായി തോന്നി. ഇസ്‌ലാമിന്റെ ഭാഗ്യതാരം ഉദിച്ചുയർന്നതു കണ്ടതിൽ അബൂസുഫിയാൻ ആശ്ചര്യപരതന്ത്രനായി. മക്കക്കാരാൽ ബഹിഷ്കരിക്കപ്പെടുക മൂലം ഒരേ ഒരു ഇഷ്ടസഖാവിനെയും കൂട്ടി മക്കയിൽ നിന്നും ഹിജ്റ പോയ മുഹമ്മദ് ഇതാ ഇവിടെ! ഏഴുവർഷം തികയുന്നതിന് മുമ്പേ പതിനായിരം ഭക്തസഖാക്കളോടൊപ്പം ജേതാവായി മക്കാപട്ടണത്തിന്റെ പടിവാതിക്കൽവന്നു മുട്ടുകയാണ്! കാറ്റു മറിച്ചു വീശിയിരിക്കുന്നു!! ഏഴു വർഷം മുമ്പേ മക്കയിൽ നിന്നു ജീവനും കയ്യിൽ പിടിച്ചു അത്ഭുതകരമായി രക്ഷപ്പെട്ട അഭയാർത്ഥിയായ പ്രവാചകൻ മക്കയിലേക്ക് തിരിച്ചുവന്നിരിക്കുന്നു, അജയ്യമായ ഒരു സൈന്യവ്യൂഹത്തിന്റെ അനിഷേധ്യനായ പടനായകനായിത്തന്നെ!

അബൂസുഫിയാൻ വികാരഭരിതനായിരുന്നു. ഏഴുകൊല്ലത്തിനിടയിൽ അവിശ്വസനീയമായ വമ്പിച്ച മാറ്റം സംഭവിച്ചിരിക്കുന്നു. മക്കക്കാരുടെ നേതാവ് എന്ന നിലയിൽ താനിനി എന്തുകാട്ടുവാനാണ്! തടുക്കുകയോ അതോ വഴങ്ങുകയോ വേണ്ടതു? വിചാരമഗ്നനായ അബൂസുഫിയാൻ നിശ്ചലനായി നിലകൊണ്ടു. മക്കക്കാരുടെ നേതാവിനെ തിരുനബി(സ) ഒന്നടിമുടി നോക്കി! അബൂസുഫിയാനു അന്നു രാത്രി ആതിഥ്യം നൽകാൻ അബ്ബാസിനോടു തിരുമേനി കൽപിക്കുകയും കാലത്തു കണ്ടു കൊള്ളാമെന്നേൽക്കുകയും ചെയ്തു. അബൂസുഫിയാൻ രാത്രി അബ്ബാസിനോടൊപ്പം കഴിച്ചു കൂട്ടുകയും അവർ അതിരാവിലെ തിരുസവിധത്തിലേക്കു പുറപ്പെടുകയും ചെയ്തു. പ്രഭാതനമസ്കാരത്തിനുള്ള സമയമായിരുന്നു. അതികാലത്ത് അവിടെങ്ങും ദൃശ്യമായ കർമ്മോത്സുകതയും ആരവങ്ങളും അബൂസുഫിയാനെ സംബന്ധിച്ചേടത്തോളം അദൃഷ്ടപൂർവ്വമായിരുന്നു. ഇസ്‌ലാമിന്റെ അച്ചടക്കത്തിനു വഴിപ്പെട്ടു മുസ്‌ലിംകൾ ചെയ്യുന്നതുപോലെ ഇത്ര നേരത്തെ നിദ്ര വിട്ടുണരുകയെന്നത് അദ്ദേഹത്തിന്–എല്ലാ മക്കക്കാർക്കും തന്നെ– അജ്ഞാതമായിരുന്നു. എല്ലാവരും സുബഹ് നമസ്കാരത്തിന് ഒരുക്കം കൂട്ടുന്നതായി അദ്ദേഹം കണ്ടു. ചിലർ 'വുളു' (ക്ഷാളനം) ചെയ്യുന്നതിന്നുവേണ്ടി വെള്ളവും തേടി അങ്ങുമിങ്ങും നടക്കുന്നു. മറ്റു ചിലർ മുസ്‌ലിംകൾ നമസ്കരിക്കുമ്പോൾ അവർക്കു കാവൽ നിൽക്കുന്നു. പ്രഭാതവേളയിലെ ഈ കർമ്മപരിപാടിയുടെ ഉദ്ദേശ്യവും അർത്ഥവും അബൂസുഫിയാന് മനസ്സിലായില്ല. അദ്ദേഹം ഭയപരവശനായി. തന്നെ പേടിപ്പിച്ചു കീഴടക്കാനുള്ള ഒരു പുതിയ തന്ത്ര

മാണോ ഇതെന്ന് അദ്ദേഹം ശങ്കിച്ചു.

"ഇവരൊക്കെ എന്തു ചെയ്യുന്നു?" അബൂസുഫിയാൻ ആശ്ചര്യത്തോടെ ആരാഞ്ഞു.

"പേടിക്കാനൊന്നുമില്ല. അവർ പ്രഭാതനമസ്കാരം അനുഷ്ഠിക്കാൻ പോകയാണ്."അബ്ബാസ് മറുപടി നൽകി.

ആയിരക്കണക്കിൽ മുസ്‌ലിംകൾ നബിതിരുമേനിയുടെ പിന്നിൽ അണിനിരന്നിരിക്കുന്നു. തിരുനബിയുടെ ഓരോ ചലനത്തിനുമൊത്ത് അവരും ചലിക്കുന്നു. 'റുക്കൂഅ്', 'സുജൂദ്', വീണ്ടും നിവർന്നു നിൽക്കൽ പിന്നെയും സാഷ്ടാംഗം! അബ്ബാസ്(റ) കാവൽ ജോലിയിലായിരുന്നതിനാൽ അബൂസുഫിയാനുമായി സംഭാഷണം നടത്തിക്കൊണ്ടിരുന്നു.

"നിങ്ങളെന്താണ് ചിന്തിക്കുന്നത് അബൂസുഫിയാൻ? ഇതു മുസ്‌ലിംകളുടെ നമസ്കാരമാണ്. തിരുനബി(സ) പറയുന്നതൊക്കെ മുസ്‌ലിംകൾ ചെയ്യും. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുക പോലും ചെയ്യും."

അബൂസുഫിയാൻ പറഞ്ഞു: "ശരിയാണ്! ഞാൻ രാജാക്കൻമാരുടെ വലിയ വലിയ ദർബാറുകൾ കണ്ടിട്ടുണ്ട്. കിസ്റായുടെ അരമനകളും കൈസറിന്റെ കൊട്ടാരങ്ങളും കണ്ടിട്ടുണ്ട്. എന്നാൽ, മുസ്‌ലിംകൾക്ക് അവരുടെ പ്രവാചകനോടുള്ളത്ര ഭക്ത്യാദരങ്ങൾ ഏതെങ്കിലും ഒരു കൂട്ടർ തങ്ങളുടെ നേതാവിനോടു പ്രകടിപ്പിക്കുന്നതായി ഞാൻ കണ്ടിട്ടില്ല." (ഹൽബിയ്യ, വാള്യം 2.ഭാ.90)

തന്റെ സ്വന്തം ജനത്തിന്–മക്കാക്കാർക്ക്–മാപ്പ് കൊടുക്കാൻ നബി തിരുമേനിയോടു അപേക്ഷിക്കുകയില്ലേ എന്നു അബൂസുഫിയാൻ ഹദ്റത്ത് അബ്ബാസിനോടു ചോദിച്ചു. പ്രഭാതനമസ്കാരം കഴിഞ്ഞ ശേഷം അബ്ബാസ്(റ) അബൂസുഫിയാനെ തിരുസവിധത്തിലേക്കാനയിക്കുകയുണ്ടായി. തിരുനബി(സ) അബൂസുഫിയാനോടു ചോ ദിച്ചു: "അല്ലാഹു അല്ലാതെ ആരാധ്യനായി മറ്റാരുമില്ലെന്നു താങ്കൾക്കിനിയും ബോദ്ധ്യമായില്ലേ?"

"എന്റെ പിതാവും എന്റെ മാതാവും അങ്ങേയ്ക്ക് തെണ്ടമായിരിക്കട്ടെ! അങ്ങ് എന്നും അങ്ങയുടെ ബന്ധുജനങ്ങളോടു ആർദ്രതയും അലിവും കാണിച്ചിട്ടുണ്ട്. അല്ലാഹുവിനു പുറമെ ആരാധ്യനായി മറ്റാരെങ്കിലും ഉണ്ടെങ്കിൽ, അങ്ങേയ്ക്കെതിരിൽ ഞങ്ങൾക്ക് സഹായം കിട്ടിയേനെ."

"ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കിനിയും ബോധ്യം വന്നില്ലേ?"

എന്റെ പിതാവും എന്റെ മാതാവും അങ്ങേയ്ക്ക് ബലിയായിരിക്കട്ടെ! ഇക്കാര്യത്തിൽ എനിക്കിപ്പോഴും സംശയമുണ്ട്!

നബി തിരുമേനി(സ)യെ ദൈവദൂതനായി അംഗീകരിക്കാൻ അബൂസുഫിയാൻ കൂട്ടാക്കിയില്ലെങ്കിലും മക്കക്കാർക്കുവേണ്ടി ചാരവൃത്തി നടത്താൻ അബൂസുഫിയാനോടൊപ്പം മക്കവിട്ട അദ്ദേഹത്തിന്റെ രണ്ടു കൂട്ടുകാർ തദവസരത്തിൽ തിരുസവിധത്തിൽ വെച്ച് ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. അവരിലൊരാൾ ഹക്കീം ബിൻ ഹിസാം ആയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അബൂസുഫിയാനും ഇസ്‌ലാം മതം സ്വീകരിച്ചു. എങ്കിലും, മക്ക പതിക്കുന്നതുവരെയും അബൂസുഫിയാൻ വിശ്വസിച്ചിരുന്നില്ലെന്നാണ് തോന്നുന്നത്. മുസ്‌ലിംകൾ തങ്ങളുടെ സ്വന്തം ബന്ധുക്കളെ നശിപ്പിക്കുമോ എന്നു തിരുമേനിയോട് ഹക്കീം ബിൻ ഹിസാം തദവസരത്തിൽ ചോദിക്കുകയുണ്ടായി.

തിരുനബി(സ) പ്രതിവചിച്ചു: "ഇക്കൂട്ടർ വലിയ ക്രൂരതകൾ കാണിച്ചിരിക്കുന്നു. ഇവർ എല്ലാ സീമകളെയും അതിലംഘിച്ചു കൊണ്ടാണ് അക്രമങ്ങളും വിശ്വാസവഞ്ചനയും പ്രവർത്തിച്ചത്. ഹുദൈബിയായിൽ വെച്ച് ഒപ്പിട്ട സമാധാനസന്ധി പിച്ചിച്ചീന്തികൊണ്ട് ഇവർ ഖുസാഅ് ഗോത്രത്തിന്റെ നേരെ പൈശാചികമായ ആക്രമണം നടത്തി. ദൈവം പരിശുദ്ധമാക്കിയ പുണ്യസ്ഥലത്തുവെച്ച് അവർ യുദ്ധം ചെയ്തു."

"അല്ലയോ പ്രവാചകരേ, അങ്ങ് പറഞ്ഞതെത്രയും വാസ്തവം. അങ്ങു പറഞ്ഞതുപോലെ തന്നെയാണ് ഞങ്ങളുടെ ജനം പെരുമാറിയത്. പക്ഷേ മക്കായുടെ നേരെ മാർച്ചു ചെയ്യുന്നതിനുപകരം അങ്ങു എന്തുകൊണ്ട് ഹവാസീനെ ആക്രമിക്കുന്നില്ല?"ഹക്കീം ചോദിച്ചു. "ക്രൂരവും കാട്ടാളത്തപരവുമായിട്ടാണ് അവരും പെരുമാറിയത്. മൂന്നു ലക്ഷ്യങ്ങൾ സാധിക്കുന്നതിനു അല്ലാഹു എന്നെ പ്രാപ്തനാക്കുമെന്ന് എനിക്കുറപ്പുണ്ട്. മക്കാവിജയം, ഇസ്‌ലാമിന്റെ ഉന്നതി, ഹവാസിന്റെ പതനം."

ഇതെല്ലാം ശ്രദ്ധിച്ചു കൊണ്ടിരുന്ന അബൂസുഫിയാൻ ഇടയിൽ ചോദിച്ചു; "മക്കക്കാർ വാളൂരുന്നില്ലെങ്കിൽ അവർക്ക് രക്ഷയുണ്ടാകുമോ?"

"തീർച്ചയായും! വീട്ടിനകത്തിരിക്കുന്നവരെല്ലാം സുരക്ഷിതരായിരിക്കും" തിരുമേനി മറുപടി നൽകി.

അബ്ബാസ് പറഞ്ഞു, "അല്ലയോ പ്രവാചകരേ, അബൂസുഫിയാന് സ്വന്തം കാര്യത്തിൽ വലിയ ഉൽക്കണ്ഠയുണ്ട്. മക്കക്കാരുടെ ഇടയിൽ തനിക്കുള്ള സ്ഥാനവും പദവികളും നിലനിറുത്തപ്പെടുമോ എന്നു അദ്ദേഹം അറിയാനാഗ്രഹിക്കുന്നു."

തിരുദൂതർ പറഞ്ഞു, "കൊള്ളാം! അബൂസുഫിയാന്റെ വീട്ടിൽ അഭയം തേടുന്നവരെല്ലാം രക്ഷയിലായിരിക്കുന്നതാണ്. വിശുദ്ധകഅ്ബായിൽ പ്രവേശിക്കുന്നവരും രക്ഷയിലായിരിക്കും. ആരെല്ലാം ആയുധം വച്ച് കീഴടങ്ങുന്നുവോ അവരും രക്ഷയിലായിരിക്കും. വാതിലുകടച്ച് വീട്ടിനകത്തിരിക്കുന്നവരും സുരക്ഷിതരായിരിക്കും. ആരെല്ലാം ഹക്കീം ബിൻ ഹിസാമിന്റെ വീട്ടിൽ താമസിക്കുന്നുവോ അവരും രക്ഷയിലായിരിക്കും!"

ഇതുപറഞ്ഞിട്ട് തിരുമേനി(സ) അബൂറുവൈഹായെ വിളിച്ച് അദ്ദേഹത്തിന്റെ കയ്യിൽ ഇസ്‌ലാമിക പതാക ഏൽപിച്ചു. നീഗ്രോ അടിമയായിരുന്ന ഹദ്റത്ത് ബിലാലുമായി സഹോദരബന്ധത്തിലേർപ്പെട്ട ആളാണ് അബൂറുവൈഹ. പതാക ഏൽപ്പിച്ചിട്ടു തിരുനബി (സ) പറഞ്ഞു: "ആരെല്ലാം ഈ പതാകക്ക് കീഴിൽ അണിനിരക്കുന്നുവോ അവരെല്ലാം രക്ഷയിലായിരിക്കും!" പിന്നീട് ഹദ്റത്ത് ബിലാലിനോടു അബൂറുവൈഹായുടെ മുമ്പിൽ മാർച്ച് ചെയ്യാനും, അബൂറുവൈഹാ കയ്യിലേന്തിയ കൊടിക്ക് കീഴിൽ രക്ഷയുണ്ടായിരിക്കുമെന്നു വിളിച്ചു പറയാനും ആജ്ഞാപിച്ചു."

## മക്കാവിജയം!

ഏർപ്പാടുകളെല്ലാം വളരെ ബുദ്ധിപൂർവകമായിരുന്നു. മുസ്‌ലിംകൾ മക്കയിൽവെച്ച് മർദ്ദിക്കപ്പെട്ട നാളിൽ ഹദ്റത്ത് ബിലാലിനെ അദ്ദേഹത്തിന്റെ കാലിനു കയറിട്ടു കെട്ടി തെരുവുവീഥികളിലൂടെ മക്കക്കാർ വലിച്ചിഴച്ചിട്ടുണ്ടായിരുന്നു. മക്കാപട്ടണം ഹദ്റത്ത് ബിലാലിന് ശാരീരികമായ പീഡനങ്ങളും അവഹേളനങ്ങളും അപമാനങ്ങളുമല്ലാതെ രക്ഷ നൽകിയിരുന്നില്ല. ഈ വിമോചന നാളിൽ ഹദ്റത്ത് ബിലാലിന്റെ ഹൃദയം എത്ര മാത്രം പ്രതികാരബദ്ധമായിരുന്നിരിക്കണം? അദ്ദേഹം അനുഭവിക്കേണ്ടി വന്ന ആ കിരാതമർദ്ദനങ്ങൾക്കെല്ലാം പ്രതിക്രിയ ചെയ്തു കൊള്ളാൻ അനുവദിക്കപ്പെടേണ്ടിയിരുന്നില്ലേ? അതെ, ഇസ്‌ലാം അനുവദിക്കുന്ന സീമകൾക്കുള്ളിൽ മാത്രം! ആകയാൽ, തന്റെ പഴയ മർദ്ദകരുടെ നേർക്കു വീശുവാനുള്ള വാൾ പുറത്തേക്കെടുക്കാൻ തിരുമേനി ബിലാലിനോടാവശ്യപ്പെട്ടില്ല. അതു അനിസ്‌ലാമികമാകുമായിരുന്നു. അതിനുപകരം ബിലാലിന്റെ സഹോദരന്റെ കയ്യിൽ ഇസ്‌ലാമിക പതാക നൽകുകയും അദ്ദേഹത്തെ മൃഗീയമായി ഭേദ്യം ചെയ്ത മക്കക്കാരായ മർദ്ദകർക്കെല്ലാം ആ കൊടിക്കുകീഴിൽ രക്ഷയും സമാധാനവും വാഗ്ദാനം ചെയ്യാൻ ഹദ്റത്ത് ബിലാലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതാണ് പ്രതികാരം! സ്വസഹോദരൻ കയ്യിലേന്തിയ കൊടിക്ക് കീഴിൽ ശത്രുക്കളെയെല്ലാം രക്ഷയിലേക്കും സമാധാനത്തിലേക്കും ക്ഷണിച്ചു കൊണ്ട്, ഹദ്റത്ത് ബിലാൽ(റ) അതാ മക്കയിലൂടെ മാർച്ചു ചെയ്യുന്നു! അദ്ദേഹത്തിന്റെ പ്രതികാരവാഞ്ഛ ഇപ്പോൾ കെട്ടടങ്ങിക്കാണും! മക്കക്കാരെ രക്ഷയിലേക്ക് ക്ഷണിച്ചുകൊണ്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കെ വിജൃംഭിതമായ വികാരവായ്പിൽ ആ പ്രതികാരബോധം അലിഞ്ഞലിഞ്ഞു അപ്രത്യക്ഷമായിട്ടുണ്ടാവും!

മുസ്‌ലിംകൾ മക്കയിലേക്ക് മാർച്ച് ചെയ്തു കൊണ്ടിരിക്കുമ്പോൾ, മുസ്‌ലിം സൈന്യത്തിന്റെ മാർച്ച്പാസ്റ്റ് നല്ലവണ്ണം നോക്കിക്കാണാൻ കഴിയുന്ന ഒരു സ്ഥാനത്ത് അബൂസുഫിയാനെയും സ്നേഹിതരെയും നിറുത്തുന്നതിന് തിരുനബി(സ) അബ്ബാസിനോട് കൽപിച്ചിരുന്നു. അബ്ബാസ്(റ) അപ്രകാരം ചെയ്തു. ആരുടെ ബലത്തിന്മേലാണോ മക്കക്കാർ ഇക്കാലമത്രയും ഇസ്‌ലാമിനെതിരെ നിരന്തരഗൂഢാലോചനകളിൽ ഏർപ്പെട്ടുകൊണ്ടിരുന്നത്, അതേ അറബ് ഗോത്രങ്ങൾ മാർച്ചു ചെയ്യുന്നത് അബൂസുഫിയാനും കൂട്ടാളികളും ആ കേന്ദ്രത്തിൽനിന്നു കൊണ്ട് വീക്ഷിച്ചു. അന്നേദിവസം അവർ മാർച്ചു ചെയ്തതു അവിശ്വാസികളുടെ പട്ടാളക്കാരായിട്ടല്ല, വിശ്വാസിഭടന്മാരായിട്ടായിരുന്നു. അന്നേ ദിവസം അവരുയർത്തിയ മുദ്രാവാക്യങ്ങൾ വിഗ്രഹാരാധക മുദ്രാവാക്യങ്ങളല്ല, ഇസ്‌ലാമിക മുദ്രവാക്യങ്ങളായിരുന്നു. അന്നേ ദിവസം അവരണിയണിയായി മുന്നോട്ടു നീങ്ങിയത് നബി തിരുമേനി(സ)യുടെ ജീവിതത്തിന് വിരാമമിടാനല്ല, ആ പുണ്യപൂമാന്റെ ജീവനെ രക്ഷിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവൻ കുരുതികൊടുക്കാനായിരുന്നു. നബിതിരുമേനി(സ)യുടെ ചോരയൊഴുക്കാനല്ല, ആ മഹാത്മാവിനുവേണ്ടി തങ്ങളുടെ ചെഞ്ചോര ചൊരിയുവാനായിട്ടായിരുന്നു. നബിതിരുമേനി(സ)യുടെ സന്ദേശം പരക്കുന്നതിനെ തടയുകയും അറബ് ഐക്യനിരയെ ശക്തിപ്പെടുത്തുകയും ആയിരുന്നില്ല അവരുടെ ഉന്നം. ഇക്കാലമത്രയും തങ്ങൾ എതിർക്കുകയും അടിച്ചമർത്താൻ പാടുപെടുകയും ചെയ്ത അതേ സന്ദേശത്തെ ദിഗന്തങ്ങളിൽ മാറ്റൊലി കൊള്ളിക്കാനുള്ള ആവേശത്തിമർപ്പായിരുന്നു അന്നവരിൽ കാണപ്പെട്ടിരുന്നത്. മനുഷ്യജാതിയുടെ ഐക്യവും ഏകത്വവും ലോകത്ത് സ്ഥാപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം!

ആ കാലാൾപട അടിവെച്ചടിവെച്ചു മുന്നോട്ടു നീങ്ങി. ഒടുവിൽ, അശ്ജാഗോത്രക്കാർ അബൂസുഫിയാന്റെ ദൃഷ്ടിപഥത്തിലൂടെ നീങ്ങിത്തുടങ്ങി. ഭക്തിയും ആത്മത്യാഗപരമായ ആവേശവും അവരുടെ മുഖകമലങ്ങളിൽ പ്രതിഫലിച്ചിരുന്നു. അവരുയർത്തിയ മുദ്രാവാക്യങ്ങളിലും അവർ പാടിയ സമരഗാനങ്ങളിലും അതു പ്രകടമായിരുന്നു.

"ഇവർ ഏതാണ്?" അബൂസുഫിയാൻ ചോ ദിച്ചു.

"അശ്ജാ ഗോത്രക്കാർ!"

അത്ഭുതപരതന്ത്രനായ അബൂസുഫിയാൻ പറഞ്ഞു: "മുഹമ്മദിനോടു ഇവരോളം ശത്രുത പുലർത്തിയിരുന്നവർ ഈ അറബ് നാട്ടിൽ മറ്റൊരു ഗോത്രക്കാരുമുണ്ടായിരുന്നില്ല."

"ദൈവാനുഗ്രഹമാണത്! സമയമെത്തിയപ്പോഴേക്കും അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഹൃദയങ്ങളിൽ പരിവർത്തനമുണ്ടാക്കി." അബ്ബാസ് ചൂണ്ടിക്കാട്ടി.

ഒടുവിലായി, അതാ തിരുനബി(സ) എഴുന്നള്ളുന്നു! അൻസ്വാരികളും മുഹാജിറുകളും തിരുദൂതരുടെ ചുറ്റിലും അണിനിരന്നിരിക്കുകയാണ്. പോർച്ചട്ടകളിഞ്ഞ ആ പടയാളികൾ രണ്ടായിരത്തോളമുണ്ടാകും. അവരെ നയിച്ചിരുന്നത് പുരുഷകേസരിയായ ഹദ്റത്ത് ഉമർ(റ)! ആ കാഴ്ച ആനന്ദപ്രദവും ഹൃദയഹാരിയും ആയിരുന്നു. ആ മുസ്‌ലിംകളിൽ ഭക്തിവിശ്വാസങ്ങ

ളും നിശ്ചയദാർഢ്യവും ആവേശവും നിറഞ്ഞു തുളുമ്പി. അബൂസുഫിയാൻ ആ കാഴ്ച കണ്ട മ്പരന്നു പോയി!"ഇവരേതാണ്?" അബൂസുഫിയാൻ ചോദിച്ചു.

"അൻസ്വാരീങ്ങളും മുഹാജിരീങ്ങളും അവർ തിരുദൂതർക്ക് അകമ്പടി സേവിക്കുകയാണ്." അബ്ബാസ്(റ) മറുപടി നൽകി.

അബൂസുഫിയാൻ പ്രസ്താവിച്ചു:–

"ലോകത്ത് ഒരു ശക്തിക്കുംതന്നെ ഇവരെ കീഴ്പ്പെടുത്താൻ കഴിയുകയില്ല. അബ്ബാസ്! ഭവാന്റെ സഹോദരപുത്രൻ ലോകത്തുവെച്ച് ഏറ്റവും പ്രതാപമുള്ള രാജാവായിത്തീർന്നിരിക്കുന്നു!"

"അബൂസുഫിയാൻ, അപ്പറഞ്ഞതു ശരിയല്ല! അദ്ദേഹം രാജാവല്ല, ഒരു പ്രവാചകനാണ്. ദൈവദൂതൻ!" അബ്ബാസ്(റ)തിരുത്തിക്കൊടുത്തു.

"അതെയതെ, താങ്കൾ പറഞ്ഞപോലെ തന്നെ! ഒരു പ്രവാചകൻ; രാജാവല്ല!" അബൂസുഫിയാൻ സമ്മതിച്ചു.

മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അൻസ്വാരികളുടെ ഒരു സേനാനായകനായ സഅ്ദുബ്നു ഉബാദാ, അബൂസുഫിയാൻ സൈന്യവ്യൂഹത്തെ വീക്ഷിച്ചു കൊണ്ടിരിക്കുന്നതു കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഖുറൈശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് തദവസരത്തിൽ പറഞ്ഞുപോയി.

നബിതിരുമേനി(സ) അടുത്തെത്തിയപ്പോൾ അബൂസുഫിയാൻ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. "അങ്ങ് അവിടത്തെ ഭ്രാതൃജനത്തെ കൂട്ടക്കൊല ചെയ്യാൻ അനുവദിച്ചിരിക്കുകയാണോ? അൻസ്വാരികളുടെ സൈന്യനായകനായ സഅ്ദ് അപ്രകാരം പറയുന്നത് കേട്ടല്ലോ. ഇന്നു കൊലദിനമാണെന്ന് അവർ പറയുന്നു. മക്കയുടെ പവിത്രതയെ ഗൗനിക്കാതെ തങ്ങൾ ചോരയൊഴുക്കുമെന്നും ഖുറൈശികളെ എളിമയിലാക്കുമെന്നും അവർ പറയുന്നു. അല്ലയോ പ്രവാചകരേ, അങ്ങ് ഏറ്റവും ബഹുമാന്യനാണ്. അങ്ങ് കാരുണ്യവാനാണ്; ധന്യനാണ്; അങ്ങയുടെ ജനം ചെയ്തുപോയ തെറ്റുകളെല്ലാം അങ്ങ് പൊറുക്കുകയും മറക്കുകയും ചെയ്യില്ലേ?"

അബൂസുഫിയാന്റെ അഭ്യർത്ഥന ഫലിച്ചു! മക്കാനഗരത്തിലെ തെരുവീഥികളിൽ വെച്ച് അവഹേളിക്കപ്പെടുകയും ഹിംസിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിംകൾ, മക്കക്കാരാൽ സ്വന്തം ഭവനങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും പൈശാചികമായി മർദ്ദിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിംകൾ, തങ്ങളുടെ ആ പഴയ മർദ്ദകരുടെ നേരെ കാരുണ്യവും അനുകമ്പയും ചൊരിയുകയായി!

അവർ പറഞ്ഞു, "അല്ലയോ പ്രവാചകരേ, ഞങ്ങളോട് മക്കക്കാർ ചെയ്ത കൊടും ക്രൂരതകളെയും മർദ്ദനങ്ങളെയും കുറിച്ചറിഞ്ഞ അൻസാരികൾ പ്രതികാരത്തിനു ഒരുമ്പെട്ടേയ്ക്കാം; അവരെന്താണ് ചെയ്യുകയെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല!"

തിരുനബി(സ) അബൂസുഫിയാന്റെ നേരെ തിരിഞ്ഞു കൊണ്ടു പറഞ്ഞു; "സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്നു കൊലദിനമല്ല, ഇന്നു മാപ്പിന്റെ ദിവസമാകുന്നു! ഖുറൈശികളും കഅ്ബയും ദൈവത്താൽ ആദരിക്കപ്പെടും!"

പിന്നീടദ്ദേഹം സഅ്ദിനെ വിളിച്ചു വരുത്തുകയും അൻസ്വാരിന്റെ കൊടി സഅ്ദിന്റെ മകനായ ഖൈസിന് ഏൽപിച്ചു കൊടുക്കാൻ കൽപ്പിക്കുകയും ചെയ്തു. (ഹിശാം, വാല്യം.2) ഇങ്ങനെ അൻസ്വാരിന്റെ നേതൃത്വം സഅ്ദിൽ നിന്ന് ഖൈസിന് കിട്ടി. അതു ഒരു ബുദ്ധിപൂർവമായ നടപടിയായിരുന്നു. അതു മക്കക്കാരുടെ ക്ഷോഭവികാരങ്ങളെ അടക്കുകയും അൻസ്വാരികളെ നിരാശയിൽ നിന്നു രക്ഷിക്കുകയും ചെയ്തു.

മുസ്‌ലിം സൈന്യം മാർച്ച് ചെയ്തുകൊണ്ടിരിക്കുമ്പോൾ അബൂസുഫിയാനോടു ഉടൻ മക്കയിലേക്ക് പുറപ്പെട്ടു കൊള്ളാനും അവിടെചെന്നു തിരുനബി(സ) സമാഗതനായിരിക്കയാണെന്ന് പ്രഖ്യാപിക്കുകയും അവർക്കെല്ലാം രക്ഷ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിവരിച്ചു കൊടുക്കുകയും ചെയ്യാനും അബ്ബാസ്(റ) ആവശ്യപ്പെട്ടു. ഈ സമാധാനനിർദ്ദേശങ്ങളുമായി അബൂസുഫിയാൻ ദ്രുതഗതിയിൽ മക്കത്തെത്തി. എന്നാൽ, മുസ്‌ലിംകളോട് ശത്രുത പുലർത്തുന്നതിൽ കുപ്രസിദ്ധയായിരുന്ന അബൂസുഫിയാന്റെ ഭാര്യ ഹിന്ദ ആയിടയിൽ അദ്ദേഹത്തെ കണ്ടുമുട്ടി. ഇസ്‌ലാമിന്റെ നേരെ കഠിനമായ ശത്രുത പുലർത്തിയിരുന്നെങ്കിലും ഹിന്ദ ധൈര്യവതിയായിരുന്നു. ഹിന്ദ അബൂസുഫിയാന്റെ താടിരോമം പിടിച്ചു നിറുത്തുകയും ഭീരുവായ തന്റെ ഭർത്താവിനെ കൊന്നു കളയാൻ മക്കക്കാരോടു പറയുകയും ചെയ്തു. തങ്ങളുടെ നഗരത്തിന്റെ മാനത്തിനും രക്ഷക്കുംവേണ്ടി ജീവത്യാഗം ചെയ്യാൻ മക്കക്കാരെ പ്രേരിപ്പിക്കുന്നതിനു പകരം അബൂസുഫിയാൻ അവരെ സമാധാനത്തിലേക്ക് വിളിക്കുകയായിരുന്നല്ലോ! പക്ഷേ, ഹിന്ദ വിഡ്ഢി വേഷം കെട്ടുകയാണെന്നു അബൂസുഫിയാന് അറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു, "ആ കാലമെല്ലാം കഴിഞ്ഞു പോയി. വീട്ടിൽപോയി വാതിലടച്ചു കൂടിക്കോളൂ. ഞാൻ മുസ്‌ലിം സൈന്യത്തെ കണ്ടവനാണ്. അറബ് രാജ്യം മുഴുവൻ ഒന്നിച്ചാലും ഇനി അവരെ ജയിക്കാനാവില്ല!"

മക്കക്കാർക്ക് രക്ഷ വാഗ്ദാനം ചെയ്തുകൊണ്ടുള്ള നബിതിരുമേനി(സ)യുടെ പ്രഖ്യാപനവും അതിനുള്ള ഉപാധികളും അബൂസുഫിയാൻ വിവരിച്ചു കൊടുത്തു. ഇതുകേട്ടപ്പോൾ മക്കക്കാർ നബി (സ) രക്ഷാസങ്കേതങ്ങളായി പ്രഖ്യാപിച്ച ഭവനങ്ങളിലേക്ക് ഓടിത്തുടങ്ങി. ഈ പ്രഖ്യാപനത്തിൽ 11 പുരുഷന്മാരെയും നാലു സ്ത്രീകളെയും ഒഴിച്ചു നിറുത്തിയിരുന്നു. അവർ ചെയ്ത കുറ്റങ്ങൾ വളരെ ഗുരുതരങ്ങളായിരുന്നു. തിരുമേനി(സ)യിൽ വിശ്വസിച്ചില്ലെന്നതോ മുസ്‌ലിംകൾക്കെതിരെയുള്ള യുദ്ധത്തിൽ പങ്കുചേർന്നുവെന്നതോ അല്ല, മറക്കാനും പൊറുക്കാനും കഴിയാത്ത വിധം പൈശാചിക ക്രൂരതകൾ പ്രവർത്തിച്ചു എന്നതായിരുന്നു അവരുടെ കുറ്റം. എന്നാൽ, അവരിൽ നാലുപേരെ മാത്രമെ കൊല്ലുകയുണ്ടായുള്ളൂ.

തങ്ങളോടു യുദ്ധം ചെയ്യുകയോ മക്കക്കാർ ആദ്യമായി ആക്രമണം നടത്തുകയോ ചെയ്യാത്തിടത്തോളം പട്ടാളക്കാരെ പൊരുതാനനുവദിക്കരുതെന്ന് തിരുനബി(സ) ഖാലിദുബ്നുൽ വലീദിനോടു കൽപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, ഖാലിദ് പ്രവേശിച്ച ഭാഗത്തെ ജനങ്ങൾ തിരുനബി(സ)യുടെ സമാധാന പ്രഖ്യാപനത്തിലെ ഉപാധികൾ ശരിക്കും മനസ്സിലാക്കിയിരുന്നില്ല. ആ ഭാഗത്ത് നിലയുറപ്പിച്ചിരുന്ന മക്കക്കാരുടെ ഭടന്മാർ ഖാലിദിനെ എതിർക്കുകയും പോരിനു വിളിക്കുകയും ചെയ്തു. തുടർന്നുണ്ടായ സംഘട്ടനത്തിൽ പന്ത്രണ്ടോ പതിമൂന്നോ പേർ മരിച്ചു. (ഹിശാം, വാല്യം2, ഭാഗം.217) ഖാലിദ് ക്ഷിപ്രകോപിയായ ഒരാളായിരുന്നു. ആരോ തിരുനബിക്ക് ഈ വസ്തുത റിപ്പോർട്ടു ചെയ്യുകയും ഖാലിദിനെ തടയാനപേക്ഷിക്കുകയും ചെയ്തു. ഖാലിദ് യുദ്ധം നിറുത്തിയില്ലെങ്കിൽ മക്കക്കാർ മുഴുവനും കൂട്ടക്കൊലക്കിരയാകുമെന്നും അയാൾ പറഞ്ഞു.

തിരുനബി(സ) ഉടൻ ഖാലിദിനെ വിളിച്ചു വരുത്തി.

"യുദ്ധം ചെയ്യരുതെന്ന് ഞാൻ വിലക്കിയിരുന്നില്ലേ?" തിരുനബി (സ) ചോദിച്ചു.

"അതെ അങ്ങ് വിലക്കിയിട്ടുണ്ട്. എന്നാൽ, ഇവർ ആദ്യം ഞങ്ങളെ ആക്രമിക്കുകയും ഞങ്ങളുടെ നേർക്ക് അമ്പെയ്യുകയുമുണ്ടായി. കുറച്ചു നേരം ഞാൻ അടങ്ങിയിരിക്കുകയും ഞങ്ങൾ യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ലെന്ന് അവരെ അറിയിക്കുകയും ചെയ്തു. അവരതു കേൾക്കുകയോ ആക്രമണം നിറുത്തുകയോ ചെയ്തില്ല. ആകയാൽ, ഞാൻ പ്രത്യാക്രമണം നടത്തുകയും അവരെ പിരിച്ചയക്കുകയും ചെയ്തു." ഖാലിദ്(റ) പറഞ്ഞു.

അന്നേ ദിവസം ഉണ്ടായ ഒരേയൊരു അനഭിലഷണീയ സംഭവം ഇതായിരുന്നു. അങ്ങനെ ഒരു രക്തരഹിതവിപ്ലവത്തിലൂടെ മക്ക കീഴടക്കപ്പെട്ടു. മുഹമ്മദ് മുസ്തഫാ(സ) ജേതാവായി മക്കത്ത് പ്രവേശിച്ചു!

തിരുനബി(സ) എവിടെയാണ് തങ്ങുക എന്നു അവർ അന്വേഷിച്ചപ്പോൾ, "എനിക്ക് താമസിക്കാൻ അഖീൽ വല്ലൊരു വീടും ബാക്കിവെച്ചിട്ടുണ്ടോ?" എന്നു നബി ചോദിച്ചു. അഖീൽ തിരുമേനിയുടെ ഒരു പിതൃസഹോദരപുത്രനായിരുന്നു. നബി(സ) മദീനയിൽ അഭയാർത്ഥിയായി താമസിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ സ്വത്തുക്കളെല്ലാം ബന്ധുക്കൾ വിറ്റുകളഞ്ഞിരുന്നു. തന്റേതെന്നവകാശപ്പെടാൻ തക്ക ഒരു വീടും ബാക്കിയുണ്ടായിരുന്നില്ല. തിരുനബി(സ) പറഞ്ഞു: "ഞാൻ ഹൈഫ് ബനീ കിനാനായിൽ തങ്ങും." ഇതു ഒരു തുറന്ന സ്ഥലമായിരുന്നു. നബി തിരുമേനി(സ)യെ തങ്ങളുടെ ഇഷ്ടത്തിനൊത്ത് പെരുമാറിക്കൊള്ളാൻ തങ്ങൾക്ക് വിട്ടുതരാത്ത പക്ഷം ബനൂഹാശിമുമായും ബനൂ അബ്ദിൽമുത്തലിബുമായും തങ്ങൾക്ക് യാതൊരു ഇടപാടുമില്ലെന്നു ഖുറൈശികളും ബനൂകിനാനാ ഗോത്രവും ഒരുമിച്ചുകൂടി പ്രതിജ്ഞ ചെയ്തതിവിടെവെച്ചായിരുന്നു! ബനൂഅബ്ദിൽ മുത്തലിബുമായും തങ്ങൾക്ക് ഒരു ഇടപാടുമില്ലെന്നും ഖുറൈശികളും ബനൂഹാശിമുമായും തങ്ങൾ യാതൊരു ക്രയവിക്രയവും നടത്തുന്നതല്ലെന്നും അവർ പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനത്തെ തുടർന്നാണ് തിരുനബിയും പിതൃവ്യനായ അബൂത്വാലിബും കുടുംബവും നബിയുടെ അനുയായികളും മക്കക്കാരാൽ ബഹിഷ്ക്കരിക്കപ്പെടുകയും മൂന്നുകൊല്ലക്കാലം അബൂതാലിബ് താഴ്‌വാരത്തിൽ ഉപരോധിക്കപ്പെടുകയും ചെയ്തത്.

ആകയാൽ, മക്കയിൽ തങ്ങുന്നതിന് തിരുമേനി(സ) തിരഞ്ഞെടുത്ത ആ സ്ഥലം പ്രത്യേകം പ്രാധാന്യമുള്ളതായിരുന്നു. മുഹമ്മദിനെ തങ്ങൾക്കേൽപിച്ചു തരുന്നില്ലെങ്കിൽ അബൂത്വാലിബിന്റെ ഗോത്രവുമായി തങ്ങൾ സമാധാനത്തിൽ വർത്തിക്കുകയില്ലെന്ന് മക്കക്കാർ യോഗം ചേർന്നു പ്രമേയം പാസ്സാക്കിയത് അവിടെ വെച്ചായിരുന്നു. ഇന്നിതാ, നബി തിരുമേനി(സ) അതേ സ്ഥാനത്ത് വന്നു നിൽക്കുകയാണ്! അദ്ദേഹം മക്കക്കാരോട് ഇപ്രകാരം പറയുന്നതുപോലെ തോന്നി: "ഇവിടെ ഞാൻ വരണമെന്നല്ലേ നിങ്ങൾ ആവശ്യപ്പെട്ടത്? ഇതാ ഞാൻ വന്നിരിക്കുന്നു! പക്ഷേ, നിങ്ങൾ ആഗ്രഹിച്ചതിൻ പ്രകാരമല്ല; നിങ്ങളുടെ ഒരിരയായും നിങ്ങളുടെ കാരുണ്യത്തിനും ദയക്കും വിധേയനായും ഞാനിവിടെ വരണമെന്നാണല്ലോ നിങ്ങൾ ആഗ്രഹിച്ചത്? പക്ഷേ, ഞാനിന്നു പ്രതാപശാലിയായി തിരിച്ചു വന്നിരിക്കുന്നു. എന്റെ ജനം മാത്രമല്ല, അറേബ്യരാജ്യം മുഴുവനും ഇന്നെന്നോടൊപ്പമാണ്. എന്നെ നിങ്ങൾക്ക് വിട്ടുതരണമെന്ന് നിങ്ങളെന്റെ ഗോത്രത്തോടാവശ്യപ്പെട്ടു. അതിനുപകരം നിങ്ങളെ അവർ എനിക്ക് ഏൽപിച്ചു തന്നിരിക്കുകയാണ്!"

ഈ വിജയദിനം ഒരു തിങ്കളാഴ്ചയായിരുന്നു. നബി തിരുമേനിയും അബൂബക്കർ സിദ്ദീഖും ഥൗർ ഗുഹയിൽനിന്നു മദീനയിലേക്ക് യാത്ര പുറപ്പെട്ടതും ഒരു തിങ്കളാഴ്ചയായിരുന്നു. അന്നേ ദിവസം ഥൗർ മലയിൽനിന്നുകൊണ്ട് മക്കയെ നോക്കി തിരുനബി(സ) ഹൃദയം പൊട്ടുമാറ് ഇപ്രകാരം പറഞ്ഞു: "അല്ലയോ മക്കാ! മറ്റേതൊരിടത്തേക്കാളും നീ എനിക്ക് പ്രിയങ്കരമാണ്. എന്നാൽ, നിന്റെ മക്കൾ എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല!" നബി(സ) ഒട്ടകപ്പുറത്തേറിക്കൊണ്ടാണ് മക്കത്ത് പ്രവേശിച്ചത്.

ഒട്ടകത്തിന്റെ ജീനിത്തുമ്പ് പിടിച്ചുകൊണ്ട് അബൂബക്കർ സിദ്ദീഖ്(റ) ഒപ്പം നടക്കുകയായിരുന്നു. നടന്നുകൊണ്ടിരിക്കെ അദ്ദേഹം ഖുർആനിലെ 'അൽഫത്ഹ്' എന്ന സൂറത്ത് ഓതിക്കൊണ്ടിരുന്നു. എത്രയോ കൊല്ലങ്ങൾക്ക് മുമ്പേതന്നെ മക്കാവിജയത്തെ കുറിച്ച് ആ അധ്യായത്തിൽ പ്രവചനം ചെയ്യപ്പെട്ടിരിക്കുന്നു.

## ബിംബങ്ങൾ തകരുന്നു

തിരുനബി(സ) നേരെ കഅ്ബയിലേക്ക് ഗമിക്കുകയും ഏഴുപ്രാവശ്യം അതിനെ പ്രദക്ഷിണം വെച്ചശേഷം ഒട്ടകപ്പുറത്ത് കയറുകയും ചെയ്തു. ഹദ്റത്ത് ഇബ്റാഹിം നബിയും പുത്രൻ ഹദ്റത്ത് ഇസ്മായിലും ഏകമാത്രനായ സത്യദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി നിർമ്മിച്ചതും അവരുടെ വഴിതെറ്റിയ പിൻമുറക്കാർ ബിംബങ്ങളെ പ്രതിഷ്ഠിച്ചു അശുദ്ധമാക്കിയിരിക്കുന്നതുമായ ആ പുണ്യഭവനത്തെ, ഒരു വടിയും കയ്യിലെടുത്തുകൊണ്ട് അദ്ദേഹം ചുറ്റുകയും ദേവാലയത്തിനകത്തുള്ള 360 വിഗ്രഹങ്ങളെയും ഓരോന്നോരോന്നായി അടിച്ചുടക്കുകയും ചെയ്തു.

ഓരോ വിഗ്രഹം തകർന്നു നിലംപതിക്കുമ്പോഴും "സത്യം വന്നു അസത്യം മറഞ്ഞു പോയി, നിശ്ചയമായും അസത്യം മറഞ്ഞു പോകുന്നതത്രെ" എന്ന ഖുർആൻ വാക്യം തിരുനബി(സ) ഉരുവിട്ടുകൊണ്ടിരുന്നു. ഈ വാക്യം നബി(സ) മക്കയിൽനിന്നു മദീനയിലേക്ക് യാത്രയ്ക്കു പോകുന്നതിനു മുമ്പേ വെളിപ്പെട്ടതും, ബനീ ഇസ്രായീൽ, എന്ന അദ്ധ്യായത്തിൽ ഉൾപ്പെട്ടതുമാകുന്നു. ഈ 'സൂറ'ത്തിൽ ഹിജ്റയെകുറിച്ചും മക്കാവിജയത്തെക്കുറിച്ചും പ്രവചനം ചെയ്യപ്പെട്ടിരുന്നു. ഈ അധ്യായം മക്കയിലവതരിച്ചതാണെന്ന് എല്ലാ യൂറോപ്യൻ എഴുത്തുകാരും സമ്മതിച്ചിട്ടുള്ളതാണ്. മക്കയിൽ നിന്നുള്ള ഒഴിച്ചുപോക്കിനെ കുറിച്ചും മക്കാവിജയത്തെ കുറിച്ചും പ്രവചനമടങ്ങിയ പ്രസ്തുത വാക്യങ്ങൾ താഴെ ചേർക്കുന്നു.

"പറയുക എന്റെ രക്ഷിതാവേ, എന്റെ പ്രവേശം ഉദാരമായ പ്രവേശമായും എന്റെ പുറപ്പാട് ഉത്തമമായ പുറപ്പാടായും നീ ചെയ്യേണമേ! നിന്റേതായ പ്രതാപത്തിൽനിന്ന് നീ എനിക്ക് സഹായശക്തി പ്രദാനം ചെയ്യേണമേ! പറയുക; സത്യം വന്നു അസത്യം മറഞ്ഞു പോയി. നിശ്ചയമായും അസത്യം വേഗത്തിൽ മറഞ്ഞു പോകുന്നു!" (17:81−82)

ഇവിടെ തിരുനബി(സ)ക്ക് പഠിപ്പിക്കപ്പെട്ട ഒരു പ്രാർത്ഥനയിൽ മക്കാവിജയത്തെക്കുറിച്ച് ദീർഘദർശനം ചെയ്തിരിക്കുകയാണ്. മക്കയിലേക്ക് പ്രവേശിക്കുമാറാകുന്നതിനും അവിടെനിന്നു ഉത്തമമായ വിധത്തിൽ പുറപ്പെടുമാറാകുന്നതിനും അസത്യത്തിനുമേൽ സത്യം വ്യക്തമായ തരത്തിൽ വിജയിക്കുമാറാകുന്നതിനും പ്രാർത്ഥിക്കുന്നതിനുവേണ്ടി തിരുനബി(സ) ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രവചനം ഒരു യാഥാർത്ഥ്യമായി പുലർന്നു. ആകയാൽ, ഖുർആനിക വചനങ്ങൾ അബൂബക്കർ(റ) ഓതിക്കൊണ്ടിരുന്നതു എത്രയും ഉചിതമായിട്ടുണ്ട്. അതു മുസ്ലിംകൾക്ക് ആത്മവീര്യം നൽകുകയും ദൈവത്തിനെതിരിൽ പൊരുതുന്നത് നിഷ്ഫലമാണെന്ന് മക്കക്കാരെ ബോധ്യപ്പെടുത്തുകയും തിരുനബിക്ക് ദൈവം നൽകിയ വിജയവാഗ്ദാനങ്ങളെ കുറിച്ച് അവരെ അനുസ്മരിപ്പിക്കുകയും ചെയ്തു. മക്കാ വിജയത്തോടുകൂടി കഅ്ബാ ദേവാലയം ആയിരമായിരം കൊല്ലങ്ങൾക്ക് മുമ്പേ ഹദ്റത്ത് ഇബ്റാഹിം(അ) ഏതൊരു പാവനമായ ഉദ്ദേശ്യാർത്ഥമാണോ ആ വിശുദ്ധഗേഹം പണിതത് ആ ഉദ്ദേശ്യത്തിനുതന്നെ വീണ്ടും തുറന്നു വെക്കപ്പെട്ടു. ഏകമാത്രനായ സത്യദൈവത്തിന്റെ ആരാധനക്കായി കഅ്ബാ വീണ്ടും ഉപയോഗിക്കപ്പെട്ടുതുടങ്ങി. ആ വിഗ്രഹങ്ങളിലൊന്ന് 'ഹുബൽ' ആയിരുന്നു. തിരുനബി(സ) തന്റെ തിരുകരങ്ങളിലേന്തിയ വടികൊണ്ട് ആ വിഗ്രഹത്തെ അടിച്ചപ്പോൾ അതു കഷണം കഷണമായി നുറുങ്ങി. തദവസരത്തിൽ സുബൈർ(റ) അബൂസുഫിയാനെ നോക്കി. ഉഹുദ് യുദ്ധത്തിലെ സംഭവത്തെ അനുസ്മരിപ്പിച്ചു കൊണ്ട് പുഞ്ചിരി തൂകി: "മുസ്ലിംകൾ ഉഹുദ്മൈതാനിയിൽ പരിക്കുകളേറ്റ് വീണു കിടക്കുകയായിരുന്നപ്പോൾ, 'ഹുബൽ സിന്ദാബാദ്, ഹുബൽ സിന്ദാബാദ്' എന്നാർത്തു വിളിച്ചു കൊണ്ട് അവരുടെ വികാരവ്രണങ്ങളിന്മേൽ നിങ്ങൾ തീ കോരിയിട്ട ആ ദിവസത്തെക്കുറിച്ച് ഓർമ്മയുണ്ടോ?"

അബൂസുഫിയാന്റെ മനസ്സിൽ ഈ കാഴ്ചകളെല്ലാം ആഴത്തിൽ തട്ടി. മുഹമ്മദിന്റെ ദൈവമല്ലാതെ വേറൊരു ദൈവമുണ്ടായിരുന്നെങ്കിൽ അന്നേ ദിവസം തങ്ങൾക്കനുഭവപ്പെട്ട പരാജയവും പതനവും ഒരിക്കലുമൊരിക്കലും സംഭവിക്കുകയില്ലായിരുന്നു എന്നു അബൂസുഫിയാൻ ഏറ്റു പറഞ്ഞു.

തദനന്തരം കഅ്ബയിലെ ഭിത്തികളിന്മേൽ അവർ വരച്ചിട്ട ചിത്രങ്ങളെല്ലാം മായിച്ചു കളയുന്നതിന് തിരുമേനി(സ) കല്പിച്ചു. ഈ കല്പന നൽകിക്കഴിഞ്ഞശേഷം തിരുനബി(സ) ദൈവത്തിന് സ്തുതിയായി രണ്ടു 'റക്അത്ത്' നമസ്കാരമനുഷ്ഠിച്ചു. ചിത്രങ്ങൾ മായ്ക്കുന്നതിനുള്ള ഉത്തരവാദിത്വം ഹദ്റത്ത് ഉമറിനെയാണ് ഏൽപ്പിച്ചിരുന്നത്. ഹദ്റത്ത് ഇബ്റാഹിം (അബ്രഹാം) നബിയുടെ ചിത്രമൊഴിച്ചു ബാക്കിയെല്ലാം അദ്ദേഹം മായ്ച്ചു കളഞ്ഞു. തിരുനബി(സ) പരിശോധനയ്ക്കായി വന്നപ്പോൾ ഈ ചിത്രം കണ്ടു. ഹദ്റത്ത് ഉമറിനെ വിളിച്ചു. അതെന്തിനാണ് മായ്ക്കാതെ വെച്ചതെന്ന് ചോദിച്ചു. ഇബ്റാഹിം(അ) ജൂതനോ ക്രിസ്ത്യനോ അല്ല. ചൊവ്വായ മാർഗ്ഗത്തിൽ ചരിച്ച അനുസരണമുള്ള ഒരു മുസ്ലിം ആയിരുന്നു എന്നുള്ള ഖുർആന്റെ സാക്ഷീകരണം (3:68) ഓർക്കുന്നില്ലേ?

ഏക ദൈവസിദ്ധാന്തത്തെ ഉയർത്തിപ്പിടിച്ച ഹദ്റത്ത് ഇബ്റാഹിം നബിയുടെ ചിത്രം കഅ്ബാ ദേവാലയത്തിന്റെ ഭിത്തികളിൽ വരച്ച് വെച്ചത് ആ മഹാത്മാവിന്റെ സ്മരണയോടുള്ള അങ്ങേയറ്റത്തെ അനാദരവായിരുന്നു. ഹദ്റത്ത് ഇബ്റാഹീമിനെ ദൈവത്തോടൊപ്പം ആരാധിക്കുന്നതിന് തുല്യമായിരുന്നു അത്.

ആ ദിവസം സ്മർത്തവ്യമായ ഒരു ദിവസമായിരുന്നു. ദൈവികമായ അടയാളങ്ങളുടെ ദിവസം! ഒരു കാലത്ത് അസംഭവ്യങ്ങളും അസാധ്യങ്ങളുമായി കരുതപ്പെട്ടിരുന്ന അടയാളങ്ങൾ ഒടുവിൽ അന്നേ ദിവസം പൂർത്തിയായി. തിരുനബി(സ) അളവറ്റ ബഹുമാനാദരങ്ങളുടെയും വിശ്വാസത്തിന്റെയും കേന്ദ്രമായിത്തീർന്നു. തിരുനബിയിൽ കൂടി അല്ലാഹു വെളിപ്പെട്ടു. അതുവഴി ദൈവം ഒരിക്കൽക്കൂടി അവന്റെ മുഖം ലോകത്തിനു കാണിച്ചു കൊടുത്തു. തിരുനബി(സ) 'സംസം' കിണറ്റിലെ വെള്ളം കൊണ്ടുവരാൻ പറഞ്ഞു. അതിൽനിന്നു അദ്ദേഹം അൽപം കുടിക്കുകയും ബാക്കി കൊണ്ട് 'വുളു' ചെയ്യുകയും ചെയ്തു. തിരുനബിയുടെ വ്യക്തിത്വത്തോടു മുസ്ലിംകൾക്കുള്ള അളവറ്റ ഭക്ത്യാദരങ്ങൾ കാരണം അവർ ഒരൊറ്റ തുള്ളി വെള്ളം പോലും പുറത്തു പോകാത്ത നിലയിൽ അവയെ തങ്ങളുടെ കൈകുമ്പിളുകളിൽ ശേഖരിക്കുകയും തങ്ങളുടെ ശരീരം നനയ്ക്കുകയും ചെയ്തു. ഈ സംഭവങ്ങൾ കണ്ടു നിന്ന വിഗ്രഹാരാധകർ, ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. സ്വന്തം ജനങ്ങളുടെ ഭക്തി ബഹുമാനങ്ങൾക്ക് ഇത്രയേറെ പാത്രീഭൂതനായ ഒരു രാജാവിനെയും തങ്ങൾ ഭൂമിയിലൊരിടത്തും ഒരിക്കലും കണ്ടിട്ടില്ലെന്നു!" (ഹൽബിയ്യ, വാള്യം 3, പു 99)

## പൊതുമാപ്പ്

എല്ലാം കഴിഞ്ഞ ശേഷം തിരുനബി(സ) മക്കക്കാരെ അഭിമുഖീകരിച്ചു സംസാരിച്ചു: "ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര സത്യമായ തരത്തിലാണു പൂർത്തിയായിരിക്കുന്നതെന്ന് നിങ്ങൾ കണ്ടു കഴിഞ്ഞു. ഏകമാത്രനായ ആ സത്യദൈവത്തെ ആരാധിക്കാൻ നിങ്ങളെ ക്ഷണിച്ചുവെന്ന ഏകകുറ്റത്തിന് മുസ്ലിംകളോട് നിങ്ങൾ കാണിച്ച ക്രൂരകൃത്യങ്ങൾക്കും അതിക്രമങ്ങൾക്കും പകരമായി നിങ്ങൾക്ക് എന്തു ശിക്ഷയാണ് നൽകേണ്ടതെന്ന് പറയാമോ?"

ഇതിനു മക്കക്കാർ മറുപടി നൽകി: "യൂസുഫ് തന്റെ തെറ്റു ചെയ്ത സഹോദരരോട് എപ്രകാരം വർത്തിച്ചുവോ അപ്രകാരം അങ്ങ് ഞങ്ങളോട് വർത്തിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു!"

മക്കാവിജയത്തിന് പത്തു കൊല്ലങ്ങൾക്കു മുമ്പേ വെളിപ്പെട്ട ഖുർആനിലെ 'യൂസുഫ്' എന്ന അധ്യായത്തിൽ പ്രയുക്തമായ അതേ വാക്കുകളാണ് തങ്ങൾക്ക് മാപ്പ് നൽകേണമെന്ന അഭ്യർത്ഥനയിൽ മക്കക്കാർ ഉപയോഗിച്ചതെന്നത് എത്രയും ആശ്ചര്യവഹമായ ആകസ്മിക സംഭവം തന്നെയാണ്. യൂസുഫ്(അ) തന്റെ പിഴച്ച സഹോദരൻമാരോടു പെരുമാറിയ പ്രകാരം തന്നെ തിരുനബി(സ) മർദ്ദകരായ മക്കക്കാരോടും പെരുമാറുമെന്ന് ഈ അധ്യായത്തിൽ പറയുന്നു. യൂസുഫ്നബി(അ) തന്റെ സഹചരരോട് പെരുമാറിയതുപോലെ പെരുമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് നബി തിരുമേനി(സ) യൂസുഫ് നബിക്ക് സമമാണെന്നും യൂസുഫ് നബിക്ക് സ്വസഹോദരുടെ മേൽവിജയം ലഭിച്ചതുപോലെ നബി തിരുമേനിക്ക് വിജയം ലഭിച്ചുകഴിഞ്ഞിരിക്കയാണെന്നും മക്കക്കാർ സമ്മതിച്ചു.

മക്കക്കാരുടെ ഈ അഭ്യർത്ഥന കേട്ട ഉടനെ തിരുനബി(സ) പ്രഖ്യാപിച്ചു, "അല്ലാഹുവാണ, ഇന്നേ ദിവസം നിങ്ങളുടെമേൽ യാതൊരു ശിക്ഷയും യാതൊരു കുറ്റാരോപണവുമില്ല!" (ഹിശാം).

തിരുനബി(സ) അല്ലാഹുവിനു സ്തുതി പറഞ്ഞുകൊണ്ടിരിക്കുകയും കഅ്ബക്കകത്ത് മറ്റു കർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും മക്കക്കാരോടു മറക്കുകയും പൊറുക്കുകയും ചെയ്തതായി പ്രഖ്യാപിച്ചു കൊണ്ടിരിക്കുകയും ചെയ്യവെ മദീനാ മുസ്ലിംകളായ 'അൻസ്വാരി'കളുടെ ഹൃദയങ്ങളിൽ ആശങ്കകൾ ഉയർന്നു തുടങ്ങി. മക്കക്കാരായ മുസ്ലിംകൾ സ്വഭവനങ്ങളിലേക്ക് തിരിച്ചു വരുകയും, ആട്ടിപ്പായിച്ചവരും ആട്ടിപ്പുറത്താക്കപ്പെട്ടവരുമെല്ലാം അന്യോന്യം സൗമ്യമായി പെരുമാറിത്തുടങ്ങുകയും ചെയ്യുന്ന കാഴ്ചകൾ കണ്ടു മദീനക്കാരായ മുസ്ലിംകളിൽ പലരും അസ്വസ്ഥചിത്തരായി. ഇസ്ലാമിനു ഒന്നാമതായി ഒരഭയ കേന്ദ്രം നൽകിയവരും പിൽക്കാലത്തു തിരുനബിയുടെ കൂട്ടാളികളായിരുന്നവരുമായ തങ്ങളിൽനിന്നു നബിവര്യൻ ദൂരപ്പെടുവാൻ പോകയാണോ? നബി തിരുമേനി(സ)ക്ക് മക്ക അധീനപ്പെടുകയും അദ്ദേഹത്തിന്റെ സ്വന്തം ഗോത്രം ഇസ്ലാമിനെ പുണരുകയും ചെയ്തിരിക്കുന്ന ഈ ഘട്ടത്തിൽ അവരുടെ ആശങ്കകൾ അസ്ഥാനത്തായിരുന്നില്ല. നബി(സ)തിരുമേനി മക്കയിൽതന്നെ താമസമാക്കാൻ ഒരുപക്ഷേ ആശിച്ചിരുന്നിരിക്കാം. അൻസ്വാരികളുടെ ഈ ഭയാശങ്കകളെ കുറിച്ചു അല്ലാഹു തിരുനബി(സ) ക്ക് അറിവു നൽകി. അദ്ദേഹം അൻസ്വാരികളെ നോക്കിക്കൊണ്ടു പറഞ്ഞു, "ജനിച്ചുവളർന്ന നഗരത്തോടുള്ള സ്നേഹാതിരേകവും സ്വന്തം ഗോത്രത്തോടുള്ള കെട്ടുപാടുകളും കാരണം മുഹമ്മദ് അസ്വസ്ഥനായിരിക്കയാണെന്നു നിങ്ങൾ കരുതുകയാണല്ലേ?"

"അതു വാസ്തവമാണ് നബിയേ! ഞങ്ങളതാണ് ആലോചിച്ചു പോയത്!" മദീനാ മുസ്ലിംകൾ മറുപടി നൽകി.

തിരുനബി(സ) പറഞ്ഞു: "ഞാനാരെന്നറിയാമോ? ദൈവത്തിന്റെ ദാസനും ദൂതനുമാണ് ഞാൻ! നിങ്ങളെ എനിക്കെങ്ങനെ ഉപേക്ഷിക്കാൻ കഴിയും? അല്ലാഹുവിന്റെ ദീനിനു ഭൂമിയിൽ രക്ഷയും സമാധാനവും ഇല്ലായിരുന്നപ്പോൾ നിങ്ങൾ എന്നോടൊപ്പം നിന്നു. നിങ്ങളെവിട്ടു ഞാനെങ്ങനെ മറ്റൊരിടത്തു വാസമുറപ്പിക്കും. അല്ലയോ അൻസ്വാരി! അതൊരിക്കലും സംഭവിക്കുക

യില്ല. ഞാൻ അല്ലാഹുവിനുവേണ്ടിയത്രെ മക്ക വിട്ടത്. ഇനി വീണ്ടും അവിടെയ്ക്കു തന്നെ മടങ്ങിപ്പോരാൻ എനിക്കാവുകയില്ല. ഞാൻ നിങ്ങളോടൊപ്പം ജീവിക്കുകയും നിങ്ങളുടെ ഇടയിൽ വെച്ചു തന്നെ മരിക്കുകയും ചെയ്യും."

നിസ്വാർത്ഥമായ സ്നേഹത്തിന്റെയും നിഷ്കർഷമായ കൂറിന്റെയും ഈ ബഹിർപ്രകടനം മദീനാമുസ്‌ലിംകളെ രോമാഞ്ചം കൊള്ളിച്ചു. ദൈവത്തിലും നബിയിലും തങ്ങളിപ്രകാരം അവിശ്വാസം കാണിച്ചതിൽ അവർ ലജ്ജിച്ചു തല താഴ്ത്തുകയും പൊട്ടിക്കരഞ്ഞു കൊണ്ട് മാപ്പിനിരക്കുകയും ചെയ്തു. നബിതിരുമേനി(സ) മദീന വിട്ടു പോകുന്ന പക്ഷം തങ്ങൾക്ക് മനഃശാന്തിയും സമാധാനവുമുണ്ടാകുകയില്ലെന്നവർ അറിയിച്ചു. മദീനക്കാരുടെ ഭയാശങ്കകൾ തനിക്ക് മനസ്സിലാക്കാൻ കഴിയുമെന്നും അവരുടെ വിശദീകരണത്തിൽ അല്ലാഹുവും റസൂലും തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും അവരുടെ നിരപരാധിത്വവും ഹൃദയശുദ്ധിയും തനിക്ക് ബോധ്യപ്പെട്ടിരിക്കുന്നുവെന്നും നബി(സ) തിരുമേനി പറഞ്ഞു

ഈ അവസരത്തിൽ മക്കക്കാരുടെ ഹൃദയങ്ങളിൽ എന്തെന്തെല്ലാം വികാരങ്ങൾ അലയടിച്ചിരിക്കയില്ല! അവർ ആദരാശ്രുക്കൾ പൊഴിച്ചിരുന്നില്ലെന്നതു നേരാണ്. എന്നാൽ, അവരുടെ ഹൃദയങ്ങൾ ഖേദവും പശ്ചാത്താപവും നിമിത്തം വിങ്ങി വിങ്ങി കൊണ്ടിരുന്നിരിക്കണം.

സ്വന്തം നാട്ടിന്റെ മണ്ണിൽ വിളഞ്ഞു കിട്ടിയ ഈ വിലമതിക്കാനാവാത്ത വൈഢൂര്യത്തെ സ്വന്തം കരങ്ങൾകൊണ്ടു തന്നെ അവർ വലിച്ചെറിഞ്ഞുകളയുകയല്ലേ ചെയ്തത്?

അതെ, തിരുനബി(സ) മക്കയിലേക്ക് തിരിച്ചു വന്നിട്ടു വീണ്ടും മദീനയിലേക്ക് തന്നെ മടങ്ങിപ്പോകാൻ തീർച്ചയാക്കിയിരുന്നതിനാൽ അവർക്കു ദുഃഖിച്ചു കൊണ്ടിരിക്കാൻ വേണ്ടുവോളം കാരണമുണ്ടായിരുന്നു!

## ഇക്‌രിമയുടെ പരിവർത്തനം

പൊതുമാപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ടതിൽ ചിലർക്ക് സ്വഹാബിമാരുടെ ശിപാർശയനുസരിച്ച് മാപ്പ് നൽകിയിരുന്നു. അങ്ങനെ മാപ്പു നൽകപ്പെട്ടവരിൽ ഒരാളായിരുന്നു അബൂജഹ്ലിന്റെ മകനായ ഇക്‌രിമ. ഇക്‌രിമയുടെ ഭാര്യ വിശ്വാസിനിയായിരുന്നു. ഇക്‌രിമക്ക് പൊറുത്തു കൊടുക്കണമെന്നു അവർ തിരുമേനിയോടപേക്ഷിച്ചു. അങ്ങനെ തിരുനബി(സ) മാപ്പ് നൽകി. ആ അവസരത്തിൽ ഇക്‌രിമ അബ്സീനിയയിലേക്ക് ഓടിപ്പോകാൻ വട്ടം കൂട്ടുകയായിരുന്നു. ഭാര്യ അദ്ദേഹത്തെ പിന്തുടർന്നു. കപ്പലിൽ കയറാൻ ഭാവിക്കുകയായിരുന്നപ്പോൾ ഭാര്യ തടുത്തുകൊണ്ടു പറഞ്ഞു: "നബിയെപ്പോലെ മൃദുലഹൃദയനായ ഒരാളിൽ നിന്നും താങ്കൾ ഓടിപ്പോവുകയാണോ?"

ഇക്‌രിമ സാശ്ചര്യം ചോദിച്ചു, നബി(സ) തനിക്ക് മാപ്പു നൽകുമെന്നു ഹൃദയപൂർവ്വം വിശ്വസിക്കുന്നുണ്ടോ എന്നു ഇക്‌രിമയെപ്പോലുള്ള ഒരാൾക്ക് കൂടിയും മാപ്പു നൽകാൻ നബി തിരുമേനി(സ) തയ്യാറായിരിക്കുമെന്നു ഭാര്യ ഉറപ്പ് നൽകി. യഥാർത്ഥത്തിൽ അവർ നേരത്തെ തന്നെ തിരുമേനിയിൽ നിന്നും ഈ കാര്യത്തിൽ ഉറപ്പ് വാങ്ങിയിട്ടുണ്ടായിരുന്നു. അബ്സീനിയയിലേക്ക് ഓടിപ്പോകാനുള്ള ആലോചന ഇക്‌രിമ ഉപേക്ഷിച്ചു. നബിതിരുമേനിയുടെ ദിവ്യ സവിധത്തിൽ ഹാജരായി.

"എന്നെപ്പോലെയുള്ള ഒരുത്തനു കൂടി അങ്ങ് മാപ്പ് നൽകിയിരിക്കയാണെന്ന് എന്റെ ഭാര്യ മുഖേന ഞാൻ അറിഞ്ഞു." ഇക്‌രിമ പറഞ്ഞു.

"അതെ, നിങ്ങളുടെ ഭാര്യ പറഞ്ഞത് നേരാണ്; ഞാൻ യഥാർത്ഥത്തിൽ നിങ്ങൾക്ക് മാപ്പാക്കിയിരിക്കുന്നു!"

തന്റെ ഒരു ബദ്ധവൈരിക്കുപോലും മാപ്പ് നൽകാൻ കഴിവുള്ള ഒരാൾ ഒരിക്കലുമൊരിക്കലും ഒരു കള്ളവാദിയായിരിക്കാവതല്ലെന്നു ഇക്‌രിമ മനസ്സിലാക്കുകയും അതോടെ താൻ ഇസ്ലാം മതം സ്വീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. "ദൈവം ഏകനാണെന്നും അവനു പങ്കുകാരനില്ലെന്നും അങ്ങ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം ചൊല്ലുന്നു" എന്നു ഇക്‌രിമ ഏറ്റു പറഞ്ഞു. ലജ്ജാഭാരത്താൽ അദ്ദേഹം നമ്രമുഖനായി. തിരുനബി(സ) അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഇക്‌രിമ! ഞാൻ നിങ്ങൾക്ക് പൊറുത്തു തന്നിരിക്കുന്നു! എന്നു മാത്രമല്ല നിങ്ങളോടുള്ള ബഹുമാനത്തിന്റെ സൂചനയായി എന്നിൽനിന്നും ഒരു വരം ആവശ്യപ്പെട്ടു കൊള്ളാമെന്നു കൂടി അറിയിക്കുന്നു!"

ഇക്‌രിമ ഉത്തരം പറഞ്ഞു; "എനിക്കുവേണ്ടി അങ്ങ് ദൈവത്തോടു പ്രാർത്ഥിക്കുകയും ഞാൻ അങ്ങയോടു ചെയ്തു പോയിട്ടുള്ള അതിക്രമങ്ങളും കഠിനക്രിയകളും എന്തു തന്നെയായാലും അവയെല്ലാം എനിക്ക് പൊറുത്തു തരാനായി അല്ലാഹുവിനോട് അർത്ഥിക്കുകയും ചെയ്യേണമെന്നല്ലാതെ ഈയുള്ളവൻ എന്താവശ്യപ്പെടാനാണ്!"

ഈ അഭ്യർത്ഥന കേട്ടമാത്രയിൽ തിരുദൂതൻ (സ)കൈകളുയർത്തിക്കൊണ്ടു പ്രാർത്ഥിച്ചു: "ഓ ദൈവമേ, എനിക്കെതിരായി ഇക്‌രിമ വെച്ചു പുലർത്തിയ ശത്രുതയ്ക്ക് നീ തന്നെ മാപ്പ് കൊടുത്താലും. ഇക്‌രിമയുടെ അധരങ്ങളിൽ നിന്നു തിർന്ന എല്ലാ ചീത്തവാക്കുകൾക്കും നീ അദ്ദേഹത്തിന് മാപ്പ് നൽകിയാലും!"

പിന്നീടു തിരുനബി(സ) എഴുന്നേറ്റു തന്റെ മേലങ്കി ഊരി ഇക്‌രിമയെ പുതപ്പിച്ചു കൊണ്ടു പറഞ്ഞു: "ദൈവത്തിൽ വിശ്വസിച്ച നിലയിൽ എന്നക്കൊള്ളെ ആരുതന്നെവന്നാലും അയാൾ എന്നോടു കൂടിയുള്ളവനാകുന്നു. എന്റെ ഭവനം എന്റേതെന്നപോലെ അയാളുടെതുമാകുന്നു."

ഇക്‌രിമയുടെ ഈ മാനസാന്തരം അനേകം കൊല്ലങ്ങൾക്കു മുമ്പേ തിരുനബി(സ) അരുളിയ ഒരു പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു. നബി(സ) സ്വഹാബികളോടു ഒരിക്കൽ അരുളുകയുണ്ടായി: "ഞാനൊരിക്കൽ ഒരു ദർശനത്തിൽ ഇപ്രകാരം കണ്ടു. ഞാൻ സ്വർഗ്ഗത്തിലായിരുന്നു. ഞാൻ അവിടെ ഒരു കൂട്ടം മുന്തിരിങ്ങാക്കുലകൾ കണ്ടു. ആ മുന്തിരിക്കുലകൾ ആർക്കു വേണ്ടിയാണെന്നു അന്വേഷിച്ചപ്പോൾ, 'അബൂജഹ്‌ലിനു വേണ്ടി' എന്നു ആരോ മറുപടി നൽകി." ഇക്‌രിമയുടെ പരിവർത്തനമുണ്ടായപ്പോൾ ഈ ദർശനത്തെ അനുസ്മരിപ്പിച്ചു കൊണ്ടു തിരുമേനി(സ) പറയുകയുണ്ടായി, "തനിക്ക് ആദ്യം ആ ദർശനത്തിന്റെ അർത്ഥം മനസ്സിലായിരുന്നില്ലെന്നു. സത്യവിശ്വാസികളുടെ പ്രഖ്യാപിത ശത്രുവായ അബൂജഹ്ൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും അയാൾക്കു മുന്തിരിങ്ങാക്കുലകൾ ലഭിക്കുകയും ചെയ്യുന്നതെങ്ങനെ?" തിരുനബി(സ) പറഞ്ഞു: "എന്നാലിപ്പോൾ എന്റെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. മുന്തിരിങ്ങാക്കുലകൾ ഇക്‌രിമക്ക് വേണ്ടിയുള്ളതായിരുന്നു. മകനു പകരം പിതാവിനെയാണ് ഞാൻ കണ്ടതെന്നു മാത്രം. ദർശനത്തിലും സ്വപ്നങ്ങളിലും ഇതു സാധാരണമാണ്." (ഹൽബിയ്യ, വാല്യം 3,പു,104)

പൊതുമാപ്പിൽനിന്ന് ഒഴിച്ചു നിറുത്തുകയും വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും ചെയ്തിട്ടുള്ളവരിൽ ഒരാൾ തിരുനബിയുടെ പ്രിയ പുത്രി സയ്നബയുടെ ദാരുണമായ കൊലപാതകത്തിനുത്തരവാദിയായ ആളുമായിരുന്നു. ഇയാളുടെ പേർ ഹബ്ബാർ എന്നത്രെ. സയ്നബിന്റെ ഒട്ടകത്തിന്റെ ജീനി ഇയാൾ അറുത്തുകളഞ്ഞതിനെ തുടർന്നു അവർ നിലത്തുവീണു. അതോടെ സയ്നബയുടെ ഗർഭം അലസിപ്പോയി. കുറച്ചു കഴിഞ്ഞപ്പോൾ ചരമം പ്രാപിക്കുകയും ചെയ്തു. ഈ മനുഷ്യത്വരഹിതമായ നിഷ്ഠൂരകൃത്യത്തിന് കൊല തന്നെയാണ് അയാൾക്ക് ശിക്ഷ നൽകേണ്ടിയിരുന്നത്. ഇയാൾ തിരുനബിയുടെ അടുക്കൽ വന്നു പറഞ്ഞു: "നബിയേ, ഞാൻ ഓടിപ്പോയതിനു ശേഷം ഇറാനിലെത്തി. പക്ഷേ, ദൈവങ്ങളുടെ ബഹുദൈവാരാധനാപരമായ വിശ്വാസങ്ങളെല്ലാം അകറ്റുകയും ആത്മീയമരണത്തിൽ നിന്നു രക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്ന ബോധം എനിക്കുണ്ടായി. ആകയാൽ മറ്റാരുടെയെങ്കിലും അടുക്കൽ പോയി രക്ഷ തേടുന്നതിനുപകരം തിരുസവിധത്തിൽ ഹാജരായി എന്റെ തെറ്റുകുറ്റങ്ങളേറ്റ് പറഞ്ഞു മാപ്പിരക്കുകയാണ് വേണ്ടതെന്നു എനിക്കു തോന്നി."

തിരുനബി(സ) ഇതുകേട്ടപ്പോൾ പറഞ്ഞു: "ഹബ്ബാർ! അല്ലാഹു നിങ്ങളുടെ ഹൃദയത്തിൽ ഇസ്ലാമിനോടുള്ള സ്നേഹം നട്ടിരിക്കെ ഞാനെങ്ങനെയാണ് പൊറുത്തു തരാതിരിക്കുക? ഇതിനു മുമ്പേ നിങ്ങൾ ചെയ്ത എല്ലാ കടുംകൈകളും ഞാനിതാ പൊറുത്തിരിക്കുന്നു."

ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എതിരായി മക്കക്കാർ ചെയ്ത നിഷ്ഠൂരകൃത്യങ്ങളും അതിക്രമങ്ങളും വിവരിക്കാൻ പ്രയാസം! എന്നിട്ടും എത്ര ക്ഷണത്തിലാണ് തിരുനബി(സ) ഇവർക്കെല്ലാം പൊറുത്തുകൊടുത്തത്! ഈ ഹൃദയവിശാലതയും ഈ ആർദ്രതയും തന്നെയാണ് ശിലാഹൃദയരായ ശത്രുക്കളെപോലും തിരുനബിയുടെ ഭക്തശിഷ്യരാക്കി മാറ്റിയത്.

☼

## അധ്യാപനങ്ങൾ

1. "വിഭാഗ്യതയിലേക്കു ക്ഷണിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ല. അതിനുവേണ്ടി യുദ്ധം ചെയ്യുന്നവനും അതിൽ മരണം വരിക്കുന്നവനും നമ്മുടെ മാർഗം പുൽകിയവനുമല്ല."(അബൂദാവൂദ്)

2. "ഒരിക്കൽ തബൂക്കിൽവച്ച് ഒരു അൻസ്വാരിയുമായി വഴക്കു കൂടിയ മുഹാജിർ അയാളെ അടിച്ചു. ഇരു വിഭാഗവും ആളെക്കൂട്ടി. ഇതറിഞ്ഞ നബി(സ)പറഞ്ഞു: 'തീർച്ചയായും ഇത് ദുർഗന്ധം വമിക്കുന്ന ജാഹിലിയ്യാ കാലഘട്ടത്തിലെ ദുഷിച്ച സംസ്കാരമാണ്. അതിനാൽ നിങ്ങളിതു വെടിയുക."(ബുഖാരി,മുസ്‌ലിം)

3. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'ആരുടെ കൈയിൽനിന്നും നാവിൽനിന്നും മുസ്‌ലിംകൾ സുരക്ഷിതരായിരിക്കുന്നുണ്ടോ അവനാണ് യഥാർത്ഥ മുസ്‌ലിം.' (ബുഖാരി ).

4. "ആരിൽനിന്നും സകല മനുഷ്യരും സമാധാനത്തിലായിരിക്കുന്നുണ്ടോ അവനാണ് മുഅ്മിൻ അഥവാ വിശ്വാസി" (അഹ്മദ്).

5. "ഒരിക്കൽ ഖുറയ്ശികളോടു പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ശരീരം നരകത്തിൽ നിന്ന് രക്ഷിക്കുവിൻ. നിങ്ങൾക്കായി അല്ലാഹുവിന്റെ അടുക്കൽ എന്തെങ്കിലും നേടിത്തരാൻ എനിക്കു സാധ്യമല്ല. എന്നാൽ, നിങ്ങളുമായുള്ള കുടുംബ ബന്ധം ഞാൻ നനച്ചു വളർത്തുക തന്നെ ചെയ്യും." (മുസ്‌ലിം)

# മുഹമ്മദുനബി ﷺ യുടെ ജീവിതത്തിൽനിന്ന് ചില നുറുങ്ങുകൾ

### മർദിതരുടെ അവകാശം

❋ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ നബി (സ)യ്ക്ക് അതിയായ സന്തോഷം ഉണ്ടായിരുന്നു. പീഡിതരെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു സംഘടനയായിരുന്നു ഹിൽഫുൽ ഫുളൂൽ. അറബ് ഗോത്രങ്ങൾ മക്കാ നഗരത്തിന് ഭീഷണിയായിത്തീർന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ അവസരത്തിൽ സുബയ്ർ ബിൻ അബ്ദുൽ മുത്ത്വലിബ്, അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ വീട്ടിൽ ഹാശിം, സുഹ്റ, തൈം ഗോത്രങ്ങളെ വിളിച്ചു വരുത്തി ഒരു സദ്യ നല്കി. അവർ അവിടെവച്ച് അല്ലാഹുവിന്റെ പേരിൽ ഒരു പ്രതിജ്ഞയെടുത്തു. മർദിതരുടെ അവകാശങ്ങൾക്കുവേണ്ടി എന്നെന്നും അവരോടൊപ്പം നിലയുറപ്പിക്കുമെന്നായിരുന്നു പ്രതിജ്ഞ. ഇതിന് ഹിൽഫുൽഫുളൂൽ എന്ന് അറബികൾ പേരു കൊടുത്തു. ഈ സംരംഭത്തിൽ മുഹമ്മദും സന്നിഹിതനായിരുന്നു. ആ സഖ്യത്തെപ്പറ്റി ആ മഹാത്മാവ് പറയുമായിരുന്നു: 'ഇബ്നു ജുദ്ആന്റെ വീട്ടിൽ ഞാൻ പങ്കെടുത്ത സഖ്യത്തെ ചെമന്ന ഒട്ടകങ്ങളെക്കാൾ ഞാൻ വിലമതിക്കുന്നു.അത്തരത്തിലുള്ള സംരംഭത്തിന് ഇനിയും ക്ഷണം കിട്ടുന്ന പക്ഷം ഞാനത് നിശ്ചയമായും സ്വീകരിക്കും.'

❋ ഇറശ് ഗോത്രത്തിലെ ഇബ്നുൽഗൗസിൽനിന്ന് ഉമർ ബിൻ ഹിശാം എന്ന അബൂജഹ്ൽ ഒരു ഒട്ടകം വിലയ്ക്കു വാങ്ങി. പക്ഷേ, അയാൾ പണം കൊടുത്തില്ല. അറാശി, ഖുറയ്ശികളുടെ സംഘത്തിൽ വന്ന് സഹായം തേടി. അയാൾ പറഞ്ഞു: 'എനിക്കിവിടെ പരിചയമില്ല. ഉമർ എനിക്കു പണം തരാനുണ്ട്. എനിക്കു തരാനുള്ളത് വാങ്ങിത്തരാൻ നിങ്ങളിലാരെങ്കിലുമുണ്ടോ?' അവർ പറഞ്ഞു, 'നീ മുഹമ്മദിന്റെ അടുക്കൽ പോകുക.' ഖുറയ്ശീ നേതാക്കന്മാർ എന്താണ് സംഭവിക്കുന്നതെന്നു നോക്കാൻ അദ്ദേഹത്തിന്റെ പിന്നാലെ ഒരാളേയും അയച്ചു........അങ്ങനെ പണവുമായി തിരിച്ചു വന്ന അറാശി, ഖുറയ്ശീ നേതാക്കന്മാരോടു പറഞ്ഞു: 'അല്ലാഹു മുഹമ്മദിന് പ്രതിഫലം നല്കുമാറാകട്ടെ, അദ്ദേഹം എനിക്കു എന്റെ പണം മടക്കിത്തരിച്ചു.' ആ സമയത്ത് ഖുറയ്ശികൾ അയച്ച ആളും അവിടെ വന്നെത്തി. അയാൾ പറഞ്ഞു: 'ഇന്നു ഞാൻ അത്ഭുതകരമായൊരു ദൃശ്യം കണ്ടു. അവിടെച്ചെന്നപ്പോൾ മുഹമ്മദ്, ഉമറിനോടു അറാശിയ്ക്കു കൊടുക്കാനുള്ളത് കൊടുക്കാൻ പറഞ്ഞു. അയാളുടനെ പണം കൊണ്ടു കൊടുത്തു.' അല്പം കഴിഞ്ഞതേയുള്ളു, ഉമർ ബിൻ ഹിശാം എന്ന അബൂജഹ്ലും അവിടെ എത്തി. 'നിനക്കു എന്തു പറ്റി'യെന്ന് ഓരോരുത്തരും അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു, 'മുഹമ്മദിന്റെ ശബ്ദം കേട്ടപാടെ എനിക്കു ഭയമുണ്ടായി. വെളിയിൽ വന്നു നോക്കിയപ്പോൾ മുഹമ്മദിന്റെ തലയുടെ അടുത്ത് രക്ത ദാഹിയായ ഒട്ടകം. ഞാൻ നിഷേധിച്ചിരുന്നെങ്കിൽ അതെന്നെ കടിച്ചു കീറുമായിരുന്നു.' (ഇബ്നുഹിശാം)

### ഹദ്റത്ത് ഖദീജായുടെ സാക്ഷ്യം

❋ നബി(സ)തിരുമേനിയുടെ സഹധർമണി ഹദ്റത്ത് ഖദീജ(റ) ആദ്യ വെളിപാടിറങ്ങിയപ്പോൾ ആ മഹാത്മാവിന്റെ സവിശേഷ സ്വഭാവത്തിന് നല്കിയ സാക്ഷ്യം സമസൃഷ്ടികളോടുള്ള അനുകമ്പ വിളിച്ചോതുന്നതാണ്. വല്ലാഹി ലാ യുഖ്സീക്കല്ലാഹു അബദാ. അല്ലാഹുവാണ! അങ്ങയെ അവനൊരിക്കലും അപമാനിക്കുകയില്ല. ഇന്നക്ക ലതസ്വിലുർറഹിമ. അങ്ങ് കുടുംബബന്ധം പുലർത്തുന്നു. വ തഹ്മിലുൽകല്ല പരാശ്രയരുടെ ഭാരം ചുമക്കുന്നു. വ തക്സിബുൽമഅ്ദൂമ അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം നല്കുന്നു വതഖ്രിൽളളയ്ഫ അതിഥികളെ സൽക്കരിക്കുന്നു. വ തുഈനു അലാ നവായിബിൽഹഖ്ഖി വിപൽഘട്ടങ്ങളിൽ ശരിയായ സഹായം നല്കുന്നു. (ബുഖാരി).

### സൃഷ്ടികളോടുള്ള കാരുണ്യം

❋ ഹദ്റത്ത് അബൂഖത്താദ (റ) നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ചിലപ്പോൾ ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. അപ്പോഴായിരിക്കും കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുന്നത്. ആ കുഞ്ഞുങ്ങളുടെ മാതാക്കൾക്ക് വിഷമം നേരിടാതിരിക്കാൻ ഞാൻ എന്റെ നമസ്കാരം ലഘൂകരിക്കും.' (ബുഖാരി)

❋ ഒരിക്കൽ നബി(സ)തിരുമേനിയ്ക്ക് ആരോ 10 ദർഹം കൊടുത്തു. തുണിക്കച്ചവടക്കാരൻ വന്നപ്പോൾ നബി(സ) 4 ദർഹം കൊടുത്ത് ഒരു കുപ്പായം വാങ്ങി. ആ കുപ്പായം ഇട്ടുകൊണ്ട് നബി(സ)തിരുമേനി വെളിയിൽ വന്നു. അപ്പോൾ ഒരു അൻസ്വാരി പറഞ്ഞു, 'അല്ലാഹുവിന്റെ ദൂതരേ അതെനിക്കു തന്നാലും. അല്ലാഹു താങ്കൾക്കു സ്വർഗത്തിലെ കുപ്പായം തരും.' നബി(സ)അകത്തുപോയി തിരിച്ചു വന്ന് ആ കുപ്പായം അയാൾക്കു കൊടുത്തു. പിന്നീടു നബി(സ)തിരുമേനി കച്ചവടക്കാരന്റെ അടുക്കൽപോയി 4 ദർഹം കൊടുത്ത് മറ്റൊരു കുപ്പായം വാങ്ങി. ബാക്കി 2 ദർഹം നബി(സ)യുടെ കൈയിലുണ്ടായിരുന്നു. അതുമായി വരുമ്പോൾ വഴിയിൽനിന്ന് കരയുന്ന ഒരു അടിമപ്പെണ്ണിനെ കണ്ടു. നബി(സ) അവളോടു കാരണം തിരക്കി. അവൾ പറഞ്ഞു,'2 ദർഹമിന് ആട്ട വാങ്ങാൻ എന്നെ വീട്ടുകാർ അയച്ചതാണ്. അതു കളഞ്ഞുപോയി.' നബി(സ) ഉടനെ കൈയിലുണ്ടായിരുന്ന 2 ദർഹമെടുത്ത് അവൾക്കു കൊടുത്തു. പക്ഷേ, അവൾ കരച്ചിൽ നിറുത്തിയില്ല. നബി(സ)തിരുമേനി കാരണം ചോദിച്ചു. അവൾ പറഞ്ഞു,'താമസിച്ച കാരണത്താൽ വീട്ടുകാർ എന്നെ മർദിക്കും.' നബി(സ)തിരുമേനി അവളുടെ കൂടെപ്പോയി. കാര്യങ്ങൾ പറഞ്ഞതിനു ശേഷം നബി(സ)വീട്ടുകാരോടു പറഞ്ഞു,'നിങ്ങൾ അടിക്കുമെന്ന് ഭയന്നാണ് അവൾ എന്നെയും കൂട്ടി വന്നത്.' അവർ പറഞ്ഞു, അങ്ങയുടെ പാദങ്ങൾ വിഷമം സഹിച്ചതുകൊണ്ട് ഞങ്ങൾ ഇവളെ മോചിപ്പിക്കുന്നു. നബി(സ)പറഞ്ഞു,'അല്ലാഹു എന്റെ 10 ദർഹത്തിൽ എത്ര അനുഗ്രമാണിട്ടത്. ഒരു കുപ്പായം അൻസ്വാരി സഹോദരനു കിട്ടി. ഒരു കുപ്പായം അല്ലാഹുവിന്റെ ദൂതനു കിട്ടി. ഒരു അടിമപ്പെണ്ണും മോചിതയായി. ഇതെല്ലാം നല്കിയ അല്ലാഹുവിനെ ഞാൻ വാഴ്ത്തുന്നു.'

### അന്യാരാധകരെ സഹായിക്കൽ

❋ അസ്മാഅ് (റ) പറയുന്നു: എന്റെ പിതാവ് എന്നോടു സഹായം തേടിക്കൊണ്ടു വന്നു. ബഹുദൈവാരാധകനായ പിതാവുമായി ബന്ധം സ്ഥാപിക്കേണ്ടതുണ്ടോ എന്ന് ഞാൻ നബി (സ)തിരുമേനിയോടു ചോദിച്ചു. 'അതേ' എന്ന് നബി (സ) പ്രത്യുത്തരം നൽകി. (ബുഖാരി വാളും 3 5978)

(ശേഷം പേജ് 24ൽ)

## മുഹമ്മദ് ഹി നാമ് ഔർ മുഹമ്മദ് ഹി കാമ്

**ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)**

ബദ്ർ ഗാഹെ ദീശാനെ ഖയ്റുൽ അനാം
ശഫീഉൽവറാ മർജെ ഖാസ്വോ ആം
ബസ്വദ് ഇജ്സോ മിന്നത്ത് ബസ്വദ് ഇഹ്തിറാം
യെ കർത്താഹെ അർസ് ആപ് കാ ഇക് ഗുലാം
കെ ഏ ശാഹെ കോനൈൻ ആലി മഖാം
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

ഹസീനാനെ ആലം ഹുയേ ശർമഗീ
ജോ ദേഖ്ലാ വ ഹുസ്ന് ഔർ വൊ നൂറെ ജബീ
ഫിർ ഉസ് പർ വൊ അഖ്ലാഖ് അക്മൽത്തരീൻ
കെ ദുശ്മൻ ഭി കഹ്നെ ലഗേ ആഫ്രീൻ
സെഹെ ഖുൽഖെ കാമിൽ സെഹെ ഹുസ്നെ താം
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

ഖലാഇഖ് കെ ദിൽ ഥേ യഖീൻ സെ തഹീ
ബുത്തോനെ ഥീ ഹഖ് കി ജഗഃ ഘേർലീ
ള്ളാലത്ത് ഥീ ദുൻയാ പെ വൊ ഛാ രഹീ
കെ തൗഹീദ് ഢൂണ്ടെ സെ മിൽത്തി നഃ ഥീ
ഹുവാ ആപ് കെ ദം സെ ഉസ് കാ ഖിയാം
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

മുഹബ്ബത്ത് സെ ഘാഇൽ കിയാ ആപ് നെ
ദലായിൽസെ ഖാഇൽ കിയാ ആപ് നെ
ജഹാലത്ത് കൊ സാഇൽ കിയാ ആപ് നെ
ശരീഅത്ത് കൊ കാമിൽ കിയാ ആപ് നെ
ബിയാൻ കർദിയേ സബ് ഹലാലോ ഹറാം
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

നുബുവ്വത്ത് കെ ഥേ ജിസ് ഖദ്ർ ഭീ കമാൽ
വൊ സബ് ആപ് മേ ജമ ഹെ ലാമഹാൽ
സ്വിഫാത്തെ ജമാൽ ഔർ സ്വിഫാത്തെ ജലാൽ
ഹർ ഇക് രങ്ക് ഹെ ബസ് അദീമുൽമിഥാൽ
ലിയാ ള്ളുൽമ് കാ അഫ്വ് സെ ഇൻതിഖാം
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

മുഖദ്ദസ് ഹയാത് ഔർ മുത്വഹ്ഹർ മദാഖ്
ഇത്വാഅത്ത് മെ യക്താ ഇബാദത്ത് മെ ത്വാഖ്
സവാരെ ജഹാൻ ഗീർ യക്റാൻ ബുറാഖ്
കെ ബ ഗുദശ്ത്ത് അസ് ഖസ്വ്റെ നീലീ രിവാഖ്
മുഹമ്മദ് ഹി നാമ് ഔർ മുഹമ്മദ് ഹി കാമ്
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

അലംദാരെ ഉശ്ശാഖെ ദാത്തെ യഗാൻ
സിപഹ്ദാരെ അഫ്വാജെ ഖുദ്ദൂസിയാൻ
മആരിഫ് കാ ഇക് ഖുൽസമെ ബേക്കറാൻ
ഇഫാളത്ത് മെ സിന്ദയെ ജാവദാൻ
പിലാ സാഖിയാൻ ആബെ കൗഥർ കാ ജാമ്
**അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം**

*2017 ജൽസാ സാലാനാ ഖാദിയാൻ പ്രഭാഷണം*

# നബി ﷺ തിരുമേനിയുടെ സ്വഭാവവൈശിഷ്ട്യങ്ങൾ ദഅ്വത്തെ ഇലല്ലായുടെ വെളിച്ചത്തിൽ

**മുഹമ്മദ് ഇനാം ഗോറി**
**നാളിർ അഅ്ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ**
**വിവ: പി. അബ്ദുന്നാസ്വിർ പത്തപ്പിരിയം.**

يَاَيُّهَا النَّبِيُّ اِنَّآ اَرْسَلْنٰكَ شَاهِدًا
وَّمُبَشِّرًا وَّنَذِيْرًا ۝ وَّدَاعِيًا اِلَى اللّٰهِ
بِاِذْنِهٖ وَسِرَاجًا مُّنِيْرًا ۝
(الاحزاب:46 تا 47)
(33: 46,47)

يَاَيُّهَا الرَّسُوْلُ بَلِّغْ مَآ اُنْزِلَ
اِلَيْكَ مِنْ رَّبِّكَ ؕ وَاِنْ لَّمْ تَفْعَلْ فَمَا
بَلَّغْتَ رِسَالَتَهٗ ؕ وَاللّٰهُ يَعْصِمُكَ مِنَ
النَّاسِ ؕ اِنَّ اللّٰهَ لَا يَهْدِى الْقَوْمَ
الْكٰفِرِيْنَ ۝ (المائدہ:68)
(5:68)

ഇന്നേക്ക് 1400 വർഷം മുമ്പേ ലോകത്ത് അന്ധകാരവും വഴികേടും വ്യാപിച്ചിരുന്നു. ഖുർആൻ അതിനെ 'ളഹ്റൽ ഫസാദു ഫിൽ ബർറി വൽ ബഹ്ർ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതായത് ഗ്രന്ഥാനുസാരികളിലും ഗ്രന്ഥാനുസാരികളല്ലാത്തവരിലും കുഴപ്പം വ്യാപിച്ചിരുന്നു. വിശിഷ്യാ അറേബ്യ വ്യക്തിഗതമായും സാമൂഹികപരമായും ധാർമികപരമായും ആത്മീയപരമായും കടുത്ത അന്ധകാരത്തിലായിരുന്നു. അതിൽ നല്ലതും ചീത്തയും ശുദ്ധവും അശുദ്ധവും തമ്മിലുള്ള വ്യതിരിക്തത ശേഷിച്ചിരുന്നില്ല. ലോകാരംഭം മുതൽ ഏകനായ ദൈവത്തെ ആരാധിക്കുന്നതിനുള്ള ഭവനമായിരുന്ന കഅ്ബയിൽ ദിവസവും ഒന്നെന്ന കണക്കിൽ 360 ബിംബങ്ങൾ പൂജയ്ക്കായി വെച്ചിരുന്നു. കലഹവും, കുഴപ്പവും, കൊള്ളയും കൊലയും, ദുഷ്കൃത്യങ്ങളും മദ്യപാനവും വ്യഭിചാരവുമെല്ലാം ഒരു ദിനചര്യയായി മാറിയിരുന്നു. അറേബ്യൻ ജനത ഏതാനും ഗോത്രങ്ങളുടെ ഒരു സങ്കരമായിരുന്നു. അവർ ഒരിക്കലും ഏതെങ്കിലും ഭരണത്തിനോ നിയമത്തിനോ വിധേയരും അനുസാരികളും ആയിരുന്നില്ല. ഈ അന്ധകാരയുഗത്തിൽ തന്റെ സമുദായത്തിന്റെ തിന്മകളിലും വഴികേടിലും അസ്വസ്ഥമായിക്കൊണ്ടിരുന്ന ഒരു ഹൃദയമുണ്ടായിരുന്നു. ആകാശീയ പ്രകാശത്തിനായി തുടിച്ചിരുന്ന ഒരാത്മാവുണ്ടായിരുന്നു. വേപഥപൂണ്ട 25, 30 വയസ്സുള്ള ഒരു യുവാവ് ആശ്വാസം തേടിക്കൊണ്ട് മക്കയിൽനിന്ന് മൂന്ന് മൈൽ അകലത്തിൽ ഹിറാപർവ്വതത്തിലെ ഒരു ഗുഹയെ തന്റെ നാഥനോട് അർഥിച്ചുകൊണ്ടിരിക്കുന്നതിനുള്ള താവളമാക്കിയിരുന്നു. പതിനഞ്ചുവർഷത്തോളം തുടർച്ചയായി ദിവസങ്ങളോളം അവിടെ തങ്ങി രാവും പകലും ഏകാന്തനായി ദുആ ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹം നമ്മുടെ യജമാനരും മാനവികതയുടെ പ്രതീകവും മുഴുലോകത്തിനും കാരുണ്യവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കുകയുണ്ടായി. റൂഹുൽ ഖുദുസ് ഹദ്റത്ത് ജിബ്രീൽ(അ)നെ തന്റെ ആകുന്തകദീപ്തവും പരിശുദ്ധവുമായ വചനങ്ങളാൽ അദ്ദേഹത്തിന്റെ അടുക്കലേക്കയച്ചു.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) തന്റെ ഒരു കവിതയിൽ ഇപ്രകാരം പറയുന്നു: (ഉർദുവിൽനിന്ന്)

വാനത്തിൽനിന്ന് പ്രകാശം കൊണ്ടുവരുന്നോർ
സ്വയം അവരും ആയിവരുന്നൊരു പ്രകാശം
ജനനം പ്രാകൃത സമൂഹത്തിൽ ആയെങ്കിൽ
എന്നിരിക്കുന്നു ഹാ- അതിലെന്തു കോട്ടം.

ഈ ആകാശീയ പ്രകാശത്താൽ അന്ധകാര നിബിഢരായവരെ പ്രഭാപൂരിതരാക്കുവാനും വഴികേടിന്റെ ഗർത്തത്തിൽ ആണ്ടുപോയ മാനവികതയെ ഉയർത്തെഴുന്നേൽപ്പിച്ച് പ്രകാശ ഗോപുരങ്ങളാക്കാനുള്ള ആജ്ഞ അദ്ദേഹത്തിനുണ്ടാകുന്നു. (ബല്ലിഗ് മാഉൻസില ഇലയ്ക്ക).

അല്ലയോ മുഹമ്മദേ!(സ) നിനക്ക് അവതരിച്ചിട്ടുള്ള ഖുർആനിക വചനങ്ങളെല്ലാം ജനങ്ങളെ കേൾപ്പിക്കുകയും എഴുതിപ്പിക്കുകയും ഹൃദിസ്തമാക്കിക്കുകയും ചെയ്യുക. ഖുർആന്റെ ഓരോ കല്പനയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്യുക.

*വ ഇൻ ലം തഫ്അൽ ഫമാ ബല്ലഗ്ത രിസാലത്തഹു*– പാവനമായ ഈ ഉത്തരവാദിത്വം നിനക്ക് നിർവ്വഹിക്കാൻ സാധിച്ചില്ലായെങ്കിൽ പ്രവാചകത്വത്തിന്റെ കടമകളും നിനക്ക് നിർവഹിക്കാൻ കഴിയില്ല. ഇത് നിസ്സാരമായ ഒരു ഭാരമായിരുന്നില്ല. വിശുദ്ധഖുർആനിൽ ഒരിടത്ത് അല്ലാഹു പറയുകയാണ്. ഈ സമ്പൂർണ്ണ ശരീഅത്തിന്റെ ഭാരം വഹിപ്പാൻ നാം ആകാശങ്ങളേയും ഭൂമിയേയും പർവ്വതങ്ങളേയുമെല്ലാം പ്രേരിപ്പിച്ചുകൊണ്ടിരുന്നു. *ഫ അബയ്ന അൻയ്യഹ്മിൽനഹാ വ അശ്ഫഖ്ന മിൻഹാ* എന്നാൽ, അവയെല്ലാംതന്നെ നിരാകരിക്കുകയും ഈ സൂക്ഷിപ്പുമുതലിന്റെ (അമാനത്ത്) ഭാരം വഹിക്കുന്നതിൽ ഭയപ്പെടുകയും ചെയ്തു. *'വ ഹമലഹൽ ഇൻസാൻ'* ഒരു സമ്പൂർണ്ണ മനുഷ്യൻ ഈ അമാനത്തിനെ തന്റെ ശിരസ്സിലേറ്റി. എന്തുകൊണ്ടെന്നാൽ അവൻ 'ളലൂം, ജഹൂൽ എന്നീ' ഗുണവിശേഷത്താൽ വിഭൂഷിതനായിരുന്നു. അദ്ദേഹം ഈ പാതയിലുള്ള സകല പ്രയാസങ്ങളേയും കാഠിന്യങ്ങളേയും അല്ലാഹുവിനായി തൃണവൽഗണിച്ചുകൊണ്ട് മുന്നേറാൻ പര്യാപ്തനായിരുന്നു.

സ്വഫാ കുന്നിൽ ഖുറയ്ശി ഗോത്രങ്ങൾക്ക് ദൈവസന്ദേശമെത്തിച്ചുകൊണ്ട് ആരംഭിച്ച ദഅ്വത്തെ ഇലല്ലായുടെ ഈ കഠിനപ്രയാണം അറഫാ മൈതാനിയിൽ ഹജ്ജത്തുൽ വിദാഇലെ അവസാന ഖുത്ബവരെ അഥവാ ജീവിതത്തിലുടനീളം തുടർന്നുകൊണ്ടിരുന്നു. മക്കയിലെ 13 വർഷവും മദീനയിലെ 10 വർഷവും ചേർന്ന 23 വർഷത്തിലെ ഓരോ ദിനവും അല്ലാഹുവിന്റെ പ്രിയരേ! താങ്കൾ ദഅ്വത്തെ ഇലല്ലായുടെ കടമ നിറവേറ്റി എന്നതിന് സാക്ഷിയാണ്.

ഇതുസംബന്ധമായി നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിൽനിന്നുമുള്ള ചില സംഭവങ്ങൾ ഉദ്ധരിക്കാം. അദ്ദേഹത്തിന്റെ തബ്ലീഗിന്റേയും ദഅ്വത്തെ ഇലല്ലായുടേയും രീതി *ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽ ഹിക്മത്തി വൽ മൗഇസത്തിൽ ഹസനത്തി* എന്നതിന്റെ പ്രായോഗിക രൂപമായിരുന്നു.

ഹദ്റത്ത് അംറ് ബിൻ അൻബസ(റ) നിവേദനം ചെയ്യുന്നു. നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റെ ആദ്യനാളുകളിൽ ഞാൻ മക്കയിൽ വന്നു. അപ്പോൾ തന്റെ നുബുവ്വത്ത് പൊതുജന മധ്യത്തിൽ വിളംബരം ചെയ്തിട്ടുണ്ടായിരുന്നില്ല. താങ്കൾ എന്താണെന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. താൻ നബിയാണെന്ന് അവിടന്ന് എനിക്ക് മറുപടി നൽകി. നബി എന്താണെന്ന് ഞാൻ ചോദിച്ചു. അല്ലാഹു അയച്ച പ്രവാചകനാണ് നബിയെന്ന് നബി തിരുമേനി മറുപടി നല്കി. അല്ലാഹു താങ്കളെ അയച്ചുവോ എന്ന് ഞാൻ ചോദിക്കുകയുണ്ടായി. അതെ എന്ന് മറുപടിയുണ്ടായി. എന്ത് അധ്യാപനവുമായിട്ടാണ് താങ്കൾ അയക്കപ്പെട്ടിരിക്കുന്നതെന്ന് ഞാൻ ചോദിച്ചു. അല്ലാഹുവിനെ ആരാധിക്കുകയും ബിംബങ്ങളെ വർജിക്കുകയും രക്തബന്ധങ്ങളോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുക എന്ന് നബി (സ) പ്രതിവചിച്ചു. ഇത് നല്ല അധ്യാപനമാണല്ലോ. എത്രപേർ ഇത് സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ ചോദിക്കുകയുണ്ടായി. ഒരു സ്വതന്ത്രനും ഒരു അടിമയും (അബൂബക്കർ(റ), സയ്ദ്(റ) എന്ന മറുപടിയുണ്ടായി. അംറ് ബിൻ അൻബസ ഇസ്ലാം സ്വീകരിച്ചു. അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ ദൂതരേ: ഞാൻ ഇവിടെ നിന്നുകൊണ്ട് താങ്കളെ പിൻപറ്റിക്കൊള്ളട്ടെ എന്ന് ചോദിച്ചപ്പോൾ നീ നിന്റെ സമുദായത്തിന്റെ അടുത്തുപോയി ഈ അധ്യാപനമനുസരിച്ച് പ്രവൃത്തിക്കുക എന്നും എന്റെ പുറപ്പെടലിനെ (ഹിജ്റത്ത്)കുറിച്ച് വിവരം ലഭിച്ചാൽ എന്നെ വന്ന് പിന്തുടരുകയെന്നും നബി(സ)തിരുമേനി നിർദേശിക്കുകയുണ്ടായി. (ബയ്ഹഖി, വാല്യം 2, പേജ് 39)

ആദ്യകാല തബ്ലീഗ് പടിപടിയായുള്ളതായിരുന്നുവെന്ന് നമുക്ക് ശ്രദ്ധിച്ചാൽ കാണാൻ കഴിയുന്നതാണ്. പ്രാരംഭത്തിൽ തൗഹീദിനേയും നുബുവ്വത്തിനേയും അംഗീകരിക്കലും മനുഷ്യരുടെ അവകാശങ്ങളിൽ പ്രാഥമികമായി രക്തബന്ധങ്ങളുടെ കാര്യവുമാണ് ഓർമപ്പെടുത്തിയിട്ടുള്ളത്. പിന്നീട് ദൈവ കല്പനകൾ ഇറങ്ങുന്നതിനനുസരിച്ച് പടിപടിയായി അതിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു.

അതേപ്രകാരം ആരംഭകാലത്ത് വ്യക്തിപരമായ തബ്ലീഗ് പരമ്പരയാണ് നടന്നുവന്നത്. അതും പരസ്യമായിട്ടായിരുന്നില്ല. മറിച്ച് രഹസ്യമായിട്ടായിരുന്നു. തുടക്കത്തിൽത്തന്നെ വിശ്വസിച്ച ഹദ്റത്ത് അബൂബക്കർ(റ) തന്റെ സമൂഹത്തിലെ വിശ്വസ്തരായ വ്യക്തികൾക്ക് സന്ദേശമെത്തിക്കുന്ന പ്രക്രിയക്ക് തുടക്കമിട്ടു. അങ്ങനെ ഒന്നിൽനിന്നും മറ്റൊന്നിലേക്കായി ഈ ദീപം ജ്വലിച്ചുകൊണ്ടിരുന്നു.

നുബുവ്വത്ത് വാദത്തിന് മൂന്ന് വർഷത്തിനുശേഷം *ഫസ്ദഅ് ബിമാ തുഅ്മർ വ അഅ്രിള് അനിൽ മുശ്രിക്കീൻ* (15:95) എന്ന അല്ലാഹുവിന്റെ കല്പനയുണ്ടായി. അതായത് നിനക്ക് നൽകിയ കല്പനകൾ നീ തുറന്നറിയിക്കുക. മുശ്രിക്കീംകളെ അവഗണിക്കുക. അതോടൊപ്പംതന്നെ *വ അൻദിർ അശീറത്തക്കൽ അഖ്റബീൻ* (26:215) പരസ്യമായ ഈ തബ്ലീഗ് പ്രചാരണം (26:215) നിന്റെ ബന്ധുക്കളിൽനിന്നുതന്നെ തുടങ്ങുക എന്ന നിർദേശവും ലഭിക്കുകയുണ്ടായി. അനന്തരം അദ്ദേഹം പ്രഭാതത്തിൽത്തന്നെ സ്വഫാ കുന്നിൽ കയറി അല്ലയോ അബ്ദുൽ മുത്തലിബിന്റെ മക്കളേ, അല്ലയോ അബ്ദു മനാഫിന്റെ മക്കളേ, അല്ലയോ ഖുസ്സയിയുടെ മക്കളേ! എന്നിങ്ങനെ ഓരോ ഖുറയ്ശി കുടുംബങ്ങളുടേയും പ്രത്യേകം പ്രത്യേകം പേരു വിളിച്ച് ഒരുമിച്ചുകൂട്ടുകയുണ്ടായി. (ഏതെങ്കിലും ആപത്ഘട്ടങ്ങളിൽ സഹായത്തിനായി ജനങ്ങളെ ഒരുമിച്ചുകൂ

ട്ടുന്നതിനായി ഏതെങ്കിലും ഉയർന്ന സ്ഥലത്ത് കയറി ഇങ്ങനെ വിളംബരം നടത്തുന്നത് അറേബ്യയിലെ ഒരു രീതിയായിരുന്നു). എന്തായാലും നബി(സ)തിരുമേനിയുടെ വിളികേട്ട് അറേബ്യയിലെ വിവിധ ഗോത്രങ്ങളും കുടുംബങ്ങളും സ്വഫാ കുന്നിനടുത്ത് തടിച്ചുകൂടി. നബി(സ) അവരെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ഞാനൊരു താക്കീതുകാരനാണ്. ആക്രമിക്കാൻ വരുന്ന ഒരു ശത്രുവിനെ കണ്ട് തന്റെ കുടുംബത്തെ ജാഗരൂകരാക്കുകയും എന്നാൽ, താൻ പറയുന്നത് അംഗീകരിക്കപ്പെടുമോ എന്ന ആശങ്കയോടെ അത്യുച്ചത്തിൽ സഹായത്തിനായി വിളിച്ചുകൂവുകയും ചെയ്യുന്ന ഒരാളുടെ ഉദാഹരണമാണ് എന്റേയും നിങ്ങളുടേതും. തുടർന്ന് പറഞ്ഞു:

'ഈ കുന്നിന്റെ താഴ്‌വരയിൽ നിങ്ങളെ ആക്രമിക്കാൻ സജ്ജമായി ഒരു സൈന്യം കാത്തിരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ അത് അംഗീകരിക്കുമോ? എന്തുകൊണ്ടില്ല, എന്നവർ ഏകസ്വരത്തിൽ പറഞ്ഞു. താങ്കൾ ഇന്നേവരെ ഞങ്ങളോട് കളവ് പറഞ്ഞിട്ടില്ല. ഞങ്ങൾ താങ്കളെ എപ്പോഴും സത്യം മാത്രം പറയുന്നതായേ കേട്ടിട്ടുള്ളൂ. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. അവന്റെ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുന്നു.' ഈ സന്ദേശം കേട്ടമാത്രയിൽ *തബ്ബൻ ല്ലക്ക അലിഹാദാ ജമഅ്ത്തനാ മുഹമ്മദേ!* നീ (നഊദുബില്ലാഹ്) നശിക്കട്ടെ! ഇതിനാണോ നീ ഞങ്ങളെ ഒരുമിച്ച് കൂട്ടിയതെന്നു പറഞ്ഞുകൊണ്ട് അബൂ ലഹബ് അവിടെനിന്ന് എണീറ്റുപോയി. ശേഷം മറ്റുള്ളവരും അവിടെനിന്ന് പിരിഞ്ഞുപോയി. (ബുഖാരി, കിതാബുത്തഫ്സീർ, 26:258)

തന്റെ ബന്ധുക്കൾക്ക് സന്ദേശമെത്തിക്കുന്നതിന് നബി(സ)തിരുമേനി യുക്തമായൊരു പരിപാടി ആസൂത്രണം ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ സന്ദേശം എത്തിക്കാം എന്ന ഉദ്ദേശ്യത്തോടുകൂടി ബന്ധുക്കൾക്കെല്ലാംകൂടി ഒരു വിരുന്നൊരുക്കി. നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം ഹദ്റത്ത് അലി(റ) ആടിന്റെ തുടകൊണ്ട് കറിയും റൊട്ടിയും തയ്യാർ ചെയ്യിച്ചുകൊണ്ട് അബ്ദുൽ മുത്ത്വലിബിന്റെ കുടുംബത്തിൽപെട്ട നാല്പതോളം പേരെ ക്ഷണിക്കുകയുണ്ടായി. അതിൽ നബി(സ)തിരുമേനിയുടെ മൂത്താപ്പമാരായ അബൂത്വാലിബ്, ഹംസ, അബ്ബാസ്, അബൂ ലഹബ് എന്നിവർ സന്നിഹിതരായിരുന്നു. ഭക്ഷണത്തിനുശേഷം നബി(സ)അവരോട് സംസാരിക്കാൻ തുടങ്ങിയപ്പോൾ മൂത്താപ്പയായ അബൂലഹബ് നിന്നിൽ ആരോ മാരണം ചെയ്തിരിക്കുന്നു എന്ന് ബഹളം വെക്കുകയുണ്ടായി. അനന്തരം എല്ലാവരും അവിടെനിന്നും പിരിഞ്ഞുപോയി.

വീണ്ടും ഒരു സദ്യയൊരുക്കാൻ നബി(സ) തിരുമേനി ഹദ്റത്ത് അലി(റ)ക്ക് നിർദേശം നൽകി. അങ്ങനെ വിരുന്നൊരുക്കി വീണ്ടും ബന്ധുക്കളെയെല്ലാം ക്ഷണിച്ചു. നബി(സ)തിരുമേനി അവരെ അഭിസംബോധന ചെയ്തു: 'അല്ലയോ അബ്ദുൽ മുത്ത്വലിബിന്റെ സന്താനങ്ങളേ– ഞാൻ നിങ്ങളിലേക്ക് കൊണ്ടുവന്നതിലും മികച്ചതും മഹത്തായതുമായ ഒരു സന്ദേശം ഒരു അറേബ്യൻ യുവാവും തന്റെ സമൂഹത്തിനായി കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളിലേക്ക് ഇഹത്തിലേക്കും പരത്തിലേക്കുമുള്ള നന്മയും കൊണ്ടാണ് വന്നിട്ടുള്ളത്. നിങ്ങളെ ഇതിലേക്ക് ക്ഷണിക്കാൻ എന്റെ നാഥൻ എന്നോട് കല്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ നിങ്ങളിൽ ആർക്കാണ് എന്റെ സഹായിയാവാൻ കഴിയുക? എല്ലാവരും നിശബ്ദത പാലിച്ചു. എന്നാൽ, ഒരു ചെറുപ്പക്കാരനായ അലി(റ), 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ ഞാൻ സന്നദ്ധനാണ്' എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ, ബാക്കിയുള്ളവർ ചിരിച്ചുകൊണ്ട് അവിടെ നിന്ന് എണീറ്റുപോയി. (തഫ്സീർ തബ്‌രി, സൂറത്തുശ്ശുഅറാഅ്–വ അൻദിർ അശീറത്തക്ക എന്നതിന്റെ വ്യാഖ്യാനത്തിൽ. വാല്യം 9, പേജ് 481, ബേറൂത്ത് പ്രിന്റ്)

എന്തായാലും ഇതേപോലെ വ്യക്തിഗതമായും ബന്ധുക്കളെ വിളിച്ചുചേർത്തും നബി(സ)തിരുമേനി സന്ദേശം എത്തിച്ചുകൊണ്ടിരുന്നു. എന്നാൽ എല്ലാ പുതുവിശ്വാസികൾക്കും ഒരുമിച്ചുകൂടാനും പരസ്പരം വിവരങ്ങൾ അറിയാനുമായി ഒരു കേന്ദ്രം ഉണ്ടാവണമെന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാമതായി ഇസ്‌ലാം ആശ്ലേഷിച്ച അർഖം ബിൻ അർഖമിന്റെ സ്വഫാ മലയുടെ താഴ്‌വരയിലുള്ള വീട് അദ്ദേഹം സമർപിക്കുകയുണ്ടായി. ഇത് മുസ്‌ലിംകളുടെ ആദ്യത്തെ തബ്‌ലീഗ് കേന്ദ്രമായിരുന്നു. ഈ ഭവനത്തിൽവെച്ചാണ് നബിതിരുമേനി(സ)യുടെ കൈകളിൽ ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് ഉമർ(റ) വലിയ പോരാളിയും വലിയ സ്വാധീനമുള്ള ആളുമായിരുന്നു. അദ്ദേഹം മുസ്‌ലിമായ സമയത്ത് മുസ്‌ലിംകൾ അനിയന്ത്രിതമായി തക്ബീർ ധ്വനി മുഴക്കുകയുണ്ടായി. അതിനുശേഷം പരസ്യമായ തബ്‌ലീഗ് ആരംഭിക്കുകയും ചെയ്തു. (അസ്സീറത്തുന്നബ്‌വിയ്യ, ലിഇബ്നു ഹിശാം, വാല്യം 1, പേജ് 343, ബേറൂത്ത് പ്രിന്റ്)

പരസ്യമായ പ്രചാരണ പ്രവർത്തനങ്ങളുടെ ഫലമായി ഒന്നും രണ്ടുമായി ഏതാനും സ്വതന്ത്രരും അടിമകളും ഇസ്‌ലാം സ്വീകരിച്ചു തുടങ്ങി. അങ്ങനെ ഒരു ജമാഅത്തുതന്നെ രൂപപ്പെട്ടു തുടങ്ങി. മക്കയിലെ ഖുറയ്ശികൾക്ക് തങ്ങളുടെ നേതൃത്വത്തിന് കോട്ടം തട്ടുമെന്ന ആശങ്കയുണ്ടായി. തൽഫലമായി മുഹമ്മദിന്റെ(സ) പ്രശ്നം വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് അബൂ ജഹ്ൽ ഒരു നാൾ ഖുറയ്ശികളുടെ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. അങ്ങനെ അവർ നബി(സ)തിരുമേനിയേയും സ്വഹാബാക്കളേയും ആസൂത്രിമായിത്തന്നെ എതിർക്കാൻ തീരുമാനിച്ചു. നാവുകൊണ്ടുള്ള എതിർപ്പ് മാത്രമായിരുന്നില്ല അത്. മറിച്ച്, പീഢനങ്ങളും ആരംഭിച്ചു. അടിമകളായവരെ അവരുടെ യജമാനൻ അങ്ങേയറ്റം ദ്രോഹിച്ചു. സ്വതന്ത്രരും സമൂഹത്തിൽ ആദരണീയരുമെന്ന് കരുതപ്പെട്ടിരുന്നവരേയും ദ്രോഹിക്കാൻ തുടങ്ങി. നബി(സ)തിരുമേനി അവരുടെ എതിർപ്പിന്റെ കേന്ദ്രബിന്ദു ആയിരുന്നു. കഅ്ബയിൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒട്ടകത്തിന്റെ ചീഞ്ഞ കുടൽ വരുത്തിച്ച് അദ്ദേഹത്തിന്റെ ചുമലിൽ ഇട്ടുകൊണ്ട് പൊട്ടിച്ചിരിക്കാൻ തുടങ്ങി. ചിലപ്പോൾ അദ്ദേഹത്തിന്റെ ഷാൾകൊണ്ടുതന്നെ കഴുത്ത് മുറുക്കി കൊല്ലാൻ ശ്രമിച്ചു. പലതവണ വിഷം നൽകി ഇല്ലായ്മ ചെയ്യാനുള്ള ശ്രമവും നടന്നു. വഴിയിലൂടെ പോകുമ്പോൾ മാലിന്യം എറിയുകയും അസഭ്യം പറയുകയും ചെയ്യുന്നത് ഒരു നിത്യസംഭവമായിരുന്നു. ചുരുക്കത്തിൽ 13 വർഷത്തെ മക്കാ ജീവിതം സത്യനിഷേധികളുടെ എതിർപിന്റേയും യാതനകളുടേയും ക്രൂരമായ പീഢനങ്ങളുടേയും ഒരു നീണ്ട ചരിതം തന്നെയാണ്.

നബി(സ)തിരുമേനിയുടെ മൂത്താപ്പയായ അബൂത്വാലിബ് അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിച്ചിരുന്നില്ലെങ്കിലും തന്റെ സഹോദരപുത്രന്റെ നന്മയിലും നിഷ്ഠയിലും സന്ദേശമെത്തിക്കാനുള്ള ആത്മാർഥമായ ആവേശത്തിലും പ്രഭാവിതനായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഒരു പിന്തുണ എന്തായാലും നബി(സ)തിരുമേനിക്ക് ഉണ്ടായിരുന്നു. ഇത് നബി(സ)ക്കെതിരിൽ ഒരു കടുംകൈ പ്രയോഗത്തിൽനിന്ന് മക്കാ നിഷേധികളെ തടഞ്ഞിരുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിയെ പിന്തുണക്കുന്നതിൽനിന്നും വിട്ടുനിൽക്കാൻ ഹദ്റത്ത് അബൂത്വാലിബിനോട് ശക്തമായി ആവശ്യപ്പെടാൻതന്നെ അവർ തീരുമാനിച്ചു. അങ്ങനെ ഖുറയ്ശി പ്രമുഖരുടെ ഒരു സംഘം അബൂത്വാലിബിനെ കണ്ട് ഇപ്പോൾ വിഷയം പരിധിക്കപ്പുറമായെന്നും തങ്ങളെ വ്യാജന്മാരെന്നും മോശക്കാരെന്നും കുഴപ്പക്കാരെന്നും വിഡ്ഢികളെന്നും പിശാചിന്റെ സന്തതികളെന്നുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയാണെന്നും തങ്ങളുടെ ആരാധ്യരെ നരകത്തിന്റെ ഇന്ധനമായി വിശേഷിപ്പിച്ചിരിക്കുകയാണെന്നും തങ്ങളിലെ ആദരണീയരെ ബുദ്ധിമോശം സംഭവിച്ചവരെന്നുമൊക്കെ വിളിച്ചുകൊണ്ടിരിക്കുകയാണെന്നും അതുകൊണ്ട് തങ്ങൾക്കിനി ക്ഷമിക്കാൻ കഴിയില്ലെന്നും താങ്കൾക്ക് അദ്ദേഹത്തിനുള്ള പിന്തുണ പിൻവലിക്കാൻ കഴിയില്ലെങ്കിൽ തങ്ങളും നിർബന്ധിതരായിരിക്കുമെന്നും ബോധിപ്പിക്കുകയുണ്ടായി. അനന്തരം അബൂത്വാലിബ് നബി(സ)യെ വിളിച്ചുകൊണ്ട് പറഞ്ഞു.

"അല്ലയോ എന്റെ സഹോദരപുത്രാ– നിന്റെ അസഭ്യവർഷത്താൽ സമൂഹം ഇളകിമറിഞ്ഞിരിക്കുകയാണ്. അവർ നിന്നേയും എന്നേയും വധിക്കാൻ മുതിർന്നേക്കാം. നീ അവരിലെ ബുദ്ധിമാന്മാരെ വിഡ്ഢികളെന്നു വിശേഷിപ്പിച്ചു. അവരുടെ മഹാന്മാരെ മോശക്കാരെന്ന് പറഞ്ഞു. ആദരണീയമായ അവരുടെ ആരാധ്യവസ്തുക്കൾക്ക് നരകത്തിന്റെ ഇന്ധനമെന്ന് പേര് നല്കി. പൊതുവായി അവരെ ഒന്നടങ്കം പിശാചിന്റെ സന്തതികളെന്നും ദുഷിച്ചവരെന്നുമൊക്കെ വിശേഷിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിന്റെ നാവിനെ അടക്കണമെന്നും അസഭ്യവർഷത്തിൽനിന്നും പിന്മാറണമെന്നും നിന്നെ ഞാൻ ഉപദേശിക്കുകയാണ്. അല്ലാത്ത പക്ഷം സമൂഹത്തെ എതിരിടാൻ ഞാൻ അശക്തനായിരിക്കും.

അല്ലയോ മൂത്താപ്പാ (പിതൃസഹോദരാ) ഇത് അസഭ്യവർഷമല്ല. മറിച്ച്, യാഥാർഥ്യമാണ്. സന്ദർഭോചിതമായ വിവരണമാണ്. ഈ പ്രവർത്തനത്തിനായിട്ടാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇക്കാരണത്താൽ മരണമാണ് എന്റെ മുന്നിലുള്ളതെങ്കിൽ ആ മരണം വരിക്കാൻ ഞാൻ സന്നദ്ധനാണ്. എന്റെ ജീവിതം ഇതിനായി സമർപിക്കപ്പെട്ടതാണ്. മരണം ഭയന്ന് സത്യം പറയുന്നതിൽനിന്നും എനിക്ക് വിട്ടുനിൽക്കാൻ സാധ്യമല്ല.

'അല്ലയോ പിതൃസഹോദരനായുള്ളോനേ! (മൂത്താപ്പാ) താങ്കളെ താങ്കളുടെ ബലഹീനതയും ബുദ്ധിമുട്ടുകളും ആശങ്കപ്പെടുത്തുന്നുവെങ്കിൽ എന്നെ പിന്തുണക്കുന്നതിൽനിന്നും വിട്ടുനിൽക്കുക. അല്ലാഹുവാണ! എനിക്ക് താങ്കളുടെ അഭയം അശേഷം ആവശ്യമില്ല. ദൈവകല്പനകൾ എത്തിക്കുന്നതിൽനിന്ന് ഞാൻ ഒരിക്കലും വിട്ടുനിൽക്കുകയില്ല. എന്റെ യജമാനന്റെ കല്പനകൾ എനിക്കെന്റെ ജീവനേക്കാൾ പ്രിയങ്കരമാണ്. അല്ലാഹുവാണ! ഈ മാർഗത്തിലാണ് എന്റെ മരണമെങ്കിൽ വീണ്ടും വീണ്ടും ജീവിച്ച് എപ്പോഴും ഇതേ മാർഗത്തിൽ മരിച്ചുകൊണ്ടിരിക്കണമെന്നതാണ് എന്റെ ആഗ്രഹം. ഇവിടെ ഭയത്തിനു സ്ഥാനമില്ല. അവന്റെ മാർഗത്തിൽ പീഢനങ്ങൾ സഹിക്കുന്നതിൽ എനിക്ക് അത്യന്തം ആനന്ദാനുഭൂതിയാണുള്ളത്.'

നബി(സ)തിരുമേനി ഇങ്ങനെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖകമലം സത്യത്താലും പ്രകാശത്താലും പൂരിതമായി ആർദ്രമായിക്കൊണ്ടിരുന്നു. നബി(സ) തിരുമേനി തന്റെ സംഭാഷണം അവസാനിപ്പിച്ചപ്പോൾ സത്യത്തിന്റെ തെളിമ കണ്ടുകൊണ്ട് അബൂത്വാലിബിന്റെ കണ്ണുകളിൽനിന്നും അനിയന്ത്രിതമായി കണ്ണുനീർ പ്രവഹിക്കാൻ തുടങ്ങി. 'ഞാൻ നിന്റെ ഉന്നതമായ അവസ്ഥയെക്കുറിച്ച് അജ്ഞനായിരുന്നു. നിന്റെ വർണവും പ്രതാപവും വേറിട്ടതുതന്നെയാണ്. പോകൂ! നിന്റെ പ്രവർത്തിയിൽ മുഴുകുക. ഏതുവരെ ഞാൻ ജീവിച്ചിരിക്കുമോ ഏതുവരെ എനിക്ക് ശക്തിയുണ്ടാകുമോ ഞാൻ നിന്നോടൊപ്പമുണ്ടാവുന്നതാണ്.' അബൂത്വാലിബ് പറഞ്ഞു.

നബി(സ)തിരുമേനിയുടെ ആത്മാർഥാനുരക്തനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസാലയെ ഔഹാം എന്ന തന്റെ കൃതിയുടെ ഒന്നാം

ഭാഗത്ത് 110, 111 പേജുകളിൽ ഈ സംഭവവും വാക്യങ്ങളും ഉദ്ധരിച്ചതിനുശേഷം അടിക്കുറിപ്പിൽ ഇങ്ങനെ എഴുതുന്നു:

“അബൂത്വാലിബുമായി ബന്ധപ്പെട്ട ഈ എല്ലാ വിഷയങ്ങളും ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളതാണെങ്കിലും ഇവയെല്ലാംതന്നെ അല്ലാഹു ഈ വിനീതന്റെ ഹൃദയത്തിൽ ഇട്ടുതന്നിട്ടുള്ള ഇൽഹാമിക വചനങ്ങളാണ്. കേവലം ഏതാനും വരികൾ വിശദീകരണമെന്നോണം ഈ വിനീതന്റെ ഭാഗത്തുനിന്നുള്ളതാണ്. *സുബ്ഹാനല്ലാഹി വ ബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ.*

അവസാനം ഖുറയ്ശി പ്രമുഖരുടെ ഈ ശ്രമവും പരാജയപ്പെട്ടപ്പോൾ നബി(സ)തിരുമേനിയും സ്വതന്ത്രരും അടിമകളായിരുന്ന തിരുസഹാക്കളും മക്കാനിഷേധികളുടെ കടുത്തയാതനകൾക്ക് കുറിമാനമായിക്കൊണ്ടിരുന്നു. അങ്ങനെ ചില സ്വഹാബാക്കളുടെ ദയനീയാവസ്ഥ കണ്ട് നബി(സ)തിരുമേനി അവർക്ക് ഹബ്ശയിലേക്ക് (എത്യോപ്യ) പാലായനം ചെയ്യാനുള്ള അനുമതി നൽകുകയുണ്ടായി. മുസ്‌ലീംകൾ അവരുടെ അക്രമങ്ങൾക്ക് കുറിമാനമായിക്കൊണ്ടിരുന്നു. ഹദ്റത്ത് ഹംസത്തിനേയും ഹദ്റത്ത് ഉമറിനേയും പോലുള്ള വലിയ വലിയ ആളുകളും മുസ്‌ലിം ആകുന്നത് ആ അക്രമികൾ കണ്ടപ്പോൾ അവർ അക്രമത്തിന്റെ പരമ്പര വർധിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ ഖുറയ്ശി നേതാക്കൾ കൂടിയാലോചിച്ച് നബി(സ) തിരുമേനിയേയും ബനൂഹാശിമിലെ എല്ലാ അംഗങ്ങളേയും ബനൂമുത്ത്വലിബിനോടൊപ്പം സാമൂഹികബഹിഷ്കരണം നടത്താൻ തീരുമാനിച്ചു. ഇപ്രകാരം സമ്പൂർണമായ സാമൂഹിക ബഹിഷ്കരണത്തിന്റെ ഒരു ലേഖനം എഴുതി ഉണ്ടാക്കി എല്ലാ വലിയ വലിയ നേതാക്കന്മാരുടേയും ഒപ്പോടുകൂടി കഅ്ബയുടെ ഭിത്തികളിൽ കെട്ടിത്തൂക്കി. ഇതിന്റെ ഫലമായി ഖുറയ്ശിയിലെതന്നെ രണ്ടു വലിയ ഗോത്രമായ ബനൂഹാശിമും ബനൂ മുത്ത്വലിബും ശിഅ്ബ്അബൂത്വാലിബിൽ–അതൊരു മലയിടുക്കായിരുന്നു ഉപരോധിക്കപ്പെട്ടു. ഈ സാമൂഹികഭ്രഷ്ടുമൂലം മൂന്നുകൊല്ലത്തോളം നബിയും ഹാശിം ഗോത്രക്കാരും ദുരിതങ്ങൾ അനുഭവിച്ചു. ഈ കരാറിന്റെ അല്ലാഹുവിന്റെ നാമമൊഴികെയുള്ള എല്ലാ എഴുത്തുകളും ചിതലരിച്ചിരുന്നുവെന്ന് നബി(സ) തിരുമേനി കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ചില മാന്യന്മാരുടെ ഇടപെടലുകൊണ്ട് ഈ സാമൂഹിക ബഹിഷ്കരണം നബവി 10ൽ അവസാനിപ്പിക്കപ്പെട്ടു. (അസ്സീറത്തുന്നബവിയ്യ ലിഇബ്നിഹിശാം, വാള്യം 1, പേജ് 350)

ഈ മൂന്നുവർഷത്തെ സാമൂഹിക ബഹിഷ്കരണത്തിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും പുറത്തുവന്നതിന് തൊട്ടുപിന്നാലെ നുബുവ്വത്ത് ലഭിച്ച 11–ാം വർഷം നബി(സ) തിരുമേനിയുടെ മൂത്താപ്പ അബൂത്വാലിബും പിന്നീട് കുറച്ചുദിവസത്തിനുശേഷം അവിടത്തെ ഉത്തമപത്നിയായ ഹദ്റത്ത് ഖദീജ(റ)യും ഒന്നിനുപിറകെ, ഒന്നായി ഇഹലോകവാസം വെടിഞ്ഞു. അബൂത്വാലിബിന്റെ വഫാത്തിനുശേഷം നബി(സ)തിരുമേനിക്ക് ബുദ്ധിമുട്ടുകളിൽ കൂടുതൽ വർധന ഉണ്ടായി. പക്ഷേ, അവിടന്ന് ആ ബുദ്ധിമുട്ടുകളേയും വിപത്തുകളേയും വകവെച്ചില്ല. എന്തെങ്കിലും ചിന്തയുണ്ടായിരുന്നുവെങ്കിൽ അത് പ്രബോധനത്തെക്കുറിച്ചായിരുന്നു. തന്റെ സന്ദേശം കേൾക്കാൻ ആരേയും കിട്ടാത്ത ദിവസം അദ്ദേഹത്തിന് വളരെ ഭാരിച്ചതായി അനുഭവപ്പെട്ടു. ദൈവിക സന്ദേശം കേൾപ്പിക്കുന്നതിന് അവിടന്ന് ഒരു മാർഗം സ്വീകരിച്ചത് മക്കയുടെ സമീപ പ്രദേശങ്ങളായ ഉക്കാള്, ദുൽമജാസ്, മജിന്ന സ്ഥലങ്ങളിൽ സംഘടിപ്പിക്കാറുള്ള മേളകളിൽ പോയി കിട്ടുന്ന ആൾക്ക് അല്ലാഹുവിന്റെ സന്ദേശമെത്തിക്കുക എന്നതായിരുന്നു.

റബീഅ ബിൻ ഇബാദ പറയുന്നു: ‘ദുൽമജാസ് മേളയിൽ ഞാൻ അല്ലാഹുവിന്റെ ദൂതനെ കണ്ടു. അവിടന്ന് ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയായിരുന്നു. അല്ലാഹുവിനു പുറമെ ആരാധ്യർ ആരുമില്ലെന്ന് പറയുക. എന്നാൽ, മോക്ഷം പ്രാപിക്കുമെന്ന് അവിടന്ന് പറയുകയായിരുന്നു. അല്ലാഹുവിനെ ആരാധിക്കാൻ അവൻ നിങ്ങളോട് കല്പിക്കുന്നു. അവനോടു ആരേയും പങ്കാളിയാക്കരുത്. ഞാൻ നിങ്ങളിലേക്കു വന്ന അല്ലാഹുവിന്റെ റസൂലാകുന്നു. അവിടന്ന് ജനങ്ങൾക്ക് അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിൽ മുഴുകിയിരിക്കുമ്പോൾ അബൂലഹബും അബൂജഹ്‌ലും ഒച്ചയുണ്ടാക്കുകയും പൊടിപാറ്റുകയും ആളുകളെ വലിച്ചിഴച്ച് ഇവൻ കള്ളനാണെന്നും ഇവൻ പറയുന്നതു കേൾക്കരുതെന്നും ഇവൻ നിങ്ങളെ വഴിപിഴപ്പിക്കാതിരിക്കട്ടെ എന്നും വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

നബി(സ) തിരുമേനിയുടെ ദഅ്വത്തെ ഇലല്ലായെക്കുറിച്ച് പറയുമ്പോൾ ത്വായിഫിലെ സംഭവം വിസ്മരിക്കാൻ പറ്റുകയില്ല. മക്കയിൽനിന്ന് 40 മൈൽ അകലെ ത്വാഇഫ് എന്ന നാട്ടിൽ തന്റെ സ്വതന്ത്രമാക്കപ്പെട്ട അടിമ സയ്ദിന്റെകൂടെ നബി(സ)തിരുമേനി പോയി. അവിടെ മറ്റു അമീർമാർക്ക് പുറമെ ഥഖീഫ് ഗോത്രത്തിലെ മൂന്ന് നേതാക്കളുമുണ്ടായിരുന്നു. അവരുമായി നബി(സ)തിരുമേനിക്ക് മാതൃപരമായ ബന്ധവുമുണ്ടായിരുന്നു. നബി(സ)തിരുമേനി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. മക്കയിലെ ഖുറയ്ശികളുടെ എതിർപ് പറഞ്ഞ് അവരോട് സഹായം തേടി. ഇതുകേട്ട് അവരിൽനിന്നുള്ള ഒരു നേതാവ് പറഞ്ഞു: ‘നിന്നെ അല്ലാഹു റസൂലാക്കി അയച്ചിട്ടുണ്ടെങ്കിൽ അവൻ കഅ്ബയുടെ പർദ കീറിമുറിക്കുകയാണ് ചെയ്യുന്നത്.’ രണ്ടാമത്തെയാൾ പറഞ്ഞു: ‘നിന്നെ കൂടാതെ മറ്റാരേയും അല്ലാഹുവിന് റസൂലാക്കാൻ കിട്ടിയില്ലേ.’ മൂന്നാമത്തെയാൾ പറഞ്ഞു: ‘അല്ലാഹുവാണ! ഞാൻ നിന്നോടു സംസാരിക്കാൻതന്നെ ഇഷ്ടപ്പെടുന്നില്ല.’ (ഇബ്നുഹിശാം, വാള്യം 1, പേജ് 419) ശത്രു മൂപ്പൻ പറഞ്ഞു: ‘ഈ നാട്ടിൽനിന്ന് പെട്ടെന്ന് പുറത്തുപൊയ്ക്കൊള്ളുക.’ അവിടംകൊണ്ട് അവർ മതിയാക്കിയില്ല. മറിച്ച്, ചില അടിമകളേയും തെരുവ് കുട്ടികളേയും അദ്ദേഹത്തിന്റെ പിന്നാലെ അയച്ചു. അവർ ചീത്തവിളിക്കുകയും പിറകെ നടന്ന് കൂക്കിവിളിക്കുകയും ചെയ്തു. അപ്പോൾ ഒരു വലിയ ജനക്കൂട്ടം സംഘടിച്ചുകഴിഞ്ഞിരുന്നു. അവർ നബി(സ)തിരുമേനി പോകുന്ന വഴിയുടെ ഇരുഭാഗത്തുനിന്ന് കല്ലെറിഞ്ഞു. ഹദ്റത്ത് സയ്ദ് നബി(സ) തിരുമേനിയുടെ മുന്നിൽ പരിചയായിനിന്ന് കല്ലുകളിൽനിന്ന് ആ മഹാത്മാവിനെ രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് ഒറ്റയ്ക്ക് എന്താണ് ചെയ്യാൻ കഴിയുക? നബി(സ)തിരുമേനിയുടെ കാലുകളിൽനിന്ന് ചോര ഒലിച്ചിറങ്ങാൻ തുടങ്ങി. പാദുകം ചോരകൊണ്ട് നിറഞ്ഞു. ഹദ്റത്ത് സയ്ദിനും ഗുരുതരമായി പരിക്കേറ്റു. നബി(സ) തിരുമേനി മക്കയിലെ സർദാർമാരായ ഉത്ബയുടേയും ശൈബയുടേയും മുന്തിരിത്തോട്ടത്തിലെത്തിയപ്പോഴാണ് അവർ മടങ്ങിപ്പോയത്.

ചുരുക്കിപ്പറഞ്ഞാൽ ത്വാഇഫിലെ ആ ദിവസം നബി(സ) തിരുമേനിക്ക് അങ്ങേയറ്റം കഠിനമായിരുന്നു. ഹദ്റത്ത് ആയിശ(റ) ഒരിക്കൽ നബി(സ) തിരുമേനിയോടു ചോദിച്ചു. ഉഹുദു ദിവസത്തെക്കാളധികം കഠിനമായ ദിവസം അങ്ങേയ്ക്കുണ്ടായിട്ടുണ്ടോ? (ഉഹുദിൽ അവിടത്തെ പരിശുദ്ധദന്തങ്ങൾ ശഹീദായിരുന്നു. മുഖത്തും പരിക്കേറ്റിരുന്നു) അവിടന്ന് പറഞ്ഞു: ആയിശാ! നിന്റെ ജനതയിൽനിന്ന് എനിക്ക് കഠിനമായ വിഷമങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, ഏറ്റവും അധികം വിഷമം ഉണ്ടായത് ത്വാഇഫ് യാത്രയിലാണ്. ആ നേരത്ത് കഠിനമായ ദുഃഖാവസ്ഥയിൽ തലകുനിച്ചുകൊണ്ടാണ് പോന്നത്. അപ്പോൾ ഒരു മേഘം എന്നെ തണലിൽ വെച്ചിരിക്കുന്നതാണ് കണ്ടത്. പർവതങ്ങളുടെ മലക്ക് അപ്പോൾ എന്നെ വിളിച്ചു. എന്നോടു സലാം പറഞ്ഞു. ‘ഞാൻ പർവതങ്ങളുടെ മലക്കാണ്. താങ്കൾ നല്കുന്ന കല്പന നടപ്പിൽ വരുത്താൻ താങ്കളുടെ റബ്ബാണ് എന്നെ അയച്ചിട്ടുള്ളത്. മുഹമ്മദേ! (സ) ഈ മലയിടുക്കിന്റെ ഇരുകരയിലുമുള്ള മലകൾ കൂട്ടിചേർത്ത് ഇവരിലേക്കിടാൻ താങ്കൾ ആഗ്രഹിക്കുന്നുണ്ടോ?’ കാരുണ്യവാനായ നബി പറഞ്ഞു: ഇല്ല, ഇല്ല. അങ്ങനെ ചെയ്യരുത്. അല്ലാഹു ഇവരുടെ മക്കളിൽനിന്ന് ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നവരെ സൃഷ്ടിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു; അവനോടു ആരയും അവർ പങ്കാളിയാക്കുകയില്ല.” (ബുഖാരി ബദഉൽഖൽഖ്, ബാബ് 7)

നബി(സ) തിരുമേനിയുടെ മനസ്സിൽ ജനങ്ങളെ അല്ലാഹുവിലേക്ക് വിളിക്കാനുള്ള ആവേശമെന്തായിരുന്നു! മക്കയിലെ അവിശ്വാസികൾ വിശ്വസിക്കാത്തതിലുള്ള മനോവിഷമം എന്തായിരുന്നു! ഇത് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. അല്ലാഹു നബി(സ)തിരുമേനിയുടെ ആ മാനസികാവസ്ഥയുടെ ചിത്രം ഈ വാക്കുകളിൽ കോറിയിട്ടിരിക്കുന്നു. *ലഅല്ലക്ക ബാഖിഉന്നഫ്സക്ക അല്ലാ യക്കൂനൂ മുഅ്മിനീൻ* (അശ്ശുഅറാഅ്: 4) മുഹമ്മദേ! അവർ വിശ്വസിക്കാത്ത കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചുകളയുമോ?

നബി(സ) തിരുമേനിയുടെ ത്വാഇഫ് യാത്രയിൽ ദഅ്വത്തെഇലല്ലായുടെ വഴിയിൽ സഹിച്ച ബുദ്ധിമുട്ടുകളുടേയും അക്രമങ്ങളുടേയും മക്കൾ വിശ്വസിക്കുമെന്നുള്ള പ്രതീക്ഷയിൽ അവരോടു ചെയ്ത വിട്ടുവീഴ്ചയുടേയും ഫലം 12 വർഷം കഴിഞ്ഞ് പുറത്തുവന്നു. ഹിജ്റ ഒമ്പതാം വർഷം അവിടന്ന് തബൂക് യുദ്ധം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ത്വാഇഫിലെ ഒരു സർദാർ പ്രതിനിധിയായി വരികയും എല്ലാവർക്കും വേണ്ടി ഇസ്‌ലാം വിശ്വസിക്കുകയും ചെയ്തു.

എന്തായാലും ഫസ്ദഅ് ബിമാ തുഅ്മർന്റെ കല്പന ഇറങ്ങിയതിനുശേഷം നബി(സ) തിരുമേനിയുടെ മക്കാജീവിതത്തിന്റെ 10 വർഷത്തിലെ ഓരോരോ ദിവസവും ദഅ്വത്തെ ഇലല്ലായുടെ പ്രവർത്തനത്തിൽ ചെലവായിക്കൊണ്ടിരുന്നു. പക്ഷേ, മക്കയിലെ ശിലാഹൃദയരുടെ മണ്ണിൽ, അവിടെ ജീവിതം അർപണം ചെയ്ത സ്വതന്ത്രരായ ചിലരും അടിമകളായ കൂട്ടുകാരുമാണ് ഉണ്ടായിരുന്നത്. ഖുറയ്ശി സർദാർമാർ ഈ ദൈവിക സന്ദേശത്തെ തള്ളിക്കളഞ്ഞുവെന്നു മാത്രമല്ല മറിച്ച് നബി(സ) തിരുമേനിയുടേയും ഒരുപിടി സ്വഹാബാക്കളുടേയും ജീവിതംതന്നെ ദുരിതപൂർണമാക്കി. അങ്ങനെ ഒരുവിധേനയും ദഅ്വത്തെ ഇലല്ലാഹ് എന്ന കടമ നിർവഹിക്കുന്നതിൽനിന്ന് നബി(സ) പിന്മാറുന്നില്ലെന്ന് കണ്ടപ്പോൾ എല്ലാ ഗോത്രക്കാരും ചേർന്നുകൊണ്ട് നബിയുടെ വീട് വളയാനും പുറത്തിറങ്ങുമ്പോൾ വധിക്കാനും തീരുമാനിച്ചു. മറുഭാഗത്ത് അല്ലാഹു യഥ്‌രിബിന്റെ മണ്ണിൽ– അത് പിന്നീട് മദീന എന്ന പേരിൽ പ്രസിദ്ധമായി–ജീവിനർപ്പിക്കാൻ സന്നദ്ധരായ കുറച്ചുപ്രേമികളെ എഴുന്നേല്പിച്ചുനിറുത്തി. ഒന്നും രണ്ടും അഖബാ ഉടമ്പടിയിൽ നബി(സ) തിരുമേനിക്ക് അല്ലാഹു പ്രദാനം ചെയ്തവരായിരുന്നു അവർ. അങ്ങനെ അല്ലാഹു നബി(സ) തിരുമേനിക്ക് മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്യാൻ പെട്ടെന്ന് കല്പന നല്കി. അവിടന്ന് അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണത്തിലും അഭയത്തിലും തന്റെ പ്രത്യേക കൂട്ടുകാരനായ അബൂബക്കറിനോടൊപ്പം വീടു വളഞ്ഞിട്ടുള്ളവരുടെ കൺമുമ്പിലൂടെ മക്കയിൽനിന്ന് പുറപ്പെട്ടു. ഥൗർഗുഹയിൽ മൂന്നുനാൾ അഭയംപ്രാപിച്ചതിനുശേഷം മദീനയിലേക്ക് പലായനം ചെയ്തു. പതുക്കെപ്പതുക്കെ മക്കയിലെ സ്വഹാബത്തും ഹിജ്റത്ത് ചെയ്ത് മദീനയിൽ വരാൻ തുടങ്ങി. ഹിജ്റത്ത് ചെയ്തുവന്നവരുടേയും അവരെ സഹായിച്ചവരുടേയും

ഒരു ജമാഅത്ത് നിലവിൽവന്നു. പിന്നീട് ദഅ്വത്തെ ഇലല്ലായുടെ ഒരു പുതിയ കാലം ആരംഭിച്ചു. യഹൂദികളേയും പ്രബോധനം ചെയ്തു. ക്രിസ്ത്യാനികളേയും തബ്ലീഗ് ചെയ്തു. സാധാരണക്കാരേയും തബ്ലീഗ് ചെയ്തു. പ്രത്യേക ആളുകളേയും തബ്ലീഗ് ചെയ്തു. എത്രത്തോളമെന്നാൽ, നബി(സ) തിരുമേനി ചുറ്റുവട്ടത്തുള്ള വലിയ വലിയ ഭരണകൂടങ്ങളുടെ രാജാക്കന്മാർക്കും നേതാക്കൾക്കും തബ്ലീഗ് ചെയ്തുകൊണ്ട് കത്തെഴുതി, അത് തന്റെ ദൂതന്മാർ മുഖേന എത്തിക്കാനുള്ള ഏർപാട് ചെയ്തു. ഇറാനിലെ രാജാവ് കിസ്റാ, റോമിലെ രാജാവ് ഖയ്സർ, ഹബ്ശയിലെ രാജാവ് നജ്ജാശി, മിസ്റിലെ രാജാവ്, ഗസ്സാനിലെ രാജാവ് ഇതുപോലെതന്നെ യമാമ, ഒമാൻ, ബഹ്റയ്ൻ തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികൾക്കും തബ്ലീഗ് കത്തുകളയച്ചു. ഭാഗ്യവാന്മാരായ ചില രാജാക്കന്മാർ നബി(സ) തിരുമേനിയുടെ കത്തുകൾ തങ്ങളുടെ കണ്ണുകളിൽമുട്ടിച്ച് ആദരിച്ചു. ആദരവിന്റെ വികാരങ്ങൾ പ്രകടിപ്പിച്ചു. പിന്നീട് അല്ലാഹുവും അവരിൽ കൃപചൊരിഞ്ഞു. ചിലർ അപമര്യാദയും പരിഹാസവുമാണ് പ്രകടിപ്പിച്ചത്. കത്തുകൾ വലിച്ചുകീറി. അല്ലാഹു അവരുടെ ഭരണകൂടങ്ങളെ അതുപോലെതന്നെ തകർത്തുകളഞ്ഞു.

പിന്നീട് അല്ലാഹുവിന്റെ കല്പനയാൽ ബദ്ർ യുദ്ധം മുഖേന– പ്രതിരോധയുദ്ധങ്ങൾക്ക് തുടക്കം കുറിച്ചു. അതിലും ദഅ്വത്തെ ഇലല്ലാഹ് എന്ന വശം എല്ലാ അടിസ്ഥാനത്തിലും മുന്തിനിന്നു. ഖയ്ബർ യുദ്ധത്തിൽ നബി(സ) തിരുമേനി ഇസ്ലാമികപതാക ഹദ്റത്ത് അലി (റ)യ്ക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: 'ഇപ്പോൾ പുറപ്പെടുക. നേരെ അവരുടെ മൈതാനത്തുപോയി ഇറങ്ങുക. ഏറ്റവുമാദ്യം അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. അവരിലർപിതമായിരിക്കുന്ന അല്ലാഹുവിനോടുള്ള കടമകൾ അവരോടു പറയുക. പിന്നീട് പറഞ്ഞു: അല്ലാഹുവാണ! അല്ലാഹു താങ്കളുടെ തബ്ലീഗുകൊണ്ട് ഒരാൾക്കാണ് സന്മാർഗം നല്കുന്നതെങ്കിലും ആ ഭാഗ്യം നിനക്ക് ചെമന്ന ഒട്ടകത്തെക്കാളധികം മെച്ചമായിരിക്കും.'

ജീവിതം മുഴുവൻ പ്രബോധനമെന്ന കർത്തവ്യം നിർവഹിച്ചുകൊണ്ട് തന്റെ ജീവിതത്തിലെ അവസാനത്തെ ഹജ്ജിൽ– അത് ഹജ്ജത്തുൽവിദാ എന്ന പേരിൽ പ്രസിദ്ധമാണ്– ആയിരക്കണക്കിന് മുസ്ലിംകളുടെ സാന്നിധ്യത്തിൽ വിളംബരം ചെയ്തു. *അല്ലാഹുമ്മ ഹൽ ബല്ലഗ്ത്തു* അല്ലാഹുവിനുവേണ്ടി സാക്ഷ്യം പറയുക; ഞാൻ അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുതന്നുവോ? എല്ലാവരും ഒറ്റശബ്ദത്തിൽ പറഞ്ഞു: 'അല്ലാഹുമ്മ. നഅം! അതേ, അല്ലാഹുവിന്റെ റസൂലേ! താങ്കൾ ദഅ്വത്തെഇലല്ലായുടെ കടമ നിറവേറ്റിയെന്ന് ഞങ്ങൾ സാക്ഷി പറയുന്നു.' പിന്നീട് അവിടന്ന് പറഞ്ഞു: 'അല്ലാഹുമ്മശ്ഹദ് അല്ലാഹുവേ! നീയും സാക്ഷിയായിരിക്കേണമേ.' (ബുഖാരി, കിതാബുൽ ഹജ്ജ്, ബാബ്:131)

(ഈ എല്ലാ ഉദ്ധരണികളും ബഹുമാനപ്പെട്ട ഹാഫിള് മുള്ഫർ അഹ്മദ് സാഹിബിന്റെ ഗ്രന്ഥം ഉസ്വയെ ഇൻസാനെ കാമിലിൽനിന്നെടുത്തതാണ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ നബി(സ) തിരുമേനി സത്യംപ്രകടിപ്പിക്കുന്നതിനുള്ള ഒരു മഹാനായ മുജദ്ദിദായിരുന്നു. അദ്ദേഹം കളഞ്ഞുപോയ സത്യതയെ വീണ്ടും ലോകത്തുകൊണ്ടുവന്നു. നബി(സ) തിരുമേനിയുടെ നുബുവ്വത്തിനുള്ള വലിയൊരു തെളിവാണിത്; കാലഘട്ടം അങ്ങേയറ്റം അന്ധകാരത്തിൽ പതിഞ്ഞുകിടന്ന അവസ്ഥയിലാണ് അവിടന്ന് നിയോഗിതനായത്; സ്വാഭാവികമായും ഒരു മഹാനായ പരിഷ്കർത്താവിനെ അത് ആഗ്രഹിച്ചിരുന്നു. പിന്നീട് അവിടന്ന് ലോകത്തുനിന്ന് വിടപറഞ്ഞ നേരത്ത് ലക്ഷക്കണിക്കിനാളുകൾ ശിർക്കും ബിംബാരാധനയും ഉപേക്ഷിച്ച് തൗഹീദും നേരായ മാർഗവും സ്വീകരിച്ചുകഴിഞ്ഞിരുന്നു. യഥാർഥത്തിൽ ഈ സമ്പൂർണ പരിഷ്കരണം അവിടന്നുമായി മാത്രം പ്രത്യേകമാക്കപ്പെട്ടതായിരുന്നു. അവിടന്ന് മൃഗസമാനരായ ഒരു ജനതയെ മാനുഷികമായ സ്വഭാവങ്ങൾ പഠിപ്പിച്ചു. മറ്റു വാക്കുകളിൽ ഇങ്ങനെ പറയാം; കാട്ടാളനെ മനുഷ്യനായും പിന്നീട് അവനെ ധാർമിക മനുഷ്യനായും ഒടുക്കം ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനായും പരിണമിപ്പിച്ചു. ആത്മീയതയുടെ അവസ്ഥ അവരിൽ ഊതുകയും സത്യദൈവവുമായി അവരെ ബന്ധിപ്പിക്കുകയും ചെയ്തു. അവർ ദൈവവഴിയിൽ ആടുകളെപോലെ അറുക്കപ്പെട്ടു. ഉറുമ്പുകളെപോലെ കാലിന്നടിയിൽ ചവുട്ടി അരയ്ക്കപ്പെട്ടു. പക്ഷേ, ഈമാൻ കൈയിൽനിന്നു വിട്ടില്ല. മറിച്ച്, ഓരോ വിപത്തിലും ചുവടു മുന്നോട്ടുവച്ചു. അതിനാൽ ഒരു സംശയവുമില്ല; നമ്മുടെ നബി(സ)തിരുമേനി ആത്മീയത സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ആദമായിരുന്നു. എന്നല്ല, യഥാർഥ ആദം ആ മഹാത്മാവുതന്നെയായിരുന്നു. അദ്ദേഹം മുഖേന എല്ലാ മാനുഷികമായ ശ്രേഷ്ഠതകളും പാരമ്യത്തിലെത്തി. എല്ലാ നല്ല ശക്തികളും അവരവരുടെ ജോലികളിൽ മുഴുകി. മനുഷ്യപ്രകൃതിയുടെ ഒരു ശാഖയും പാഴായിപ്പോയില്ല. വെറും കാലത്തിന്റെ കാരണത്താൽ നുബുവ്വത്ത് അവിടത്തെമേൽ അവസാനിച്ചില്ല. മറിച്ച്, നുബുവ്വത്തിന്റെ എല്ലാ ശ്രേഷ്ഠതകളും അവിടത്തെ മേൽ അവസാനിച്ചു.' (ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസായിൻ, വാള്യം 20, പേജ് 206–207)

നബി(സ) തിരുമേനി കേവലം അറേബ്യൻ ജനതയ്ക്ക് വേണ്ടിയല്ല റസൂലായി അയക്കപ്പെട്ടത്. മറിച്ച് മുഴുവൻ മാനവരാശിയും അവിടത്തെ സംബോധിതരായിരുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു അവിടന്ന് മുഖേന ഇങ്ങനെ വിളംബരം ചെയ്യിച്ചു. *യാ അയ്യുഹന്നാസ് ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ* (അഅ്റാഫ്: 159) മുഹമ്മദേ! (സ) നീ പ്രഖ്യാപിക്കുക. അല്ലയോ മാനവസമൂഹമേ! തീർച്ചയായും ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ഇവിടെ തുടക്കത്തിൽ സൂറഃ അഹ്സാബിലെ ആയത്ത് ഓതുകയുണ്ടായി. അതിൽ സിറാജൻ മുനീറാ എന്നു പറയപ്പെട്ടിരിക്കുന്നു. അതിലുള്ള സന്ദേശം നബി(സ) തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിൽ മുഴുവൻ മനുഷ്യരേയും ഇസ്ലാമിന്റെ സന്ദേശം എത്തിക്കുക എന്നത് സംഭാവ്യമല്ലായിരുന്നു. പക്ഷേ, ഈ ആത്മീയസൂര്യൻ അസ്തമിക്കുമ്പോഴും അതിന്റെ പ്രകാശം അവസാനിക്കുകയില്ല. പിന്നീട് ചന്ദ്രൻ ഉദിച്ച് ആ സൂര്യന്റെ പ്രകാശംകൊണ്ട് ലോകത്ത് പ്രശോഭിതമാക്കേണ്ടതുണ്ടായിരുന്നു. ബദ്റെ മുനീർ അതായത് അവിടത്തെ ആത്മീയസുതൻ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും മുഖേന ഇസ്ലാമിക വിജയത്തിനുള്ള ദൈവികനടപടി നടക്കേണ്ടതുണ്ടായിരുന്നു. അതിനെക്കുറിച്ച് സൂറഃജുമുആയിൽ പറയുന്നുണ്ട്. *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം.*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ വളരെ വിശദമായി ഈ പോയന്റ് എഴുതിയിരിക്കുന്നു; നബി(സ) തിരുമേനിയുടെ ആദ്യകാലത്ത് സന്മാർഗ സമ്പൂർത്തീകരണത്തിനുള്ള നിർബന്ധകടമ അങ്ങേയറ്റം നല്ലരീതിയിൽ സമ്പൂർണമായി. ഇപ്പോൾ അവിടത്തെ രണ്ടാമത്തെ നിയോഗം, അത് അവിടത്തെ ആത്മീയസുതൻ മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും രൂപത്തിലാണ് ഉണ്ടാകേണ്ടിയിരുന്നത്. അതിൽ സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണം വിധിക്കപ്പെട്ടിരുന്നതാണ്. അതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ നബി(സ) തിരുമേനിയുടെ സമ്പൂർണപ്രതിബിംബത്തിന്റെ രൂപത്തിൽ മസീഹിന്റേയും മഹ്ദിയുടേയും സ്ഥാനത്ത് നിയോഗിച്ചുകൊണ്ട് ഇന്ത്യാരാജ്യത്ത് നിയോഗിച്ചു. സന്ദേശമെത്തിക്കാനുള്ള ഇന്നത്തെ ആധുനിക സംവിധാനങ്ങളെല്ലാം ലഭ്യമാക്കുകയും ചെയ്തു.

ജമാഅത്തിലെ എല്ലാ സഹോദരങ്ങളും ഈ അത്യന്താധുനിക സംവിധാനങ്ങൾ ശരിയായനിലയിൽ ഉപയോഗിച്ചുകൊണ്ട് ദഅ്വത്തെഇലല്ലായുടെ സുപ്രധാന കർത്തവ്യം നിർവഹിക്കേണ്ട ആവശ്യമാണുള്ളത്.

നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ഒരിക്കൽ തന്റെ ഒരു ഖുത്ബയിൽ (സെപ്തംബർ 8–2017) ജമാഅത്തംഗങ്ങളെ ദഅ്വത്തെ ഇലല്ലായിലേക്ക് ശ്രദ്ധിക്കാൻ പറയുകയുണ്ടായി. 'നമുക്ക് നമ്മുടെ തബ്ലീഗ് പ്രവർത്തനങ്ങളിൽ ഒരു നൈരന്തര്യമുണ്ടാക്കേണ്ട ആവശ്യമുണ്ട്. വർഷത്തിൽ ഒന്നോ രണ്ടോ തവണ ദശദിന തബ്ലീഗ് പരിപാടി ഉണ്ടാക്കുകയും വഴിയിൽനിന്ന് ലിറ്ററേച്ചർ കൊടുക്കുകയും ചെയ്തിട്ട് തബ്ലീഗിന്റെ കടമ നിറവേറ്റി എന്ന് മനസ്സിലാക്കുകയല്ല.'

അല്ലാഹു യുക്തിയോടും നല്ല ഉപദേശത്തോടും ശക്തമായ തെളിവുകളോടുംകൂടി തബ്ലീഗ് ചെയ്യാൻ കല്പിച്ചിരിക്കുന്നു. അതനുസരിച്ച് നടക്കേണ്ടത് നമ്മുടെ ജോലിയാണ്. പതിവായി അത് നടത്തിക്കൊണ്ടുപോകേണ്ടത് നമ്മുടെ ജോലിയാണ്. അതിന്റെ ഫലവും അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹു പറഞ്ഞു. ഞാനാണ് സൃഷ്ടിക്കേണ്ടത്. ആർ വഴിപിഴച്ചുപോകണമെന്ന് ആർ സന്മാർഗം പ്രാപിക്കണമെന്നുമുള്ള അറിവ് അല്ലാഹുവിനുണ്ട്. നിങ്ങൾ സന്ദേശമെത്തിച്ചുവോ എന്നു മാത്രമാണ് അല്ലാഹു നമ്മളോടു ചോദിക്കുക. അല്ലെങ്കിൽ തബ്ലീഗിന്റെ കർത്തവ്യം എന്തുകൊണ്ട് നിർവഹിച്ചില്ലെന്ന്! എന്തുകൊണ്ട് അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചില്ല? നമ്മൾ നമ്മുടെ കർത്തവ്യം പൂർത്തിയാക്കുകയാണെങ്കിൽ കുറഞ്ഞപക്ഷം നമുക്ക് ഇസ്ലാമിന്റെ സന്ദേശം കിട്ടിയില്ലെന്ന് അല്ലാഹുവിനോട് പറയാൻ സാധിക്കുകയില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്ലാമിനെ സംരക്ഷിക്കുന്നതിനും സത്യം വെളിപ്പെടുത്തുന്നതിനുംവേണ്ടി ഒന്നാമത്തെ കാര്യം നിങ്ങൾ സത്യവാനായ മുസ്ലിമായിക്കൊണ്ട് മാതൃക കാണിക്കുക എന്നതാണ്. രണ്ടാമത്തെ കാര്യം അവന്റെ ഗുണവിശേഷങ്ങളും ശ്രേഷ്ഠതകളും ലോകത്ത് വ്യാപിക്കുക എന്നതാണ്.' (മൽഫൂദാത്ത്, വാള്യം 8, പേജ് 323)

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: "അതുകൊണ്ട് തബ്ലീഗ് ചെയ്യുന്നതിനും സ്വന്തം അവസ്ഥകളിൽ ആദ്യം പരിശുദ്ധമാറ്റങ്ങൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ഒരു സത്യവാനായ മുസ്ലിമിന്റെ മാതൃക മനുഷ്യനാകുമ്പോൾ പിന്നെ ജനങ്ങളുടെ ശ്രദ്ധ ഉണ്ടാകാതിരിക്കുന്ന പ്രശ്നം ഉണ്ടാകുകയില്ല. ആ മാതൃക കണ്ടുകൊണ്ടുതന്നെയായിരിക്കും ജനങ്ങൾ ശ്രദ്ധിക്കുക. ഇതുപോലെ പതിവായി തബ്ലീഗ് ചെയ്യുന്നതിനു മുമ്പേ തബ്ലീഗിനുള്ള വഴി തുറക്കാൻ തുടങ്ങുന്നതാണ്."

അല്ലാഹു ഇതനുസരിച്ച് പ്രവൃത്തിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. വ ആഖിറു ദഅ്വാനാ അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9മുതൽ രാത്രി 11മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ
ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(– പേജ് 10ൽ നിന്ന്)

ഇവരുടെ ദൃഷ്ടി പതിഞ്ഞിട്ടില്ല. അവർ ഒരിക്കലും, നിഷ്കളങ്കമായി നിക്കാഹിന്റെ ഉദ്ദേശ്യത്തേയും മനുഷ്യകുലത്തിന്റെ ആവശ്യകതയേയും കുറിച്ചും ചിന്തിച്ചിട്ടില്ല. ഇല്ലെങ്കിൽ ബുദ്ധിമാന്മാരായിട്ടുള്ള ആരുംതന്നെ നിഷേധിക്കാനുള്ള ഒരു പഴുതും കണ്ടെത്തുകയില്ല. ബഹുഭാര്യത്വത്തിന്റെ വ്യവസ്ഥിതി ഇസ്‌ലാമിൽ നിയമപരമായ നിലയിലല്ല മറിച്ച് നിക്കാഹിന്റെ അനുവദനീയമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനും മനുഷ്യന്റെ അനുവദനീയമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനുംവേണ്ടി പ്രത്യേകമായ നിലയിലുള്ള അവസ്ഥകളെ മുൻനിറുത്തിക്കൊണ്ട് നടപ്പിലാക്കിയതാണ്. ചുരുക്കത്തിൽ ഇതിനെ സംബന്ധിച്ച് അഭിപ്രായങ്ങൾ നൽകിക്കൊണ്ട് ബഹുഭാര്യത്വം നിർബന്ധഘട്ടമായി വരുന്ന വല്ല സാഹചര്യവും മനുഷ്യന് വന്നുപോകുന്നുണ്ടോയെന്നും ആലോചിക്കേണ്ടതാണ്. രണ്ടാം ഭാര്യയെ വിവാഹം കഴിക്കുന്നതിന് മനുഷ്യന്റെ വ്യക്തിപരമായോ കുടുംബപരമായോ സമൂഹപരമായോ രാഷ്ട്രപരമായോ ഗുണം ഇതുമായി ബന്ധമുണ്ടോയെന്നും ആലോചിക്കേണ്ടതാണ്.

ഞാൻ നെപ്പോളിയൻ രാജാവിന്റെ ജീവിതത്തിലെ ആ സംഭവം മറക്കുകയില്ല. അതായത് അദ്ദേഹത്തിന് തന്റെ രാഷ്ട്രത്തിന്റെ നന്മയെ മുൻനിറുത്തി സന്താനലബ്ധിയുടെ ഉദ്ദേശ്യത്തിനായി രണ്ടാം ഭാര്യയുടെ ആവശ്യം നേരിട്ടു. പക്ഷേ, എങ്ങനെയാണ് ഈ ആവശ്യം പൂർത്തിയാക്കിയത്. ഇതിനെ കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ശരീരം രോമാഞ്ചംകൊള്ളുന്നു. രാജ്ഞിയുടെ തലാഖിന്റെ സംഭവം ചരിത്രത്തിന്റെ ഇരുണ്ട സംഭവത്തിൽപ്പെട്ടതാണ്. അതിന്റെ ഉള്ളിൽ ഒരുവിധത്തിലും ഒന്നിൽ കൂടുതൽ ഭാര്യമാരെ വെക്കാൻ പാടില്ലെന്ന പൊള്ളയായ വികാരപരമായ ധാരണയാണുള്ളത്. ഖേദമെന്നു പറയട്ടെ! ഈ പൊള്ളയായ വികാരപരമായ ധാരണ പല ബലഹീനരായിട്ടുള്ള ആൾക്കാരുടെയും തഖ്‌വ കൊള്ളയടിച്ചു. പല കുടുംബത്തേയും സന്താനരഹിതമാക്കിക്കൊണ്ട് ലോകത്തിൽനിന്നുതന്നെ നശിപ്പിച്ചു. പല വീടുകളുടെയും സന്തോഷം ഇല്ലാതായി. പല വീടുകളുടേയും സമൂഹത്തിന്റേയും രാഷ്ട്രങ്ങളുടേയും ഐക്യത്തിൽ വെള്ളമൊഴിക്കുകയാണ്. പല അനാഥരെയും തെമ്മാടികളാക്കി. പല വിധവകളേയും നിയമപരമായി ഉപേക്ഷിച്ചു. പല സമൂഹങ്ങളുടെ സന്താനങ്ങളെ അധഃപതനത്തിന്റെ വഴിയിൽ ഇട്ടുകൊണ്ട് അവരുടെ നാശത്തിന് തുടക്കം കുറിച്ചു. ഇത് സംഭവിക്കാനുള്ള കാരണം സ്ത്രീകൾ ഏത് നിലയിലും തന്റെ ഭർത്താവിന്റെ ഉടമസ്ഥതയിലാവണം വേറെ വിവാഹം കഴിക്കാൻ പാടില്ല. വലിയ വസ്തുവിനെ ചെറിയ വസ്തുവിന്റെമേൽ ബലി കൊടുക്കുന്നു. ഇത് അത്ഭുതകരമായ ത്യാഗമാണ്. യഥാർഥത്തിൽ ധാർമികഗുണത്തിന്റെമേൽ ഭൗതികഗുണം ത്യാഗം വരിക്കുന്നു. മതപരമായ ഗുണത്തിന്റെമേൽ ഭൗതികഗുണം ത്യാഗം വരിക്കുന്നു. കുടുംബപരനന്മയുടെമേൽ വ്യക്തിപരമായ നന്മ ത്യാഗം വരിക്കുന്നു. സാമൂഹികമായ നേട്ടത്തിനുമേൽ വ്യക്തികളുടെ നേട്ടം ത്യാഗം വരിക്കുന്നു. യഥാർഥത്തിൽ ബഹുഭാര്യത്വം എന്ന വ്യവസ്ഥിതിതന്നെ ത്യാഗത്തിന്റെ വ്യവസ്ഥിതിയാണ്. അതിൽ ഭർത്താവിന്റേയും ഭാര്യയുടേയും രണ്ടുപേരുടേയും വ്യക്തിപരമായതും ശാരീരികപരമായതുമായ ത്യാഗങ്ങൾ മുഖേന ധാർമികവും മതപരവും കുടുംബപരവും സമൂഹപരവും രാഷ്ട്രപരവുമായ നന്മയ്ക്കുവേണ്ടി വഴി തുറക്കുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിൽ ബഹുഭാര്യത്വ വ്യവസ്ഥിതി എന്നത് താൽക്കാലികമായ ഒരു വ്യവസ്ഥിതിയാണ്. അത് മനുഷ്യന്റെ പ്രത്യേക ആവശ്യങ്ങൾ മുൻനിറുത്തി നടപ്പിലാക്കുന്നു. സ്ത്രീയുടേയും പുരുഷന്റേയും രണ്ടുപേരുടേയും ധാർമികതക്കും മതത്തിനും കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനുംവേണ്ടി പ്രത്യേക സാഹചര്യത്തിൽ ചെയ്യുന്ന ത്യാഗമാണിത്. ബഹുഭാര്യത്വത്തിന് നിർബന്ധമായി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യൻ തങ്ങളുടെ ആഗ്രഹത്തേയും തന്റെ ശാരീരികമായ വിശ്രമത്തേയും വലിയ നേട്ടത്തിനുവേണ്ടി ത്യാഗം വരിക്കാൻ മടികാണിക്കുകയില്ലെന്ന പ്രതീക്ഷയാണ് ഇസ്‌ലാം ഓരോ മനുഷ്യനിൽനിന്നും പ്രതീക്ഷിക്കുന്നത്. അവസരം വരുമ്പോൾ അവന്റെ ജീവിതം അവന്റെ വ്യക്തിയിലോ അല്ലെങ്കിൽ അവന്റെ വീടുവരെയോ ഒതുങ്ങിനിൽക്കുന്നതല്ല. മറിച്ച് ലോകത്തിലുള്ള മനുഷ്യത്വത്തിനുവേണ്ടി തന്റെ വ്യക്തിപരമായ നേട്ടങ്ങളെ ത്യാഗം ചെയ്യാൻ മടി കാണിക്കുകയില്ലെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

ബഹുഭാര്യത്വത്തിനുള്ള അനുവദനീയമായ ആവശ്യങ്ങൾ ഉണ്ടാകുമ്പോഴും ബഹുഭാര്യത്വം നിർബന്ധമാണെന്ന് ഇസ്‌ലാം ഗണിക്കുന്നില്ലെന്ന കാര്യവും ഓർക്കേണ്ടതാണ്. മറിച്ച്, മുകളിൽ പറഞ്ഞതുപോലെ മനുഷ്യൻ നീതി നടപ്പിലാക്കാൻ പ്രാപ്തനാണെങ്കിൽ മാത്രമേ രണ്ടാം വിവാഹം ചെയ്യാവൂ. ഇല്ലെങ്കിൽ ഒന്നിൽ തൃപ്തിയടയണമെന്ന നിബന്ധന നിർബന്ധമാക്കിയിരിക്കുന്നു. ഇവിടെ ഭാര്യമാരുടെ ഇടയിൽ നീതി നടപ്പാക്കുക എന്ന് മാത്രമല്ല ഉദ്ദേശിക്കുന്നത്. മറിച്ച് ബഹുഭാര്യത്വത്തിന്റെ ഘട്ടത്തിൽ മനുഷ്യനിൽ അർപിതമാകുന്ന എല്ലാ അവകാശങ്ങളും വകവെച്ചുകൊടുക്കുകയെന്നുകൂടി ഉദ്ദേശിക്കുന്നു. ചുരുക്കത്തിൽ ബഹുഭാര്യത്വത്തിന് രണ്ട് നിബന്ധനകളാണുള്ളത്. ഒന്ന്, ബഹുഭാര്യത്വത്തിന് ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള അനുവദനീയമായ ഉദ്ദേശ്യങ്ങളിൽനിന്ന് ഏതെങ്കിലും ഉദ്ദേശ്യം ഉണ്ടാവുക. രണ്ട്, മനുഷ്യൻ നീതി നടപ്പിലാക്കാൻ അർഹനായിതീരുക. ഈ രണ്ട് നിബന്ധന പൂർത്തിയാക്കാതെ ബഹുഭാര്യത്വം പ്രാവർത്തികമാക്കുന്നവൻ തന്റെ സമയം, തന്റെ ശ്രദ്ധ, തന്റെ ധനം, തന്റെ ബാഹ്യമായ പെരുമാറ്റം, ചുരുക്കത്തിൽ മനുഷ്യന് നിയന്ത്രണമില്ലാത്ത മനസ്സ് സ്നേഹമല്ലാത്ത മറ്റെല്ലാ വസ്തുക്കളിലും തന്റെ ഭാര്യമാരുമായി ഏറെ വ്യത്യാസമില്ലാതെ ഒരുപോലെ പെരുമാറുക. (മിശ്കാത്ത്) ഇതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഇത് ഭർത്താവ് ചെയ്യുന്ന മഹത്തായ ഒരു ത്യാഗമാണ്. പ്രത്യേകിച്ച് തന്റെ ഭാര്യമാരോട് അവരുടെ എന്തെങ്കിലും അവസ്ഥ കാരണമായും ഏതെങ്കിലും കഴിവിന്റെ വ്യത്യാസം കാരണമായും ചിലപ്പോൾ കൂടുതൽ സ്നേഹവും ചിലരോട് കുറവ് തോന്നുന്ന സന്ദർഭത്തിൽപോലും തന്റെ എല്ലാ വസ്തുക്കളും ത്രാസിൽ തൂക്കി നോക്കുന്നതുപോലെ തുല്യമായ നിലയിൽ വീതം വെക്കേണ്ടതാണ്. ഈ ത്യാഗം വെറും ഭർത്താവിന്റെ ത്യാഗമല്ല. മറിച്ച് ഈ ത്യാഗത്തിൽ അവന്റെ ഭാര്യയും തുല്യനിലയിൽ പങ്കാളിയാകുന്നു. ഈ അവസ്ഥയിൽ ബഹുഭാര്യത്വത്തിന്റെ കാര്യത്തിൽ ആഢംബരവിചാരം മാത്രമല്ല ഇസ്‌ലാം വിലക്കിയത് മറിച്ച് ആരെങ്കിലും ഇസ്‌ലാം നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രാവർത്തികമാക്കുകയാണെങ്കിൽ ഒരിക്കലുംതന്നെ ആഢംബരത്തിൽ മുഴുകാൻ സാധിക്കുകയില്ല. അത്തരത്തിലുള്ള നിബന്ധനകളാണ് വെച്ചിട്ടുള്ളത്.

ഇവിടെ ഒരു കാര്യവും പറയുന്നത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നു. അതായത് ഇസ്‌ലാമിനു മുമ്പേ അറബികളിൽ എന്നല്ല ലോകത്തുള്ള എല്ലാ സമൂഹത്തിലും ബഹുഭാര്യത്വത്തിന് ഒരതിരുമുണ്ടായിരുന്നില്ല. ഓരോ വ്യക്തിയും എത്ര ഭാര്യമാരെവെക്കാൻ ഉദ്ദേശിക്കുന്നുവോ അത്രയും വെക്കാവുന്നതാണ്. എന്നാൽ, ഇസ്‌ലാം മറ്റുള്ള നിബന്ധനകൾക്ക് പുറമെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അവന് ഏറ്റവും കൂടുതലായി 4 വരെ പരിമിതപ്പെടുത്തി. നവമുസ്‌ലിംകൾക്ക് നാല് ഭാര്യമാരിൽ കൂടുതലുള്ളവർക്ക് കൂടുതലുള്ളതിനെ ത്വലാഖ് കൊടുക്കുകയെന്ന് കല്പന നൽകിയെന്ന് ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നു. ഉദാ: ഗയ്‌ലാനുബ്നു സൽമാ മുസ്‌ലിമായപ്പോൾ അദ്ദേഹത്തിന് 10 ഭാര്യമാരുണ്ടായിരുന്നു. അവയിൽ 6 എണ്ണം കല്പനപ്രകാരം ത്വലാഖ് കൊടുത്തു. (തുർമുദി)

നബി(സ)തിരുമേനിയുടെ വിവാഹങ്ങളിൽ ഏത് ഉദ്ദേശ്യമാണ് മുന്നിൽവെച്ചിരുന്നത്? കാരണം നമ്മുടെ യഥാർഥ വിഷയമതാണ്. നബി (സ) തിരുമേനിയുടെ വിവാഹങ്ങളിലുള്ള ഉദ്ദേശ്യം, പൊതുവിൽ ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ള ഉദ്ദേശ്യങ്ങൾ തന്നെയാണ്. അതിനെക്കുറിച്ച് മുകളിൽ പറഞ്ഞുകഴിഞ്ഞു. ഈ ഉദ്ദേശ്യങ്ങളിൽ പ്രത്യേകിച്ച് മുൻനിറുത്തിയത് സന്താനലബ്ധിയും സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും ബന്ധങ്ങൾ വിശാലമാക്കുകയും അനാഥരേയും വിധവകളേയും സംരക്ഷിക്കുക എന്നിവയായിരുന്നു. എന്നാൽ, പൊതുവിലുള്ള ഈ ഉദ്ദേശ്യങ്ങൾക്കു പുറമെ നബി(സ)തിരുമേനിയുടെ പ്രത്യേക സാഹചര്യത്തിൽ അവിടത്തെ വിവാഹത്തിന് ചില പ്രത്യേക കാരണങ്ങളും ഉണ്ടായിരുന്നു. ആ ഉദ്ദേശ്യങ്ങൾ രണ്ട് വിധത്തിലായിരുന്നു. ഒന്ന്, നബി(സ)തിരുമേനിയുടെ സ്വന്തമായ മാതൃകയിലൂടെ ചില തെറ്റായ ആചാരങ്ങളും വിശ്വാസങ്ങളും റദ്ദ് ചെയ്യപ്പെടണം. രണ്ട്, ചില സ്ത്രീകളെ അവിടത്തെ ശിക്ഷണത്തിൽവെച്ചുകൊണ്ട് അവർ മുഖേന സ്ത്രീകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കുകയും മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസവും ശിക്ഷണവുമായിരുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

فَلَمَّا قَضٰى زَيۡدٌ مِّنۡهَا وَطَرًا زَوَّجۡنٰكَهَا لِكَىۡ لَا يَكُوۡنَ
عَلَى الۡمُؤۡمِنِيۡنَ حَرَجٌ فِىۡۤ اَزۡوَاجِ اَدۡعِيَآٮِٕهِمۡ اِذَا قَضَوۡا
مِنۡهُنَّ وَطَرًا ؕ وَكَانَ اَمۡرُ اللّٰهِ مَفۡعُوۡلًا ﴿۳۸﴾

"അല്ലയോ റസൂൽ! നിന്റെ ദത്തുപുത്രനായ സയ്ദ് ബിൻ ഹാരിഥ് തന്റെ ഭാര്യ സയ്നബക്ക് ത്വലാഖ് കൊടുത്തപ്പോൾ, ദത്തുപുത്രൻ യഥാർഥ പുത്രനെ പോലെയാണെന്നുള്ളതും അവൻ ത്വലാഖ് കൊടുത്ത ഭാര്യയേയോ വിധവയേയോ മകനായി കരുതുന്ന വ്യക്തിക്ക് അനുവദനീയമല്ല എന്നുള്ള തെറ്റായ ആചാരത്തെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയും നാം അവളുടെ നിക്കാഹ് നീയുമായി നടത്താൻ തീരുമാനിച്ചു. ഭാവിയിൽ മുഅ്മിനിംകളുടെ ഹൃദയത്തിൽ ഇതിനെ സംബന്ധിച്ച് ഒരു സംശയവുമില്ലാതിരിക്കേണ്ടതാണ്. (33:38)

ഈ ആയത്തിൽ ആദ്യത്തെ ഉദ്ദേശ്യങ്ങളെ വിവരിച്ചിരിക്കുന്നു. അത് ഇപ്രകാരമാണ്. നബി(സ)തിരുമേനിയുടെ പ്രവൃത്തി മുഖേന അറബികളിൽ രൂഢമൂലമായിട്ടുള്ള ഈ തെറ്റായ ആചാരത്തെ ഇല്ലായ്മ ചെയ്യേണ്ടതാണ്. അവരിൽ ഈ അനാചാരം എത്രമാത്രം രൂഢമൂലമായിരിക്കുന്നുവെച്ചാൽ ഇക്കാര്യത്തിൽ നബി(സ)തിരുമേനി സ്വയം ഒരു മാതൃക നിലനിറുത്താതെ യഥാർഥമായ നിലയിൽ ഇല്ലായ്മ ചെയ്യാൻ സാധിക്കുകയില്ല. ദത്തുപുത്രനാക്കുക എന്ന ആചാരം അറബികളിൽ വളരെയധികം രൂഢമൂലമായിരുന്നു. ഇക്കാര്യത്തിൽ ദൈവകല്പന ഇറങ്ങുന്നതിനുമുമ്പേ നബി(സ)തിരുമേനി താൻ സ്വതന്ത്രനാക്കിയ അടിമ സയ്ദ് ബിൻ ഹാരിഥിനെ ദത്തുപുത്രനാക്കിയതുകൊണ്ട് യഥാർഥ പുത്രനാവുകയില്ലെന്ന കല്പന ഇറങ്ങിയതിനു ശേഷമാണ് ഈ സംഭവം നടന്നത്. അതായത് സയ്ദ് തന്റെ ഭാര്യ സയ്നബ ബിൻത് ജഹ്ശിന് ത്വലാഖ് കൊടുത്തപ്പോൾ നബി(സ)തിരുമേനി അല്ലാഹുവിന്റെ കല്പനപ്രകാരം സയ്നബയെ വിവാഹം കഴിച്ചു. ഇപ്രകാരം ഈ തെറ്റായ ആചാരത്തെ ഇല്ലാതാക്കി. ഇത് നബി(സ)തിരുമേനിയുടെ കർമത്തിലൂടെയല്ലാതെ പരിപൂർണമായി ഇല്ലാതാക്കാൻ സാധിക്കുകയില്ല. ഇതിനുപുറമെ നബി(സ)തിരുമേനി സയ്നബിനെ വിവാ

ഹം കഴിച്ചുകൊണ്ട് ത്വലാഖ് കൊടുത്ത സ്ത്രീകളെ വിവാഹം കഴിക്കാമെന്നും അതിൽ ഒരു കുറവുമില്ലെന്നുമുള്ള കാര്യവും നിലവിൽവന്നു. വീണ്ടും പറയുന്നു:

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ إِن كُنتُنَّ تُرِدْنَ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا ﴿٢٨﴾ وَإِن كُنتُنَّ تُرِدْنَ ٱللَّهَ وَرَسُولَهُۥ وَٱلدَّارَ ٱلْءَاخِرَةَ فَإِنَّ ٱللَّهَ أَعَدَّ لِلْمُحْسِنَٰتِ مِنكُنَّ أَجْرًا عَظِيمًا ﴿٢٩﴾

يَٰنِسَآءَ ٱلنَّبِيِّ لَسْتُنَّ كَأَحَدٍ مِّنَ ٱلنِّسَآءِ إِنِ ٱتَّقَيْتُنَّ

وَأَقِمْنَ ٱلصَّلَوٰةَ وَءَاتِينَ ٱلزَّكَوٰةَ وَأَطِعْنَ ٱللَّهَ وَرَسُولَهُۥٓ إِنَّمَا يُرِيدُ ٱللَّهُ لِيُذْهِبَ عَنكُمُ ٱلرِّجْسَ أَهْلَ ٱلْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا ﴿٣٣﴾ وَٱذْكُرْنَ مَا يُتْلَىٰ فِى بُيُوتِكُنَّ مِنْ ءَايَٰتِ ٱللَّهِ وَٱلْحِكْمَةِ إِنَّ ٱللَّهَ كَانَ لَطِيفًا خَبِيرًا ﴿٣٤﴾

"ഓ നബി, നീ നിന്റെ ഭാര്യമാരോട് പറയുക, നിങ്ങൾഐഹികജീവിതത്തേയും അതിന്റെ അലങ്കാരത്തേയുമാണാഗ്രഹിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ഐഹികജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകാം. പക്ഷേ, ഈയവസ്ഥയിൽ നിങ്ങൾ എന്റെ ഭാര്യമാരാവുകയില്ല. മറിച്ച്, ഞാൻ നിങ്ങളെ മാന്യമായ നിലയിൽ വിട്ടയക്കാം. (33:29–30)

എന്നാൽ, നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും പരലോകപ്രതിഫലവുമാണാഗ്രഹിക്കുന്നതെങ്കിൽ കേട്ടുകൊള്ളുക! നിങ്ങളിൽനിന്നുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്ന സൽകർമകാരികൾക്ക് അല്ലാഹു വലിയ പ്രതിഫലമാണ് ഒരുക്കിവെച്ചിട്ടുള്ളത്.... (33:33)

ഓ നബിയുടെ ഭാര്യമാരേ! നിങ്ങൾ തഖ്‌വ കൈക്കൊള്ളുന്നതായാൽ നിങ്ങൾ മറ്റുള്ളവരെ പോലെയല്ല. നമസ്കാരം അതിന്റെ യഥാർഥ നിലയിൽ അനുഷ്ഠിക്കുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ റസൂലിനേയും പരിപൂർണമായി അനുസരിക്കുകയും ചെയ്യുക. (കാരണം അല്ലാഹു നിങ്ങളെ പ്രത്യേക ജോലിക്കുവേണ്ടി തിരഞ്ഞെടുത്തതാണ്) (33:34–35)

ഓ നബിയുടെ വീട്ടുകാരേ! അല്ലാഹു നിങ്ങളിൽനിന്ന് എല്ലാവിധ ബലഹീനതകളും മാലിന്യങ്ങളും അകറ്റി നിങ്ങളെ നല്ലവണ്ണം പരിശുദ്ധരാക്കി മാറ്റുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. നബി മുഖേന നിങ്ങളുടെ വീടുകളിൽ കേൾപ്പിച്ച അല്ലാഹുവിന്റെ വചനത്തേയും അതിന്റെ തത്ത്വത്തേയും ജനങ്ങളിൽ എത്തിക്കുക. അല്ലാഹു നിങ്ങൾ മുഖേന ഇത് ചെയ്യാനുള്ള കാരണം, അവൻ വളരെയധികം സൂക്ഷ്മനായതുകൊണ്ട് ജനങ്ങളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുന്നു. അതുപോലെ അവൻ സൂക്ഷ്മജ്ഞനായതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളെ കുറിച്ചും അവൻ അറിയുന്നു. ചുരുക്കത്തിൽ മനുഷ്യനുവേണ്ടി മാർഗദർശനത്തിന്റെ പ്രവൃത്തി ചെയ്യണമെന്നത് നിർബന്ധമാണ്.

ഈ ആയത്തിൽ നബി(സ)തിരുമേനിയുടെ ബഹുഭാര്യത്വത്തിന്റെ പ്രത്യേക ഉദ്ദേശ്യങ്ങളിൽ രണ്ടാമത്തേതും ഉന്നതവുമായ ഉദ്ദേശ്യമാണ് പറഞ്ഞിട്ടുള്ളത്. നബി(സ)തിരുമേനി അനുയോജ്യമായ സ്ത്രീകളെ ഭാര്യയായി വെച്ചുകൊണ്ട് മുസ്‌ലിംസ്ത്രീകളുടെ തഅ്‌ലിം തർബിയ്യത്തിനുവേണ്ടി തയ്യാറാക്കുക. ഇത് പ്രത്യേകമായ ഉദ്ദേശ്യമാണ്. ഇതിന്റെ കീഴിലാണ് നബി(സ)തിരുമേനിയുടെ വിവാഹം നടന്നത്. ഈ ഉദ്ദേശ്യം നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി പ്രത്യേകമാക്കപ്പെട്ടതാണെന്ന് ഓരോ വ്യക്തിക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ബഹുഭാര്യത്വത്തിൽനിന്ന് പരിധി നിശ്ചയിച്ചിട്ടുള്ള പൊതുമുസ്‌ലിംകളിൽനിന്ന് അദ്ദേഹത്തെ ഒഴിച്ചുനിറുത്തപ്പെട്ടതാണ്. യഥാർഥത്തിൽ അദ്ദേഹം ഒരു ശരീഅത്ത് പ്രവാചകനാണ്. അദ്ദേഹം മുഖേന ലോകത്ത് ഒരു പുതിയ ശരീഅത്തിന്റേയും പുതിയ സംസ്കാരത്തിന്റേയും അടിത്തറ ഇടേണ്ടതായിരുന്നു. അതുകൊണ്ട് അദ്ദേഹം മുഖേന പുതിയ കല്പന പ്രചരിച്ചാൽ മാത്രം മതിയാവുന്നതല്ല. മറിച്ച്, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുതിയ ശരീഅത്ത് വിശദമായി നടപ്പിലാക്കുകയും ഇസ്‌ലാം നിലനിറുത്തിയിട്ടുള്ള ഇതിലേക്ക് പുതിയ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ ജോലി എത്രമാത്രം ബുദ്ധിമുട്ടും വിഷമം പിടിച്ച ജോലിയുമായിരുന്നു. പുരുഷന്മാരുടെ കാര്യത്തിലും അദ്ദേഹത്തിന്റെ വഴിയിൽ ധാരാളം ബുദ്ധിമുട്ടുകളുണ്ടായിരുന്നുവെങ്കിലും സ്ത്രീകളെ സംബന്ധിച്ച് ഇത് വലിയ ബുദ്ധിമുട്ടുള്ള ജോലിയാണ്. കാരണം ഒന്നാമതായി സ്ത്രീകൾക്ക് അവരുടെ വീട്ടിൽ താമസിക്കുകയും വീട്ടുജോലികളുടെ തിരക്ക് കാരണമായി അവർക്ക് നബി(സ)തിരുമേനിയുടെ സഹവാസത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാനുള്ള കൂടുതൽ സന്ദർഭവും ലഭിച്ചിരുന്നില്ല. രണ്ടാമതായി സ്ത്രീകളിൽ കണ്ടുവരുന്ന സ്വാഭാവികമായ ലജ്ജ കാരണം സ്ത്രീകളുമായി ബന്ധപ്പെട്ട പ്രത്യേക കാര്യങ്ങൾ സ്വതന്ത്രമായി നബി(സ) തിരുമേനിയോടു ചോദിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനെതിരായി സ്ത്രീകളിൽ വിദ്യാഭ്യാസം കുറവും തെറ്റായ ആചാരങ്ങൾ നടപ്പിലാക്കുന്നത് അധികവുമാണ്. അത് കാരണത്താൽ അവർ തങ്ങളുടെ രീതിയിൽ മാറ്റം വരുത്താൻ പെട്ടെന്ന് തയ്യാറാവുകയില്ല. ഈയവസ്ഥയിൽ സ്ത്രീകളുടെ വിദ്യാഭ്യാസപരവും ശിക്ഷണപരവുമായ കാര്യത്തിൽ പ്രത്യേക ഏർപ്പാട് ആവശ്യമായിരുന്നു. നബി(സ)തിരുമേനി അനുയോജ്യമായ സ്ത്രീകളെ വിവാഹം കഴിച്ചുകൊണ്ട് അവരെ തർബിയ്യത്തിന്റെ കാര്യത്തിൽ പ്രബുദ്ധരാക്കുകയും അവർ മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസപരവും ശിക്ഷണപരവുമായ കാര്യത്തിൽ പ്രവൃത്തിക്കുകയും ചെയ്യേണ്ടതാണ്. ഈ പ്ലാൻ വിജയിക്കുകയും മുസ്‌ലിംസ്ത്രീകൾ ചെറിയ കാലയളവിൽത്തന്നെ തങ്ങളുടെ ജീവിതത്തെ പുതിയ ശരീഅത്തനുസരിച്ചാക്കിതീർക്കുകയും ചെയ്തു. താഴ്ന്നനിലയിലുള്ള സ്ത്രീകൾ ചെറിയ കാലംകൊണ്ട് ഉന്നതമായനിലയിൽ പുതിയ നിയമത്തേയും പുതിയ സംസ്കാരത്തേയും അവലംബിച്ചു.

നബി(സ)ന്റെ വിവാഹം ദേഹേച്ഛയുടെ ഉദ്ദേശ്യത്തോടുകൂടിയല്ല. മറിച്ച്, മതപരമായ ഉദ്ദേശ്യത്തോടുകൂടിയാണ് എന്നതിന് കർമപരമായ തെളിവ് ഇപ്രകാരം കാണാം. നബി(സ)തിരുമേനി സന്താനങ്ങൾ ഉല്പാദിപ്പിക്കാൻ സാധിക്കാത്ത അത്രയും പ്രായമുള്ള സ്ത്രീകളെയും വിവാഹം കഴിച്ചിരുന്നു. ഉദാ: ഹദ്റത്ത് ഉമ്മുസലമ(റ). അവരെ റസൂൽ കരിം(സ) ഹിജ്റ വർഷം നാലിനാണ് വിവാഹം കഴിച്ചത്. വിവാഹസമയത്ത് അവരുടെ പ്രായം സന്താനങ്ങൾ ഉണ്ടാകുന്ന പ്രായപരിധിയേക്കാൾ അധികമായിരുന്നു. അതുകാരണം അവർ ഒഴിവ്കഴിവ് പറയുകയും ചെയ്തു. പക്ഷേ, നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം മതപരമായിരുന്നു. ഈ ഉദ്ദേശ്യത്തിന് അവർ അനുയോജ്യമായ സ്ത്രീയായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹം അവരെ വിവാഹം കഴിച്ചു.

ചുരുക്കത്തിൽ ഏതൊരു ഉദ്ദേശ്യത്തോടുകൂടിയാണോ നബി(സ)തിരുമേനിയുടെ വിവാഹം നടന്നത് അതെല്ലാം വളരെ അനുഗൃഹീതവും പരിശുദ്ധവുമായിരുന്നു. ഇവയിൽ ഉന്നതമായ നിലയിൽ നുബുവ്വത്തിന്റെ കടമകൾ നിറവേറ്റുക എന്നതായിരുന്നു ലക്ഷ്യം. വിവാഹം നടക്കുകയെന്ന ലക്ഷ്യമായിരുന്നില്ല. മറിച്ച് നബി(സ)തിരുമേനിയുടെ ജീവിതാവസ്ഥയെ കുറിച്ച് പഠിക്കുകയാണെങ്കിൽ ഏതൊരു പ്രവൃത്തിയും അത് ഐഹികമായാലും ശരി, മതപരമായാലും ശരി അതിൽ പ്രഥമമായ ഉദ്ദേശ്യം നുബുവ്വത്തിന്റെ കടമ നിറവേറ്റുക എന്നതായിരുന്നു. അദ്ദേഹത്തിന് ഭൗതികാനുഗ്രഹത്തോട് ഒരിക്കലും കഠിനമായ സ്നേഹം ഉണ്ടായിരുന്നില്ല. താഴെ കൊടുത്ത ഹദീഥ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഉന്നതമായ ചിത്രമാണ്.

عَنِ ابْنِ مَسْعُوْدٍ اَنَّ رَسُوْلَ اللهِ صلى الله عليه وسلم نَامَ عَلٰى حَصِيْرٍ فَقَامَ وَقَدْ اَثَّرَ فِيْ جَسَدِهٖ فَقَالَ ابْنُ مَسْعُوْدٍ يَا رَسُوْلَ اللهِ لَوْ اَمَرْتَنَا اَنْ نَبْسُطَ لَكَ وَنَعْمَلَ فَقَالَ مَالِيْ وَلِلدُّنْيَا وَمَا اَنَا وَالدُّنْيَا اِلَّا كَرَاكِبٍ اِسْتَظَلَّ تَحْتَ شَجَرَةٍ ثُمَّ رَاحَ وَتَرَكَهَا۔

(മുസ്നദ് അഹ്മദ് വ തുർമുദി ഉദ്ധരണം മിശ്ക്കാത്ത് കിതാബുർരിഖാഖ് പേജ് 442)

ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഒരു തടിച്ചതും പരുപരുത്തതുമായ പായയിൽ കിടന്നുറങ്ങി. അദ്ദേഹം എഴുന്നേറ്റപ്പോൾ പായയുടെ അടയാളം അദ്ദേഹത്തിന്റെ ശരീരത്തിൽ പതിഞ്ഞു. ഇത് കണ്ടപ്പോൾ ഞാൻ പറഞ്ഞു: 'അങ്ങ് ഇഷ്ടപ്പെടുകയാണെങ്കിൽ അങ്ങയ്ക്കുവേണ്ടി ഞങ്ങൾ സന്തോഷത്തിന്റെയും സൗഖ്യത്തിന്റെയും സാധനങ്ങൾ ഒരുക്കുമായിരുന്നു.' നബി (സ) പറഞ്ഞു: 'ഇബ്നു മസ്ഊദേ! എനിക്ക് ഐഹിക ജീവിതത്തിലെ അനുഗ്രഹത്തോട് എന്തുകാര്യം. എന്റേയും ഈ ഐഹിക ജീവിതത്തിന്റേയും ഉദാഹരണം ഇപ്രകാരമാണ്. ഒരു യാത്രക്കാരൻ വഴിയിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. അപ്പോൾ അയാൾ വിശ്രമിക്കാനായി കുറച്ചുനേരം ഒരു മരച്ചുവട്ടിൽ വിശ്രമിക്കാനായി തങ്ങുന്നു. പിന്നീട് വീണ്ടും യാത്ര തുടരുന്നു.'

ഐഹികജീവിതത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കാൻ പാടില്ലെന്ന് ഈ ഹദീഥിന് ഉദ്ദേശ്യമില്ല. കാരണം ഇസ്‌ലാം ഏതെങ്കിലും അനുവദനീയമായ അനുഗ്രഹത്തിൽനിന്ന് അനുവദനീയമായ നിലയിൽ ഫലമെടുക്കുന്നതിൽനിന്ന് വിലക്കിയിട്ടില്ല. എന്നുമാത്രമല്ല വിശുദ്ധഖുർആൻതന്നെയും ഈ ദുആ പഠിപ്പിക്കുന്നു.

رَبَّنَا اٰتِنَا فِي الدُّنْيَا حَسَنَةً وَّ فِي الْاٰخِرَةِ حَسَنَةً

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഐഹിക അനുഗ്രഹങ്ങളും പരലോക അനുഗ്രഹങ്ങളും നൽകേണമേ. (2:202)

മനുഷ്യന് തന്റെ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം ഐഹികജീവിതത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കലല്ലെന്ന് മനസ്സിലാക്കണമെന്നാണ് മുകളിൽ കൊടുത്ത ഹദീഥിന്റെ ഉദ്ദേശ്യം.നബി(സ)തിരുമേനിയ്ക്ക് വ്യക്തിപരമായ നിലയിൽ ഐഹികജീവിതത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഒരുവിധത്തിലുള്ള സ്നേഹബന്ധം ഉണ്ടായിരുന്നില്ലെന്നും ഈ ഹദീഥിൽനിന്ന് മനസ്സിലാകുന്നു. ഐഹികജീവിതത്തിന്റെ അനുഗ്രഹവുമായുള്ള ബന്ധത്തെക്കുറിച്ച് പറയുകയാണെങ്കിൽ അദ്ദേഹം തന്റെ ജീവിതം ഒരു യാത്രക്കാരന്റെ ജീവിതംപോലെയാണ് ചിത്രീകരിച്ചത്.

ബഹുഭാര്യത്വത്തെക്കുറിച്ച് പറയുമ്പോൾ ഇതും പറയുന്നത് അനവസരമാകുകയില്ല. അതായത് ബഹുഭാര്യത്വത്തിനുള്ള അനുവാദം നൽകുന്നതിൽ ഇസ്‌ലാം തനിച്ചല്ല. മറിച്ച്, ലോകത്തുള്ള അധിക മതവും ബഹുഭാര്യത്വത്തിനുള്ള അനുവാദം കൊടുത്തിരുന്നു. ഉദാ: മൂസാ നബി(അ)യുടെ ശരീഅത്തിൽ അതിനുള്ള അനുവാദമുണ്ട്. (ആവർത്തനം അധ്യായം 21, ആയത്ത് 15. രാജാക്കന്മാർ 1 അധ്യായം 11, ആയത്ത് 3. ബനൂഇസ്റായിലിലെ ധാരാളം പ്രവാചകന്മാർ ഇത് പ്രാവർത്തികമാക്കിയിട്ടുണ്ട്. (ഉദാഹരണത്തിന് ഹദ്റത്ത് ഇബ്റാഹീം, ഹദ്

റത്ത് യഅ്ഖൂബ്, ഹദ്റത്ത് ദാവൂദ്, ഹദ്റത്ത് സുലയ്മാൻ(അ)തുടങ്ങിയവർ).

ഹിന്ദുമതത്തിലും ബഹുഭാര്യത്വത്തിന് അനുവാദമുണ്ട്. (മനു 9-122, 9-149, 9-183) പല ഹിന്ദു മഹാത്മാക്കളും ഒന്നിൽ കൂടുതൽ ഭാര്യമാരെ വെച്ചിരുന്നു. ഉദാ: ശ്രീകൃഷ്ണൻ ഒന്നിൽ കൂടുതൽ ഭാര്യമാരെ വെച്ചിരുന്നു. (ശ്രീകൃഷ്ണൻ. ലേഖകൻ- ലാലാ ലജ്പത്റായ്, പേജ്: 97-98) ഹിന്ദു രാജാക്കന്മാർ ഇപ്പോഴും ഒന്നിൽ കൂടുതൽ ഭാര്യമാരെ വെക്കുന്നു. അതുപോലെ ബഹുഭാര്യത്വത്തിന്നെതിരായി ഹദ്റത്ത് ഈസാ(അ) പറഞ്ഞതായ ഒരു നിവേദനവുമില്ല. മൂസവി ശരീഅത്തിൽ ഇതിനുള്ള അനുവാദമുണ്ട്. ഹദ്റത്ത് ഈസാ(അ)ന്റെ കാലത്ത് ഈ ആചാരം നിലവിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മൗനത്തിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹവും ഇത് അനുവദനീയമായി മനസിലാക്കിയിരുന്നുവെന്നാണ്. ചുരുക്കത്തിൽ ഇസ്‌ലാം ഇതിൽ ഒരു പുതുമയൊന്നും ചെയ്തിരുന്നില്ല. എന്നാൽ, ഇസ്‌ലാം ബഹുഭാര്യത്വത്തിനുള്ള പരിധി നിശ്ചയിക്കുകയുണ്ടായി. വ്യക്തിക്കും സമൂഹത്തിനും ചില പ്രത്യേക സാഹചര്യത്തിനുവേണ്ടി ഗുണപ്രദവും അനുഗൃഹീതവുമായ വ്യവസ്ഥിതി സ്ഥാപിച്ചുകൊണ്ട് ചില നിബന്ധനകൾ വെക്കുകയുണ്ടായി.

അവസാനമായി ഒരു കാര്യവുംകൂടി പറയുന്നത് നിർബന്ധമാണ്. അതായത് ശത്രുക്കൾ നബി(സ)തിരുമേനിയുടെ വിവാഹത്തെ കുറിച്ച് അതികഠിനമായി വിമർശിക്കുകയും ഓരോ വ്യക്തിയും തങ്ങളുടെ പ്രകൃതത്തിനും ധാരണക്കുമനുസരിച്ച് നബി(സ)തിരുമേനിയുടെ ബഹുഭാര്യത്വത്തെ കുറിച്ച് കാണുകയും ആക്ഷേപിക്കുകയും ചെയ്തു. എന്നാലും സത്യതയും ചിലപ്പോൾ ശത്രുക്കളുടെ വായിൽനിന്നും പേനയിൽനിന്നും ഉയരുകയുണ്ടായി. അവർക്ക് പൂർണമായ നിലയിലല്ലെങ്കിലും ഭാഗികമായിട്ടെങ്കിലും യാഥാർഥ്യത്തെ അംഗീകരിക്കേണ്ടതായിവന്നു. പൊതുവിൽ ശരിയായ കാര്യത്തെ തെറ്റായി കാണുന്ന മാസ്റ്റർ മാർഗോലെസ് ഈ കാര്യത്തിൽ യാഥാർഥ്യത്തെ അംഗീകരിക്കാൻ നിർബന്ധിതനായി. അദ്ദേഹം തന്റെ ഗ്രന്ഥമായ മുഹമ്മദിൽ എഴുതുന്നു:

"ഖദീജ(റ)യ്ക്കു ശേഷമുള്ള മുഹമ്മദ്(സ)ന്റെ അധിക വിവാഹവും യൂറോപ്പിലുള്ള അധിക എഴുത്തുകാരുടെയും ദൃഷ്ടിയിൽ ദേഹേച്ഛക്ക് അടിമപ്പെട്ട് നടന്നതാണെന്ന് പറഞ്ഞിരുന്നു. എന്നാൽ, ചിന്തിക്കുകയാണെങ്കിൽ മുഹമ്മദ്(സ)ന്റെ അധിക കല്യാണവും ഈ ഉദ്ദേശ്യത്തിൽ അധിഷ്ഠിതമല്ലെന്ന് മനസ്സിലാകും. മുഹമ്മദ് (സ)ന്റെ അധിക കല്യാണവും സമൂഹപരവും രാഷ്ട്രീയപരവുമായ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നടന്നത്. തന്റെ പ്രത്യേക സ്വഹാബിയെ വിവാഹം മുഖേന കൂടുതൽ സ്നേഹബന്ധം ഊട്ടിയുറപ്പിക്കണമെന്ന് മുഹമ്മദ്(സ) ആഗ്രഹിച്ചിരുന്നു. അബൂബക്കറിന്റേയും ഉമറിന്റേയും മക്കളെ വിവാഹം കഴിച്ചത് തികച്ചും ഈയൊരു ഉദ്ദേശ്യത്തിലായിരുന്നു. ഇതുപോലെ കഠിന ശത്രുക്കളുടെയും പരാജയപ്പെട്ട രാജാക്കന്മാരുടെയും പെൺകുട്ടികളുമായുള്ള വിവാഹം രാഷ്ട്രീയ ഉദ്ദേശ്യത്തിന്റെ കീഴിലാണ് നടന്നത്. മറ്റുള്ള വിവാഹം അദ്ദേഹത്തിന് മക്കളുണ്ടാവണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നടന്നത്.' (മാർഗോലെസ്- പേജ്: 176-177)

നബി(സ)ന്റെ ജീവിതത്തെക്കുറിച്ച് ആക്ഷേപിക്കുന്നവരിൽ ഒന്നാമത്തെ അണിയിൽപെട്ടയാളുടെ അഭിപ്രായമാണിത്. മാർഗോലെസിന്റെ ഈ അഭിപ്രായം തെറ്റിൽനിന്ന് തികച്ചും പരിശുദ്ധമല്ല. എന്നിരുന്നാലും, സത്യസന്ധത ശത്രുക്കളുടെ ഹൃദയത്തേയും ഏത് രീതിയിലാണ് കീഴടക്കുന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 432)

✡

(- പേജ് 1ൽ നിന്ന്)

തളിക യിൽ കുറച്ച് മുന്തിരി നബിക്കായി കൊടുത്തയച്ചു. നബി(സ) അത് വാങ്ങി അദ്ദാസിനോടു ചോദിച്ചു: 'താങ്കളുടെ നാടേതാണ്? ഏതു മതക്കാരനാണ്?' അയാൾ പറഞ്ഞു: "ഞാൻ നിനേവക്കാരനാണ്. ക്രൈസ്തവ മത വിശ്വാസിയാണ്." അവിടന്ന് ചോദിച്ചു: "അല്ലാഹുവിന്റെ പരിശുദ്ധനായ ദാസൻ അമിത്തായിയുടെ മകൻ യൂനുസിന്റെ നാട്ടുതന്നെയാണോ?" അദ്ദാസ് പറഞ്ഞു: "അതെ! താങ്കൾക്കെങ്ങനെയാണ് അത് മനസ്സിലായത്?" അവിടന്ന് പറഞ്ഞു:"അദ്ദേഹം എന്റെ സഹോദരനായിരുന്നു. കാരണം അദ്ദേഹവും അല്ലാഹുവിന്റെ പ്രവാചകനായിരുന്നു. ഞാനും അല്ലാഹുവിന്റെ നബിയാണ്." പിന്നീട് നബി(സ) ഇസ്‌ലാമിനെ കുറിച്ച് പ്രബോധിച്ചു. അതിന്റെ സ്വാധീനം അദ്ദേഹത്തിലുണ്ടായി. അദ്ദേഹം മുന്നോട്ടുവന്ന് ആത്മാർഥതയുടെ ആവേശത്താൽ നബി(സ)തിരുമേനിയുടെ കൈയിൽ മുത്തി. ഈ ദൃശ്യം ദൂരെനിന്നിരുന്ന ഉത്ബയും ശൈബയും കണ്ടു. അങ്ങനെ അദ്ദാസ് മടങ്ങിയെത്തിയപ്പോൾ അവർ പറഞ്ഞു: "അദ്ദാസ് നിനക്കെന്താണ് പറ്റിയത്? നീ അയാളുടെ കൈയിൽ മുത്തി! അയാൾ നിന്റെ മതവിശ്വാസം തകർത്തുകളയും. വാസ്തവത്തിൽ നിന്റെ മതം അയാളുടെ മതത്തെക്കാൾ ഉത്തമമാണ്!" (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ. പേജ് 182, 2004 ഖാദിയാൻ പതിപ്പ്)

അദ്ദാസിന്റെ വിശ്വാസസ്വീകാരത്തെ സംബന്ധിച്ചുള്ള അല്പം ചില വരികൾ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുള്ളത് വായിക്കുക! തീർച്ചയായും നി ങ്ങൾക്കത് ആസ്വാദ്യകരമായിരിക്കും. അവിടന്ന് പറയുന്നു:"ആ ഭൃത്യന്റെ പേർ അദ്ദാസ് എന്നായിരുന്നു; നിനേവക്കാരനായ ഒരു ക്രിസ്ത്യാനി. അദ്ദാസ് നബിയുടേയും കൂട്ടുകാരന്റേയും മുമ്പിൽ മുന്തിരിത്തളിക വെച്ചുകൊടുത്തു. ആ ക്രിസ്തീയ പരിചാരകൻ കൗതുകപൂർവ്വം ഇരുവരെയും നോക്കിനിന്നു. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം'(പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) നബി അതുച്ചരിക്കുന്നതു കേട്ടപ്പോൾ അദ്ദാസിന്റെ കൗതുകം വർധിച്ചു. അയാൾക്ക് ക്രൈസ്തവ പാരമ്പര്യങ്ങൾ ഓർമ വന്നു. താനൊരു അഭ്രായ പ്രവാചകന്റെ സന്നിധാനത്തിലാണുള്ളതെന്ന് അദ്ദാസിനു തോന്നി. "എവിടെയാണ് സ്വദേശം?" അതിനിടയിൽ തിരുനബിയുടെ ഒരു കുശലാന്വേഷണം. "നിനേവക്കാരനാണ്" അദ്ദാസ് മറുപടി നൽകി. നബി(സ) തിരുമേനി ഉടൻ അരുളി, "അമിത്തായിയുടെ മകനായ യൂനുസ് നിനേവക്കാരനായിരുന്നുവല്ലോ; അദ്ദേഹം ഒരു പരിശുദ്ധാത്മാവായിരുന്നു. എന്നെപ്പോലൊരു ദൈവദൂതൻ!" തന്റെ ദിവ്യസന്ദേശം നബി(സ)തിരുമേനി അദ്ദാസിനെ കേൾപ്പിച്ചു. നബിയുടെ വ്യക്തിത്വത്തിൽ ഇതിനകം ആകൃഷ്ടനായിക്കഴിഞ്ഞ അദ്ദാസ് അവിടെ വെച്ചുതന്നെ ഒരു വിശ്വാസിയായി. അദ്ദാസ് നബിയെ കെട്ടിപ്പുണർന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ജലാവിലങ്ങളായി. നബിയുടെ നെറ്റിത്തടത്തിലും കൈക്കും കാലിലുമെല്ലാം അയാൾ തുരാതുരാ ചുംബനങ്ങളർപ്പിച്ചുകൊണ്ടിരുന്നു."(നബിയോം ക സർദാർ പേജ് 40, 2001 ഖാദിയാൻ പതിപ്പ്)

മാന്യവായനക്കാർ ചിന്തിക്കുക! നബി(സ) തിരുമേനിയുടെ ശരീരത്തിൽനിന്ന് രക്തം വാർന്നൊഴുകിയിരുന്നു. അങ്ങേയറ്റം ക്ഷീണിതനും പരവശനുമായിരുന്ന ആ അവസ്ഥയിൽപോലും ആ മഹാത്മാവ് അവസരം പാഴാക്കിയില്ല. അദ്ദാസിനെ തബ്‌ലീഗ് ചെയ്ത് മുസ്‌ലിമാക്കുകയും അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു.

ഹദ്റത്ത് ആയിശ(റ)നിവേദനം: ഞാൻ നബി(സ)തിരുമേനിയോടു ചോദിച്ചു, "അല്ലാഹുവിന്റെ റസൂലേ! ഉഹുദ് ദിനത്തിലുണ്ടായ ബുദ്ധിമുട്ടിനെക്കാൾ കൂടുതൽ ബുദ്ധിമുട്ടിയ ദിവസം അങ്ങയ്ക്കുണ്ടായിട്ടുണ്ടോ?"

(ഉഹുദു യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ അനുഗൃഹീത ദന്തങ്ങൾ ശഹീദായിരുന്നു. പടത്തൊപ്പിയുടെ ഒരു ഭാഗം തലയിൽ തറയ്ക്കുകയും ചെയ്തിരുന്നു). നബി(സ)തിരുമേനി പറഞ്ഞു: "ആയിശ! നിന്റെ ജനതയിൽനിന്ന് എനിക്ക് വളരെ ബുദ്ധിമുട്ടുണ്ടായി. പക്ഷേ, അഖബായുടെ ദിവസം വളരെയധികം ബുദ്ധിമുട്ടാണ് സഹിച്ചത്. സത്യസന്ദേശമെത്തിക്കുന്നതിനുവേണ്ടി ഞാൻ ത്വാഇഫിൽ അബ്ദുയാലയ്ൽ (കിനാന)ന്റെയടുത്ത് പോയപ്പോൾ, (ഇവിടത്തെ ആളുകളുടെ എതിർപ്പ് തടയണമെന്നും സത്യപ്രബോധനത്തിൽ എന്നെ സഹായിക്കണമെന്നും അദ്ദേഹത്തോടു പറയാൻ) അയാൾ എന്നെ ഒട്ടും സഹായിച്ചില്ല. ജനങ്ങളുടെ അതിക്രമം എത്ര അധികമായിരുന്നെന്നാൽ, വിഷമവും ക്ഷീണവും കാരണത്താൽ ഞാൻ എവിടേക്കാണ് പോകുന്നതെന്നുപോലും അറിയാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ ഖർനെ ഥആലിബ് (ഒരു പാറക്കെട്ടാണ്)ന്റെ മറവിൽ ശ്വാസമെടുക്കുന്നതിനുവേണ്ടി ഇരുന്നു. അവിടെ ഞാനെന്റെ തല ഉയർത്തി നോക്കിയപ്പോൾ മേഘത്തണലിൽ ജിബ്‌രീലിനെ കണ്ടു. ജിബ്‌രീൽ പറഞ്ഞു: 'നിന്റെ ജനത നിന്നോടു പറഞ്ഞതും നിന്നെ ഉപദ്രവിച്ചതുമെല്ലാം അല്ലാഹു കേട്ടിരിക്കുന്നു. എന്നോടൊപ്പം അല്ലാഹു പർവതങ്ങളുടെ മലക്കിനേയും അയച്ചിട്ടുണ്ട്; ആ ജനതയെകുറിച്ച് നീ എന്തു തീരുമാനിച്ചാലും അത് നടപ്പിൽ വരുത്തുന്നതിന്! പിന്നീട് പർവതങ്ങളുടെ മലക്കും എനിക്ക് സലാം പറഞ്ഞു. മലക്കു പറഞ്ഞു: 'മുഹമ്മദേ! ഞാൻ പർവ്വതത്തിന്റെ മലക്കാണ്. നിന്നോട് നിന്റെ ജനത പറഞ്ഞതും നിന്നെ പീഢിപ്പിച്ചതുമെല്ലാം അല്ലാഹു കേട്ടിരിക്കുന്നു. താങ്കളെ സഹായിക്കുന്നതിനുവേണ്ടിയാണ് എന്നെ അയച്ചിട്ടുള്ളത്. താങ്കളെന്നോടു എന്തു കല്പിച്ചാലും നടപ്പിൽ വരുത്തുന്നതായിരിക്കും. ഈ രണ്ട് മലകളേയും (അതിന്നിടയിലായിരുന്നു ത്വാഇഫുകാർ വസിച്ചിരുന്നത്) പരസ്പരം കൂട്ടിയിടിപ്പിച്ച് അതിന്നിടയിലുള്ളവരെ ചതച്ചരയ്ക്കാം. ഞാൻ അങ്ങനെ ചെയ്യട്ടെ!' അപ്പോൾ നബി(സ)തിരുമേനി പർവ്വതത്തിന്റെ മലക്കിനോടു പറഞ്ഞു: 'ഈ ആളുകളുടെ മക്കളിൽനിന്ന് ശിർക്കിൽനിന്ന് രക്ഷപ്പെടുന്നവരും ഏകനായ ദൈവത്തെ ആരാധിക്കുന്നവരും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അവരെ ഉന്മൂലനം ചെയ്യാൻ ഞാൻ അനുവാദം നല്കുകയില്ല." (മുസ്‌ലിം, കിതാബുൽ ജിഹാദ്, ബാബ് മാ ലഖിയ്യന്നബിയ്യു(സ) മിൻ അദൽ മുശ്‌രിക്കീന വൽ മുനാഫിഖീന (ഹദീഖത്തുസ്സ്വാലിഹീൻ. ഗ്രന്ഥകർത്താവ് മൗലാനാ മലിക്ക് സയ്ഫുർറഹ്മാൻ സാഹിബ്, ഹദീഥ് 42)

മാന്യവായനക്കാരേ! ചിന്തിക്കുക. അനുവാദം തന്നാൽ ത്വാഇഫിന്റെ ഇരുകരയിലുമുള്ള പർവതങ്ങളെ അവരുടെ ദുഷ്കൃത്യങ്ങൾക്കുള്ള ശിക്ഷയായി കൂട്ടിയിടിപ്പിക്കുകയും ഒരാൾപോലും രക്ഷപ്പെടാത്ത നിലയിൽ നശിപ്പിക്കുകയും ചെയ്യാം എന്ന് പർവ്വതത്തിന്റെ മാലാഖ പറഞ്ഞപ്പോൾ നബി(സ) തിരുമേനി പറഞ്ഞതെന്താണ്? അവിടന്ന് പറഞ്ഞു: 'ഈ ആളുകളുടെ മക്കളിൽനിന്ന് ശിർക്കിൽനിന്ന് രക്ഷപ്പെടുന്നവരും ഏകനായ ദൈവത്തെ ആരാധിക്കുന്നവരും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' അവിടത്തെ ഹൃദയം എത്രമാത്രം പിടയ്ക്കുകയായിരുന്നു; മുഴു മനുഷ്യകുലവും തങ്ങളുടെ യഥാർഥ സ്രഷ്ടാവിനേയും ഉടമസ്ഥനേയും തിരിച്ചറിയണമെന്നും, ഒരു ബഹുദൈവാരാധകനും ലോകത്ത് അവശേഷിക്കരുതെന്നും!

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2018 ഏപ്രിൽ 20ന് ചെയ്ത ഖുത്ബയിൽ പറഞ്ഞു:"നബി(സ)തിരുമേനി ഒരവസരത്തിൽ ഹദ്റത്ത് അലിയെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ! നീ മുഖേന ഒരാളാണ് സന്മാർഗം പ്രാപിക്കുന്നതെങ്കിലും അത് നിനക്ക് മേത്തരം ചെമന്ന ഒട്ടകങ്ങൾ കിട്ടുന്നതിനേക്കാൾ ഉത്തമമാണ്." നിങ്ങൾ തബ്‌ലീഗ് ചെയ്യുകയും, ഏതെങ്കിലും മനുഷ്യന്റെ സന്മാർഗത്തിനുള്ള മാർഗവുമാകുകയാണെങ്കിൽ ഈ ഭൗതികവസ്തുക്കളൊന്നും അതിന്റെ മുമ്പിൽ ഒരു വിലയുമില്ലാത്തതാണ്. അതിനാൽ ഇപ്പോൾ അല്ലാഹുവിന്റെ അനന്തരാവകാശിയാകാൻ തബ്‌ലീഗ് ചെയ്യുകയും ദുൻയാവിന്റെ സന്മാർഗത്തിന് സമയം ചെലവഴിക്കുകയും ചെയ്യേണ്ട ആവശ്യം നമുക്കുണ്ട്."

അല്ലാഹു നമുക്ക് സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ജീവിതചര്യ സ്വായത്തമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അമീറുൽമുഅ്മിനീന്റെ നിർദേശങ്ങളനുസരിച്ച് നമ്മൾ തബ്‌ലീഗും സൽക്കർമവും മുഖേന മനുഷ്യകുലത്തിന്റെ സന്മാർത്തിനുള്ള സാഹചര്യം ഒരുക്കുന്നവരാകുമാറാകട്ടെ.ആമീൻ.(മൻസ്വൂർ അഹ്മദ്)

.........☆.........☆.........☆.........

# മതിമതി, വിധിയിതു തന്നെയല്ലോ!

**ഹദ്റത്ത് അഹ്മദ് (അ)**
**വിവ: എൻ അബ്ദുർറഹീം മർഹൂം**

ആരുടെ തേജസ്സിപ്പാരിടത്തെ
ആഭായമാക്കുന്ന, തെന്റെ ഗുരു
നാമാഭിധാനം മുഹമ്മദു താൻ
പ്രാണപ്രിയനിതുതന്നെയല്ലോ!

ദൈവദൂതന്മാർ പരിശുദ്ധന്മാർ
ചിലരോ ചിലരിലും ശ്രേഷ്ഠന്മാരും
എങ്കിലും സർവാധിനാഥൻ പക്കൽ
'ഖയ്റുൽവറാ' യതു തന്നെയല്ലോ

മുൻ കഴിഞ്ഞോരിലുമുന്നതൻ താൻ
ഉന്നതിയിലൊരു ചന്ദ്ര ബിംബം
അത്തിങ്കളിൽ സർവ ദൃഷ്ടികളും
'ബദ്റുദ്ദുജാ' യിതു തന്നെയല്ലോ!

പൂർവന്മാർ വഴിയിൽ കുഴഞ്ഞുനിന്നു
അക്കരെയെത്തിച്ചീത്തോണിക്കാരൻ
അത്തിരുസന്നിധി പൂകട്ടെ ഞാൻ
പെരിയൊരു നാവികൻ തന്നെയല്ലോ!

എങ്ങും നിറഞ്ഞവനാമപ്രേമൻ
ഏറ്റം രഹസ്യനായുള്ള കാമ്യൻ
അത്തിരുവാനനം കണ്ടതു മീ
മാർഗോപദേശിയാൽ തന്നെയല്ലോ!

അങ്ങിന്നു 'ദീനി'ന്റെ ചക്രവർത്തി
അങ്ങു പ്രവാചക പൊൻകിരീടം
അങ്ങു ശുദ്ധാത്മാവ്, വിശ്വസ്ത നീ
കീർത്തനമൊത്തതു തന്നെയല്ലോ!

അങ്ങു തൻ ദൃഷ്ടികൾ ക്രാന്തമല്ലോ
അങ്ങുതൻ ഹൃത്തടം ദൈവാപ്തവും
കൈകളിൽ ധർമത്തിൻ ദീപ ശിഖ
ആ ദിവ്യനൊളിപൂരം തന്നെയല്ലോ!

ഗഹനമാംമതതത്ത്വ ദർശനങ്ങൾ
അവിടന്നു വിവരിച്ചു കാട്ടിയല്ലോ
സമ്പത്തു വിതറുന്ന ധന്യാത്മനാം
രാജാധിരാജാവു തന്നെയല്ലോ!

ആ ദിവ്യ ദീപ്തിയ്ക്ക് മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛനത്രെ
മതിമതി, വിധിയിതു തന്നെയല്ലോ!

**(റൂഹാനീ ഖസായിൻ വാല്യം 20, പേജ് 456, ഖാദിയാൻ കെ ആര്യ ഔർ ഹം, പേജ് 40)**

**(- പേജ് 16ൽ നിന്ന്)**

✸ അസ്മാഅ് (റ) നിവേദനം. നബിയുടെ കാലത്ത് എന്റെ മാതാവ് എന്റെയടുക്കൽ വന്നു. അവർ അന്ന് ബഹുദൈവവിശ്വാസിനിയായിരുന്നു. 'എന്നിൽനിന്ന് സഹായം പ്രതീക്ഷിച്ചുകൊണ്ട് എന്റെ ഉമ്മ വന്നിട്ടുണ്ട്, ഉമ്മാക്ക് വല്ലതും കൊടുക്കാൻ പാടുണ്ടോ ' എന്ന് ഞാൻ നബിയോടു ചോദിച്ചു. നബി(സ) പറഞ്ഞു, 'നിന്റെ മാതാവിനോട് ബന്ധം പുലർത്തിപ്പോരുക'(ബുഖാരി വാല്യം 2, 2620)

✸ അബൂഹുറയ്റ (റ)നിവേദനം. നബി(സ) പറഞ്ഞു: 'അല്ലാഹു തന്റെ കാരുണ്യം 100 ഓഹരിയാക്കി ഭാഗിച്ചു. 99 ഭാഗവും തന്റെ കൈയിൽത്തന്നെ സൂക്ഷിച്ചു. ഒരൊറ്റ ഭാഗം മാത്രം ഭൂമിയിലേക്കയച്ചു. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കാരുണ്യം ആ ഒരംശത്തിൽപ്പെട്ടതാണ്. തന്റെ കുട്ടിക്കു ആപത്തു പറ്റാതിരിക്കാനായി ഒരു കുതിര, കുളമ്പ് ഉയർത്തുന്നതുപോലും ആ കാരുണ്യത്തിൽപ്പെട്ടതാണ്.'

## നിരാശ്രയരെ സഹായിക്കൽ

✸ ഭിക്ഷക്കാരനോ എന്തെങ്കിലും ആവശ്യമുള്ളവനോ വരികയാണെങ്കിൽ നബി(സ) പറയും, 'അർഹതപ്പെട്ടവനെ എന്റെയടുത്തേക്ക് ശിപാർശ ചെയ്തയ്ക്കുക. നിങ്ങൾക്ക് അതിന്റെ പ്രതിഫലം കിട്ടും. പിന്നീടു അല്ലാഹു ഇച്ഛിക്കുന്നതുപോലെ അവന്റെ റസൂലിന്റെ നാവിൽ, ആ ആവശ്യക്കാരനെ സംബന്ധിച്ച് തീരുമാനം ഇടും.' ( ബുഖാരി)

✸ ഒരു പാവപ്പെട്ടവൻ മസ്ജിദിൽ വന്നു. വസ്ത്രങ്ങൾ ദാനം ചെയ്യാൻ നബി(സ)തിരുമേനി പറഞ്ഞു. ആളുകൾ വസ്ത്രം കൊണ്ടു വന്നു. നബി(സ)രണ്ടു പുതപ്പ് അയാൾക്കു കൊടുത്തു. വീണ്ടും നബി(സ)തിരുമേനി ദാനം ചെയ്യാൻ പറഞ്ഞു. ആ പാവപ്പെട്ടവൻ എഴുന്നേറ്റുനിന്ന് തനിക്കു കിട്ടിയതിലൊന്ന് ദാനം ചെയ്തു. നബി(സ)ഉറക്കെ അയാളോടു പറഞ്ഞു, താങ്കളുടെ വസ്ത്രം മടക്കി വാങ്ങിക്കൊള്ളുക. (അബൂദാവൂദ്)

✸ ഒരാൾക്കു കൃഷിയിൽ വൻ നഷ്ടമുണ്ടായി. കടം വർധിച്ചു. അദ്ദേഹത്തിനുവേണ്ടി ധർമം ചെയ്യാൻ നബി(സ)തിരുമേനി വിളംബരം ചെയ്തു. ജനങ്ങൾ ധർമം ചെയ്തു. പക്ഷേ, കടം വീട്ടാനത്ര പണം കിട്ടിയില്ല. കടം കൊടുത്തയാളോട് നബി(സ)തിരുമേനി പറഞ്ഞു,'കിട്ടിയതത്ര വാങ്ങിക്കൊള്ളുക, ബാക്കി മാപ്പാക്കുക.'

✸ ഹദ്റത്ത് മുആവിയാ ബിൻ ഹക്കമിന് ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആടുകളെ മേയ്ച്ചിരുന്നത് അവളായിരുന്നു. ഒരു ദിവസം ആട്ടിൻപറ്റത്തെ ചെന്നായ്ക്കൾ ആക്രമിച്ചു. കുറച്ചു നഷ്ടമുണ്ടായി. ഇക്കാരണത്താൽ മുആവിയ അവളുടെ കരണത്തടിച്ചു. പിന്നീടു ഈ സംഭവം അദ്ദേഹം തന്നെ നബിയോടു പറഞ്ഞു. എന്നിട്ട് താൻ മാപ്പു കൊടുത്ത് അവളെ മോചിപ്പിക്കട്ടെ എന്നു ചോദിച്ചു. നബി(സ)തിരുമേനി അവളെ തന്റെയടുത്ത് കൊണ്ടുവരാൻ പറഞ്ഞു. അവൾ വന്നു. അവിടന്ന് അവളോടു അല്ലാഹു എവിടെയാണെന്ന് ചോദിച്ചു. ആകാശത്താണെന്ന് അവൾ പറഞ്ഞു. ഞാനാരാണെന്ന് നബി ചോദിച്ചു. അല്ലാഹുവിന്റെ ദൂതനാണെന്ന് അവൾ പറഞ്ഞു. അപ്പോൾ നബി(സ) മുആവിയയോടു പറഞ്ഞു, 'അവൾ വിശ്വാസിനിയാണ്. അവളെ മോചിപ്പിക്കുക.'

## പൊതുമുതലും ദൈവഭയവും

✸ ഒരിക്കൽ ഇമാം ഹുസയ്നോ ഇമാം ഹസനോ ആണെന്ന് തോന്നുന്നു, വീട്ടിൽ കാരക്ക കൂട്ടിയിട്ടിരിക്കുന്നതു കണ്ടു. ആ ദാന മുതലിൽനിന്ന് ഒരു കാരക്ക എടുത്ത് വായിലിട്ടു. നബി(സ)തിരുമേനി അതു കണ്ടു. ഉടനെ കുട്ടിയുടെ വായിൽനിന്ന് അത് വെളിയിലെടുത്തിട്ടു പറഞ്ഞു, 'നമ്മൾ റസൂലിന്റെ കുടുംബമാണ്. സ്വദക്ക നമുക്കു തിന്നാൻ പാടില്ല.'

✸ ഒരു ദിവസം നബി(സ)തിരുമേനി നമസ്കരിപ്പിച്ചു. പെട്ടെന്ന് അവിടന്ന് വെളിയിലേക്കോടി. ഉടനെ തിരിച്ചു വരികയും ചെയ്തു. നബിയുടെ കൈയിൽ ഒരു സ്വർണ നാണയം ഉണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'കുറച്ചു നാണയങ്ങൾ വന്നിരുന്നു. എല്ലാം വീതിച്ചു നല്കി. ഇതു മാത്രം ബാക്കിയായി. നമസ്കാരത്തിൽ എനിക്കു ഓർമ വന്നു. പൊതുമുതലിൽനിന്ന് ഒന്നും നമ്മുടെ വീട്ടിലിരിക്കാൻ പാടില്ല.

## അന്യന്റെ മുതലിനോട് ആർത്തിയില്ല.

✸ ഖയ്ബർ യുദ്ധാവസരം. മുസ്ലിംകൾ തിന്നാനും കുടിക്കാനുമില്ലാതെ വിഷമിക്കുന്നഘട്ടം. യഹൂദികളുടെ ഒരു ഹബ്ശി ആട്ടിടയൻ ഇസ്ലാം സ്വീകരിച്ചു. അവന്റെ കൈവശമുള്ള ആടുകളെ എന്തു ചെയ്യും? നബി(സ)തിരുമേനി പറഞ്ഞു,'ആടുകളെ യഹൂദികളുടെ കോട്ടയ്ക്കു നേരെ നിറുത്തി തെളിച്ചു വിടുക.' ആ നവ മുസ്ലിം ഹബ്ശി അങ്ങനെതന്നെ ചെയ്തു.

## മഹാകവി വള്ളത്തോൾ

**നബി(സ)തിരുമേനിയെക്കുറിച്ച്**
**മഹാകവി വള്ളത്തോൾ ഇങ്ങനെ വിശേഷിപ്പിക്കുന്നു:**

രജസ്തമോ മോഷമകറ്റി പാരിൽ
സ്വത്വം പരത്താൻ വന്നൊരു സത്യവാനെ
രജസ്സു വർഷിച്ച് മുഖം കെടുത്താൻ
തുനിഞ്ഞു പോൽ മർത്ത്യകുലേ പിറന്നോർ

വീണ്ടും പറയുന്നു:

അധൈര്യമേ, നിൻ കെടുമഞ്ഞു വീഴാ-
യ്കഹമ്മദിൻ സജ്ജ്വരമായ നെഞ്ചിൽ:
ചന്ദ്രാർക്കരെ കൈകളിൽ വച്ചു തന്നാൽ
പ്പോലും നിറുത്തില്ലവനി പ്രയത്നം.